

# രോഗിസഹായം



ഫാദർ വിക്ടർ സി.എം.ഐ.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
12054

# രോഗിസഹായം

By

Fr. Victor C. M. I.

ACHARYA PALACKAL JEEVASS KENDRAM
LIBRARY

# ROGISAHAYAM

(MALAYALAM)

BY

**Fr Victor C. M. I**

SECOND PRINT
1ST OCTOBER 1971
PRICE 2.50
(POSTAGE EXTRA)
PRINTED AT
ST JOSEPH'S I. S. PRESS
TRICHUR-1

M/ 265-3
VIC

IMPRIMI POTEST

*Very Rev. Fr. Sampson C. M. I.*
*Provincial,*
D. M. PROVINCIAL HOUSE,
TRICHUR-1
8-10 1970.

IMPRIMATUR

*Rt. Rev. Dr. Joseph Kundukulam,*
*Bp. of Trichur,*
BISHOP'S HOUSE, TRICHUR.
15-10-1970.

## താളുകൾ മറിക്കുമ്പോൾ:-

### രോഗീസഹായം

വിഭാഗം 1.

വിഷയം. പേജ്.

### രോഗശയ്യ


എന്തിനു സഹിക്കണം? എങ്ങനെ സഹിക്കണം? 7
പാപസങ്കീർത്തനം ചെയ്യുക. 10
കുമ്പസാരത്തിനുള്ള ഒരുക്കം. 16
കുമ്പസാരത്തിനു ശേഷമുള്ള പ്രാർത്ഥന. 20
പരി: കുർബ്ബാന സ്വീകരിക്കുന്നതിൻമുമ്പുള്ള പ്രാർത്ഥന 21
പരി: കുർബ്ബാന സ്വീകരിച്ച ശേഷമുള്ള പ്രാർത്ഥന 23
വീട്ടിലേയ്ക്കു് പരി: കുർബ്ബാന എഴുന്നള്ളിച്ചുകൊണ്ടുവരുമ്പോൾ അനുഷ്ഠിക്കേണ്ടവ 25
രോഗാതുരർക്ക് പരി: കുർബ്ബാന കൊടുക്കാനുള്ള ക്രമം 26
രോഗശയ്യയുടെ മാതൃക 30
രോഗിയെ സന്ദർശിക്കുന്നതിനെക്കുറിച്ചും രോഗിയുടെ ശയനമുറിയെക്കുറിച്ചുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ 31


ആദ്ധ്യാത്മിക പാരായണത്തിന്നുവേണ്ടി

### I വേദവായന


A കാണാതെപോയ ആടിനേയും ധൂർത്തപുത്രനേയും കുറിച്ച് മിശിഹാ അരുൾചെയ്ത അന്യാപദേശം 36

B ലാസറിൻെറ സംഭവം 40
C എളിമയേയും ഉപവിയേയും ക്ഷമയേയും അധിക
രിച്ചുള്ള ക്രിസ്തുവിൻെറ പ്രബോധനം 44
D ആർത്തരായിരുന്നവരുടെനേക്ക് ക്രിസ്തുനാഥൻ പ്ര
ദർശിപ്പിച്ച ആർദ്രത 48
E അവിടത്തെ ശിഷ്യന്മാരോട്ട് ചെയ്ത സംഭാഷണം. 58
F മിശിഹായുടെ പീഡാനുഭവ ചരിത്രം 61

## II മിശിഹാനുകരണം

കഷ്ടപ്പാടിൻെറ പ്രയോജനം 73
മരണചിന്ത. 74
വി. കുരിശാകുന്ന രാജപാത 79
സത്യത്തിലും എളിമയിലും ജീവിക്കണം 88
ക്ഷമ അഭ്യസിക്കണം. 90
യഥാർത്ഥമായ ആശ്വാസം ദൈവത്തിൽമാത്രം. 93
ഉല്ക്കണ്ഠകൾ ദൈവത്തിൽ സമർപ്പിക്കണം 95
വിശു: കുർബ്ബാന ഉൾക്കൊള്ളുന്നവർ പ്രാപിക്കുന്ന നന്മകൾ 97

## III വിശുദ്ധരിൽ ചിലരുടെ ഭാഗ്യചരമം

വിശുദ്ധ യൌസേപ്പ് (നല്മരണത്തിൻെറ മദ്ധ്യസ്ഥൻ) 101
വിശുദ്ധ കൊച്ചുത്രേസ്യ (പ്രേഷിതരുടെ മദ്ധ്യസ്ഥ) 103
വിശുദ്ധ അന്തോണീസ് (അത്ഭുതപ്രവർത്തകൻ) 105
ആവിലായിലെ വിശുദ്ധ ത്രേസ്യ (വേദപരംഗത) 107
വി: ജോൺ ബർക്കുമൻസ് (യുവാക്കളുടെ മാതൃക) 110
വി: ഫ്രാൻസീസ് അസ്സീസി (ത്യാഗികളുടെ മാതൃക) 113

## വിഭാഗം 2

അന്തിമഘട്ടം. 117

മരണനേരത്തു് ദണ്ഡവിമോചനവും ആശീൎവ്വാദവും
കൊടുക്കുന്ന ക്രമം 118
രോഗിലേപനം 122
അനുതാപത്തിൻെറ സങ്കീൎത്തനങ്ങൾ 122
രോഗിലേപനം കൊടുക്കുന്നതിനുള്ള ക്രമം 136
ലേപനം (അത്മായക്കു്) (വൈദികക്കു്) 144
മരണനേരത്തുള്ള പ്രാൎത്ഥനകൾ 149
ആത്മാവു് ശരീരത്തിൽനിന്നു് വേർപെട്ട ശേഷം 158

വിഭാഗം 3

ആത്മശാന്തി 177

മരിച്ചവൎക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ് 178
അന്നീദാ 186

# ആമുഖം

ഏതൊരു മനുഷ്യന്റേയും ഐഹികജീവിതം സുഖ ദുഃഖസമ്മിശ്രമായിരിക്കും. ആരോഗ്യവും അനാരോഗ്യവും, സൌഭാഗ്യവും ദൌർഭാഗ്യവും അവന്നു് മാറിമാറി അഭിമുഖീ കരിക്കേണ്ടതായിവരുന്നു. എപ്പോഴും എവിടേയും സുഖം മാത്രം അനുഭവിക്കണമെന്നുള്ളതാണു് മനുഷ്യനിൽ കുടികൊള്ളുന്ന അഭിവാഞ്ഛ. എന്നാൽ അതു് സ്ഥിരമായി അനുഭവിക്കുവാനോ സുഖാനുഭൂതികളിൽ സംതൃപ്തി കൈവരിക്കുവാനോ സാദ്ധ്യമല്ലെന്നും, നിഴലിനെ പിൻതുടരുന്ന കുട്ടിയെപ്പോലെ സുഖാനുഭൂതികളെമാത്രം പിൻതുടരുന്നതു് വിഫല ശ്രമമാണെന്നും അനുഭവത്തിൽനിന്നുതന്നെ നാം പഠിച്ചുകഴിഞ്ഞിരിക്കുന്നു.

> ''എന്തുവന്നാലുമെനിക്കാസ്വദിക്കേണം
> മുന്തിരിച്ചാറുപോലുള്ളോരീജ്ജീവിതം.
> എന്നുമതിന്റെ ലഹരിയിലാനന്ദ—
> തുന്ദിലമെൻമനംമൂളിപ്പറക്കണം''

എന്നുള്ള മഹാകവി ചങ്ങമ്പുഴയുടെ വരികൾ അദ്ദേഹത്തിന്നും അനുയായികൾക്കും വായിച്ചാസ്വദിക്കാമെന്നല്ലാതെ, അത്തരം ചിന്താഗതികൾക്കു് പ്രായോഗിക ജീവിതത്തിൽ സ്ഥാനമില്ലാത്തതുകൊണ്ടു്, ആദ്ധ്യാത്മികലോകം വില കല്പിക്കുന്നില്ല.

ആരോഗ്യവാനായിരിക്കേ, ഒരുവനു് അനേകം സുകൃതങ്ങൾ അനുഷ്ഠിക്കുവാനും, തദ്വാരാ സ്വർഗ്ഗീയയോഗ്യത വർദ്ധിപ്പിക്കുവാനും കഴിയും. എന്നാൽ വാർദ്ധക്യം ബാധിച്ചും ആരോഗ്യം ക്ഷയിച്ചും, രോഗഗ്രസ്തനായും ശയ്യാവലംബിയായി അവശതയനുഭവിക്കുന്ന ഒരാളെസ്സംബന്ധിച്ചു് ഇതൊന്നും അത്ര എളുപ്പമല്ല. അതുകൊണ്ടാണു് ''സുഖമുള്ളപ്പോൾ നിനക്കു് പല സുകൃതങ്ങളും ചെയ്യുവാൻ കഴിയും. സുഖക്കേടാണെങ്കിൽ എന്തു സാധിക്കുമെന്നറിഞ്ഞുകൂടാ.'' എന്നു് ക്രിസ്താനുകരണ കർത്താവു് പ്രസ്താവിക്കുന്നതു്.

ഏതാനും വർഷങ്ങൾക്കുമുമ്പ് 'ആശ്വാസദൂതൻ' എന്ന പേരിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച നാലാം പതിപ്പാണ് "രോഗിസഹായം." ആധുനിക ലോകത്തിന്റെ അഭിരുചിയെ ലക്ഷ്യമാക്കി പേരിലും പ്രതിപാദ്യത്തിലും മററും അല്പം ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നുമാത്രം. പേരുകൊണ്ടുതന്നെ അതിന്റെ ഉള്ളടക്കം പൊതുജനങ്ങൾക്ക് നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ ഗ്രന്ഥത്തിന്നു രോഗിസഹായമെന്ന പേരു നല്കിയതു്. രോഗികൾക്കു ആത്മനിവൃതി നൽകുന്നതിന്നു ഈ ഗ്രന്ഥം ഉപകാരപ്രദമായിത്തീരുമെന്ന വിശ്വാസമാണ് ഇതിന്റെ രചനക്ക് എനിക്കു പ്രചോദനം നല്കിയതു്. ആദ്യപതിപ്പുകളിൽ കൊടുത്തിരുന്ന പ്രാർത്ഥനകൾക്കുപകരം, രോഗിയുടെ മാനസാന്തരത്തിന്നുതകുന്ന ചില ഭാഗങ്ങൾ വേദപുസ്തകത്തിൽനിന്നും, മിശിഹാനുകരണത്തിൽനിന്നും, വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽനിന്നും ഉദ്ധരിച്ചിരിക്കയാണു്. അന്ത്യലേപനവും മരിച്ചവരുടെ ചെറിയ ഒപ്പീസും സുറിയാനിയിൽനിന്നു് പരിഭാഷപ്പെടുത്തിയാണു് മുൻപതിപ്പുകളിൽ ചേർത്തിരുന്നതു്. എന്നാൽ ഈ പതിപ്പിൽ ഇവ രണ്ടും സീറോ മലബാർ സഭയുടെ ആരാധനാക്രമങ്ങളിൽനിന്നു് എടുത്തു ചേർത്തിരിക്കയാണു്. ഭാഷയുടെ ലാളിത്യത്തിലും വിഷയങ്ങളുടെ ക്രമീകരണത്തിലും അല്പംകൂടി ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്.

കർമ്മലീത്താ സഭയിൽ പ്രവേശിച്ചിട്ട് ആദ്യവ്രതാനുഷ്ഠാനത്തിന്റെ അമ്പതാംവർഷത്തിൽ ത്തന്നെ ഇങ്ങനെയൊരു ഗ്രന്ഥം കൈരളിക്കു കാഴ്ചയായി സമർപ്പിക്കുവാൻ, പ്രായത്തിൽ എഴുപതു കഴിഞ്ഞ എനിക്കു ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുകയും, ഇതിനെല്ലാം കാരണഭൂതമായ ദൈവപരിപാലനത്തിന്നു് കൂപ്പുകൈ സമർപ്പിക്കയും ചെയ്തുകൊള്ളുന്നു.

കർമ്മലീത്താ സഭയിൽ എന്നോടൊന്നിച്ചു് അന്നു് പ്രവേശിച്ചവരിൽ ദിവംഗതരായ നാലു ബഹുമാനപ്പെട്ട വൈദി

കരെപ്പററി പ്രത്യേകം സ്മരിക്കുന്നതിന്നും, ആയുഷ്മാന്മാരായ കാൻഡിഡ്, മെത്തോഡിയസ് എന്നീ ബഹുമാനപ്പെട്ട വൈദികരുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുന്നതിന്നുംകൂടി ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളട്ടെ. ആശ്വാസത്തിൻേറയും ആനന്ദത്തിൻേറയും കണികപോലും അനുഭവിക്കാനിടയാകാതെ രോഗശയ്യയിൽ അസ്വസ്ഥരായി കഴിയുന്നവക്ക്, എൻെറ ഈ പ്രയത്നം അല്പമെങ്കിലും സഹായകമായിത്തീരുമെങ്കിൽ ഞാൻ തികച്ചും കൃതാത്ഥനായി.

വിനീതമായ ഈ കൃതിക്ക് കാര്യമാത്രപ്രസക്തമായ ഒരവതാരികയെഴുതിത്തന്ന് എന്നെ സഹായിച്ച തൃശിവപേരൂർ രൂപതയുടെ മെത്രാൻ റൈററ് റവ: ഡോക്ടർ ജോസഫ് കുണ്ടുകുളം അവർകളോടും, ഉപദേശത്താലും അനുമോദനത്താലും എന്നെ പ്രോത്സാഹിപ്പിച്ച, സി. എം. ഐ. സഭയുടെ ജനറാളായ വെരി: റവ: ഡോക്ടർ കനീസിയൂസ് അവർകളോടും ഞാൻ അതീവകൃതജ്ഞനാണ്. ഈ ഗ്രന്ഥത്തിൻെറ പൂത്തീകരണത്തിന്ന് സഹായസഹകരണങ്ങൾ നൽകിയ എല്ലാ ബഹുമാന്യ വ്യക്തികൾക്കും, വിശിഷ്യ, ഈ കൃതിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അയച്ചുതന്ന പണ്ഡിത വരേണ്യർക്കും എൻെറ സ്നേഹത്തിൻേറയും കൃതജ്ഞതയുടേയും കൂപ്പുകൈ. ഈ ഗ്രന്ഥത്തിൻെറ കവർപേജ് ഡിസൈൻ ചെയ്തുതന്ന ശ്രീ. എൻ. പി. ജോസ് മാസ്റ്ററോടും ഇതിൻെറ മുദ്രവേല ഇത്രയും ഭംഗിയായി നിവ്വഹിച്ചുതന്ന സെൻറ് ജോസഫ്സ് പ്രസ്സ് അധികൃതരോടും ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും, എല്ലാവരുടേയും സഹായസഹകരണങ്ങൾ പ്രത്യേകം അഭ്യത്ഥിച്ചുകൊണ്ടും ഞാൻ ഈ ഗ്രന്ഥം പൊതുജനസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

I. H. Monastery,
Varandarapilly,
3—3—1971.

എന്നു്,
ഫാദർ **വിക്ടർ** സി. എം. ഐ.

# അനുമോദനം

*Very Rev. Dr. Canisius,*
PRIOR GENERAL.

Prior General's House,
ERNAKULAM, COCHIN-11,
27—1—1971.

രോഗികളെയും മരണാസന്നരെയും ആദർശനിഷ്ഠരായിരിക്കുവാൻ സഹായിച്ചുകൊണ്ട് ഈ ചെറുഗ്രന്ഥം നിസ്തുലസേവനം അനുഷ്ഠിക്കുമെന്ന് ഗ്രന്ഥകർത്താവിന് സമാധാനിക്കാം. ഒരു ആത്മാർത്ഥസുഹൃത്തിന്റെ ആവശ്യകത അനുഭവപ്പെടുന്ന, അസ്വസ്ഥതയുടേയും, വേദനകളുടെയും, ഏകാന്തതയുടെയും നിമിഷങ്ങളിൽ, രോഗികൾക്ക്, ഈ ചെറുഗ്രന്ഥം, ധൈര്യവും, ആശ്വാസവും, സമാധാനവും,പകർന്നുകൊടുക്കുന്ന ഒരു മാർഗ്ഗദർശിയായി പ്രത്യക്ഷപ്പെടും.

ഗ്രന്ഥകർത്താവിനെ ഹൃദയപൂർവ്വം അനുമോദിക്കുന്നു.

# അവതാരിക

**His Excellency**
***Rt: Rev: Dr. Joseph Kundukulam,***
**BISHOP OF TRICHUR.**

ശ്രദ്ധയും സാന്ത്വനവും ഏററവുമധികം അർഹിക്കുന്നവരാണല്ലോ രോഗികൾ. രോഗിശുശ്രൂഷ വിലപ്പെട്ട മനുഷ്യസേവനവുമാണ്. ഈ സേവനം നന്നായി നടത്താൻ, ഇപ്പോൾ പ്രസിദ്ധീകൃതമാകുന്ന "രോഗിസഹായം" എന്ന കൃതി ഒരു സഹായകമായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പ്രസിദ്ധനായ ഒരു ധ്യാനഗുരു കൂടിയായ ബഹു: വികാരച്ചൻ ഈ സംരഭത്തിന് മുതിർന്നതിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. 1971 ഒക്ടോബർ 20–ാംതീയതി വ്രതാനുഷ്ഠാന സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഇദ്ദേഹത്തിന്റെ സമുചിതമായ ഒരു ജൂബിലി സ്മാരകമായും ഇതു പരിലസിക്കട്ടെ. ഈ ഗ്രന്ഥത്തിന്ന് പ്രചാരം ആശംസിക്കുകയും ഗ്രന്ഥകാരനേയും അനുവാചകരേയും ഹൃദയംഗമമായി ആശീർവ്വദിക്കുകയും ചെയ്യുന്നു.

# അഭിപ്രായങ്ങൾ

**JOSEPH CARDINAL PARECATTIL**
ARCHBISHOP OF ERNAKULAM

*Dear Rev. Fr. Victor,*

*This is in grateful acknowledgement of the two copies of the book 'രോഗീ സഹായം' which you kindly forwarded to me per book post. It is beyond doubt that this book is a precious gift to the sick and the suffering and that it will go a longway in brightening up their drooping spirits and imparting to them a divine resignation to embrace eternity that looms upon them. Please accept my hearty congratulations on your glorious achievement.*

*Wishing your book a wide currency in the Catholic community and invoking God's blessings on you,*

*Yours sincerely in our Lord,*

*(Sd)*

*Archbishop of Ernakulam.*

*Most Rev. Benedict Mar Gregorios*
O. I. C., M. A., D. D.
*Archbishop Of Trivandrum.*

ARCHBISHOP'S HOUSE,
TRIVANDRUM-4
KERALA, INDIA.
9-8-1971

രോഗകാലം ദൈവാനുഗ്രത്തിന്റെ പ്രത്യേക സന്ദർഭമാണ്. എന്നാൽ രോഗത്തിന്റെ അർത്ഥവും ദൈവപരിപാലനയിൽ രോഗംകൊണ്ടുള്ള പ്രയോജനവും മനസ്സിലാക്കുന്നവരും രോഗമൂലം യഥാർത്ഥ പ്രയോജനം പ്രാപിക്കുന്നവരും വളരെ ചുരുക്കമാണ്. ഈ നഷ്ടം പരിഹരിക്കുന്നതിന് സന്തോഷത്തോടെ രോഗത്തേയും വേദനകളെയും സ്വീകരിക്കുന്നതിനു നന്മനസ്സുള്ള എല്ലാവരേയും സഹായിക്കുന്നതിന് ഉപയുക്തമായ ഒരു സൽഗ്രന്ഥമാണ് ബഹുമാനപ്പെട്ട വിക്ടറച്ചന്റെ **"രോഗിസഹായം"**. നമ്മുടെ മുറിവുകളും വേദനകളും സ്വയം കയ്യേററ ദിവ്യനാഥന്റെ തൃപ്പാദങ്ങളെ പിൻചെല്ലുന്നതിനു ഈ ഗ്രന്ഥം അനേകർക്ക് ഇടയാക്കട്ടെയെന്നു പ്രാർത്ഥിക്കുന്നതോടൊപ്പം ഗ്രന്ഥകർത്താവിനും ഈ ഗ്രന്ഥം ഉപയോഗിക്കുന്നവർക്കും ദൈവാനുഗ്രഹങ്ങൾ ആശംസിച്ചുകൊള്ളുന്നു.

Archbishop of Trivandrum.

## ദീപികയിൽനിന്നു്

"ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തു് രോഗിലേപനത്തിന്റെ ക്രമങ്ങളും മരണാനന്തരം നടത്തേണ്ട പ്രാർത്ഥനകളും എല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു. രോഗികളോ, വാർദ്ധക്യം ബാധിച്ചവരോ ഉള്ള ഗൃഹങ്ങളിലെല്ലാം അത്യന്തം സഹായകമാണ് ഈ ഗ്രന്ഥം. കേരള ക്രൈസ്തവ കുടുംബങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട പുസ്തങ്ങളിൽ ഒന്നാണ് രോഗിസഹായം എന്നതിൽ സംശയത്തിനു വകയില്ല."

**ഷെവലിയർ കെ. സി. ചാക്കൊ,**
**പ്രൊ. വൈസ് ചാൻസ്‌ലർ**
**കൊച്ചിൻ യൂനിവേഴ്സിററി.**

രോഗശയ്യയുമായി "അടുത്തു"കഴിയുവാനുള്ള വിശേഷാനുഗ്രഹം ലഭിച്ച ബ: വിക്ടറച്ചൻ മരണാസന്നരായ രോഗികളെ മുഖ്യമായും കൺമുന്നിൽ കണ്ടുകൊണ്ടു് എഴുതിയ മാർഗ്ഗനിർദ്ദേശകമായ ഈ ഗ്രന്ഥത്തെപ്പററി ഒരു അഭിപ്രായം പറയുവാൻ അദ്ദേഹം എന്നെ ക്ഷണിച്ചിരിക്കുകയാണു്. ഒരു നല്ല മുഴവൻ ധ്യാനത്തിന്നു് അദ്ദേഹം നല്കിയ ഒരു ക്ഷണമായി ഞാൻ അതിനെ സ്വീകരിക്കുകയും ചെയ്തു. "ആശിച്ച വേഷങ്ങൾ ആടാൻ കഴിയാത്ത ഒരു നാടകമാണു് ഈ ജീവിതം" എന്നു വിലപിച്ച ഒരു യുവാവിൻെറ ചിന്തകൾക്കു് എതിരായി "ആശിച്ചതിലേറെ വേഷങ്ങൾ ആടിക്കഴിഞ്ഞ ഒരു ജീവിതവൃ"മായി കഴിഞ്ഞുകൂടുന്ന എനിക്കു് ഏററവും സന്ദർഭോചിതമായ ചിന്തകളെ ഉണർത്തുവാൻ ഈ ഗ്രന്ഥം വളരെ സഹായകമായി. കൂട്ടതലായി എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ, ഈ പുസ്തകം കുറെ പ്രായമായവരേയും രോഗികളേയും ഉദ്ദേശിച്ചു് എഴുതിയതാണെന്നു് പ്രഥമദൃഷ്ടിയിലും, രൂപത്തിലും, ഭാവത്തിലും തോന്നുമെങ്കിലും ഇന്നത്തെ ലോകത്തിൽ പ്രായഭേദമെന്യേ ദൃഢതവന്ന എല്ലാവക്കും അത്യാവശ്യമായ ഒരു പുസ്തകമാണു് ഇതു് എന്നാണു് എൻെറ അഭിപ്രായം. മരണത്തെപ്പററിയും, മനുഷ്യജീവിതത്തിലെ കഷ്ടപ്പാടുകളെപ്പററിയും സങ്കീർത്തനങ്ങൾ ഉൾപ്പെടെയുള്ള വിശുദ്ധ ഗ്രന്ഥങ്ങളിലും ക്രിസ്ത്വാനുകരണത്തിലും നിന്നുള്ള സുദീർഘമായ ഉദ്ധരണികളിൽ ഓരോ ഭാഗം എല്ലാ ദിവസവും എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥനയോടുകൂടി വായിക്കുന്നതു് വളരെയേറെ ആത്മാക്കൾക്കു് സ്വർഗ്ഗവരം വാങ്ങാനം ചെയ്യുന്ന ഒരു നടപടിയായിരിക്കുമെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കഴിയുന്നതും അതു ചെയ്വാൻ പരിശ്രമിക്കുകയെങ്കിലും ഞാൻ ചെയ്യുന്നതാണു്.

രോഗശയ്യയിൽ രോഗികളോടു പെരുമാറേണ്ട രീതിയും, രോഗികൾക്കു് ഉണ്ടായിരിക്കേണ്ട മനോഭാവവും വിശ്വാസത്തിൻെറ പശ്ചാത്തലത്തിൽ ഭാഗ്യമരണം പ്രാപിച്ച പല വിശുദ്ധരുടേയും മാതൃകകളും, മരണത്തോടു് അടുത്തിരിക്കുന്നു എന്നു് ന്യായമായി കരുതേണ്ടവർ സ്വീകരിക്കേണ്ട മുൻകരുതലുകളും, എല്ലാം ബ: ഗ്രന്ഥകാരൻ ലളിതമായ ഭാഷയിൽ തുറന്ന ആത്മാർത്ഥതയോടും പ്രായോഗിക ബോധത്തോടുംകൂടി ഇതിൽ വിവരിച്ചിട്ടുണ്ടു്. കഴിവുള്ളവർ, ശവസംസ്കാരം മോടിയാക്കുവാൻവേണ്ട മുൻകരുതലുകൾ എടുക്കുന്നതിന്നു പകരം ആത്മശാന്തിക്കുപകരിക്കുന്ന ഭാവികാര്യങ്ങൾക്കു് സ്വന്തം ധനത്തിൻെറ ഒരു നിസ്സാരമായ അംശമെങ്കിലും മാററിവെക്കണമെന്ന സൂചന വായിച്ചപ്പോൾ എനിക്കു് തോന്നിയതു്—അതും പരോപകാര പ്രവർത്തനങ്ങളായുംഉള്ള 'നീക്കിവെപ്പുകൾ' ജീവിതശേഷമാക്കാതെ, ജീവിച്ചിരിക്കുമ്പോൾതന്നെ വേണമെന്നു് പറയാനാണു്. മരണശേഷം ആയിരമോ പതിനായിരമോ രൂപാ ആത്മശാന്തി കാര്യങ്ങൾക്കായും ദാനധർമ്മത്തിനായും നീക്കിവെക്കാതെ അതു് ജീവിതകാലത്തുതന്നെ കൊടുത്തു് ആ ത്യാഗത്തിൻെറ ചൂടു് സ്വയം അനുഭവിക്കുകയല്ലേ കൂടുതൽ നല്ലതു്. ജീവിതകാലത്തു് അതു് "പരസ്യമായി" ചെയ്തു് പ്രശസ്തി നേടാനുള്ള ആഗ്രഹം ഉണ്ടാകാതിരുന്നാൽ മതി. മരണശേഷം നടപ്പാക്കാനുള്ള സംഭാവനകൾ പലപ്പോഴും ശവപ്പെട്ടിയിൽ കിടന്നുകൊണ്ടും ഭൂമിയിലുള്ള സ്വത്തിനെ കൈകാര്യം ചെയ്യാനുള്ള വ്യഗ്രതയായി ഞാൻ ചിലപ്പോൾ വ്യാഖ്യാനിക്കാറുണ്ടു്. ഏതായാലും ഇക്കാര്യത്തിൽ "കാര്യമായ" ആ പ്രവർത്തനത്തിൻെറ ആവശ്യകത ഗ്രന്ഥകാരൻ നമ്മുടെ മുമ്പിൽ സജീവമാക്കിത്തീർക്കുന്നുണ്ടു്. ഭാഗക്രമത്തിലും മററും അദ്ദേഹം നല്കുന്ന നിർദ്ദേശങ്ങൾ ദീർഘകാലമായി അദ്ദേഹം നേരിട്ടിട്ടുള്ള സംഭവങ്ങളുടെ യാഥാർത്ഥ്യം നിറഞ്ഞ ഒരു ചിത്രമാണു്. അതു് നമുക്കു് എല്ലാവർക്കും ഒരു ഗുണപാഠമായിരിക്കട്ടെ.

മരണം മുഖ്യ ചിന്താവിഷയമായ ഈ ഗ്രന്ഥത്തെപ്പററി ഒരു അഭിപ്രായം പറയുമ്പോൾ മരണത്തെപ്പററിയുള്ള അതിപ്രസക്തമായ ഒരു ചിന്തകൂടി ഇവിടെ കുറിക്കുവാൻ ഞാൻ പ്രേരിതനാകുന്നു.

ആത്മഹത്യയൊഴിച്ചാൽ, ഒരുത്തരും സ്വന്തനിലയിൽ 'മരിക്കുക' എന്ന കാര്യം അനുഷ്ഠിക്കുന്നില്ല. 'ഞാൻ ചാടി' 'ഞാൻ കുളിച്ചു' എന്നൊക്കെ പറയുന്നതുപോലെ 'ഞാൻ മരിച്ചു' എന്നു് ഒരു സ്വേച്ഛാപ്രവൃത്തി ചെയ്തതുപോലെ ആർക്കും പറവാൻ കഴിവില്ല. ഒരാൾ മരിച്ചുപോവുകയാണു്. മരണവിധേയനാവുകയാണു്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ പറഞ്ഞാൽ ദൈവം അയാളെ 'മരിപ്പിക്കുക'യാണു് ചെയ്യുന്നതു് എന്നു പറയുന്നതാണു് കൂടുതൽ ശരി. രോഗം കലശലായ ഒരാൾ മരിക്കുമെന്നു കരുതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് "ഭാഗ്യമായി" മരിക്കാൻ ഒരുങ്ങുന്നു. അപ്പോൾ മരിച്ചാൽ അയാൾ ഭാഗ്യമായി മരിച്ചു. പക്ഷേ, അപകടാവസ്ഥമാറി പിന്നെ കുറേനാൾ ജീവിപിച്ചാൽ അയാൾ അപ്പോഴത്തെ അനുഗൃഹീതാവസ്ഥ നിലനിർത്തുമോ എന്നു് സംശയമാണു്. വീണ്ടും ഒരുങ്ങാൻ അവസരം കിട്ടാതെ അയാൾ മരിച്ചെന്നു വരാൻ പാടില്ലായ്കയില്ല. ഒരാളിന്റെ ആത്മാവിന്റെ ഒരു പ്രത്യേക നിമഷത്തിലെ അവസ്ഥ നിത്യത്വത്തിലേക്കു് നിലനിലർത്തുവാൻ ദൈവം തിരുമനസ്സാകുന്നു. ദൈവം തിരഞ്ഞെടുക്കുന്ന—ഒരു അവസരത്തിലാണു് അയാൾ മരണവിധേയനാകുന്നതു്. ആ അവസരം ഏതാണെന്നു് നമുക്കറിഞ്ഞുകൂടാ. ദൈവം മാത്രമാണു് അതിന്റെ നാഥൻ. അതുകൊണ്ടു് ഏതു സമയവും നാം 'ഒരുങ്ങിയിരിക്കണം. ആ മുഹൂർത്തം നിത്യമാകുവാൻ ദൈവം നിശ്ചയിച്ചേക്കാം എന്ന അസന്നിഗ്ദ്ധമായ സത്യബോധത്തിൽ എല്ലാ മുഹൂർത്തത്തേയും ദൈവത്തിന്റേതാക്കുവാൻ നാം പരിശ്രമിക്കണം. എങ്കിലും ദൈവത്തിന്റെ കാരുണ്യത്തെ നാം സംശയിക്കരുതു്. നമ്മുടെ ദൗർബ്ബല്യത്തിന്റെ അപശപ്തമായ ഒരു മുഹൂർത്തത്തിൽ ഒരു നിർഭാഗ്യാവസ്ഥയുടെ നിമിഷം ഉണ്ടായാൽ "ഇമപൂട്ടാതെ" കാത്തിരുന്നു് നമ്മെ വെട്ടിവീഴ്ത്തുവാൻ സന്നദ്ധനാകുന്ന 'ക്രൂരതയുടെ ഒരു ദൈവമായി നാം നമ്മുടെ പിതാവിനെ ഭയപ്പെടരുതു്. നമ്മുടെ ജീവിതത്തിന്റെ "ആകെത്തുക" നോക്കിയേ ദൈവം നിത്യമാക്കാനുള്ള നമ്മുടെ അന്ത്യമുഹൂർത്തം തിരഞ്ഞെടുക്കൂ എന്നു് ദൈവത്തിന്റെ കരുണയിൽ നമുക്കു ധൈര്യം തോന്നണം. ദൈവത്തിന്റെ കാരുണ്യത്തിൽ വിശ്വാസമില്ലെങ്കിൽ ജീവിതം ഭാരമാണു്. അതുകൊണ്ടു് നമ്മുടെ സാമാന്യജിവിതം മുഴവ

നായി പരിശോധിച്ചാലെങ്കിലും, ദൈവം നമ്മോട് കരുണ കാണിക്കാനുള്ള അഹ്ത നേടത്തക്കതുപോലെ നാം ജീവിക്കണം. ചിലപ്പോഴെല്ലാം പാപം ചെയ്യാനുള്ള ഒരു "ലൈസൻസാ"യി ഈ ചിന്താഗതിയെ ആരും വ്യാഖ്യാനിക്കരുതു്. പ്രലോഭനങ്ങളുടെ നടുവിൽ ജീവിക്കുന്ന നാം തികച്ചും നിരാശക്കടിമപ്പെടാതെ കഴിയുന്നത്ര വിശുദ്ധമായി ജീവിക്കുവാൻ ധീരമായ, അനുസ്യൂതമായ, നിസ്തന്ദ്രമായ ഒരു പരിശ്രമം നടത്താനുള്ള ഒരു പ്രചോദനം നല്കുന്ന ഒരു ചിന്താഗതിയായി ഇതു് നമുക്ക് കരുതിക്കൂടെ? ഇങ്ങനെയുള്ള ഒരു പരിശ്രമത്തിനു് ബ: വിക്ടറച്ചൻെറ പുസ്തകം വളരെ സഹായിക്കും. ഒരിക്കൽ വായിച്ചിട്ട് മടക്കിവെക്കാനുള്ളതല്ല ഇതു്. കൂടെക്കൂടെ നാം ഇതു വായിക്കണം. മുഷിവു് തോന്നരുതു്. അതിപരിചയം തോന്നരുതു്. ഇവ മാത്രമായിരിക്കും "ആശിച്ചതോ അതിലേറെയോ വേഷങ്ങൾ ആടിക്കഴിഞ്ഞ" ഒരാളിൻെറ മരണക്കിടക്കയിൽ അയാളെ ഏററവും കൂടുതൽ ആശ്വസിപ്പിക്കുന്ന ചിന്തകൾ. ഈ ഗ്രന്ഥം അനേകായിരം ആത്മാക്കളെ സ്വർഗ്ഗകവാടങ്ങൾ കടത്തിവിടട്ടെ എന്നാശംസിക്കുന്നു.

**ഫാദർ ലേത്തുസ്: സി. എം. ഐ.**
**പ്രൊവിൻഷ്യൽ ഹൌസ്, കളമശ്ശേരി.**

പ്രഗത്ഭനായ ഒരു ധ്യാനപ്രസംഗകൻ എന്ന നിലയിൽ കേരളത്തിലെ പഴമക്കാർക്ക് സുപരിചിതനായ ഫാദർ വിക്ടർ സി. എം. ഐ. അവർകളുടെ പക്വതയിലെത്തിയ തുലികാലതികയിൽ ഈയിടെ പ്രാദുർഭവിച്ചിരിക്കുന്ന ഒരു ഗ്രന്ഥക്കനിയാണ് "രോഗീസഹായം". രോഗശയ്യയിലും വാർദ്ധക്യത്തിലും കഴിയുന്നവർക്ക് ഒരു നല്ലമരണത്തിനൊരുങ്ങുവാനും, അവരെ അതിനൊരുക്കുവാനുംവേണ്ട പരിപാടികളാണ് ഈ ഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്. രോഗശയ്യ, അന്തിമഘട്ടം, ആത്മശാന്തിക്കുള്ള മാർഗ്ഗം ഇങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ച് ഓരോ അവസരത്തിനും പററിയ ഉപദേശങ്ങൾ, പ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ, പ്രായോഗിക നിർദ്ദേശങ്ങൾ, വൈദികൻ അവിടെ അനുഷ്ഠിക്കേണ്ട ചില ക്രമങ്ങൾ എല്ലാം ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒന്നാംഭാഗത്തിൽ, ശയ്യാവലംബിയായ രോഗിക്കു നല്കുന്ന ഒരു ലഘു പ്രസംഗത്തോടെയാണ് പുസ്തകം ആരംഭിക്കുന്നത്. എങ്ങനെ സഹിക്കണം, എന്തിനു സഹിക്കണം എന്നെല്ലാം ഉപദേശിച്ച ശേഷം രോഗിയെ ഒരു നല്ല കുമ്പസാരത്തിനും, ദിവ്യകാരുണ്യ സ്വീകരണത്തിന്നും ഒരുക്കുകയാണ്, ഗ്രന്ഥകാരൻ. പരിശുദ്ധകുർബ്ബാന എഴുന്നെള്ളിച്ച് വീട്ടിലേക്കു കൊണ്ടുവരുമ്പോൾ, അവിടെ അനുഷ്ഠിക്കേണ്ടകാര്യങ്ങളും, സജ്ജീകരിക്കേണ്ട സാധനങ്ങളും എല്ലാം വിവരിച്ചിരിക്കുന്നത് സാധാരണക്കാരായ ജനങ്ങൾക്ക് വളരെ സഹായമാകും. രോഗീസന്ദർശനത്തെപ്പററിയും, രോഗിയുടെ മുറി മുതലായവയെപ്പററിക്കൂടെയും നിർദ്ദേശങ്ങൾ നല്കാൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശുദ്ധന്മാർ പലരുടെയും ഭാഗ്യമരണത്തിൻെറ വൃത്താന്തങ്ങൾ

പറഞ്ഞുകേൾപ്പിച്ചുകൊണ്ടു് ആസന്നമരണക്കു് ധൈര്യവും ഉന്മേഷവും നല്കുവാൻ ചെയ്തിരിക്കുന്ന പരിശ്രമം പ്രശംസാർഹമാണു്.

വാർദ്ധക്യത്തിലെത്തി വ്യാധിഗ്രസ്തനായിക്കഴിയുന്ന ഫാദർ വിക്ടറുടെ സിംഹഗർജ്ജനോപമമായ നാദം ശ്രവിക്കുവാനോ, അദ്ദേഹത്തിൻെറ ഗംഭീരമായ കാന്താരി പ്രഭാഷണങ്ങൾ ആസ്വാദിക്കുവാനോ കേരളീയക്കു് പണ്ടത്തെപ്പോലെ ഇനി ഭാഗ്യമുണ്ടാകുകയില്ലായിരിക്കാം. എന്നാൽ അദ്ദേഹം ഇപ്പോൾ കൈരളിക്കു് കാഴ്ചവെയ്ക്കുന്ന ഈ ''രോഗീസഹായ''വും, അദ്ദേഹമെഴുതിയിട്ടുള്ള 'മൻട്രേസാ'ദി മററു ഗ്രന്ഥങ്ങളും ഭാർഗ്ഗവക്ഷേത്രത്തിലെ ഭക്തജനങ്ങൾക്കു് എന്നും അനുഗ്രഹമായി നിലകൊണ്ടുകൊള്ളും. ധാരാളം ഗ്രന്ഥമെഴുത്തുകാർ ഇന്നു് നമ്മുടെയിടയിലുണ്ടെങ്കിലും, ഇതുപോലെ സാധാരണക്കാക്കു് ഉപകരിക്കുന്നതും, ലളിതമായി പ്രായോഗികകാര്യങ്ങൾ പറഞ്ഞുതരുന്നതുമായ പുസ്തകങ്ങൾ—പ്രസിദ്ധനായ പുൽപ്പറമ്പിൽ ശൗരിയാരച്ചൻെറ കാലശേഷം—അധികമുണ്ടാകുന്നില്ല. ആത്മരക്ഷാതൃഷ്ണയാൽ പ്രേരിതനായി ആലസ്യത്തെ അവഗണിച്ചുകൊണ്ടുതന്നെ തൂലികാസേവനത്തിനുദ്യമിക്കുന്ന വിക്ടറച്ചനെ ഹാർദ്ദവമായി അഭിനന്ദിക്കുകയും, രോഗികളുള്ള നമ്മുടെ എല്ലാ കുടുംബങ്ങളിലും ഈ ചെറുഗ്രന്ഥം പ്രവേശിച്ചു് ഒരു നിലവിളക്കുപോലെ പ്രകാശമരുളുമാറാകട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നു. ഈ സേവനത്തിനുവേണ്ട ആയുസ്സും ആരോഗ്യവും ഇനിയും അദ്ദേഹത്തിനു് നല്ലവനായ ദൈവം ധാരാളം അരുളുമാറാകട്ടെ.!

## പ്രൊഫസ്സർ പി. വി. ഉലഹന്നാൻ മാപ്പിള എം. ഏ.
ചങ്ങനാശ്ശേരി.

റവ: ഫാദർ വിക്ടറിൻെറ "രോഗീസഹായം" കണ്ട പ്പോൾ ഞാൻ ചില കാൎയ്യങ്ങൾ ഓൎത്തുപോയി. ഒരിക്കല് ചീഫ്ജസ്റ്റീസ് ജോസഫ് തളിയത്ത് തിരുവനന്തപുരം സെൻറ് ജോസഫ് ഹൈസ്കൂൾ മാനേജരായിരുന്ന ഫാദർ ജോസഫിനെ മരണശയ്യയില് ചെന്നുകണ്ടു. അച്ചനു സുഖമുണ്ടോ എന്നു ചോദ്യം. "എന്തുസുഖം? ഞാൻ നിത്യതയെ പ്രതീക്ഷിച്ചു കിടക്കുകയാണ്. അതുതന്നെ എൻെറ സുഖം." വാൎദ്ധക്യവും സകലജനസമാദരവും ബൃഹത്തായ ശരീരവും ഒത്തിണങ്ങിയ ആ വന്ദ്യപുരോഹിതൻ പറഞ്ഞ നിത്യതൃപ്തിയുടെ വചസ്സുകൾ ജസ്റ്റീസ് തളിയത്തിന്നു ആനന്ദപ്രദമായി ത്തോന്നി.

അടുത്ത കാലത്തു് ദിവംഗതനായ ഷെവലിയർ ഐ. സി. ചാക്കോ നമ്മുടെ നാട്ടുജനിപ്പിച്ച ബുദ്ധിരാക്ഷസന്മാരില് ഒരുവനാണു്. ശാന്തമായേ സംസാരിക്കൂ. നിറകുടത്തിൻെറ തുളുമ്പലില്ലായ്മ. എന്നാലും അറിവിൻെറ നിറവില് നിന്നു ചിലപ്പോൾ ചിലതദ്ദേഹം പറയാതിരിക്കയില്ല. മരണത്തിനു ഒന്നുരണ്ടു കൊല്ലം മുൻപെന്നാണോൎമ്മ. ആരോഗ്യം ക്ഷയിച്ച മട്ടില് വിറയ്ക്കുന്ന കൈകളില് മാത്രം ചായപ്പാത്രം പിടിക്കേണ്ടി വന്നതു കണ്ടു് ഞാൻ ചോദിച്ചു, ആ അസ്വാസ്ഥ്യത്തെപ്പററി. മിതവും സാരവുമായി അദ്ദേഹം ഒരു മറുപടി തന്നു. "എല്ലാററിനും ഒരവസാനം ഉണ്ടായിരിക്കണമല്ലോ—" പ്രഗത്ഭനായ ആ ബുദ്ധിമാൻ തൻെറ സുദീൎഘമായ ഭൂലോകവാസ

ത്തിൻെറ അവസാനത്തെ എങ്ങനെ ദശിക്കുന്നു എന്നതാണ് ആ പ്രൌഢമായ ഉത്തരം എനിക്കു നല്കിയ അറിവ്.

ഫാദർ ജോസഫ് പറേടം—ഇന്നദ്ദേഹം ആയിരംപൂണ്ണചന്ദ്രനെ കണ്ടശേഷം കണ്ടതൊക്കെ മറക്കുന്നപ്രായത്തില് ആലുവായിലെ ദിവ്യകാരുണ്യ മിഷനറി സഭയില് നിത്യവിശ്രാന്തി പ്രതീക്ഷകനായി കഴിയുകയാണ്.—ഒരിക്കല് പൂണ്ണയൗവനത്തോടെ ഇടവകഭരണം നടത്തുമ്പോൾ ഒരു രോഗിക്ക് അന്ത്യലേപനം നല്കുന്നതു് ഞാൻ കണ്ടു. അച്ഛനും അച്ഛനാവാൻ പ്രായമുള്ള രോഗിക്ക് അദ്ദേഹം നല്കിയ സ്വാന്തനമാണ് ഞാനോമ്മിക്കുന്നതു്. "അപ്പാപ്പൻ ദൈവത്തില് സമാധാനിക്കൂ. നമുക്കുള്ളതിലേക്കും വിലയേറിയതു്, നമുക്കേററം പ്രിയപ്പെട്ടതു് നമ്മുടെ ജീവനാണ്. ആ ജീവനെത്തന്നെ ദൈവത്തിനു കൊടുക്കുക. അതിനേക്കാൾ വലുതൊന്നും നമുക്ക് കൊടുക്കാനില്ല ആ ദാനംകൊണ്ട് നേടാവുന്നതില് വലിയ പരമാനന്ദവും നമുക്കില്ല." വികാരപരവശനായ രോഗിയുടെ മുഖത്തു് എന്തെന്നില്ലാത്ത ഒരു നേട്ടത്തിൻെറ പ്രതീതി എനിക്കനുഭവപ്പെട്ടു.

ഏതേതുപദേശങ്ങൾ ഉണ്ടായാലും രോഗം രോദനജനകമാണ്; നശ്വരമായ ലോകം അനശ്വരമായെങ്കില് എന്ന ആഗ്രഹം ആക്കും ഉണ്ടാകും. എങ്കിലും സഹിക്കാനും ക്ഷമിക്കാനും ക്ലേശദമായ ജീവിതത്തെ തരണം ചെയ്യാനും നാം പഠിച്ചേ മതിയാവൂ. ജീവൻ തന്ന ദൈവം ജീവനെടുക്കുന്നു. എടുക്കട്ടെ എന്ന അവബോധം അത്ര സുഗമമല്ലെങ്കിലും സുരോചകമാണ്; ആവണം. സ്വൎഗ്ഗവും മരണാനന്തരജീവിതവും ഇല്ലെന്നും ചിലർ പറയുന്നല്ലോ എന്നു തോന്നാം. ക്ലേശിക്കണമെന്നില്ല. ഇല്ലെങ്കിലും ഉണ്ടെന്നു കരുതുന്നതിലല്ലേ നമുക്കു തൃപ്തി? തനിക്കു മതവിശ്വാസമില്ലെങ്കിലും മതവിശ്വാസം ജീവിത

സംതൃപ്തിക്കു നല്ലതാണെന്നു് പണ്ഡിററു് നെഹ്റു പറഞ്ഞതു് ഞാനോമ്മിക്കുന്നു. ലൂർദ്ദിലും ഫാത്തിമയിലും നടന്ന ദിവ്യ ദശ്നങ്ങൾ, കൊച്ചുത്രേസ്യായും സിസ്റ്റർ അല്ഫോൻസയും ചെയ്തതായി നാം കേൾക്കുന്ന അത്ഭുതങ്ങൾ, ഇതെല്ലാം ഇന്ന ത്തെ നിരീശ്വരതയുടെ ഇരുളിലും നമുക്കു സ്വർഗ്ഗത്തിൻെറ രശ്മികൾ നല്കുന്നുണ്ടു്. ത്യാഗവും ക്ലേശവും സുമശയ്യയാക്കി മാററിയ രക്തസാക്ഷികൾ, സവ്വോപരി അവക്കെല്ലാം പ്രതീ ക്ഷാദായകനായി മരിച്ച ക്രിസ്തു ആരുടെ മരണശയ്യയെയാണു് കുസുമശയ്യയാക്കാത്തതു്?

ജീവിതത്തിൻെറ വത്തമാന ഘട്ടത്തില് കൃതപ്രജ്ഞ നായി, സ്രഷ്ടാവിൻെറ അനന്തകാരുണ്യത്തില് ദത്തവധാന നായി, പാപമെന്നു തോന്നുന്ന ഭൂതകാലപ്രക്രിയകളില് മനം കലങ്ങാതെ തദാവത്തനംവേണ്ട എന്ന ദൃഢമനസ്കതയോടെ, എല്ലാമെല്ലാം ജീവനാഥൻെറ തിരുവടികളിലേക്കു് നീക്കി വച്ച് നിത്യതത്തിലേക്കു നീങ്ങുക—അതിലേറെ നമുക്കെന്തു വേണം?

## പ്രൊഫസ്സർ പി. സി. വാസുദേവൻ എളയതു്, കാക്കശ്ശേരി.

ഇന്നാട്ടിലെ വായനക്കാർക്കു് സുപരിചിതനാണു് റവറൻറ് ഫാദർ വിക്ടർ. തൻെറ സഹജമായ സരളശൈലിയിൽ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള 'കുരിശും കിരീടവും' 'ആത്മദീപം' 'സേവാസദനം' 'മേരീചരിതം' മുതലായ പുസ്തകങ്ങൾ ഈ ഗ്രന്ഥകാരനെ സ്വയം പരിചയപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്.

സരളവും സേവനതല്പരവുമായ സ്വഭാവം, ആസ്തികൃബോധത്തെ വളർത്തിയെടുത്തു് മനുഷ്യനെ ഈശ്വരനോടു് അടുപ്പിക്കാനുള്ള നിർമ്മലാഭിലാഷം, ദുഃഖങ്ങളുടെ അലയാഴിയിൽ ജീവിതനൌകയെ പതറാതെ മുന്നോട്ടുകൊണ്ടുപോകാനുതകുന്ന മാർഗ്ഗനിർദ്ദേശം—ഇത്രയും വൈശിഷ്ട്യങ്ങൾ 'രോഗിസഹായം' എന്ന പ്രസ്തുത കൃതിയിൽ ഒരു വായനക്കാരനു് തെളിഞ്ഞുകാണാവുന്നതാണു്.

ഈശ്വരനാണു് അപൂർവ്വവൈദ്യൻ; അവിടത്തെ ദിവ്യാനുഗ്രഹം ഒന്നുമാത്രമാണു് ദിവ്യൌഷധം; എന്ന അടിയുറച്ച ബോധംപോലെ മററൊന്നും രോഗിക്കു് സഹായമായിട്ടില്ല. ഈ ബോധം മനുഷ്യജീവിതത്തിൻെറ ബാഹ്യാഭ്യന്തര മണ്ഡലങ്ങളെ ശുദ്ധീകരിക്കുകയും ജീവിതത്തിന്നാകമാനം പുതിയ ഒരു ഭാവവും രൂപവും നൽകി ആ കൊച്ചുപുഷ്പത്തെ ഭക്തിപൂർവ്വം ഈശ്വരപാദങ്ങളിൽ അർപ്പിക്കുവാൻ സന്നദ്ധമാക്കുകയും ചെയ്യും. രോഗിക്കു് യഥാർത്ഥമായ ഈ സഹായം നല്കുന്ന പ്രസ്തുത കൃതിക്കു് കൊടുത്തിട്ടുള്ള 'രോഗിസഹായം' എന്ന പേരു് അന്വർത്ഥമായിരിക്കുന്നു എന്നു പറയാൻ സന്തോഷമുണ്ടു്.

എല്ലാ മതങ്ങളുടേയും ലക്ഷ്യവും പ്രധാന മൌലികതത്ത്വവും അഭിന്നമായിരിക്കുമെന്നു വിശ്വസിക്കുന്ന വിശാലവീക്ഷണത്തോടെ മതാന്തരസ്ഥന്മാരും ഈ കൃതിയെ സസന്തോഷം സ്വാഗതം ചെയ്യുമെന്നു് ഞാൻ കരുതുന്നു.

**പി. രാമൻ നായർ,**
**പാലിയത്തു് ഹൌസ്,**
**കണ്ടാണശ്ശേരി.**

രണ്ടുവാക്കു്. വികൂറച്ചൻ! ആ വൈദിക ശ്രേഷ്ഠൻെറ നാമശ്രവണമാത്രയിൽ ആദ്ധ്യാത്മിക ജ്ഞാനത്തിൻെറ ഒരു പ്രകാശവലയം എൻെറ മുന്നിൽ പ്രത്യക്ഷപ്പെടുന്നതായി എനിക്കു തോന്നാറുണ്ടു്. ലൌകികബന്ധങ്ങളിൽപ്പെട്ടു് ഉഴലുന്ന മനുഷ്യസമുദായത്തിന്നു് ശാന്തിയും സമാധാനവും ആശ്വാസവും അരുളുക എന്നുള്ളതാണു് ഒരു വൈദികൻെറ അതിപ്രധാനമായ കർത്തവ്യമെങ്കിൽ വികൂറച്ചന്നു് തികച്ചും കൃതാർത്ഥതക്കവകാശമുണ്ടെന്നതിൽ അഭിപ്രായവ്യത്യാസമില്ല. ആദ്യവ്രതാനുഷ്ഠാനത്തോടുകൂടി ത്യാഗമൂർത്തിയായ ക്രിസ്തുദേവൻെറ പാവനപാദങ്ങളിൽ സ്വജീവിതമർപ്പിച്ചു് ആ മഹനീയ ജീവിതാദർശങ്ങൾ അതേപടി പിന്തുടൎന്നു് നീണ്ട അമ്പതുവത്സരം കഴിച്ചുകൂട്ടിയ വികൂറച്ചൻെറ സേവനോജ്ജ്വലമായ വൈദിക ജീവിതം ധന്യമാണു്. മായാമയമായ ഈ പ്രപഞ്ചത്തിൽ നിന്നു് അന്ത്യയാത്രക്കു് ഒരുങ്ങേണ്ടിവരുന്ന ഒരു സാധാരണ ലൌകികൻെറ ഹൃദയത്തിൽ നീറിപ്പുകയുന്ന വിചാരവികാരങ്ങളെ വിശകലനംചെയ്തു് അവയെ യുക്തിസഹജമായ ചിന്താസരണികളിലേക്കു നയിച്ചു് തത്വോപദേശങ്ങളിൽക്കൂടി സാന്ത്വനമരുളുന്ന അദ്ദേഹത്തിൻെറ 'രോഗിസഹായം' ആസന്നമരണൻെറ ഹൃദയവ്രണങ്ങളിൽ തേൻ പുരട്ടുന്നതാണു്.

നിയതിയുടെ നിർദ്ദേശാനുസരണം ഈ ഭൂമുഖത്തു് ചില ധർമ്മങ്ങളെല്ലാം അനുഷ്ഠിക്കുവാൻ നിയുക്തരായ നാമെല്ലാം ഈശ്വരകരങ്ങളിൽ വെറും കളിപ്പാവകളാണെന്നും, ഈ ജീവിത

നാടകത്തിൽ നമ്മുടെ ഭാഗം അർഹതയ്ക്കനുസരിച്ച് അഭിനയിച്ചു കഴിഞ്ഞാൽ സർവ്വവ്യാപിയായ ആ പരാശക്തിയിലേക്ക് സമാധാനത്തോടുകൂടി പിൻമടങ്ങാൻ നാമെല്ലാവരും വിധിക്കപ്പെട്ടവരാണെന്നും അദ്ദേഹം സോദാഹരണം വിവരിച്ചുതരുമ്പോൾ നമുക്ക് തികച്ചും ആശ്വാസമുണ്ടാകുന്നില്ലേ? അർത്ഥശൂന്യങ്ങളും നിസ്സാരങ്ങളുമായ ലൌകികബന്ധങ്ങളുടെ പേരിൽ പരമപ്രധാനമായ ഈശ്വരചിന്തയിൽ നിന്നൊഴിഞ്ഞു് വിഷമിക്കുന്ന അന്ത്യയാത്രയ്ക്കൊരുങ്ങുന്ന ഒരു രോഗിക്ക് വികൃറച്ചൻെറ രോഗിസഹായം അഭിനവമായ വിദൂരോപദേശമാണു്.

സന്യസ്തജീവിതത്തിൻെറ സുവർണ്ണജൂബിലിവർഷത്തിൽ അദ്ദേഹത്തെ ഹാർദ്ദമായനുമോദിക്കുന്നതിനോടപ്പം അദ്ദേഹത്തിന്നു് ആയുരാരോഗ്യങ്ങളരുളി അനുഗ്രഹിക്കുവാൻ സർവ്വശക്തനോട്ട് പ്രാർത്ഥിക്കുകയും ചെയ്യുകൊള്ളട്ടെ.

ഏ. സി. കുരിയാക്കു,
അറക്കൽ ഹൌസ്
പാവട്ടി.

'രോഗിസഹായ'ത്തെപ്പററി എന്തെങ്കിലും പ്രസ്താവിക്കുന്നതിനു മുൻപ് 'രോഗിസഹായി'യെപ്പററി രണ്ടുവാക്കു പറയാൻ സാഹചര്യത്താൽ ഞാൻ നിർബന്ധിതനായിത്തീന്നിരിക്കുകയാണ്. ഒട്ടേറെ വിശിഷ്ടഗുണങ്ങൾ സാപത്ന്യഭാവത്തിൽ ഒത്തിണങ്ങി സമ്മേളിച്ചിട്ടുള്ള മഹദ്വ്യക്തികളെപ്പററി എന്തെങ്കിലും പ്രസ്താവിക്കേണ്ടതായിവരുമ്പോൾ, ഏതേതു ഗുണങ്ങൾക്കാണ് മുൻതൂക്കം നല്കേണ്ടതെന്ന കാര്യത്തിൽ സംശയാലുവായിത്തീരുക സ്വാഭാവികമാണല്ലോ. ബ: വിക്ടറച്ചനെ സംബന്ധിച്ചിടത്തോളം ഇതു് തികച്ചും സംഗതമാണ്. അനുകരണാർഹനായ ഒരു വന്ദ്യവൈദികൻ, തലനെട്ടപ്പുള്ള ഒരു ധ്യാനപ്രസംഗകൻ, യുവജനസംഘടനകൾക്കു് നേതൃത്വം നല്കുന്ന ഒരുത്തമപിതാവ്, പൊതുജനനന്മയെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ഒരു ഉത്പതിഷ്ണു, സൎവ്വോപരി പേരും പെരുമയും നേടിയ ഒരു സാഹിത്യോപാസകൻ എന്നിത്യാദി നിലകളിൽ ബ: വിക്ടറച്ചൻ നമുക്കു സുപരിചിതനാണ്. തന്റേയും മററുള്ളവരുടേയും ആത്മീയപുരോഗതിയിൽ ദത്താവധാനനായ അദ്ദേഹിന്റെ പ്രവൎത്തനമണ്ഡലം പരിമിതമല്ല, വിസ്തൃതമാണ്; വീക്ഷണം സങ്കുചിതമല്ല, വികസിതമാണ്; ചിന്താഗതികൾ പാശ്ചവൎത്തികളല്ല, വിദൂരവൎത്തികളാണ്; ഭാവനകൾ സ്വാൎത്ഥോന്മുഖങ്ങളല്ല, പരോന്മുഖങ്ങളാണ്; ജീവിതലക്ഷ്യം ഐഹികമല്ല, പാരത്രികമാണ്.

"തന്നാൽക്കരേറേണ്ടവരെത്രപേരെ
താഴത്തുപാഴ്ച്ചേറിലമന്നിരിക്കേ,
താനൊററയിൽ ബ്രഹ്മപദംകൊതിക്കും
തപോനിധിക്കെന്തുചാരിതാൎത്ഥ്യം?"

എന്ന മഹദ്വാക്യത്തിന്റെ, സാധാരണന്മാർക്കുപോലും സുഗ്രാഹ്യമായ ഒരു സമ്പൂർണ്ണവ്യാഖ്യാനമാണ് ബ: വിക്ടറച്ചന്റെ വൈദികജീവിതമെന്ന് നിസ്സംശയം പറയാവുന്നതാണ്.

ധ്യാനഗുരുവെന്ന നിലയിൽ ബ: വിക്ടറച്ചനെപ്പററി ചിന്തിക്കുമ്പോൾ ഇരുപത്തിയാറുകൊല്ലം മുമ്പുകഴിഞ്ഞ ഒരു സംഭവമാണ് ഓർമ്മയിൽ വരുന്നത്. പാവട്ടി സെൻറ് ജോസഫ്സ് ഹൈസ്കൂളിലെ കത്തോലിക്കാ വിദ്യാർത്ഥികൾക്കായുള്ള വാർഷിക ധ്യാനമാണ് രംഗം. ബ: വിക്ടറച്ചനാണ് ധ്യാനഗുരു. ധ്യാനത്തിന്റെ ആദ്യദിവസം. ഗാംഭീര്യം സ്ഫുരിക്കുന്ന മുഖഭാവത്തോടെ പ്രസംഗം തുടൻകൊണ്ടിരുന്നു. ശ്രോതാക്കൾ ഭക്തിപ്രകർഷത്തിൽ മുഴുകി ശ്വാസമടക്കി, ആ പ്രസംഗത്തിൽ അലിഞ്ഞുചേൎന്നപോലെ കാണപ്പെട്ടു. ആ രംഗത്തിന്റെ—ധ്യാനോചിതമായ അന്തരീക്ഷത്തിന്റെ—പ്രശാന്തതയ്ക്കു് അല്പം ഹാനികരമെന്നുതോന്നാം—പിൻനിരയിലിരുന്ന ഒരു വിദ്യാർത്ഥി, അടുത്തിരിക്കുന്നവനോട് വളരെ പതുക്കെ എന്തോ മന്ത്രിച്ചു. ആ ധ്യാനഗുരുവിന്റെ ഗൃധ്രദൃഷ്ടി ഉടൻ അവനിൽപ്പതിച്ചു; ചൂണ്ടുവിരൽ അവന്റെനേരെ തിരിഞ്ഞു; ഒരു സിംഹഗർജ്ജനവും. *"Stand up Go out."* ആ വിദ്യാർത്ഥി വിനയാന്വിതം അപരാധബോധത്തോടെ ഭയവിവശനായി പുറത്തുപോകുന്നതും, അന്ന് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന റവ: ഫാദർ ക്രിസോസ്റ്റം അവർകളുടെ ചൂരൽ ആ വിദ്യാർത്ഥിയുടെ കരതലത്തിൽ അല്പം ഗാഭീര്യം കലൎന്നമട്ടിൽ രണ്ടുമൂന്നുവട്ടം എന്തോ മന്ത്രിച്ചശേഷം ആ അപരാതി തിരികെവന്ന് സാനുവാദം സ്വസ്ഥാനത്തുപവിഷ്ടനാകുന്നതുംകണ്ടു. എന്റെ ധാരണ ശരിയാണെങ്കിൽ - ബ: വിക്ടറച്ചന്റെ വാഗ്ശരത്തിന്നു് ശരവ്യമായിത്തീൎന്ന ആ വിദ്യാർത്ഥി, ഇന്നു് ക്രിസ്തുദേവന്റെ മുന്തിരിതോട്ടത്തിന്റെ സംരക്ഷണത്തിൽ വ്യാപൃതനാണെന്ന വസ്തുത ഒരുപക്ഷേ അധി

കന്മാരും അറിഞ്ഞിരിക്കയില്ല. കാൽനൂററാണ്ടിന്നുമുമ്പ് ബ: വിക്ടറച്ചൻ ആ വിദ്യാലയാന്തരീക്ഷത്തിൽ സംജാതമാക്കിയ ആ വാർഷികധ്യാനത്തിൻെറ അത്രുപി ഇന്നും ആ വിദ്യാലയഭിത്തികൾക്കള്ളിൽ മാറെറാലിക്കൊള്ളുന്നതായി തോന്നിപ്പോകും.

ബ: വിക്ടറച്ചന്നു് സവിശേഷമായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ള മറെറാരു മഹത്തരസംരംഭമാണു് യുവജനസംഘടനാ നേതൃത്ത്വം. ഉദ്ദേശം ഒരു ദശാബ്ദത്തിന്നു മുമ്പു് അദ്ദേഹം, പാവറട്ടിയിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളെ ജാതിമതാദി ചിന്താനിരപേക്ഷം സംഘടിപ്പിച്ചുകൊണ്ടു് രൂപീകരിച്ച സംഘടനയാണു് ''ടൌൺ റിക്രിയേഷൻ ക്ലബ്ബ്.'' യുവജനങ്ങൾക്കു് രാജ്യത്തിൻെറ മുഖച്ഛായ മാത്രമല്ല, അന്തഃച്ഛായയും മാററാൻ കഴിയുമെന്നു് ബ: വിക്ടറച്ചൻ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നതായി അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ തെളിയിച്ചിട്ടുണ്ടു്. 'ടൌൺ റിക്രിയേഷൻ ക്ലബ്ബ്'' യുവജനങ്ങളുടെ ശാരീരികാരോഗ്യത്തിലെന്നപോലെ അധ്യാത്മാരോഗ്യത്തിലും ശ്രദ്ധപതിപ്പിച്ചിരുന്നു. അഖിലകേരളാടിസ്ഥാനത്തിൽ, പ്രശസ്തിയാർജ്ജിച്ച വോളിബോൾ വിദഗ്ദ്ധരെ അണിനിരത്തിക്കൊണ്ടു് മദ്ധ്യവേനൽ അവധിക്കാലത്തു് ടൂർണ്ണമെൻറുകൾ സംഘടിപ്പിക്കുക ബ: വിക്ടറച്ചന്നു് പ്രിയംകരമായ ഒരു വിനോദമായിരുന്നു. ഇന്നു് 'കേരള സ്റ്റേയ്ററ് വോളിബോൾ ടീം ക്യാപ്ററൻ' എന്ന പ്രശസ്തിക്കു് പാത്രീഭൂതനായ ശ്രീ. സി. പി. ആൻറണിയും, 'ഇന്ത്യയിലെ ഏററവും വേഗതയുള്ള മനുഷ്യൻ' എന്നു് അഖിലലോക പ്രശസ്തിയാർജ്ജിച്ച ശ്രീ. ഒ. എൽ. തോമസ്സും ബ: വിക്ടറച്ചൻെറ ''ടൌൺ റിക്രിയേഷൻ ക്ലബ്ബി''ലെ അംഗങ്ങളായിരുന്നുവെന്നോക്കുമ്പോൾ ആരുടെ ശിരസ്സുകളാണു് ആ അഭിവന്ദ്യ വൈദികൻെറ ക്രാന്തദർശിത്വത്തിന്നുമുമ്പിൽ ഭക്തിവിനമ്രമായിത്തീരാത്തതു്?

യുക്തിവാദങ്ങളുടെ ധൂസരധൂമപടലങ്ങളിൽ ഈശ്വ രാസ്തികൃത്തെപ്പോലും നിഷ്പ്രഭമാക്കാനുള്ള വ്യഗ്രത എങ്ങും വ ളൻവരുന്നതായിക്കാണുന്നു. ഭരണധുരന്ധരന്മാർപോലും ഈ ശ്വരനാമത്തിൽ സത്യപ്രതിജ്ഞക്കു് വിസമ്മതിക്കുന്ന ഒരു കാലഘട്ടത്തെയാണു് നാം അതിജീവിക്കുന്നതു്. വിശ്വാസം ക്ഷയിച്ചു് നാമമാത്ര കത്തോലിക്കരായിക്കഴിയുന്ന ഒരു ജനവി ഭാഗത്തെ മുന്നിൽ കണ്ടുകൊണ്ടാണു് ബ: വിക്ടറച്ചൻ തന്റെ പ്രവർത്തനങ്ങൾക്കു് രൂപം നല്കിയിട്ടുള്ളതു്. മരണത്തേയോ, മരണാനന്തര ജീവിതത്തേയോപററി അവസരം ലഭിച്ചിട്ടും ചിന്തിക്കാതെ, 'കണ്ടമാനം' ജീവിച്ചു', രോഗാതുരാവസ്ഥ യിൽ നിരാശയുടെ പടുകുഴിയിൽ നിപതിച്ചേക്കാവുന്ന ആരേ യും അതിൽ വീഴ്ത്താതെ നിത്യസൗഭാഗ്യത്തിലേക്കു നയിക്കുന്ന ഒരു മാർഗ്ഗദീപമാണു് "രോഗിസഹായം." അതിന്റെ പ്രഭാ കന്ദളങ്ങൾ അനേകം ആത്മാക്കളെ സ്വർഗ്ഗത്തിലേക്കു നയിക്ക ട്ടെ. ആ ദീപം നമ്മുടെ എല്ലാ വീടുകളിലും പ്രകാശിക്കുമാറാ കട്ടെ!!

## വിഭാഗം 1

# രോഗശയ്യ

പ്രിയ സഹോദരാ, (സഹോദരീ,) നിങ്ങളിപ്പോൾ ആരോഗ്യം ക്ഷയിച്ച് രോഗശയ്യയെ അവലംബിച്ചിരിക്കയാണല്ലോ. ഈ അവസരത്തിൽ നിങ്ങൾക്കു് സാന്ത്വനമരുളുന്ന ചില സംഗതികളെക്കുറിച്ചു് അല്പം സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് സന്തോഷപൂർവ്വം ശ്രവിക്കാൻ നിങ്ങൾക്കിപ്പോൾ സുഖമുണ്ടെങ്കിൽ ഞാൻ പറയാം.

ഇപ്പോൾ നിങ്ങളനുഭവിക്കുന്ന പീഡകളിൽ ആശ്വാസം പ്രാപിക്കാനാണല്ലോ അഭിലഷിക്കുന്നതു്. അതിലേയ്ക്കു് കുരിശുമരണം കൈവരിച്ച ക്രിസ്തുനാഥൻെറ പീഡകളെക്കുറിച്ചോ, പാപം നിമിത്തം നാം പലപ്പോഴും അർഹിച്ച നരകയാതനകളെക്കുറിച്ചോ ചിന്തിച്ചിട്ടാവശ്യമില്ല. പ്രത്യുത, താഴെ കൊടുത്തിരിക്കുന്ന വിവാദരഹിതമായ സത്യത്തെപ്പററി ഒന്നു് വിചിന്തനം ചെയ്താൽ മതി.

പാപം ഒഴികെ മററെല്ലാംതന്നെ നമ്മുടെ നന്മയെ മാത്രം ആഗ്രഹിക്കുന്ന അനന്തകാരുണികനായ ദൈവത്തിൻെറ അറിവോടും സമ്മതത്തോടുംകൂടി സംഭവിക്കുന്നവയാണു്. തന്നിമിത്തം ഈ ജീവിതത്തിലെ പീഡകൾ, അവ ഏതെല്ലാം തരത്തിൽ പെടുന്നവയായാലും, ആരെല്ലാംവഴി സംഭവിക്കുന്നവയായാലും, അനുഗ്രഹപൂർണ്ണനായ ദൈവത്തിൻെറ പരിപാലനയിൽനിന്നു് പുറപ്പെടുന്നവയാണെന്നു് നാം പൂർണ്ണമായി വിശ്വസിക്കണം. അവിടുന്നു് തൻെറ സൃഷ്ടികളുടെ നിത്യസൌഭാഗ്യമാണു് അഭിലഷിക്കുന്നതു്. ഈ സത്യം നമ്മുടെ പ്രത്യാശയുടേയും സമാധാനത്തിൻേറയും സൌഭാഗ്യത്തിൻേറയും അടിസ്ഥാനമായി പരിലസിക്കണം. വിജാതീയർപോലും തക്കമെന്യേ സമ്മതിച്ചിട്ടുള്ള ഒന്നാണിതു്.

പുരാതനകാലത്തെ താത്ത്വികന്മാരിൽ ഒരുവനായ എപ്പിക്ടിടസ് (Apictetus) പ്രസ്താവിച്ചിട്ടുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്........"ജ്ഞാനികൾ അവക്ക് നേരിട്ടിരുന്ന അനർത്ഥങ്ങളിൽ ആശ്വാസം പ്രാപിച്ചിരുന്നതും, പീഡകളുടെ രൂക്ഷത രുചിച്ചറിയാഞ്ഞതും, അവയെല്ലാം ദൈവതൃക്കരങ്ങളിൽനിന്ന് വരുന്നവയും അവരുടെ ഉപരിനന്മയെ ഉദ്ദേശിച്ച് ദൈവം സജ്ജീകരിച്ചിരിക്കുന്നവയുമാണ് എന്നുള്ള ബോദ്ധ്യം കൊണ്ടായിരുന്നു.

രോഗശയ്യയിൽവച്ച് നമ്മുടെ ഭൂതകാലജീവിതത്തിലെ പൂർവ്വസ്മരണകൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുവാനിടയുണ്ട്. ഉദാഹരണത്തിന് മക്കളിൽ ചിലർ മൃതിയടഞ്ഞു; വ്യവസായത്തിൽ നഷ്ടം നേരിട്ടു; അന്യർ നമ്മുടെ സൽകീർത്തിക്ക് ഹാനിവരുത്തി; ഇപ്പോൾ ഒരുപക്ഷെ അവർ വഴിയായി നമ്മുടെ ആരോഗ്യവും നശിച്ചു. എന്നാൽ വാസ്തവത്തിൽ സന്താനം, സമ്പത്ത്, സ്വാസ്ഥ്യം എന്നിവ ദൈവത്തിൻെറ ദാനങ്ങളാണ്. അവയെ ദൈവം യഥേഷ്ടം നല്കിപ്പോരുന്നുണ്ട്. അവയുടെ ദാതാവ് ദൈവമാണ്. മനുഷ്യരാകട്ടെ യജമാനനായ ദൈവത്തിൻെറ ദാനങ്ങളെ കൈകാര്യം ചെയ്യുന്ന വെറും വേലക്കാർ മാത്രമാണ്. എന്നാൽ പ്രസ്തുത ദാനങ്ങളെ ദൈവം മനുഷ്യന് പ്രദാനംചെയ്തിരിക്കുന്നത് ശാശ്വതമായോ അവൻെറ സ്വന്തമെന്ന നിലയിലോ അല്ല; പ്രത്യുത, താല്ക്കാലികമായി വായ്പ എന്ന വിധത്തിലാണ്. വായ്പ വാങ്ങിയ ഒരു സാധനം കാലാവധി കഴിയുമ്പോൾ അതിൻെറ ഉടമസ്ഥന് തിരികെ കൊടുക്കേണ്ടതു് നീതിയുക്തമല്ലേ?

ആകയാൽ പ്രിയ സഹോദരാ, (സഹോദരീ,) ഭൗതികനന്മകളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നമുക്ക് നഷ്ടീഭവിച്ചു എന്നു വിചാരിക്കരുത്. നാം ദൈവത്തിൽനിന്നു് വായ്പ വാങ്ങിച്ചതു് തിരികെക്കൊടുത്തുവെന്നേയുള്ളു. അതിനെക്കുറിച്ച് എന്തിനു് വിഷാദിക്കുന്നു? അനീതിമാനും അക്ര

മിയുമായ ഒരുവൻവഴി ഇവയെല്ലാം നമുക്കു് സംഭവിച്ചുവെന്നിരിക്കട്ടെ. ദൈവം അവിടത്തേയ്ക്കു് സ്വന്തമായിട്ടുള്ളതിനെ ആർ വഴിയായിട്ടെങ്കിലും തിരികെയെടുത്താൽ അതുകൊണ്ടു് നാം എന്തിനു് ദുഃഖിക്കുന്നു? തൻെറ നിക്ഷേപ സംരക്ഷകരായി തനിക്കു് ഇഷ്ടമുള്ളവരെ നിയമിക്കാൻ ദൈവത്തിനു് സ്വാതന്ത്ര്യമില്ലെന്നോ? ഒരു സാധനം ദൈവം എത്രനാൾ നമ്മെ ഏല്പിക്കുന്നുവോ അത്രയുംനാൾ നമുക്കതു് ഉപയോഗിക്കാം. ഐഹിക വസ്തുക്കളുടെ മദ്ധ്യേ നാം, വഴിയമ്പലത്തിൽ പാർക്കുന്ന വിദേശീയരെപ്പോലെയാണു്. ഉടമസ്ഥനാവശ്യപ്പെടുമ്പോൾ സ്ഥലം ഒഴിഞ്ഞുകൊടുത്തേ മതിയാവൂ. ദൈവം നമുക്കു് നല്കിയിട്ടുള്ളതും ഇപ്പോൾ നാം അനുഭവിക്കുന്നതുമായ എല്ലാ ഭൗതിക നന്മകളെക്കുറിച്ചും ഈ വിധത്തിലാണു് നാം വിലയിരുത്തേണ്ടതു്.''

ഈ താത്ത്വികൻെറ വിചാരവീചികൾ എത്ര വിശിഷ്ടം! വിശ്വാസവെളിച്ചത്താൽ പ്രശോഭിതരായ നമ്മിൽ പലക്കും അഗ്രാഹ്യങ്ങളായ ഈ തത്വങ്ങൾ യുക്തിയുടെ പ്രകാശത്താൽ മാത്രം ഈ താത്ത്വികൻ കണ്ടുപിടിച്ചു എന്നു സമ്മതിക്കതന്നെവേണം. ഈ താത്ത്വികനെ അനുകരിച്ചു് നമുക്കും ജ്ഞാനികളെപ്പോലെ ദൈവത്തിൻെറ പരിപാലനയ്ക്കു് സമസ്തവും ഭരമേല്പിക്കാം.

മഹാനായ യോബിനെക്കുറിച്ചു് നാം കേട്ടിട്ടില്ലേ? അയാൾ ഭൗതികനന്മകളിൽ സമ്പന്നനായിരുന്നു. സന്താനം, സമ്പത്തു്, ആടുമാടുകൾ, നിലം, പുരയിടങ്ങൾ എന്നിവ നിരവധിയുണ്ടായിരുന്നു. പക്ഷെ, ദൈവം അയാളെ ഒന്നു പരീക്ഷിച്ചു. തൽഫലമായി അയാൾ അനുഭവിച്ചുപോന്നിരുന്ന സമ്പൽസമൃദ്ധിയുടെ ജീവിതം എന്നേയ്ക്കുമായി അവസാനിച്ചു. മഹാ സൌഭാഗ്യവാനായിരുന്ന അയാൾ ദൌർഭാഗ്യത്തിൻെറ അടിത്തട്ടിൽ ആണ്ടുപോയി. അയാളുടെ മക്കളെല്ലാം മരിച്ചു; ആടുമാടുകൾ ചത്തൊടുങ്ങി; വിസ്തൃതമായ വയലുകളിൽ അ

ന്നിയിറങ്ങി വെന്തു് വെണ്ണീറായി; ആരോഗ്യംനശിച്ചു് കുഷ്ഠ രോഗിയായി. എന്തിനേറെ? അയാളുടെ മനോഹരമായ മണി മന്ദിരംപോലും നിലംപതിച്ചു. ഈവിധം നാശനഷ്ടങ്ങൾ അ നുഭവിക്കേണ്ടിവന്നപ്പോഴും അയാളുടെ അധരങ്ങളിൽനിന്നു് അക്ഷമതയുടേയോ അസഹിഷ്ണതയുടേയോ ഒരു വാക്കുപോലും ബഹിർഗമിച്ചില്ല. മറിച്ചു്, ക്ഷമയുടെ സജീവമാതൃകയായി, ഈശ്വരവിശ്വാസത്തിൽ അടിയുറച്ചവനായി സ്ഥിതിചെയ്തു. തദവസരത്തിൽ അയാൾ പ്രസ്താവിച്ച വാക്കുകളിൽനിന്നു് ഇതു് പ്രസ്പഷ്ടമാകുന്നുണ്ടു്. അയാൾ പറഞ്ഞു;- "ദൈവം ത ന്നു; ദൈവം എടുത്തു. അവിടത്തേയ്ക്കു് ഇഷ്ടമുള്ളതു് എന്നോടു പ്രവർത്തിച്ചു. അവിടത്തെ നാമം സ്തുതിക്കപ്പെടട്ടെ!"

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇതൊരു കടമയും കൂടിയാണെന്നു് ദൈവം കാണിച്ചുതരുന്നുണ്ടു്. പ്രവാ ചകനായ ഏശയ്യാവഴി ദൈവം അരുൾചെയ്യുന്നു:- "പ്രകാശ വും അന്ധകാരവും സൃഷ്ടിച്ചതു് ഞാനല്ലാതെ വേറെ ആരുമല്ല. ഞാനാണു് സമാധാനവും അസമാധാനവും നല്കുന്നതു്." (ഏ ശയ്യ45–7) "ഞാൻ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യും." (ആവർത്തനം 32–39) "ദൈവത്തിൽനിന്നുള്ളതല്ലാത്ത പീ ഡയോ അനർത്ഥമോ ഇല്ല." (ആമോസു് 3–6) ജ്ഞാനി പറ യുന്നു:- "അതെ, നന്മയും തിന്മയും, ജീവനും മരണവും, സമ്പ ന്നതയും ദാരിദ്ര്യവും, ദൈവത്തിൽനിന്നാണു് വരുന്നതു്. ക ർത്താവിൻെറ കല്പന കൂടാതെ എന്തെങ്കിലും സംഭവിക്കുമെന്നു് ആരാണു് പറഞ്ഞതു്? നന്മയും തിന്മയും വരുന്നതു് അത്യുന്ന തൻെറ അധരങ്ങളിൽ നിന്നല്ലേ?"

പണ്ടൊരിക്കൽ വി. പത്രോസു് അവിവേകമായ തീ ക്ഷ്ണതയാൽ പ്രേരിതനായി ദിവ്യഗുരുവിനെ പീഡകൾ സഹിക്കുന്നതിൽ നിന്നു് വ്യതിചലിപ്പിക്കുവാൻ ശ്രമിച്ച പ്പോൾ "എൻെറ പിതാവു് തന്ന പാനപാത്രം ഞാൻ കുടി ക്കേണ്ടതല്ലേ?" എന്നാണല്ലോ അവിടുന്നു് ചോദിച്ചതു്. ക്രി

നാഥൻ സഹിച്ച പീഡകൾ തൻെറ ശത്രുക്കളായിരുന്ന യഹൂദന്മാരിലോ, തന്നെ ഒററിക്കൊടുത്ത യൂദാസിലോ, തന്നെ വധശിക്ഷക്കു് വിധിച്ച പീലാത്തോസിലോ, തൻെറ ഘാതകന്മാരിലോ അല്ല അവിടന്നാരോപിച്ചതു്. പ്രത്യുത, ദൈവത്തിൽ മാത്രമായിരുന്നു. ദൈവത്തെ ന്യായാധിപനായിട്ടല്ല, പിതാവായിട്ടത്രെ അവിടന്നു് ദശിച്ചതു്. "എൻെറ പിതാവു് എനിക്കുതന്ന പാനപാത്രം"-ആ പാനപാത്രം-ഞാൻ കുടിക്കേണ്ടതല്ലേ? ആകയാൽ, നമ്മുടെ ദിവ്യഗുരുവിൻെറ മാതൃകയനുസരിച്ചു് നമുക്കു് നേരിടുന്ന അനത്ഥങ്ങളും, നാം സഹിക്കുന്ന രോഗപീഡകളും, സങ്കടങ്ങളും സ്വഗ്ഗസ്ഥപിതാവിൽനിന്നാണു് വരുന്നതെന്നു് ദൃഢമായി വിശ്വസിക്കാം.

അമിതവും അനിയന്ത്രിതവുമായ ഒരു ജീവിതത്തിൻെറ ഫലമായി രോഗം ബാധിക്കുവാനിടയുണ്ടു്. അതുകൊണ്ടു് സ്വന്തം കുററത്താലാണു് സുഖക്കേടുണ്ടായതെന്നു നാം വിചാരിച്ചേക്കാം. അങ്ങനെയായാലും രോഗപീഡകളെ നാം ക്ഷമാപൂവ്വം സഹിച്ചേ മതിയാവൂ. "ഞങ്ങൾ സഹിക്കുന്നതു് നീതിപൂവ്വകമാകുന്നു" എന്നു് നല്ലകള്ളനോടുകൂടിയോ, "കത്താവേ, നീ നീതിമാനും നിൻെറ വിധി ന്യായയുക്തവുമാകുന്നു" എന്നു് ഏശയ്യാ പ്രവാചകനോടുകൂടിയോ നമുക്കു് പറയാം. സ്വന്തം കുററത്താൽ-ത്തന്നെ നാം രോഗിയായിത്തീന്നെന്നു് വന്നാലും, അതിനു കാരണം ദൈവമാണു് എന്നുവേണം വിചാരിക്കുവാൻ. നമ്മുടെ പാപങ്ങൾക്കു് കാരണം ദൈവമല്ല; ദൈവത്തിനു് സാദ്ധ്യവുമല്ല. എന്നാൽ നമ്മുടെ പാപങ്ങളുടെ ഫലമായി ഉണ്ടാകുന്ന അനത്ഥങ്ങൾ ദൈവം അനുവദിക്കുന്നവയാണു്. നാം തന്നെയുണ്ടാക്കിയ രോഗത്തിനു് കാരണമായ പ്രവൃത്തികൾ, ദൈവം നമ്മോടുകൂടിയും നാം വഴിയായും ചെയ്തുവയാണു്. അതുകൊണ്ടു് ഇപ്പോൾ നാം സഹിക്കുന്ന രോഗപീഡകളിലെല്ലാം—ഈ പനിയിലും, ചുമയിലും,

നെഞ്ചുവേദനയിലും, തലവേദനയിലും, തലകറക്കത്തിലുമെല്ലാം—ദൈവം പ്രവത്തിക്കുന്നുണ്ടു്. എന്നാൽ ഇങ്ങനെ ദൈവം പ്രവത്തിക്കുന്നതുകൊണ്ടു് അവിടന്നു് ക്രൂരനാണെന്നു് വിചാരിക്കരുതു്.

ഒരു രോഗിയെ സുഖപ്പെടുത്തുവാനും, മരണാപകടത്തിൽനിന്നു് രക്ഷിക്കുവാനുംവേണ്ടി അരുചികരങ്ങളായ ഔഷധങ്ങൾ നല്കുകയോ, വേണ്ടിവന്നാൽ വേദനാജനകമായ ശസ്ത്രക്രിയ നടത്തുകയോ ചെയ്യുന്ന ഒരു ഡോക്ടർ ക്രൂരനാണോ? മകൻെറ ഭാവിനന്മയെ ഉദ്ദേശിച്ചു് അവൻെറ തെററുകൾ തിരുത്തുകയും വേണ്ടിവന്നാൽ ശാസിക്കുകയും ചെയ്യുന്ന ഒരു പിതാവു് നിർദ്ദയനാണോ? ഒരിക്കലുമല്ല. അതുപോലെത്തന്നെയാണു് ദൈവവും പ്രവത്തിക്കുന്നതു്. അവിടന്നു് നമ്മുടെ ഒരു നല്ല വൈദ്യനും വത്സല പിതാവുമാകുന്നു.

ഹാ! ഇതെത്ര ആശ്വാസദായകമായ വിചാരം! സ്നേഹനിധിയായ ഒരു ദൈവമാണു് എന്നെ രോഗപീഡിതനാക്കിയിരിക്കുന്നതു്. എൻെറ ആത്മാവിനെ ശുദ്ധീകരിച്ചു്, അവിടത്തേയ്ക്കു് പ്രിയംകരമാക്കിത്തീക്കുന്നതിനു് എൻെറ രക്ഷകനും പിതാവുമായ ദൈവം എനിക്കു് ഈ വേദന നല്കിയിരിക്കുന്നു. സമാധാനവും സംതൃപ്തിയും കണ്ടെത്തുവാൻ ഇതു് എത്ര നല്ല മാർഗ്ഗം! തനിക്കു് നേരിടുന്ന എല്ലാ ആപത്തുകളിലും ദൈവത്തിൻെറ പരിപാലനാവൈശിഷ്ട്യം ദശിക്കുന്ന ഒരാൾ അവാച്യമായ ആനന്ദം അനുഭവിക്കുകതന്നെചെയ്യും.

ലോകത്തിലെങ്ങുമുള്ള മാതാപിതാക്കൾ സ്വന്തം മക്കളോടു കാണിക്കുന്ന സ്നേഹത്തെ അതിശയിക്കത്തക്ക സ്നേഹം നമ്മോടു് പ്രദശിപ്പിക്കുന്ന ഒരു വത്സലപിതാവുണ്ടു്. അങ്ങനെയുള്ള നല്ലപിതാവാണു് നമ്മെ രോഗപീഡിതരാക്കിയിരിക്കുന്നതു്. യാഥാത്ഥ്യം ഇതായിരിക്കെ,

## എന്തിനു സഹിക്കണം?

ഈ ചോദ്യം ആവശ്യമുള്ളതല്ല. കാരണം, സൃഷ്ടികളിൽ അന്തർഭവിച്ചിരിക്കുന്ന സ്രഷ്ടാവിൻെറ പരിപാലനാവൈശിഷ്ട്യം പരിമിതബുദ്ധികളായ നമുക്ക് ദുർഗ്രഹമായിരിക്കെ, അതിനെപ്പററി ആരാഞ്ഞിട്ടാവശ്യമില്ല. നല്ല മക്കൾ പിതാവിൻെറ ഇംഗിതംപോലും നിറവേററുവാൻ സന്നദ്ധരാണല്ലോ. അവരെപ്പോലെ ദൈവപിതാവിൻെറ തിരുവിഷ്ടത്തിനു് വിധേയരായി വർത്തിക്കുക എന്നതാണു് നമ്മുടെ കടമ. താൻ ദൈവത്തിൻെറ ഒരു സൃഷ്ടിയാണെന്നുള്ള ബോധമുള്ളവരെല്ലാം ഈ ഒരു ഉത്തരംകൊണ്ടു് സഹനത്തെസ്സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങൾക്കും സമാധാനം കണ്ടെത്തും.

ഇപ്പോൾ നമ്മെ ബാധിച്ചിരിക്കുന്ന ഈ രോഗം ഒരുപക്ഷെ അനിയന്ത്രിതമായ ഒരു ജീവിതത്തിൻേറയോ, അവിവേകമായ പ്രവൃത്തികളുടേയോ പരിണിതഫലമായി പരിഗണിക്കപ്പെടാം. അങ്ങനെയെങ്കിൽ നമുക്ക് അല്പം വിശ്രമമനുഭവിക്കുന്നതിനും, ഭൂതകാലജീവിതത്തെപ്പററി പര്യാലോചിക്കുന്നതിനും, പാപങ്ങൾക്കു് പരിഹാരം ചെയ്യുന്നതിനും പററിയ ഒരവസരമാണിതു്. തന്നെയുമല്ല; സ്വർഗ്ഗത്തിൽ യോഗ്യത സമ്പാദിക്കുന്നതിനുള്ള സുവർണ്ണാവസരവും ഇതുതന്നെയാണു്. അതുകൊണ്ടു് ഈഅവസരം പാഴാക്കാതെ അതിനെസഫലമാക്കുമെങ്കിൽ അവാച്യമായ ആനന്ദം സ്വർഗ്ഗത്തിൽ അനുഭവിക്കുന്നതിനു് നമുക്കിടയാകും. തന്നിമിത്തം നാം ദൈവത്തിൻെറ നേക്കു് എത്ര കൃതജ്ഞതയുള്ളവരായിരിക്കണം! ഇക്കാരണത്താൽ തന്നെയാണു് പല പുണ്യാത്മക്കളും പീഡകൾ സഹിക്കുന്നതിനു് അവസരം ലഭിക്കണമെന്നു് ദൈവത്തോടു പ്രാർത്ഥിച്ചിരുന്നതു്. അതിദാരുണമായ പീഡകൾക്കിടയിലും അവർ അത്യധികം ക്ഷമാശീലരായി വർത്തിച്ചതിനു കാരണം, ക്രിസ്തുവിൻെറ പീഡാനുഭവസ്മരണ ഒന്നുമാത്രമായിരുന്നു.

## എങ്ങനെ സഹിക്കണം?

രോഗപീഡ നമുക്കു് സ്വർഗ്ഗത്തിൽ യോഗ്യതാർഹമായി ത്തീരണമെങ്കിൽ പ്രഥമവും പ്രധാനവുമായി ദൈവത്തിൻെറ പ്രസാദവരത്തിൽ പീഡകൾ സഹിക്കണം. നമ്മെ ദൈവത്തിൻെറ ഓമനസന്താനങ്ങളും ഉററസ്നേഹിതരുമാക്കുന്നതു് പ്രസാദവരമാണു്. അതാണു് ആത്മാവിൻെറ ജീവൻ. അതില്ലെങ്കിൽ ആത്മാവു് മൃതിയടയും. അതുകൊണ്ടു് കൂദാശകളുടെ സ്വീകരണവും പ്രാർത്ഥനയും വഴിയായി നമ്മിൽ പ്രസാദവരം പുനസ്ഥാപിച്ചു് നിലനിറുത്തുന്നതിനു് പരിശ്രമിക്കാം.

പീഡാസമയങ്ങളിൽ യഥാശക്തി ക്ഷമയഭ്യസിക്കുവാൻ നമുക്കു് പരിശ്രമിക്കാം. എന്തുകൊണ്ടെന്നാൽ, ക്ഷമയും പൗരുഷവുമാണു് പീഡകൾ സസന്തോഷം സഹിക്കുന്നതിനു് ഒരുവനെ സഹായിക്കുന്ന മാർഗ്ഗങ്ങൾ. സുഖക്കേടിൽ അക്ഷമ പ്രദർശിപ്പിക്കുന്ന ഒരുവൻ അവൻെറ രോഗപീഡയുടെ രൂക്ഷത വർദ്ധിപ്പിക്കുകയേയുള്ളു. ഇഹത്തിൽ നാം എത്ര ക്ഷമയോടും സന്തോഷത്തോടുംകൂടെ പീഡകൾ സഹിക്കുമോ അത്രയധികം യോഗ്യത സ്വർഗ്ഗത്തിൽ സമ്പാദിക്കാമെന്നുള്ള പ്രത്യാശാപൂർണ്ണമായ ചിന്തയാണു് കൂടുതൽ സഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നതു്. സ്വന്തം തെററുകൾ ശരിയായ രൂപത്തിൽ ഗ്രഹിക്കുകയും പിതാവിൽനിന്നു് അവയ്ക്കുള്ള ശിക്ഷ വാങ്ങാൻ സന്നദ്ധനായിരിക്കുകയും ചെയ്യുന്ന ഒരു പുത്രൻെറ നേർക്കു് എത്രവലിയ സ്നേഹം ആ പിതാവു് പ്രദർശിപ്പിക്കും' അതിലും ഉപരിയായ സ്നേഹം തീർച്ചയായും ദൈവം നമ്മോടു് കാണിക്കാതിരിക്കയില്ല.

ഒന്നിനെക്കുറിച്ചും നാം ആവലാതിപ്പെടരുതു്. വൈദ്യന്മാരും ശുശ്രൂഷകരും അവരുടെ കടമ യഥാവിധി നിർവ്വഹി

ക്കുവാൻ യത്നിക്കുമെന്നു് നമുക്കു കരുതാം. "എന്റെ ഏററവും ചെറിയ ഈ സഹോദരരിൽ ഒരുവനു് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കാണു് നിങ്ങൾ ചെയ്തതു്." എന്ന ക്രിസ്തുവിന്റെ വാക്യം അവർക്കറിയാം. അവിടത്തെ ഒരു സഹോദരനെപ്പോലെയോ സഹോദരിയെപ്പോലെയോ നമ്മെ പരിഗണിച്ച് ആരോഗ്യം പ്രാപിക്കാൻ കഴിവുള്ളതെല്ലാം നമുക്കുവേണ്ടി അവർ ചെയ്യാതിരിക്കയില്ലല്ലോ.

രോഗിയുടെ ക്ഷമയും സഹനവുമാണു് മററുള്ളവരെ ആകർഷിക്കുന്നതു്. ഈ ഗുണങ്ങൾ അഭ്യസിച്ചിട്ടുള്ളവരെക്കുറിച്ച്, "പാവം! അവൻ (അവൾ) എത്രയധികം ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നു." എന്നു് അവരെ ശുശ്രൂഷിക്കുന്നവർപോലും പറയുന്നതു കേട്ടിട്ടില്ലേ? മറിച്ച്, ഈ സൽഗുണങ്ങൾ സമ്പാദിച്ചിട്ടില്ലാത്ത രോഗികൾ പീഡകൾ അനുഭവിക്കേണ്ടിവരുമ്പോൾ, ദൈവത്തെ ശപിച്ചും തങ്ങളെത്തന്നെ ദൂഷിച്ചും സംസാരിക്കുന്നതു് കേട്ടിട്ടില്ലേ? അപ്പോൾ സന്ദർശകന്മാർക്കുതന്നെയും അവരെക്കുറിച്ച് വെറുപ്പേ ഉണ്ടാകുകയുള്ളൂ. മൗനത്തോടുകൂടിയ ക്ഷമ ആർക്കും അസഹ്യമായിരിക്കുകയില്ല. എല്ലാവർക്കും അതു് ആനന്ദകരവും അനുകരണയോഗ്യവുമാണു്. അതുകൊണ്ടാണു് ബഹുമാനപ്പെട്ട അൽഫോൻസാമ്മ "മൗനമായി സഹിക്കുക" എന്നുള്ളതു് അവളുടെ ജീവിതത്തിലെ മുദ്രാവാക്യമായി സ്വീകരിച്ചതു്.

കത്തോലിക്കാ കുടുംബങ്ങളിലെ രോഗികൾ അനാവശ്യമായ ആവലാതികൾ ഉപേക്ഷിച്ചിരുന്നെങ്കിൽ ആ കുടുംബങ്ങൾ ആശ്വാസത്തിന്റേയും ആനന്ദത്തിന്റേയും ആവാസരംഗമായിപ്പരിലസിക്കുമായിരുന്നു! അതുകൊണ്ടു് ഇപ്പോൾ നാം ക്ഷമയഭ്യസിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കുക. അതു് കുടുംബാംഗങ്ങളേയും ശുശ്രൂഷകരേയും പ്രസാദിപ്പിക്കുവാനെന്നതിനേക്കാൾ ദൈവത്തെ പ്രസാദിപ്പി

ക്കവാനെന്ന ഉദ്ദേശ്യത്തോടു കൂടിയായിരിക്കണം. കത്താവിൻെറ തിരുഹൃദയത്തോട്ട് യോജിച്ചുകൊണ്ടു് നാം സഹിക്കുകയും ക്ഷമയെന്ന പുണ്യം സമ്പാദിക്കുവാൻവേണ്ടി പ്രത്യേകം പ്രാത്ഥിക്കുകയും വേണം.

അതുകൊണ്ടു് രോഗപീഡകളെ ക്ഷമാപൂവ്വം സഹിക്കുന്ന ഒരാൾക്കു് അവശ്യംവേണ്ട ഗുണങ്ങൾ ഇപ്പോൾ നമ്മിലുണ്ടോ എന്നു് സ്വയം പരിശോധിക്കുക. ഇപ്പോൾ സമാധാനം നമ്മിൽ കുടികൊള്ളുന്നുണ്ടോ? ദൈവത്തോടും അയൽക്കാരോടും നാം സമാധാനത്തിലാണോ വത്തിക്കുന്നതു ? ദൈവത്തോടുള്ള സമാധാനം പുലത്തുന്നുണ്ടോ? എന്നെല്ലാം സ്വയം പരിശോധിച്ചു്, ഇല്ലെങ്കിൽ അതു പുലത്തുവാൻ പര്യാപ്തമായവിധം

## പാപസങ്കീത്തനം ചെയ്യുക

ഈ കൂദാശ സ്ഥാപിച്ചപ്പോൾ സ്നേഹരാജനായ ക്രിസ്തുനാഥൻ അരുൾച്ചെയ്ത സാന്ത്വനവചനങ്ങൾ ശ്രവിച്ചാലും:— "നിങ്ങൾക്കു് സമാധാനം. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു മോചിക്കപ്പെടും. എന്നാൽ ആരുടെയെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." (വി. യോഹന്നാൻ 20. 21, 23) സുഖക്കേടുനിമിത്തം പാപസങ്കീത്തനം ചെയ്യുവാൻ വളരെ വിഷമമാണെന്നു് നാം വിചാരിക്കരുതു്. നമ്മുടെ ആരോഗ്യം ക്ഷയിച്ചിരിക്കുന്നുവെന്നും തൻമൂലം അരോഗദൃഢഗാത്രരിൽനിന്നു് ആവശ്യപ്പെടുന്ന ഒരുക്കം നമുക്കു് അസാദ്ധ്യമാണെന്നും, ദൈവത്തിനറിയാം. ഒരുപക്ഷെ പരസഹായം നമ്മുടെ പാപസങ്കീ

ത്തനത്തിനു് അത്യാവശ്യമായിത്തീൎന്നേക്കാം. അങ്ങനെയെങ്കിൽ വൈദികൻ നമ്മെ സഹായിക്കും. പാപങ്ങളെപ്പററി പശ്ചാത്തപിച്ച്, ഒരിക്കലും പാപം ചെയ്യുകയില്ലെന്നു് ദൃഢപ്രതിജ്ഞചെയ്തു്, വൈദികൻെറ ചോദ്യങ്ങൾക്കുത്തരം പറഞ്ഞാൽ മാത്രംമതി. വല്ല പാപങ്ങളും നാം മറന്നുപോയാൽ അവയെപ്പററി സമാധാനരഹിതരാകേണ്ട. എന്തുകൊണ്ടെന്നാൽ, അവയും മററു പാപങ്ങളോടുകൂടി പൊറുക്കപ്പെടും. പിന്നീടു് കഴിക്കുന്ന കുമ്പസാരത്തിൽ അവ വെളിപ്പെടുത്തിയാൽ മതി. പാപസങ്കീൎത്തനം ചെയ്യുമ്പോൾ, ഓൎമ്മയിൽ വരുന്ന എല്ലാ ഘനമായ പാപങ്ങളെപ്പററിയും ഹൃദയപൂൎവ്വം പശ്ചാത്തപിക്കാതെയും, വേണ്ടവിധം അവ വെളിപ്പെടുത്താതെയും ഇരുന്നാൽമാത്രമെ കുമ്പസാരം എന്ന കൂദാശ വിഫലമായിത്തീരുകയുള്ളു.

പാപങ്ങളെപ്പററി മനസ്തപിക്കുകയും, ജീവിതത്തെ നന്നാക്കാൻ ദൃഢമായി നിശ്ചയിക്കുകയും ചെയ്യുന്നതാണു്, പാപസങ്കീൎത്തനത്തെസ്സംബന്ധിച്ചിടത്തോളം പ്രധാന സംഗതികൾ.

താൻ ചെയ്ത കുററത്തെയോൎത്തു് ഒരു പിഞ്ചുപൈതൽ ദുഃഖിക്കുകയും, മേലിൽ ആ വിധം വൎത്തിക്കയില്ലെന്നു് അവൻ നിശ്ചയിക്കുകയും ചെയ്യുന്നതു് പിതാവു് കണ്ടാൽ, ആ പിതാവു് അവനോടു് ക്ഷമിക്കാതിരിക്കുമോ? ഒരിക്കലും ഇല്ല. അതുപോലെ സകല പിതാക്കളിലും ഉത്തമനായ ദൈവം—നമ്മുടെ ആ നല്ല പിതാവു്—നാം ചെയ്ത പാപങ്ങളെപ്പററി ഹൃദയപൂൎവ്വം ദുഃഖിക്കുന്നുവെന്നും, ഭാവിയിൽ ജീവിതം നന്നാക്കുവാൻ നാം നിശ്ചയിച്ചിരിക്കുന്നുവെന്നും കാണുമ്പോൾ നമ്മോടും ക്ഷമിക്കാതിരിക്കയില്ല. ഹാ! നമ്മുടെ പാപങ്ങൾ—അവ എത്രതന്നെ ഘോരതരങ്ങളും സംഖ്യാതീതങ്ങളും ആയിരുന്നാലും—അവയെ കുമ്പസാരത്തിന്നു

വിധേയമാക്കാതെ അനേകം വഷങ്ങൾതന്നെ നാം കഴിച്ചു എന്നിരുന്നാലും—അവയെല്ലാം ദൈവത്തിൻെറ അനുഗ്രഹാഗ്നിയാൽ ഒരു കടലാസുകഷണം അഗ്നിയാലെന്നപോലെ ഇപ്പോൾ ദഹിപ്പിക്കപ്പെടും.

മഹാപാപിനിയായ മഗ്ദലേനാ മറിയത്തിൻെറ മാനസാന്തരം, ധൂത്തപുത്രനെപ്പററിയുള്ള അന്യാപദേശം, "അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല. അതുകൊണ്ടു് പിതാവേ! അവരോടു ക്ഷമിക്കേണമേ." എന്നു് കുരിശിൽ കിടന്നുകൊണ്ടു് ക്രിസ്തുനാഥൻ അരുൾചെയ്ത പ്രഥമവാക്യം, എന്നിവ, മേൽപ്രസ്താവിച്ച തത്വം നമ്മെ ഗ്രഹിപ്പിക്കുന്നതിനു് തികച്ചും പര്യാപ്തങ്ങളാണു്. കരുണാസാഗരമായ ക്രിസ്തുനാഥൻ അവിടത്തെ ശത്രുക്കളോടുപോലും ക്ഷമിച്ചു. കാരണം, അവർ ചെയ്യുന്നതെന്തെന്നു് അവക്കു് അറിവില്ലായിരുന്നു. അപ്രകാരംതന്നെ ദൈവം നമ്മോടും ക്ഷമിക്കും. നാം ദുർബ്ബലരാണെന്നും, നമ്മേക്കാൾ ശക്തനായ പിശാചാണു് നമ്മെ പ്രലോഭിപ്പിച്ചതെന്നുമുള്ള വാസ്തവം ദൈവത്തിനു് അജ്ഞാതമല്ല. അതുകൊണ്ടു് ധൈര്യമവലംബിക്കുക. ഘോരതരമായ നമ്മുടെ നിരവധി പാപങ്ങളുടെ കളങ്കമാകുന്ന കരിനിഴൽ കണ്ടു്, പരിഭ്രാന്തചിത്തരായി നിരാശാഗത്തത്തിൽ നിപതിക്കുന്നതിനുള്ള നിർഭാഗ്യം നമുക്കു് നേരിട്ടാൽ, പശ്ചാത്തപിച്ച കള്ളനോടു് ക്രിസ്തുനാഥൻ കുരിശിൽക്കിടന്നുകൊണ്ടു് അരുൾച്ചെയ്ത വാക്യത്തെക്കുറിച്ചു് ചിന്തിക്കുക. "സത്യം സത്യമായി ഞാൻ നിന്നോടു് പറയുന്നു, ഇന്നു് നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കും." ഒരുപക്ഷെ ആ കള്ളൻ നമ്മേക്കാൾ കൂടുതൽ അപരാധിയായിരിക്കാം. കാരുണ്യവാനായ ക്രിസ്തുനാഥനിൽ അന്നുണ്ടായിരുന്ന അനുഗ്രഹത്തിനു് ഇപ്പോൾ ലോപം ഭവിച്ചുവെന്നോ? ഒരിക്കലുമില്ല. അവിടത്തെ വ

ത്സലശിഷ്യനായ വി. യോഹന്നാൻ പറയുന്നതു് ശ്രവി ച്ചാലും:– "നിങ്ങൾ പാപം ചെയ്യാതിരിക്കുവാനായി ഞാ നിവ നിങ്ങൾക്കു് എഴുതുന്നു. എന്നാൽ ആരെങ്കിലും പാപം ചെയ്താൽ നീതിമാനായ ഈശോമിശിഹാ എന്ന 'പാറക്ക് ലേത്താ' പിതാവിൻെറ പക്കൽ നമുക്കുണ്ടു്. എന്തെന്നാൽ, അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള പരിഹാരമാകു ന്നു. നമുക്കുവേണ്ടി മാത്രമല്ല, പിന്നെയോ സകല ലോക ത്തിനും വേണ്ടിയാകുന്നു." (യോഹ. 2, 1–3) ഹാ! എത്ര ആശ്വാസദായകമായ വാക്കുകൾ! കഴിഞ്ഞ കാലങ്ങളിൽ ച്ചെയ്ത പാപങ്ങളെപ്പററി പശ്ചാത്തപിക്കുകയും, മേലിൽ മാതൃകാപരമായ ജീവിതം നയിക്കാമെന്നു് തീച്ച്യയാക്കുകയും ചെയ്തിരിക്കുന്ന ഒരുവനു്, (ഉദാഹരണമായി) അശുദ്ധ പാപ ങ്ങളിൽനിന്നു് വിരമിച്ചും, ദുഷ്ടരോടുള്ള സംസർഗ്ഗം വെടി ഞ്ഞും, അശ്ലീലമായ സംഭാഷണങ്ങളിൽ ഏപ്പെടാതെയും, കാമാഗ്നിയെ എരിയിക്കുന്ന മററു സാഹചര്യങ്ങൾ ഉപേ ക്ഷിച്ചും, ദിവസംപ്രതി ദിവ്യബലിയിൽ സംബന്ധിച്ചും, ജീവിക്കാമെന്നു് ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരുവനു്—ഇനി നിരാശയ്ക്കു് എന്തവകാശം?

ദൈവാനുഗ്രഹത്തെ അധികരിച്ചുള്ള ചെറുപുഷ്പ ത്തിൻെറ വാക്കുകളെപ്പററി അവഗാഢം ചിന്തിക്കുക. അ വൾ പറയുന്നു:– ഘനമായ പാപത്തിൽനിന്നു് സംരക്ഷി ക്കപ്പെട്ടതുകൊണ്ടു മാത്രമല്ല എൻെറ ഹൃദയത്തെ പ്രത്യാശ യാലും സ്നേഹത്താലും ഞാൻ ദൈവത്തിങ്കലേയത്തുന്നതു്; പ്രത്യുത, ഊഹ്യങ്ങളായ എല്ലാ അപരാധങ്ങളും ഞാൻ ചെ യ്തിരുന്നാലും, എൻെറ പ്രതീക്ഷയ്ക്കു് അണുപോലും വ്യതിയാ നം സംഭവിക്കയില്ല. ഹൃദയം തകരുന്ന ദുഃഖത്തോടുകൂടെ ദിവ്യരക്ഷകൻെറ തൃക്കരങ്ങളിൽ എന്നെത്തന്നെ ഞാൻ സ മപ്പിക്കും. ധൂത്തപുത്രൻെറ നേക്കു് അവിടത്തേയ്ക്കുണ്ടായിരു ന്ന സ്നേഹം ഞാനോക്കുന്നു. മറിയം മഗ്ദലേനയോടും, വ്യ

ഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും സമറായക്കാരിയോടും അവിടന്നു് അരുളിച്ചെയ്ത വാക്കുകൾ ഞാൻ ശ്രവിച്ചിട്ടുണ്ടു്. എന്നെ ഭയപ്പെടുത്തുവാൻ പര്യാപ്തമായി ഒന്നുംതന്നെയില്ല. എന്തുകൊണ്ടെന്നാൽ ദിവ്യ നാഥൻെറ സ്നേഹത്തെയും അനുഗ്രഹത്തെയുംകുറിച്ചു് ഞാൻ നന്നായി ഗ്രഹിച്ചിട്ടുണ്ടു്.''

ഒരിക്കൽ പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു് ആദ്ധ്യാത്മികമായ അഭ്യാസങ്ങളെ അധികരിച്ചുള്ള വിശ്വ ലേഖനത്തിൽ അനുഗ്രഹീതനായ ജോസഫ് കഫാസോയെ (*Josef Caffaso*)പ്പററി ഹൃദയസ്പൃക്കായി പ്രസ്താവിക്കുകയുണ്ടായി. വധശിക്ഷക്കു വിധിക്കപ്പെട്ട കൊലപാതകികൾക്കു് ശുദ്ധീകരണ സ്ഥലത്തിൽനിന്നു് മോചനം ലഭിക്കുവാൻ അദ്ദേഹം ഒരു മാർഗ്ഗം കാണിച്ചുകൊടുത്തു എന്നുള്ളതായിരുന്നു, പരിശുദ്ധ പിതാവിൻെറ പ്രശംസയ്ക്കു നിദാനം. ''ദൈവതിരുമനസ്സിനു് പൂർണ്ണവിധേയരായി വർത്തിക്കുവിൻ'' എന്നുള്ള ഉപദേശമായിരുന്നു അദ്ദേഹം കാണിച്ചുകൊടുത്ത ആ വിശിഷ്ടമാർഗ്ഗം. പശ്ചാത്തപിച്ച നല്ലകള്ളനു് നമ്മുടെ ദിവ്യരക്ഷകൻ പറുദീസാ വാഗ്ദാനം ചെയ്തതു് എപ്പോഴായിരുന്നു? ദൈവതിരുമനസ്സിനോടു് യോജിച്ചുകൊണ്ടു് മനസ്താപസമന്വിതം തൻെറ പാപങ്ങൾ ഏററുപറഞ്ഞപ്പോൾ മാത്രമായിരുന്നു. ദൈവഹിതത്തിന്നു യോജിച്ചവിധം ജീവിച്ചാൽ ശുദ്ധീകരണസ്ഥലത്തിൽപ്പെടാതെ സ്വർഗ്ഗത്തിൽ പോകാമെന്നുള്ള തത്വമാണു് ഇതിൽനിന്നു് നാം പഠിക്കേണ്ടതു്.

സൂചന:—സൌകര്യമുണ്ടെങ്കിൽ രോഗശയ്യയിൽവെച്ചു് ജീവിതത്തിലെ എല്ലാ പാപങ്ങളെക്കുറിച്ചും ഒരു പൊതുകുമ്പസാരം കഴിക്കുന്നതു് ഹൃദയസമാധാനം പ്രാപിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗമായിരിക്കും.

## പൊതുവായ പാപസങ്കീൎത്തനം

പശ്ചാത്താപത്തോടും പരമാൎത്ഥതയോടുംകൂടെ ഒരുവൻ എല്ലാ പാപങ്ങളും—വിവേചനാശക്തി വന്നശേഷം ചെയ്തവയോ, ആദ്യമായി ഒരു ചാവുദോഷം ചെയ്തതിൽ പിന്നീടുള്ളവയോ, അസാധുവായ ഒരു കുമ്പസാരം കഴിച്ച ശേഷമുള്ളവയോ, വല്ലകുമ്പസാരവും സാധുവായിട്ടില്ല എന്നു തോന്നുന്നുണ്ടെങ്കിൽ അതിൽ പിന്നീടുള്ളവയോ ആയ—സകല പാപങ്ങളും വെളിപ്പെടുത്തുന്നതാണു് മുഴുവൻ കുമ്പസാരം അല്ലെങ്കിൽ പൊതുവായ പാപസങ്കീൎത്തനം എന്ന പദംകൊണ്ടു് നാം മനസ്സിലാക്കേണ്ടതു്. ഇങ്ങനെയുള്ള കുമ്പസാരത്തിൻെറ പ്രയോജനം പ്രധാനമായി പ്രത്യക്ഷപ്പെടുന്നതു് മരണശയ്യയിലാണു്. നീതിമാനായ ദൈവത്തിൻെറ ന്യായാസനത്തിങ്കൽ നില്ക്കുവാനുള്ള ഏതൊരു വ്യക്തിയും, അവൻെറ എല്ലാ പാപങ്ങളും ഏററുപറഞ്ഞുകൊണ്ടുള്ള പൊതുവായ ഒരു പാപസങ്കീൎത്തനം കഴിക്കാതിരിക്കയില്ല. ഇങ്ങനെയുള്ള കുമ്പസാരംമൂലം സ്വന്തം മനസ്സാക്ഷിയെ ശരിപ്പെടുത്തിയിരിക്കുന്നുവെന്നുള്ള ബോധ്യം അവനിൽ ആരോഗ്യവും ആനന്ദവും ആശ്വാസവും ജനിപ്പിക്കുകതന്നെചെയ്യും.

സൈനിക വകുപ്പിൽപ്പെട്ട ദുൎമാൎഗ്ഗിയായ ഒരു ഫ്രഞ്ചു ഭടൻ യാത്രാവേളയിൽ യാദൃച്ഛികമായി ഒരു ദേവാലയത്തിനു് സമീപം വന്നെത്തി. അപ്പോൾ മഹാ വാഗ്മിയായ ഫാദർ ബ്രൈഡെൻ (Father Brydaine) അവിടെ ധ്യാനപ്രസംഗം നടത്തുകയായിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാനുള്ള അത്യാഗ്രഹത്താൽ പ്രേരിതനായി നമ്മുടെ പടയാളി ദേവാലത്തിൽ പ്രവേശിച്ചു. തത്സമയം പൊതുവായ പാപസങ്കീൎത്തനത്തിൻെറ പ്രധാന്യത്തേയും സാഫല്യത്തേയും അധികരിച്ചായിരുന്നു ആ വന്ദ്യവൈദികൻെറ പ്രസംഗം. കുമ്പസാരം കൂടാതെ അനേകവൎഷം

കഴിഞ്ഞുകൂടിയ ആ പടയാളിയുടെ ഹൃദയത്തെ പ്രസ്തുത വിഷയം സാരമായി സ്പൎശിച്ചു. ബാല്യം മുതൽ അയാൾചെയ്തു സകല പാപങ്ങളെക്കുറിച്ചും ഒരു പൊതുകുമ്പസാരം ചെയ്യണമെന്നുള്ള ആഗ്രഹം അയാളിൽ അങ്കുരിച്ചു. താമസം വിനാ പശ്ചാത്താപത്താൽ തകൎന്ന ഹൃദയത്തോടെ, അശ്രുകണങ്ങൾ ധാരധാരയായിപ്പൊഴിച്ചുകൊണ്ടു്, അയാൾ പാപസങ്കീൎത്തനംചെയ്തു. തൽഫലമായി അയാൾ അനുഭവിച്ച അവാച്യമായ ആനന്ദം മററുള്ളവരെയും അറിയിക്കുന്നതിനു വേണ്ടി, ആ വന്ദ്യവൈദികനെ അനുഗമിച്ച് ചമയ മുറിയിൽച്ചെന്നു്, അവിടെ സന്നിഹിതരായ അനേകം വൈദികരെ അഭിമുഖീകരിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"ബഹുവന്ദ്യരേ, പൊതുവായ ഒരു പാപസങ്കീൎത്തനംമൂലം ഇപ്പോൾ ഞാനനുഭവിക്കുന്ന ആനന്ദം ഇതിനുമുമ്പ് ജീവിതത്തിൽ ഒരിക്കലും ഞാനനുഭവിച്ചിട്ടില്ല. ഈ പാപഭാരം എന്നിൽ നിന്നു് തട്ടിനീക്കപ്പെട്ടശേഷം ഇപ്പോൾ ഞാൻ ഫ്രാൻസിലെ രാജാവിനെക്കാൾ കൂടുതൽ സമാധാനചിത്തനായി കഴിഞ്ഞു കൂടുകയാണു്."

## കുമ്പസാരത്തിനുള്ള ഒരുക്കം

ഒരു നല്ല കുമ്പസാരം കഴിക്കുന്നതിനു് നിന്നെ സഹായിക്കാൻ ദൈവത്തോടു് അഭ്യൎത്ഥിക്കുക.

## കുമ്പസാരത്തിനു മുമ്പ്

കൎത്താവായ ദൈവമേ, കഴിഞ്ഞ കാലങ്ങളിൽ ഞാൻ അങ്ങയോടു് അപരാധംചെയ്തു. എന്നാൽ ഇപ്പോൾ അങ്ങെ പക്കലേയ്ക്കുവരുന്ന എന്നെ സഹായിക്കണമേ. പാപങ്ങളെപ്പററി പശ്ചാത്തപിക്കാനും, എൻെറ നാഥനും ദൈവവുമായ അങ്ങെ സേവനത്തിൽ വിശ്വസ്തനാകുവാനും അങ്ങെ തിരുനാമത്തെ എന്നെന്നും സ്തുതിക്കുവാനും ഞാൻ

ദൃഢമായി നിശ്ചയിച്ചിരിക്കുന്നു. പാപങ്ങളെ ഹൃദയപൂർവ്വം ദ്വേഷിക്കുന്നതിനുവേണ്ടി പൂർണ്ണമനസ്താപം എനിക്കു നല്കണമേ. അവയെല്ലാം ഓർക്കുന്നതിനു് അങ്ങേ സ്വർഗ്ഗീയ വെളിച്ചത്താൽ എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. എളിമയോടും മനസ്താപത്തോടുംകൂടി അവയെല്ലാം പൂർണ്ണമായി വൈദികനെ അറിയിക്കുവാനും, അവയ്ക്കു് പൂർണ്ണമായ പൊറുതി ലഭിക്കുവാനും അങ്ങയുടെ കൃപാവരം എന്നിൽ ചൊരിയണമേ. ഇവയെല്ലാം അങ്ങയുടെ അനന്തകാരുണ്യം വഴി അങ്ങയോടു് ഞാൻ അഭ്യർത്ഥിക്കുന്നു.

## പ്രമാണങ്ങൾ അനുസരിച്ചുള്ള ആത്മപരിശോധന

സൂചന:— ദൈവത്തിന്റെ പ്രമാണങ്ങളെ മനഃപൂർവ്വം ലംഘിക്കുന്നതാണല്ലോ പാപം. അതുകൊണ്ടു് അറിവും സമ്മതവുമില്ലെങ്കിൽ ഒരു പ്രവൃത്തി പാപമാകയില്ല. സമ്മതം കൂടാതെ മനസ്സിൽ ഉദിക്കുന്ന അശുദ്ധവിചാരങ്ങൾ ഇതിനുദാഹരണമാണു്.

നീ കുമ്പസാരിച്ചിട്ടു് എത്ര നാളായി? അതിൽപ്പിന്നെ ചാവുദോഷം ചെയ്തിട്ടുണ്ടോ? അവ ഏതെല്ലാം തരത്തിൽപ്പെട്ടവയാണു്? എത്ര പ്രാവശ്യം ചെയ്തിട്ടുണ്ടു്? ക്ലിപ്തമായ ഒരു സംഖ്യ പറയാൻ നിവൃത്തിയില്ലെങ്കിൽ ദിവസത്തിലോ, ആഴ്ചയിലോ, ആണ്ടിലോ, ഉദ്ദേശം എത്രപ്രാവശ്യം എന്നു പറയുക. ഇതുവരെ നീ കഴിച്ച കുമ്പസാരങ്ങൾ നന്നായിരുന്നോ? മനസ്താപത്തിന്റെയും പ്രതിജ്ഞയുടേയും വല്ല ന്യൂനതയും കാണുന്നുണ്ടോ? കുമ്പസാരത്തിലെ പ്രായശ്ചിത്തം നിറവേററിയോ?

## ഇവയെപ്പററി ആലോചിച്ചശേഷം,

പാപങ്ങളെയോർക്കുന്നതിനു് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം പറയുക.

1. വിശ്വാസത്തെ പരിത്യജിച്ചിട്ടുണ്ടോ? ശീശ്മയിൽ ഉൾപ്പെട്ടിട്ടുണ്ടോ? വിശ്വാസത്തിനെതിരായുള്ള പുസ്തകങ്ങൾ വായിക്കുകയോ, അശ്ലീലങ്ങളായ നാടകം, സിനിമ, മുതലായവ കാണുകയോ ചെയ്തിട്ടുണ്ടോ? പൈശാചിക പ്രവൃത്തി നടത്തുകയോ, നടത്തിക്കുകയോ, ചെയ്യുവാൻ സമ്മതിക്കുകയോ സഹായിക്കുകയോ അതിനോട്ട് ഏതെങ്കിലും വിധത്തിൽ സഹകരിക്കുകയോ ചെയ്തിട്ടുണ്ടോ? അവിശ്വാസികളുടെ മതപരമായ ചടങ്ങുകളിൽ മനഃപൂർവ്വം സംബന്ധിക്കുകയോ, ഏതെങ്കിലും വിധത്തിൽ അവയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ? ശകുനം, മഷിനോട്ടം, മായാവിദ്യ, വശീകരണം എന്നിവയെ യഥാർത്ഥത്തിൽ വിശ്വസിച്ചിട്ടുണ്ടോ? ദൈവത്തിനെതിരായി പിറുപിറുക്കുകയും ദൈവത്തെ ശപിക്കുകയും ചെയ്തിട്ടുണ്ടോ? അഹങ്കാരത്തിനും നൈരാശ്യത്തിനും അധീനനായിട്ടുണ്ടോ? തക്കകാരണം കൂടാതെ പ്രാർത്ഥന ഉപേക്ഷിച്ചിട്ടുണ്ടോ?

2. ശപിക്കുകയോ, ദൈവദൂഷണം പറയുകയോ, കള്ളസത്യം ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

3. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും തക്കകാരണം കൂടാതെ മുഴുവൻ കുർബ്ബാന കാണാതിരുന്നിട്ടുണ്ടോ? ആ ദിവസങ്ങളെ യഥാവിധി ആചരിക്കാതിരുന്നിട്ടുണ്ടോ?

4. മാതാപിതാക്കളുടേയും, മററധികാരികളുടേയും, തിരുസ്സഭയുടേയും നേക്ക് ബഹുമാനവും സ്നേഹവും അനുസരണവും കാണിക്കാതിരുന്നിട്ടുണ്ടോ? (തിരുസ്സഭയുടെ നേക്കുള്ള ഈ കടമ ഒരുവൻ നിർവ്വഹിക്കുന്നതു് സഭയുടെ നിയമങ്ങൾ പാലിച്ചുകൊണ്ടാകുന്നു.) നോമ്പും ഉപവാസവും കൃത്യമായി അനുഷ്ഠിച്ചും, ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ചും, പെസഹാകാലത്തു് വിശുദ്ധ കുർബ്ബാന സ്വീകരിച്ചും, പള്ളിയ്ക്കുള്ള ആദായമാർഗ്ഗങ്ങൾ സംരക്ഷിച്ചുമാണു് തിരുസ്സഭാമാതാവിനെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യേണ്ടതു്. മാതാവു്, പിതാവു്,

അധികാരി, ഗുരു എന്ന നിലകളിൽ മററുള്ളവരോടുള്ള കടമ കൾ എങ്ങനെയാണു് നിർവ്വഹിച്ചതു്?

5. പരസ്പരവിദേ്വഷത്തിനും, മററുള്ളവക്കു് നാശംവരണ മെന്നുള്ള ആഗ്രഹത്തിനും, അസൂയക്കും അമിതമായ അരിശ ത്തിനും മദ്യപാനത്തിനും വശംവദനായിട്ടുണ്ടോ?

6,9. അശുദ്ധമായ വിചാരങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്ന ങ്ങൾ, സംഭാഷണങ്ങൾ, ശൃംഗാരപരമായ നാടകങ്ങൾ, പാ ട്ടുകൾ, അശ്ലീലപുസ്തകപാരായണം, വിവാഹജീവിതത്തി ലോ, അവിവാഹജീവിതത്തിലോ തനിച്ചോ മററുള്ളവരോടു കൂടിയോ ചെയ്ത അശുദ്ധമായ പ്രവൃത്തികൾ, വിവാഹജീവി തത്തിൻെറ കടമകൾ നിർവ്വഹിക്കുന്നതിൽ കാണിച്ച അനാ സ്ഥ, സന്താനനിയന്ത്രണം ആദിയായവ സംബന്ധിച്ച് എ ങ്ങിനെ വർത്തിച്ചു?

7, 10. കളവുചെയ്യുക, അന്യക്കു് നാശംവരുത്തുക, വഞ്ച ന പ്രവർത്തിക്കുക, കടംവീട്ടാതെയും വായ്പ വാങ്ങിയതു തിരി കെക്കൊടുക്കാതെയും ഏതെങ്കിലും വിധത്തിൽ പരദ്രവ്യം സൂ ക്ഷിച്ചുവയ്ക്കുക തുടങ്ങി എന്തൊക്കെ ചെയ്തിട്ടുണ്ടു്?

8. വ്യാജം, ഏഷണി, ദുഷ്പ്രവാദം, ദുർവിധി എന്നിവ യ്ക്കു പുറമെ അന്യരുടെ രഹസ്യപാപങ്ങൾ വെളിപ്പെടുത്തി യും, പരദൂഷണം പ്രചരിപ്പിച്ചും അയൽക്കാരൻെറ അഭിമാനം നഷ്ടപ്പെടുത്തിയിട്ടുണ്ടോ? കള്ളസാക്ഷി പറഞ്ഞുകൊണ്ടു് ആ ക്കെങ്കിലും ധനനാശത്തിനിടവരുത്തിയിട്ടുണ്ടോ? ഇനിയും ഇ വയ്ക്കു പുറമെ വേറെവല്ല പാപവും ഓക്കുന്നുണ്ടോ?

നിനക്കുവേണ്ടി കുരിശുമരണം കൈവരിച്ച ദിവ്യരക്ഷ കനെക്കുറിച്ചും, നീ അഭിമുഖീകരിക്കേണ്ട മരണം, സ്വർഗ്ഗം, ന രകം എന്നിവയെപ്പററിയും അവഗാഢം ചിന്തിച്ച്, ഈ മന സ്താപപ്രകരണം ഭക്തിപൂർവ്വം നിറുത്തി നിറുത്തി ചൊല്ലുക.

ഹാ! എൻെറ ദൈവമെ, ഞാൻ അങ്ങയെ ഉപദ്രവിച്ച തുകൊണ്ടു് ഹൃദയപൂർവ്വം ദുഃഖിക്കുന്നു. എൻെറ പാപങ്ങളെ

ഞാൻ ദ്വേഷിക്കുന്നു. എന്തുകൊണ്ടെന്നാൽ അവമൂലം സ്വർഗ്ഗം എനിക്കു നഷ്ടപ്പെട്ടു. നരകയാതനകൾക്കു് ഞാൻ അർഹനായ്ബ്ഭവിച്ചു. സർവ്വോപരി അനന്തനന്മയും സ്നേഹയോഗ്യനുമായ അങ്ങയോടു ഞാൻ ദ്രോഹം ചെയ്തു. അങ്ങേ കൃപാവരത്താൽ എന്റെ പാപങ്ങൾ കുമ്പസാരിക്കുവാനും, അവയ്ക്കു് പ്രായശ്ചിത്തം അനുഷ്ഠിക്കുവാനും, എന്റെ ജീവിതത്തെ നന്നാക്കുവാനും ഞാൻ ദൃഢമായി നിശ്ചയിച്ചിരിക്കുന്നു.

## കുമ്പസാരത്തിനുശേഷമുള്ള പ്രാർത്ഥന.

സർവ്വശക്തനും അനുഗ്രഹദായകനുമായ എന്റെ ദൈവമേ, പലപ്പോഴും അങ്ങെ പക്കൽനിന്നു് ഞാൻ പലായനം ചെയ്തു. എങ്കിലും അങ്ങെ അനുഗ്രഹാധികൃത്തിനു് അനുസൃതമായി ഒരിക്കൽകൂടി എന്നെ മാടി വിളിക്കുവാൻ ഓടിയെത്തുകയും പാപവിമോചനമെന്ന കൂദാശ എനിക്കു് നൽകുകയും ചെയ്യുന്നതിനു് അങ്ങു് തിരുമനസ്സായല്ലോ. ഇതിനും മററെല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി ഞാൻ അങ്ങേയ്ക്കു് ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു. അങ്ങെ തൃപ്പാദങ്ങളെ ആത്മനാ നമിച്ചുകൊണ്ടു് എന്നെ മുഴുവനും അങ്ങേയ്ക്കു് കാഴ്ചയായി അർപ്പിക്കുന്നു. ജീവിതത്തിലോ മരണത്തിലോ യാതൊന്നും എന്നെ അങ്ങേപക്കൽനിന്നു് വ്യതിചലിപ്പിക്കാതിരിക്കട്ടെ. പഴയ ജീവിതത്തിലെ പാപങ്ങളെല്ലാം പരിപൂർണ്ണമായി ഞാൻ പരിത്യജിക്കുന്നു. ജ്ഞാനസ്നാനവേളയിൽ ഞാൻ ചെയ്ത വാഗ്ദാനങ്ങളെ നവീകരിക്കയും, ഇപ്പോൾ തുടങ്ങി എന്നെ മുഴുവനും എന്നേയ്ക്കുമായി അവിടത്തെ സ്നേഹത്തിനും സേവനത്തിനുംവേണ്ടി അർപ്പിക്കയും ചെയ്യുന്നു. ഭാവിയിൽ, മരണത്തേക്കാൾ ഭയാനകമായി പാപത്തെ ദ്വേഷിക്കുവാനും, നിർഭാഗ്യവശാൽ എന്നെ പാപത്തിലേയ്ക്കുനയിച്ച ഹേതുക്കളേയും വ്യക്തികളേയും ത്യജിക്കുവാനുംവേണ്ട വരം എനിക്കു് നല്കണമേ.

പിന്നീട്ട് പ്രായശ്ചിത്തം നിറവേററുക.
പരി: കുബ്ബാന പലപ്പോഴും സ്വീകരിക്കുക.

നിൻെറ ആത്മപിതാവു് അനുവദിക്കുന്നതുപോലെ കൂടെക്കൂടെ പരിശുദ്ധ കുർബ്ബാന സ്വീകരിക്കുക. സ്നേഹരാജനായ ക്രിസ്തുവിൻെറ തിരുഹൃദയാഭിലാഷങ്ങളെ പ്രഖ്യാപനം ചെയ്ത പരിശുദ്ധപിതാവു് തിരുമനസ്സുകൊണ്ടു് ആഗ്രഹിക്കുന്നതു്, കഴിയുമെങ്കിൽ ദിവസംപ്രതി പരിശുദ്ധ കുർബ്ബാന സ്വീകരിക്കുവാനാണു്. ഇക്കാരണത്താൽ രോഗികൾക്കു് എന്തെങ്കിലും ഭക്ഷണം കഴിച്ചശേഷവും വിശുദ്ധകുർബ്ബാന സ്വീകരിക്കാവുന്നതാണു്. ഇഹത്തിൽ ക്ഷമയും സ്വർഗ്ഗത്തിൽ മഹത്വവും ലഭിക്കുവാൻ കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം വളരെ സഹായിക്കും. ആയതുകൊണ്ടു് ദിവസംതോറും രാവിലെ എഴുന്നേല്ക്കുമ്പോൾ അതിനുവേണ്ടി ഒരുങ്ങുക. ഈ കൂദാശയെപ്പററി ദിവ്യരക്ഷകൻ അരുൾച്ചെയ്തിട്ടുള്ള വാക്കുകൾ ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനേവനോ അവനു് നിത്യായുസ്സുണ്ടു്. അവസാനനാളിൽ അവനെ ഞാൻ ഉയൎപ്പിക്കയും ചെയ്യും." (വി. യോഹ. 6:55)

## പരി. കുർബ്ബാന സ്വീകരിക്കുന്നതിനു മുമ്പു ചൊല്ലേണ്ടപ്രാൎത്ഥനകൾ.

### സഹായത്തിനുവേണ്ടിയുള്ള അഭ്യൎത്ഥന.

ഹാ! എൻെറ ദൈവമേ, പരിശുദ്ധ കുർബ്ബാന യഥാ യോഗ്യം സ്വീകരിക്കുവാൻ എന്നെ സഹായിക്കണമേ. ഏററം ഭക്തവത്സലയായ മാതാവേ, നീ എനിക്കുവേണ്ടി ഈശോയോടു് പ്രാൎത്ഥിക്കണമേ. എൻെറ സ്നേഹമുള്ള കാവൽദൂതാ, നീ തന്നെ ബലിപീഠത്തിലേക്കു് എന്നെ ആനയിക്കണമേ.

വിശ്വാസപ്രകരണം

ദൈവമേ, ഈശോമിശിഹായുടെ ശരീരം ഭക്ഷിക്കുവാനും രക്തം പാനം ചെയ്യുവാനും ഞാൻ പോകുന്നു. എന്റെ ദൈവമേ! പൂർണ്ണഹൃദയത്തോടുകൂടെ ഞാൻ വിശ്വസിക്കുന്നു.

ആരാധനാപ്രകരണം

ഓ ഈശോ! ബലിപീഠത്തിൽ സ്ഥിതിചെയ്യുന്ന മഹത്വത്തിന്റെ ദൈവമേ! ഞാൻ അങ്ങയെ ആരാധിക്കയും അങ്ങയുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കയും ചെയ്യുന്നു.

എളിമപ്രകരണം

ഹാ! എന്റെ ദൈവമേ, ഞാൻ ബലഹീനനായ പാപിയാണെന്നു് സ്വയം സമ്മതിക്കുന്നു. എന്റെ പാപങ്ങൾ നിമിത്തം സർവ്വപരിശുദ്ധനായ മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ എനിക്കു യോഗ്യതയില്ല. ''കർത്താവേ! അവിടുന്നു് എന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു് എനിക്കു യോഗ്യതയില്ല. ഒരുവാക്കുമാത്രം നീ അരുൾച്ചെയ്താലും! അപ്പോൾ എന്റെ ആത്മാവു് സൗഖ്യം പ്രാപിക്കും'' എന്നുള്ള സുവിശേഷത്തിലെ ശതാധിപന്റെ വാക്കുകൾ ഇപ്പോൾ ഞാനും ആവർത്തിക്കുന്നു.

മനസ്താപപ്രകരണം.

ജീവിതത്തിൽ ഞാൻ ചെയ്ത എല്ലാ പാപങ്ങളേയും ദ്വേഷിക്കുന്നു. ഇത്ര നല്ലദൈവത്തെ പാപത്താൽ ദ്രോഹിച്ചല്ലോ എന്നോർത്തു് ഞാൻ ഹൃദയപൂർവ്വം ദുഃഖിക്കുന്നു. മേലിൽ പാപം ചെയ്കയില്ലെന്നു് ഞാൻ ദൃഢപ്രതിജ്ഞചെയ്യുന്നു. ഹാ! നല്ലദൈവമെ, എന്നിൽ കനിഞ്ഞു് എന്നോടു് ക്ഷമിക്കണമേ.

സ്നേഹപ്രകരണം

മാധുര്യവാനായ ഈശോ, ഞാൻ അങ്ങേ സ്നേഹിക്കുന്നു. അങ്ങയെ സ്വീകരിക്കുവാൻ ഞാൻ എത്രയധികം ആഗ്ര

ഹിക്കുന്നു! നല്ലഈശോ, അങ്ങ് എന്റെ പാവപ്പെട്ട ആത്മാവിൽ എഴുന്നെള്ളിവരിക. അങ്ങെ ശരീരം ഭക്ഷിക്കുന്നതിനും അങ്ങെ രക്തം പാനം ചെയ്യുന്നതിനും എനിക്കു തരിക. മാത്രമല്ല, എന്നേയ്ക്കും നിന്നോടുകൂടെ ജീവിയ്ക്കുവാൻവേണ്ടി അങ്ങെ മുഴുവനും— ശരീരവും, രക്തവും, ആത്മാവും, ദൈവസ്വഭാവവും — എനിക്ക് നല്കണമേ.

ഒരുക്കം: (ഈ മൂന്നു ചോദ്യങ്ങൾ നിന്നോടുതന്നെ ചോദിക്കുക. "ആരാണ് എന്റെ ഹൃദയത്തിലേയ്ക്കു് വരുന്നതു്? ഞാൻ എങ്ങനെയുള്ളവനാണ്? എന്തിനു് അവിടന്നു് എന്റെ ഉള്ളിൽ എഴുന്നെള്ളിവരുന്നു?" ഇവയ്ക്കു യോജിച്ച പ്രകരണങ്ങൾ ചെയ്തു് ഭക്തിപൂർവ്വം പരി: കുർബ്ബാന സ്വീകരിക്കുക.)

## പരി. കുർബ്ബാന സ്വീകരിച്ചശേഷം ചെയ്യേണ്ട പ്രാർത്ഥനകൾ.

വിശ്വാസപ്രകരണം

ഈശോ, ഞാൻ അങ്ങയുടെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്തുവെന്നു് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങ് ഇപ്രകാരം അരുൾച്ചെയ്തിട്ടുണ്ടു്. അങ്ങയുടെ വാക്ക് സത്യവുമാകുന്നു.

ആരാധനാപ്രകരണം

എന്റെ സ്രഷ്ടാവും ദൈവവുമാകുന്ന കർത്താവേ, ഞാൻ അങ്ങയെ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങുന്നാണ് എന്നെ സൃഷ്ടിച്ചതു്. മാത്രമല്ല, ഞാൻ അങ്ങയോടുകൂടെ എന്നേയ്ക്കുമുള്ള ഭാഗ്യം അനുഭവിക്കേണ്ടവനുമാണ്.

കൃതജ്ഞതാപ്രകരണം.

എന്റെ നല്ലഈശോ, ഞാൻ അങ്ങയോടു് ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു. മാധുര്യമുള്ള ഈശോ, അവിട

ന്നു് എത്രമാത്രം നല്ലവനും, കാരുണ്യവാനുമാകുന്നു! പരിശുദ്ധ കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ.

എളിമപ്രകരണം.

ഓ! ഈശോ, ഞാൻ കേവലം ധൂളിയായിരുന്നിട്ടും അങ്ങു് എൻെറ പക്കലേക്കു് വന്നുവല്ലോ. അങ്ങയോടു സംസാരിക്കുവാൻ, ഏഴയായ എന്നെ അനുവദിച്ചാലും.

സ്നേഹപ്രകരണം.

മാധുര്യമുള്ള ഈശോ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. എൻെറ ഹൃദയമൊക്കെയോടുംകൂടെ ഞാൻ അങ്ങേ സ്നേഹിക്കുന്നുവെന്നും, അങ്ങയുടെ സ്നേഹത്തിൽ ഉത്തരോത്തരം വദ്ധിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും അങ്ങു് അറിയുന്നുവല്ലോ.

കാഴ്ചപ്രകരണം.

ഓ! ഈശോ, അങ്ങേ വരങ്ങൾക്കും അനുഗ്രഹങ്ങൾക്കുംവേണ്ടി വിനയപൂർവ്വം ഞാനഭ്യർത്ഥിക്കുന്നു. അങ്ങു് തിരുമനസ്സാകുന്നുവെങ്കിൽ എനിക്കു് ആരോഗ്യം നല്കണമേ. എന്നാൽ ഇതിലും ഉപരിയായി, പാവനമായ ജീവിതം നയിക്കുന്നതിനും, ഭാഗ്യമുള്ള മരണം ലഭിക്കുന്നതിനുംവേണ്ട കൃപാവരം എനിക്കു് തരണമേ. എനിക്കു് പ്രിയമുള്ള എല്ലാവർക്കുംവേണ്ടി—ബന്ധുമിത്രാദികൾക്കും ഉപകാരികൾക്കും, പ്രത്യേകിച്ചു് എൻെറ വൈദ്യന്മാർക്കും ശുശ്രൂഷകർക്കുംവേണ്ടി—ഇതേവരംതന്നെ ഞാൻ അങ്ങയോടഭ്യർത്ഥിക്കുന്നു. കത്തോലിക്കാസഭ മുഴുവനും, മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ സന്യാസിമാർ, എന്നിവർ പരിശുദ്ധമായ ജീവിതം നയിക്കുന്നതിനു് വരമരുളണമേ. ശിഷ്ടർ അധികം നല്ലവരായിത്തീരുന്നതിനും, ദുഷ്ടർ താമസമെന്യേ പിതൃഭവനത്തിലേയ്ക്കു് പ്രത്യാഗമിക്കുന്നതിനും, ഇങ്ങനെ എല്ലാ വിശ്വാസികളേയും അ

ങ്ങു് അനുഗ്രഹിക്കണമേ. മരണവ്യഥ അനുഭവിക്കുന്നവരേയും നീ അനുഗ്രഹിക്കണമേ. മാതാപിതാക്കളേയും മക്കളേയും അങ്ങു് കടാക്ഷിക്കണമേ. മാതാപിതാക്കൾ തങ്ങളുടെ കടമകൾ കൃത്യമായി അനുഷ്ഠിക്കുന്നതിനും, മക്കൾ അവരെ വലയം ചെയ്യിരിക്കുന്ന വിപത്തുകളിൽനിന്നു് രക്ഷപ്പെടുന്നതിനും, അങ്ങു് കടാക്ഷിക്കണമേ. ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളിൽ, ദണ്ഡവിമോചനം പ്രാപിക്കാൻ ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട ആത്മാക്കളേയും അങ്ങു് അനുഗ്രഹിക്കണമേ. തിരുസ്സഭയ്ക്കു പുറമെ സ്ഥിതി ചെയ്യുന്ന സകലരേയും സമ്പൂർണമായ അങ്ങയുടെ കൃപാവരത്താൽ സഭാമാതാവിൻെറ മടിയിലേയ്ക്കു് ആനയിക്കുവാനും അങ്ങനെ ഏക തൊഴുത്തും ഏക ഇടയനുമായിത്തീരുവാനും വരമരുളണമെന്നു് അങ്ങയോടു് ഞാനഭ്യർത്ഥിക്കുന്നു.

## വീട്ടിലേക്കു് പരി. കുർബ്ബാന എഴുന്നള്ളിച്ചു കൊണ്ടുവരുമ്പോൾ അനുഷ്ഠിക്കേണ്ടവ:–

1. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും രോഗി കിടക്കുന്ന മുറി യഥാശക്തി അലങ്കരിക്കുകയും, രോഗിയെ ശുചിയുള്ള വസ്ത്രം ധരിപ്പിക്കുകയും വേണം. ദിവ്യകാരുണ്യം വയ്ക്കുന്നതിനു് വെളുത്ത തുണിവിരിച്ച മേശയോ, ഇല്ലാത്തപക്ഷം, മേശപോലുള്ള മറേറതെങ്കിലും ഉപകരണമോ ഉണ്ടായിരിക്കണം. അതിന്മേൽ ഒരു തൂങ്ങപ്പെട്ട രൂപംവച്ചു് രണ്ടുവശവും ഓരോ മെഴുകുതിരി കത്തിച്ചുവെയ്ക്കുന്നതു് നന്നായിരിക്കും. വൈദികൻെറ വിരലുകൾ കഴുകുന്നതിനു് ഒരു വൃത്തിയുള്ള ചെറിയ പാത്രത്തിൽ കുറച്ചു് ശുദ്ധജലമുണ്ടായിയിരിക്കണം. വൈദികൻെറ വിരലുകൾ കഴുകിയവെള്ളം, കുടിക്കുവാൻ സാധിക്കുമെങ്കിൽ രോഗിക്കുതന്നെ കൊടുക്കണം.

2. പരി. കുർബ്ബാന എഴുന്നെള്ളിച്ചുകൊണ്ടുപോകുന്ന വൈദികനെക്കണ്ടാൽ സൌകയ്യമുണ്ടെങ്കിൽ അദ്ദേഹത്തെ അനുഗമിക്കണം. അല്ലാത്തപക്ഷം അദ്ദേഹം കടന്നുപോകുന്നതുവരെ ഭക്തിയോടും ആചാരത്തോടുംകൂടെ നിന്നു്, ''കത്താവേ, ഈ രോഗിയെ അനുഗ്രഹിക്കണമേ'' എന്നു്, രോഗിക്കുവേണ്ടി മനസാ പ്രാത്ഥിക്കുന്നതു് അഭിലഷണീയമാണു്.

3. പരി. കുർബ്ബാന എഴുന്നള്ളിച്ചുകൊണ്ടുവരുന്ന വൈദികൻ വീടിന്റെ പടിക്കൽ എത്തുമ്പോൾ, സൌകയ്യമുള്ളവർ എല്ലാവരും പരി. കുർബ്ബാനയെ എതിരേററു രോഗിയുടെ മുറിയിലേയ്ക്കു് ആനയിക്കേണ്ടതാണു്.

4. വൈദികൻ രോഗിയുടെ മുറിയിൽ പ്രവേശിക്കുമ്പോൾ അവിടെയുള്ള എല്ലാവരും വിശ്വാസത്തോടും ഭക്തിയോടും അച്ചടക്കത്തോടും ആചാരത്തോടുംകൂടെ, വീട്ടിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ ആത്മനാ ആരാധിക്കണം.

5. രോഗിയോ രോഗിണിയോ യഥായോഗ്യം പരി. കുർബാന സ്വീകരിക്കുവാൻ, കഴിവുപോലെ നാം സഹായിക്കുക. ഇതിലായിരിക്കണം വീട്ടിലുള്ളവരുടെ പ്രത്യേകശ്രദ്ധ പതിയേണ്ടതു്. ഇതു കഴിഞ്ഞേ മററു കാര്യങ്ങളിൽ വ്യാപൃതരാകാവൂ.

## രോഗാതുരക്കു് പരി. കുർബാന കൊടുക്കുവാനുള്ള ക്രമം

വൈദികൻ രോഗി കിടക്കുന്ന സ്ഥലത്തു പ്രവേശിക്കുമ്പോൾ ഇപ്രകാരം പ്രാത്ഥിക്കുന്നു.

വൈദികൻ:_ഈ ഭവനത്തിനു സമാധാനം.

സഹായി :_ഇതിലെ എല്ലാ നിവാസികൾക്കും.

അവിടെ സന്നിഹിതരായിരിക്കുന്നവർ എല്ലാവരും ആചാരപൂർവ്വം നില്ക്കുമ്പോൾ, വൈദികൻ മേശമേൽ വച്ചിരി

ക്കുന്ന 'കെത്താനാ'യിൽ പരി. കുർബ്ബാന സ്ഥാപിക്കുന്നു. അനന്തരം ആചാരംചെയ്തു് പരി. കുർബ്ബാനയെ ആരാധിക്കുന്നു. ഉടനെ താഴെ കാണുന്ന വാക്യം ചൊല്ലി രോഗിയുടെ മേൽ തീർത്ഥജലം തളിക്കുന്നു.

"കർത്താവേ! സോപ്പാകൊണ്ടു് എന്നെ അങ്ങു തളിക്കുക. അപ്പോൾ ഞാൻ ശുദ്ധിയുള്ളവനാകും; അതുകൊണ്ടു് അങ്ങു് എന്നെ കഴുകുക, അപ്പോൾ ഞാൻ മഞ്ഞിനേക്കാൾ വെണ്മയുള്ളവനായിത്തീരും. ദൈവമേ! നിൻെറ നന്മക്കു് യോജിച്ചവിധം എന്നിൽ കനിയണമേ. അങ്ങേ കൃപാധിക്യത്തിനൊത്തവിധം എൻെറ പാപങ്ങളെ മായ്ച്ചുകളയുകയും ചെയ്യണമെ. പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി. ആമ്മേൻ."

"കർത്താവേ! സോപ്പാകൊണ്ടു് എന്നെ അങ്ങു് തളിക്കുക" എന്ന വാക്യം ആവർത്തിക്കുന്നു.

വൈദി:— ഞങ്ങളുടെ സഹായം കർത്താവിൻെറ നാമത്തിലാകുന്നു.

സഹാ:— ആകാശവും ഭൂമിയും സൃഷ്ടിച്ചവൻെറ നാമത്തിൽ.

വൈദി:— കർത്താവേ, എൻെറ പ്രാർത്ഥന ശ്രവിക്കണമെ.

സഹാ:— എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തുമാറാകട്ടെ.

വൈദി:— കർത്താവു നിങ്ങളോടുകൂടെ.

സഹാ:— അങ്ങയോടും അങ്ങേ ആത്മാവോടുംകൂടെ.

## പ്രാർത്ഥിക്കാം

**ദൈവമായ കർത്താവേ, നിത്യനും, പരിശുദ്ധനും, സർവ്വശക്തനുമായ പിതാവേ, അങ്ങു് ഞങ്ങളെ കേൾക്കുകയും, ഞങ്ങളുടെ കർത്താവീശോമിശിഹായെക്കുറിച്ചു് ഈ ഭവനത്തിൽ വസിക്കുന്ന എല്ലാവരേയും കാക്കുകയും, പരിപാലി**

ക്കുകയും, സംരക്ഷിക്കുകയും, സന്ദർശിക്കുകയും ചെയ്യുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽനിന്നു് നിൻെറ പരിശുദ്ധ ദൂതരെ അയയ്ക്കുകയും ചെയ്യണമേ.

അനന്തരം വൈദികൻ, ആവശ്യമെങ്കിൽ രോഗിയുടെ പാപപോച്ചാരണം കേൾക്കുന്നു. പിന്നീട്, രോഗി അല്ലെങ്കിൽ പകരം മററൊരാൾ 'ഞാൻ പിഴയാളി' ചൊല്ലുന്നു, ഇതിൻെറ ഒടുവിൽ:

വൈദി:— സർവ്വശക്തനായ ദൈവം, നിങ്ങളോട് കൃപചെയ്തു്, നിങ്ങളുടെ പാപങ്ങളെല്ലാം മോചിച്ചു് നിത്യായുസ്സിലേക്കു് നിങ്ങളെ ആനയിക്കട്ടെ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ സർവ്വശക്തനും, ദയാപരനുമായ കർത്താവു്, നിങ്ങളുടെ സകല പാപങ്ങൾക്കും പൊറുതിയും, മാപ്പും, മോചനവും നല്കുമാറാകട്ടെ. ആമ്മേൻ.

അനന്തരം വൈദികൻ, പരി. കുർബ്ബാന എടുത്തുയർത്തി രോഗിയെ കാണിച്ചുകൊണ്ടു പറയുന്നു:—

വൈദി:— ഇതാ! ലോകത്തിൻെറ പാപത്തെ മോചിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു്.

സഹാ:— കർത്താവേ ഞങ്ങളോടു് ക്ഷമിക്കണമേ.

വൈദി:— ഇതാ! ലോകത്തിൻെറ പാപത്തെ.........

സഹാ:— കർത്താവേ, ഞങ്ങളോടു പ്രതിവചിക്കണമേ.

വൈദി:— ഇതാ! ലോകത്തിൻെറ പാപത്തെ.........

സഹാ— കർത്താവേ, ഞങ്ങളിൽ കനിയണമേ.

വൈദി:— കർത്താവേ, അങ്ങു് എൻെറ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. എന്നാൽ ഒരു വാക്കുമാത്രം അങ്ങു് അരുൾചെയ്യുക. അപ്പോൾ എൻെറ ആത്മാവു് സുഖം പ്രാപിക്കും. (മൂന്നുപ്രാവശ്യം)

വൈദികൻ രോഗിക്കു് പരി. കുർബ്ബാന എഴുന്നെള്ളിച്ചുകൊടുക്കുമ്പോൾ ചൊല്ലുന്നു.

സഹോദരാ, (സഹോദരീ,) "ദുഷ്ടശത്രുവിൻെറ കെണിയിൽനിന്നും നിന്നെ സംരക്ഷിക്കുകയും നിത്യായുസ്സിലേയ്ക്കു് നിന്നെ ആനയിക്കുകയും ചെയ്യുന്ന നമ്മുടെ കത്താവീശോമിശിഹായുടെ തിരുശരീരം, തൃപ്പാഥേയമായി നീ സ്വീകരിക്കുക."

എന്നാൽ വി. കുർബ്ബാന തൃപ്പാഥേയമായിട്ടല്ല കൊടുക്കുന്നതെങ്കിൽ:

നമ്മുടെ കത്താവീശോമിശിഹായുടെ തിരുശരീരം പാപമോചനത്തിനും നിത്യായുസ്സിനുമായി ഭവിക്കട്ടെ— ആമ്മേൻ.

സൂചന: രോഗി മരണാപകടത്തിലാണെങ്കിൽ "സവ്വശക്തനായ ദൈവം നിങ്ങളോടു കൃപചെയ്യട്ടെ" എന്നുമാത്രം ചൊല്ലിക്കൊണ്ടു് രോഗിക്കു് തൃപ്പാഥേയം കൊടുക്കുന്നു.

വൈദികൻെറ വിരലുകൾ കഴുകിയ വിശുദ്ധ ജലം രോഗിക്കു കുടിക്കുവാൻ കൊടുക്കുന്നു.

അനന്തരം:-

വൈദി: കത്താവു നിന്നോടുകൂടെ.


സഹാ-: അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

വൈദി-: പ്രാത്ഥിക്കാം.

പരിശുദ്ധനും, സവ്വശക്തനും നിത്യനുമായ പിതാവേ, ഞങ്ങളുടെ സഹോദരൻ (സഹോദരി) സ്വീകരിച്ച അങ്ങെ പുത്രനായ ഈശോമിശിഹായുടെ തിരുശരീരം അവൻെറ (അവളുടെ ശരീരത്തിനും ആത്മാവിനും നിത്യൗഷധമായി ഭവിക്കുന്നതിനു് എന്നേയ്ക്കും അങ്ങയോടു്—പരിശുദ്ധാത്മാവിൻെറ ഐക്യത്തിൽ ജീവിച്ചുവാഴുന്ന അങ്ങയോടു്— ഞങ്ങൾ പ്രത്യാശാപൂവ്വം പ്രാത്ഥിക്കുന്നു.

സഹാ—: ആമ്മേൻ

## രോഗ ശയ്യയുടെ മാതൃക


ചെറിയ മേശ
സി ബി എ ബി സി
കാല്
കെത്താന
രോഗ ശയ്യ
കു. വെ.
തീ. ജ.
തല
എ:- കുരിശുരൂപം
ബി, ബി:—മെഴുകുതിരികൾ
സി, സി:— പുഷ്പങ്ങൾ
കു. വെ:— കുടിക്കാനുള്ള വെള്ളം
തീ. ജ:— തീർത്ഥജലം

# രോഗിയെ സന്ദർശിക്കുന്നതിനെക്കുറിച്ചും രോഗിയുടെ ശയനമുറിയെക്കുറിച്ചുമുള്ള ചിലപ്രായോഗിക നിർദ്ദേശങ്ങൾ

രോഗികളെ സന്ദർശിക്കുന്നതു് പരോപകാരപ്രവൃത്തികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. യഥാർത്ഥമായ ക്രിസ്തീയ ഉപവി കളിയാടുന്നവരിലേ ഈ സൽഗുണം കാണപ്പെടുകയുള്ളു. അതുകൊണ്ടാണു് മാതൃകായോഗ്യരായ കത്തോലിക്കർ ഈദൃശ്യപരോപകാരകൃത്യങ്ങളിൽ വ്യാപൃതരാകുന്നതു്. നീയും അവരുടെ ഗണത്തിൽപ്പെടുവാൻ ഉത്സാഹിക്കുക. തദവസരങ്ങളിൽ താഴെക്കുറിക്കുന്ന സംഗതികൾ നീ പ്രായോഗികമാക്കാൻ ശ്രമിക്കുമല്ലോ.

1. വിശപ്പുകൊണ്ടോ മറ്റോ നീ വലഞ്ഞു വിവശനായിരിക്കുമ്പോൾ രോഗികളെ സന്ദർശിക്കുന്നതു് വിവേകമായിരിക്കയില്ല. തന്നിമിത്തം മററു കാരണങ്ങളാൽ നീ നിർബന്ധിക്കപ്പെടുകയില്ലെങ്കിൽ, നിനക്കു സുഖമുള്ളപ്പോൾവേണം രോഗികളെ സന്ദർശിക്കുവാൻ. രോഗിയുടെ അടുക്കൽ ചെല്ലുമ്പോൾ അയാൾ ഉച്ഛ്വസിക്കുന്ന വായു നീ ശ്വസിക്കാതെയും, അയാളെ സ്പർശിച്ചു് മടങ്ങുന്ന കാററു് നിന്നിൽ തട്ടാതെയും സൂക്ഷിയ്ക്കണം. അങ്ങനെയുള്ള ഒരു സ്ഥലം രോഗിയുടെ മുറിയിൽ നീ കണ്ടുപിടിക്കണം. അവിടെവെച്ചു് ഒരിക്കലും വായിൽക്കൂടെ ശ്വാസോച്ഛ്വാസം ചെയ്യാതിരിക്കുന്നതിന്നു് പ്രത്യേകം ശ്രദ്ധപതിക്കണം. നീ സന്ദർശിക്കുന്ന രോഗി മരണാസന്നനല്ലെങ്കിൽ അയാളുടെ ശരീരത്തിനു് അല്പം ആശ്വാസമെങ്കിലും നല്കാൻ കഴിവുള്ളതെല്ലാം ചെയ്യുക. ശരീരത്തിനു് ആശ്വാസം ലഭിച്ചാൽ രോഗിക്കു്, പ്രാർത്ഥിക്കുവാനുള്ള കഴിവു് വർദ്ധിക്കുന്നു. അപ്പോൾ ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചു് പറഞ്ഞുകൊടുക്കുന്നതു് അഭിലഷണീയമായിരിക്കും.

അല്ലാതെ, വേദനയിൽ വലയുന്ന രോഗിയോട്ട് വേദാന്തതത്വം പ്രസംഗിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമുണ്ടാകയില്ല.

2. രോഗിയുടെ മുറിയിൽ ശുദ്ധവായുവും വെളിച്ചവും ധാരാളമുണ്ടായിരിക്കണമെന്നതു് ഒരു പ്രധാന സംഗതിയാണു്. അതിനുവേണ്ടി രോഗശയ്യ, ജാലകത്തിൻെറ സമനിരപ്പിൽ, സന്ദർശകന്മാർക്ക് ഇരുവശവും നില്ക്കത്തക്കവിധം, ഭിത്തിയിൽനിന്നു് അല്പംമാററി, സജ്ജീകരിക്കുന്നതു് നന്നായിരിക്കും. എന്നാൽ സന്ദർശകന്മാർ തിക്കിക്കൂടി, രോഗിയുടെ ശ്വാസോച്ഛ്വാസത്തിന്നു് പ്രതിബന്ധമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒരു രോഗിയെ ശുശ്രൂഷിക്കുന്നതിന്നു് അവശ്യം വേണ്ട ആളുകളല്ലാതെ, മററാരുംതന്നെ — കുടുംബാംഗങ്ങൾപോലും — രോഗിയുടെ മുറിയിൽ സദാ കാണപ്പെടരുതു്. ഇതുകൊണ്ടാണു് ചില ഡോക്ടർമാർ ചിലപ്പോൾ സന്ദർശകരെ തട്ടിക്കയറുന്നതും ആട്ടിയോടിക്കുന്നതും. കാററും വെളിച്ചവും നേരിട്ടു് രോഗിയുടെ മുഖത്തടിക്കാത്തവിധം രോഗശയ്യ ക്രമപ്പെടുത്തുകയും, കട്ടിലിൻെറ വിരിയും തലയിണയും മററും വൃത്തിയായി സൂക്ഷിക്കുകയും വേണം.

3. കട്ടിലിൻെറ മേൽക്കട്ടി, ജനലുകളുടെ വിരി, നിലത്തിട്ടിരിക്കുന്ന കയററുപായ് ആദിയായ ആവശ്യമില്ലാത്ത സാമഗ്രികൾ രോഗിയുടെ മുറിയിൽനിന്നു് മാററിക്കളയണം. മലമൂത്രവിസർജ്ജനത്തിന്നുപയോഗിച്ച പാത്രം, മരുന്നുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ ഒരു തുണിക്കൊണ്ടു് മൂടിവെയ്ക്കുകയും, ആവശ്യം കഴിഞ്ഞാൽ ഉടൻതന്നെ കൊണ്ടുപോയി അവ കുഴിച്ചുമൂടിയശേഷം പാത്രം മരുന്നുവെള്ളത്തിൽ വൃത്തിയായി കഴുകിവെയ്ക്കുകയുംവേണം. പകർച്ചവ്യാധികളുടെ

കാര്യത്തിൽ ഈവക സംഗതികൾ പ്രത്യേകം പരിഗണി ക്കേണ്ടതാണു്.

4. മരുന്നോ, ഭക്ഷണപാനീയങ്ങളോ, പഴങ്ങളോ രോഗിയുടെ മുറിയിൽ സൂക്ഷിച്ചുവക്കരുതു്. അവയെല്ലാം ആവശ്യാനുസരണം അപ്പോഴപ്പോൾ കൊണ്ടുവന്നു കൊടുത്താൽ മതി. അല്ലെങ്കിൽ ഇങ്ങനെയുള്ളവയുടെ കാഴ്ച ചിലപ്പോൾ രോഗം വദ്ധിക്കുന്നതിനു കാരണമായേക്കാം. ഭക്ഷണത്തെസ്സംബന്ധിച്ചു്, രോഗിക്കു് എന്തിനാണു് ആത്തിയെന്നു നോക്കാതെ, ശുശ്രൂഷിക്കുന്നവൻെറ വിവേകംപോലെ ദഹനത്തിനു് ഹാനികരമാകാത്തവിധം കുറേശ്ശേ കൊടുക്കണം. എന്നാൽ രോഗി എന്തെങ്കിലും പ്രത്യേകഭക്ഷണം ആവശ്യപ്പെട്ടാൽ, അതു് വൈദ്യനോടാലോചിച്ചു്, അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു് ചെയ്യേണ്ടതാണു്. വൈദ്യൻെറ അനുവാദംകൂടാതെ രോഗിക്കു് ഭക്ഷിക്കുവാൻ വിശേഷ പലഹാരങ്ങളോ, പഴങ്ങളോ ആരും കൊടുക്കരുതു്. എന്തുകൊണ്ടെന്നാൽ, അല്പം വല്ലതുംമതി ഒരുപക്ഷേ, രോഗിയുടെ സുഖപ്രാപ്തി അസാദ്ധ്യമാക്കിത്തീക്കാൻ.

5. രോഗിയുടെ മുറിയിൽ സ്വരം കേൾപ്പിക്കരുതു്. ചെരിപ്പിൻെറ സ്വരംപോലും ചില രോഗികൾക്കു് അസഹ്യമാണെങ്കിൽ, രോഗി കിടക്കുന്ന മുറിയുടെ സമീപത്തുവച്ചു് എന്തെങ്കിലും വെട്ടുകയോ, കിളയ്ക്കുകയോ, കുട്ടികളെ കളിപ്പിക്കുകയോ, ഉച്ചത്തിൽ വിളിക്കുകയോ ചെയ്യുന്നതിൽനിന്നുണ്ടാകുന്ന സ്വരം എത്ര അസഹ്യമായിരിക്കുമെന്നു് നമുക്കു അനുമാനിക്കുവാൻ കഴിയും. രോഗിയുടെ മുമ്പിൽവച്ചു് പറയുന്ന വത്തമാനങ്ങൾ പതിഞ്ഞസ്വരത്തിലും, സാവകാശത്തിലും, സന്തോഷഭാവത്തിലും, രോഗിയുംകൂടെ കേൾക്കത്തക്കവിധത്തിലും ആയിരിക്കണം. സ്വകാര്യമായ യാതൊരു കാര്യവും രോഗിയുടെ മുറിയിൽവെച്ചു് ആരും പറയരുതു്. അങ്ങി

നെ പറയണമെങ്കിൽ അതു് മുറിക്കു പുറത്തുവച്ചേ പാടുള്ളൂ. രോഗിയുടെ സാന്നിദ്ധ്യത്തിൽ രോഗത്തിൻെറ സ്ഥിതിഗതികളെക്കുറിച്ചു് ഒന്നും സംസാരിക്കാതിരിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധപതിക്കണം.

6. ഒരു രോഗി ഉപയോഗിക്കുന്ന വസ്ത്രങ്ങൾ, മററുള്ളവരുടെ വസ്ത്രങ്ങളോടുകൂടി അലക്കാതെ, അവ വേർതിരിച്ചു് അലക്കണം. ഇതിലേയ്ക്കു് സോപ്പുവെള്ളം ഉപയോഗിക്കുന്നതു കൂടുതൽ ഫലപ്രദമായിരിക്കും. പകച്ചവ്യാധി പിടിപെട്ട ഒരു രോഗിയുടെ മുറി, മറെറാരാൾ വാസയോഗ്യമാക്കണമെങ്കിൽ ആദ്യംതന്നെ അതിൻെറനിലം നല്ലപോലെ കഴുകി വെടിപ്പാക്കുകയും, ഭിത്തികൾ പൂശി വൃത്തിയാക്കുകയും ചെയ്യണം.

7. ദീനശയ്യയിൽ ദീർഘനാൾ കഴിച്ചുകൂട്ടാനിടവന്നിട്ടുള്ള ചില രോഗികളുടെ പുറത്തുനിന്നു് തൊലിപോകാറുണ്ടു്. ഒരു കോഴിമുട്ടയുടെ വെള്ളയെടുത്തു്, ഒരു ടേബിൾസ്പൂൺ വിസ്കിചേർത്തു് അടിച്ചു് പുറത്തു് പുരട്ടിയാൽ അപ്രകാരം സംഭവിക്കുകയില്ല. എന്നാൽ തൊലിപോയിട്ടുണ്ടെങ്കിൽ മേൽപ്രസ്താവിച്ചവിധം പ്രവർത്തിക്കരുതു്. അപ്പോൾ ഒരു കഷണം തുണിയിൽ വാസ്‌ലൈനോ പൗഡറോ പുരട്ടി അതു് തൊലിപോയ സ്ഥലത്തു് പതിക്കുന്നതായിരിക്കും നല്ലതു്.

8. വൈദ്യവിധിയനുസരിച്ചുള്ള മരുന്നുകളല്ലാതെ വേറെ മരുന്നുകളൊന്നും രോഗിക്കു് കൊടുക്കരുതു്. എന്നാൽ അതു് കൃത്യസമയത്തു്, അളവിൽ ഏററക്കുറവുകൂടാതെ കൊടുക്കുന്നതിൽ ശുശ്രൂഷകൻ ശ്രദ്ധിക്കണം. കുടിക്കുവാനുള്ള മരുന്നുകളുടെ കൂട്ടത്തിൽ, പുറമേ പുരട്ടുവാനുള്ള വിഷാംശംകലന്ന മരുന്നുകൾ വയ്ക്കരുതു്. അത്തരം മരുന്നുകൾ വേറെ ഏതെങ്കിലും സ്ഥലത്തു് ഭദ്രമായി സൂക്ഷിച്ചുവെക്കുകയാണു് വേണ്ടതു്.

9. രോഗിയെ സ്വന്തം മുറിയിൽനിന്നു് ആതുരശാലയിലേയ്ക്കോ ആശുപത്രിയിലേയ്ക്കോ സ്ഥലം മാററുവാൻ ആവ

ശ്യപ്പെട്ടാൽ, ആ വിവരം ഉടനെ വൈദികനെ അറിയിക്കണം. അപ്പോൾ അദ്ദേഹത്തിനു്, രോഗം അപകടനിലയിൽ എത്തുന്നതിനുമുമ്പ് സുബോധാവസ്ഥയിൽത്തന്നെ കൂദാശകൾ കൊടുക്കുന്നതിനു സാധിക്കും.

10. രോഗിയുടെ ആരോഗ്യപ്രാപ്തി അധികഭാഗവും ശുശ്രൂഷകരെ ആശ്രയിച്ചാണു് നിലകൊള്ളുന്നതു്. അതുകൊണ്ടു് വൈദ്യോപദേശത്തിനു വിലയില്ലെന്നു് അർത്ഥമില്ല. പക്ഷേ, ഉപദേശം എത്രതന്നെ ഉത്കൃഷ്ടമായാലും, അതിനെ വിവേകപൂർവ്വം പ്രായോഗികമാക്കാൻ കഴിവില്ലെങ്കിൽ അതുകൊണ്ടു് എന്തുപ്രയോജനം? തൻമൂലം നല്ല തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ളവരെ മാത്രമേ രോഗശുശ്രൂഷക്കായി നിയമിക്കാവൂ. അല്ലാതെ, ദീനശുശ്രൂഷയെസ്സംബന്ധിച്ചു് യാതൊരു ഗന്ധവും പരിചയവുമില്ലാത്തവരെ നിയമിച്ചാൽ, അതുകൊണ്ടു് രോഗപീഡമാത്രമല്ല, രോഗിയുടെ ദുശ്ശീലങ്ങളും ശക്തിപ്പെടുവാൻ ഇടവന്നേക്കും. ഉദാഹരണത്തിനു്, കാലിൽ കഠിനവേദനയനുഭവിച്ചു് കഷ്ടപ്പെടുന്ന ഒരു രോഗി, ശുശ്രൂഷകനോടു് കാലിൽ പുരട്ടുന്നതിനു് കുഴമ്പിരിക്കുന്ന കുപ്പി കൊണ്ടുവരാൻ പറയുമ്പോൾ, വെള്ളം നിറച്ചിരിക്കുന്ന 'കൂജ' കൊണ്ടുവന്നാൽ ആ രോഗിയുടെ കോപം എങ്ങനെ വർദ്ധിക്കാതിരിക്കും? രോഗികളുടെ മാനസികപ്രശ്നങ്ങളിൽ പരിചയസമ്പന്നനായ ശുശ്രൂഷകനു് മാത്രമേ ഇങ്ങനെയുള്ള സാഹചര്യങ്ങൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ.

11. രോഗിയുടെ ആരോഗ്യം ആശങ്കാജനകമായിരിക്കെ, അയാൾ കൊടുത്തു വീട്ടേണ്ട കടങ്ങളോ വായ്പകളോ അപ്പോഴെങ്കിലും കൊടുക്കുകതന്നെവേണം. അതു് പിന്നീടാകാമെന്നു വിചാരിച്ചാൽ, ഒരുപക്ഷേ സാധിക്കാതെ വന്നേക്കാം. അപ്പോൾ അതു് നിത്യനാശത്തിനു നിദാനമായിത്തീരുന്നു. കൂടാതെ അയാളുടെ സമ്പാദ്യം സംബന്ധിച്ചു്

ഒരു ഭാഗപത്രവും അപ്പോഴെങ്കിലും തയ്യാറാക്കണം. ഇതി നെക്കുറിച്ച് അന്യത്ര പ്രതിപാദിച്ചിട്ടുണ്ട്. (വിഭാഗം 2 നോക്കുക)

12. ആരോഗ്യം പ്രാപിച്ചുവരുന്ന രോഗികളും വായി ക്കാൻ തടസ്സമില്ലാത്ത രോഗബാധിതരും, സമയം ചെലവഴി ക്കുന്നതിനുവേണ്ടി എന്തെങ്കിലും വായിക്കാൻ ആഗ്രഹിക്കാ തിരിക്കയില്ല. തദവസരങ്ങളിൽ ദൈവവിശ്വാസത്തിനോ സന്മാർഗ്ഗബോധത്തിനോ ഹാനികരമായ ചെറുകഥകളോ, പുസ്തകങ്ങളോ, നോവലുകളോ, അതുപോലുള്ള മററു പ്രസി ദ്ധീകരണങ്ങളോ കൊടുക്കാതെ, ആദ്ധ്യാത്മികാഭിവൃദ്ധിക്ക് ഉപയുക്തങ്ങളായ പ്രസിദ്ധീകരണങ്ങളേ നല്കാവൂ. രോഗ ശയ്യയിൽവച്ച് എല്ലാവർക്കും, കത്തോലിക്കർക്ക് പ്രത്യേകി ച്ചും, വായിക്കുവാനോ വായിച്ച് കേൾക്കുവാനോ പ്രയോജ നപ്രദങ്ങളായ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

## ആദ്ധ്യാത്മിക പാരായണത്തിനുവേണ്ടി

### 1 വേദവായന

A) കാണാതെപോയ ആടിനേയും, ധൂർത്തപുത്രനേയും കുറിച്ച് മിശിഹാ അരുൾച്ചെയ്ത അന്യാപദേശം. (വി. ലൂക്കായു ടെ സുവിശേഷം 15-ാം അദ്ധ്യായം.)

ചുങ്കക്കാരും പാപികളും അവൻെറ വാക്കു കേൾക്കുവാൻ അവൻെറ അടുക്കൽ വന്നിരുന്നു.

നിയമജ്ഞരും ഫ്രീശരുമാകട്ടെ: ഇവൻ പാപികളെ സ്വീ കരിക്കയും അവരോടുകൂടി ഭക്ഷിക്കയും ചെയ്യുന്നു എന്നു നീര സപ്പെട്ടു പറഞ്ഞു.

ഈശോ "അവരോട് ഈ ഉപമ അരുളിച്ചെയ്തു:

നൂറ് ആടുകൾ ഉണ്ടായിരുന്നിട്ട് അവയിൽ ഒന്നു കാണാ

തെ പോയാൽ തൊണ്ണൂറെറാമ്പതിനെയും മരുഭൂമിയിൽ വിട്ട്, കാണാതെപോയതിനെ കണ്ടുകിട്ടുവോളം അന്വേഷിച്ചുപോകാത്ത ഒരു മനുഷ്യൻ നിങ്ങളിൽ ആരുണ്ട്?

അതിനെ കണ്ടുകിട്ടുമ്പോൾ അവൻ സന്തോഷിച്ച് അതിനെ തൻെറ തോളിൽ എടുത്തു്,

വീട്ടിൽചെന്നു സ്നേഹിതന്മാരെയും അയല്ക്കാരെയും വിളിച്ച് അവരോട്: കാണാതെപോയ എൻെറ ആടിനെ കണ്ടുകിട്ടിയതിനാൽ നിങ്ങൾ എന്നോടുകൂടി സന്തോഷിക്കുവിൻ എന്നു പറയും.

ഇങ്ങനെത്തന്നെ അനുതാപംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറെറാമ്പതു നീതിന്മാരെപ്പററി എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

അഥവാ, പത്തുകാശ്ശ് ഉണ്ടായിരിക്കയും അവയിൽ ഒന്നു നഷ്ടമാകയും ചെയ്തിട്ട് വീട് അടിച്ചുവാരി അതുകണ്ടുകിട്ടുവോളം ഉത്സാഹത്തോടുകൂടി അന്വേഷിക്കാത്ത ഒരു സ്ത്രീ ആരുണ്ട്?

അതു കണ്ടുകിട്ടുമ്പോൾ അവൾ തൻെറ സ്നേഹിതകളെയും അയൽക്കാരെയും വിളിച്ച് അവരോട്: കാണാതെപോയ എൻെറ കാശ്ശ് കണ്ടുകിട്ടിയതിനാൽ നിങ്ങൾ എന്നോടുകൂടി സന്തോഷിക്കുവിൻ എന്നു പറയും.

ഇങ്ങനെത്തന്നെ അനുതപിക്കുന്ന ഒരു പാപിയെപ്പററി ദൈവത്തിൻെറ ദൂതന്മാരുടെ സന്നിധിയിൽ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ഈശോ വീണ്ടും അവരോട് (ഇങ്ങനെ) അരുളിച്ചെയ്തു: ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു.

അവൻെറ ഇളയപുത്രൻ അവനോട്: എൻെറ അപ്പാ, വീട്ടിൽനിന്നു എനിക്കു വരേണ്ടതായ ഭാഗം എനിക്കു തരി

ക എന്നു പറഞ്ഞു. അവർ തൻെറ മുതൽ അവക്കു ഭാഗിച്ചുകൊടുത്തു.

കുറെ ദിവസങ്ങളുടെ ശേഷം അവൻെറ ഇളയപുത്രൻ തനിക്കു കിട്ടിയവല്ലൊം ശേഖരിച്ചു ദൂരദേശത്തേയ്ക്കു പോയി. അവിടെ ധൂർത്തനായി ജീവിച്ച് സ്വത്തുക്കൾ നാനാവിധമാക്കിക്കളഞ്ഞു.

അവനുള്ളതെല്ലാം നശിപ്പിച്ചു കഴിഞ്ഞപ്പോൾ ആ സ്ഥലത്തു് ഒരു വലിയ ക്ഷാമം ഉണ്ടാകുകയും അവനു (ജീവിക്കുവാൻ) നിവൃത്തിയില്ലാതായിത്തുടങ്ങുകയും ചെയ്തു.

അവൻ പോയി ആ സ്ഥലത്തെ പൌരന്മാരിൽ ഒരുവനോടുചേൎന്നു. അവൻ അവനെ വയലിൽ പന്നികളെ മേയിക്കുവാൻ അയച്ചു.

പന്നികൾ തിന്നിരുന്ന അമരത്തവിടുകൊണ്ടു വയർ നിറയ്ക്കുവാൻ അവൻ വളരെ ആഗ്രഹിച്ചു; എങ്കിലും ആരും അവനു കൊടുത്തില്ല.

പിന്നെ അവൻ സുബോധം വന്നപ്പോൾ പറഞ്ഞു: തങ്ങൾക്കു ഭക്ഷണം മിച്ചമുള്ള എത്ര കൂലിക്കാർ ഇപ്പോൾ എൻെറ അപ്പൻെറ വീട്ടിലുണ്ടു്! ഞാനോ വിശപ്പുമൂലം നശിക്കുന്നു.

ഞാൻ എഴുന്നേററു് എൻെറ അപ്പൻെറ അടുക്കൽ ചെന്നു് അവനോടു്: എൻെറ അപ്പാ, സ്വർഗ്ഗത്തിനെതിരായും നിൻെറ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി.

ഇനി നിൻെറ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. നിൻെറ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ "എന്നു പറയും".

അനന്തരം അവൻ എഴുന്നേററു് അപ്പൻെറ അടുക്കലേക്കു വന്നു. അവൻ ദൂരെയായിരിക്കുമ്പോൾതന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു് ഓടിച്ചെന്നു് കഴുത്തിൽവീണു് അവനെ ചുംബിച്ചു.

മകൻ അവനോട്ട്: എൻെറ അപ്പാ, സ്വർഗ്ഗത്തിനെതിരായും നിൻെറ മുമ്പാകെയും ഞാൻ പാപംചെയ്തുപോയി. നിൻെറ മകൻ എന്നു വിളിക്കപ്പെട്ടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

അവൻെറ അപ്പൻ തൻെറ ഭൃത്യന്മാരോടു പറഞ്ഞു: നിങ്ങൾ വിലയേറിയ വസ്ത്രം എടുത്തു് ഇവനെ ഉടുപ്പിക്കുവിൻ; ഇവൻെറ കൈയിൽ മോതിരം ഇടുവിൻ; ഇവനെ ചെരിപ്പുകൾ ധരിപ്പിക്കുവിൻ.

കൊഴുത്ത കാളയെ കൊണ്ടുവന്നു് കൊല്ലുവിൻ. നമുക്കു് ഭക്ഷിച്ചു് ആനന്ദിക്കാം.

എന്തെന്നാൽ എൻെറ ഈ മകൻ മരിച്ചവനായിരുന്നു; അവൻ വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു, കണ്ടെത്തി. അവർ ആനന്ദിക്കുവാൻ തുടങ്ങി.

അവൻെറ മൂത്ത മകൻ വയലിലായിരുന്നു. അവൻ വന്നു വീട്ടിനടുത്തപ്പോൾ വളരെപ്പേരുടെ സംഗീതസ്വരം കേട്ടു.

അവൻ ഭൃത്യന്മാരിൽ ഒരുത്തനെ വിളിച്ചു്: ഇതെന്താണു് എന്നു അവനോടു് ചോദിച്ചു.

അവൻ അവനോടു്: നിൻെറ സഹോദരൻ വന്നു. അവനെ സൌഖ്യമുള്ളവനായി കിട്ടിയതുകൊണ്ടു് നിൻെറ അപ്പൻ കൊഴുത്ത കാളയെ കൊന്നു എന്നു പറഞ്ഞു.

അപ്പോൾ അവൻ കോപിച്ചു. അകത്തു കടക്കുവാൻ അവൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് അവൻെറ അപ്പൻ പുറത്തുചെന്നു് അവനോടു് അപേക്ഷിച്ചു.

അവൻ അപ്പനോടു പറഞ്ഞു: ഹാ! എത്ര ആണ്ടുകളായി ഞാൻ നിനക്കു് അടിമവേല ചെയ്യുന്നു. നിൻെറ കല്പന ഞാൻ ഒരിക്കലും ലംഘിച്ചിട്ടുമില്ല. എങ്കിലും എൻെറ സ്നേഹിതന്മാരോടുകൂടി ആനന്ദിക്കുവാൻ ഒരു ആട്ടിൻകുട്ടിയെ നീ ഒരിക്കലും എനിക്കു തന്നിട്ടില്ല.

നിൻെറ ഈ മകനുവേണ്ടിയോ, അവൻ വേശ്യകളോടുകൂടി

നിൻെറ മുതൽ നാനാവിധമാക്കിക്കളഞ്ഞു വന്നപ്പോൾ, കൊഴുത്ത കാളയെ നീ അറുത്തുവല്ലൊ.

അപ്പൻ അവനോടു പറഞ്ഞു: എൻെറ മകനേ, നീ എപ്പോഴും എന്നോടുകൂടിയാണല്ലൊ. എൻേറതെല്ലാം നിൻേറതും ആകുന്നു.

നിൻെറ ഈ സഹോദരനാകട്ടെ മരിച്ചവനായിരുന്നു, അവൻ വീണ്ടും ജീവിച്ചു, കാണാതെ പോയിരുന്നു, കണ്ടുകിട്ടി; അതുകൊണ്ടു് നാം ആനന്ദിക്കയും സന്തോഷിക്കയും ചെയ്യുക യുക്തമായിരുന്നു.

B) ലാസറിൻെറ സംഭവം. (വി. യോഹ. XI. 1–45.)

മറിയത്തിൻെറയും മർത്തായുടെയും സഹോദരനായ ലാസർ എന്നൊരാൾ ബേസ്അനിയാ ഗ്രാമത്തിൽ രോഗബാധിതനായിത്തീർന്നിരുന്നു.

ഈ മറിയം ഈശോയുടെ കാലുകൾ സുഗന്ധദ്രവ്യംകൊണ്ടു് പൂശുകയും, തലമുടികൊണ്ടു തുടയ്ക്കുകയും ചെയ്തവൾ ആയിരുന്നു. രോഗിയായിരുന്ന ലാസർ ഇവളുടെ സഹോദരൻ ആയിരുന്നു.

അവൻെറ രണ്ടു സഹോദരിമാരും ഈശോയുടെ അടുക്കൽ ആളയച്ചു്: കർത്താവേ, ഇതാ നീ സ്നേഹിക്കുന്നവൻ രോഗിയായിക്കിടക്കുന്നു എന്നു പറഞ്ഞു.

ഈശോയാകട്ടെ: ഈ രോഗം, അവൻനിമിത്തം ദൈവപുത്രൻ മഹത്വപ്പെടേണ്ടതിനു് ദൈവമഹത്വത്തിനായിട്ടല്ലാതെ മരണകരമായിട്ടുള്ളതല്ല എന്നരുളിച്ചെയ്തു.

ഈശോ മർത്തായേയും, മറിയത്തേയും, ലാസറിനേയും സ്നേഹിച്ചിരുന്നു.

അവൻ രോഗിയായിക്കിടക്കുന്നു എന്നു കേട്ടിട്ടും താൻ പാർത്തിരുന്ന സ്ഥലത്തു് രണ്ടുദിവസംകൂടി അവൻ താമസിച്ചു.

അതിൻെറശേഷം അവൻ തൻെറ ശിഷ്യരോടു്: വരുവിൻ; നമുക്കു വീണ്ടും യൂദായിലേയ്ക്കു പോകാം എന്നരുളിച്ചെയ്തു.

അവന്റെ ശിഷ്യർ അവനോട്: ഗുരോ, യൂദന്മാർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയുവാൻ ഉദ്യമിച്ചിരുന്നുവല്ലോ. അങ്ങിനെയിരിക്കെ നീ വീണ്ടും അവിടേയ്ക്കു പോകുന്നുവോ? എന്നു ചോദിച്ചു.

ഈശോ അവരോട് അരുളിച്ചെയ്തു: പകലിനു പന്ത്രണ്ടു മണിക്കൂറുകൾ ഇല്ലയോ? ആരെങ്കിലും പകൽ നടക്കുന്നു എങ്കിൽ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് കാൽ മുട്ടുകയില്ല.

എന്നാൽ ആരെങ്കിലും രാത്രിയിൽ നടന്നാൽ വെളിച്ചം ഇല്ലാത്തതുകൊണ്ട് കാൽ മുട്ടും.

ഈശോ ഇവ അരുളിച്ചെയ്തശേഷം അവരോട്: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുന്നു: എന്നാൽ ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു എന്നരുളിച്ചെയ്തു.

അവന്റെ ശിഷ്യർ അവനോട്: കർത്താവേ, അവൻ ഉറങ്ങുന്നെങ്കിൽ അവനു സുഖമുണ്ടാകും എന്നു പറഞ്ഞു.

ഈശോ അരുളിച്ചെയ്തതു് അവന്റെ മരണത്തെക്കുറിച്ചായിരുന്നു. എന്നാൽ നിദ്രയെന്ന ഉറക്കത്തെക്കുറിച്ച് അവൻ അരുളിച്ചെയ്തു എന്നു് അവർ വിചാരിച്ചു.

ആകയാൽ ഈശോ സ്പഷ്ടമായിട്ട് അവരോട് അരുളിച്ചെയ്തു: ലാസർ മരിച്ചുപോയി.

എങ്കിലും നിങ്ങൾ വിശ്വസിക്കേണ്ടതിനു്, ഞാൻ അവിടെ ഇല്ലാതിരുന്നതുകൊണ്ട് നിങ്ങളെക്കുറിച്ചു ഞാൻ സന്തോഷിക്കുന്നു. ആകട്ടെ, അവിടേക്കു നടക്കുവിൻ.

താമാ എന്നു പറയപ്പെടുന്ന തോമാ തന്റെ കൂട്ടുകാരായ ശിഷ്യരോട്: നമുക്കും അവനോടൊന്നിച്ചുപോയി മരിക്കാം എന്നു പറഞ്ഞു.

ഇങ്ങനെ ഈശോ ബേസ്അനിയായിൽ വന്നപ്പോൾ (ലാസർ) കല്ലറയിൽ വയ്ക്കപ്പെട്ടിട്ട് നാലു ദിവസങ്ങളായി എന്നു് അവൻ കണ്ടു.

ബേസ്അനിയാ ഓറെശ്ലെത്തിനു് അരികെ, അവിടെനിന്നു് ഉദ്ദേശം പതിനഞ്ചു എസ്റ്റ്ദാകൾ അകലെയായിരുന്നു.

മത്തായേയും മറിയത്തേയും അവരുടെ സഹോദരനെക്കുറിച്ചു് ആശ്വസിപ്പിക്കുവാൻ പല യൂദന്മാരും അവരുടെ അടുക്കലേക്കു വന്നിരുന്നു.

ഈശോ വന്നു എന്നു കേട്ടപ്പോൾ മത്താ അവനെ എതിരേല്പാൻ പുറപ്പെട്ടു. മറിയം വീട്ടിൽ ഇരുന്നിരുന്നു.

മത്താ ഈശോയോടു പറഞ്ഞു: എൻെറ കത്താവേ, നീ ഇവിടെയുണ്ടായിരുന്നു എങ്കിൽ എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു.

എങ്കിലും ഇപ്പോഴും നീ ദൈവത്തോടു ചോദിക്കുന്നതെല്ലാം അവൻ നിനക്കു തരും എന്നു ഞാൻ അറിയുന്നു.

ഈശോ അവളോടു്: നിൻെറ സഹോദരൻ ഉയിത്തെഴുന്നേല്ക്കും എന്നരുളിച്ചെയ്തു.

മത്താ അവനോടു്: അവസാന നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു.

ഈശോ അവളോടു് അരുളിച്ചെയ്തു: പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

ജീവിക്കയും എന്നിൽ വിശ്വസിക്കയുംചെയ്യുന്ന ഒരുത്തനും നിത്യമായി മരിക്കയില്ല. നീ ഇതു വിശ്വസിക്കുന്നുവൊ?

അവൾ അവനോടു്: ഉവ്വു്, എൻെറ കത്താവേ, ലോകത്തിലേയ്ക്കു വരുവാനിരിക്കുന്ന ദൈവപുത്രനായ മിശിഹാ നീയാകുന്നു എന്നു് ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു.

അവൾ ഇതു പറഞ്ഞശേഷം പോയി തൻെറ സഹോദരിയായ മറിയത്തെ രഹസ്യമായി വിളിച്ചു് അവളോടു്: നമ്മുടെ ഗുരു വന്നിരിക്കുന്നു; നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു.

മറിയം (ഇതു) കേട്ടപ്പോൾ ഉടനെ എഴുന്നേററു് അവൻെറ

അട്ടക്കലേയ്ക്കു ചെന്നു.

ഈശോ, മത്താ തനിക്കു് എതിരേവന്ന ആ സ്ഥലത്തുതന്നെ ആയിരുന്നതല്ലാതെ അതുവരെ ഗ്രാമത്തിൽ വന്നെത്തിയിരുന്നില്ല.

വീട്ടിൽ അവളോട്ടുകൂടി ഇരുന്നു് അവളെ ആശ്വസിപ്പിച്ചിരുന്ന ആ യൂദന്മാരും മറിയം പെട്ടെന്നു് എഴുന്നേററു പുറപ്പെട്ടതു കണ്ടിട്ടു് അവൾ കല്ലറയിങ്കൽ കരയുവാൻ പോകുന്നു എന്നു വിചാരിച്ചുകൊണ്ടു് അവളുടെ പിന്നാലെ പോയി.

മറിയമാകട്ടെ ഈശോ ഇരുന്നിരുന്ന സ്ഥലത്തുവന്നു് അവനെ കണ്ടപ്പോൾ അവൻെറ കാല്ക്കൽ വീണു്: എൻെറ കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു എന്നു പറഞ്ഞു.

അവൾ കരയുന്നതും അവളോട്ടുകൂടിവന്ന യൂദന്മാർ കരയുന്നതും ഈശോ കണ്ടപ്പോൾ അവൻ നെട്ടുവീർപ്പു വിടുകയും സ്വയം അസ്വസ്ഥനാകുകയും ചെയ്തശേഷം:

നിങ്ങൾ അവനെ എവിടെ വച്ചു? എന്നു ചോദിച്ചു. അവർ അവനോടു്: കർത്താവേ, വന്നു കാണുക എന്നു പറഞ്ഞു.

അപ്പോൾ ഈശോയുടെ കണ്ണുകളിൽനിന്നു് കണ്ണുനീർ പ്രവഹിച്ചുകൊണ്ടിരുന്നു.

ആകയാൽ യൂദന്മാർ: അവൻ അവനെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നു നോക്കുവിൻ! എന്നു പറഞ്ഞു.

അവരിൽ ചിലർ ആ കുരുടൻെറ കണ്ണുകൾ തുറന്ന ഇവനു് ഇവൻ മരിക്കാതിരിക്കുവാൻ ഇടയാക്കുവാനും കഴിയുമായിരുന്നില്ലയോ? എന്നു ചോദിച്ചു.

എന്നാൽ ഈശോ നെട്ടുവീർപ്പുവിട്ടുകൊണ്ടു് കല്ലറയിങ്കൽ നിന്നു. ഈ കല്ലറ ഒരു ഗുഹയായിരുന്നു. അതിൻെറ വാതില്ക്കൽ ഒരു കല്ലും വയ്ക്കപ്പെട്ടിരുന്നു.

ഈ കല്ലു് നീക്കുവിൻ എന്നു് ഈശോ അരുളിച്ചെയ്തു. മരിച്ചുപോയവൻെറ സഹോദരിയായ മത്താ അവനോടു്: എ

ൻെറ കർത്താവേ, അവൻ പണ്ടേതന്നെ അഴുകിക്കഴിഞ്ഞു; നാലു ദിവസങ്ങൾ ആയല്ലൊ എന്നു പറഞ്ഞു.

ഈശോ അവളോട്: നീ വിശ്വസിക്കുമെങ്കിൽ ദൈവത്തിൻെറ മഹത്വം കാണും എന്നു ഞാൻ നിന്നോട് പറഞ്ഞില്ലയോ? എന്നരുളിച്ചെയ്തു.

ആകയാൽ അവർ ആ കല്ല് നീക്കി. അപ്പോൾ ഈശോ കണ്ണുകൾ മേല്പോട്ടുയർത്തി അരുളിച്ചെയ്തു: പിതാവേ, നീ എൻെറ പ്രാർത്ഥന കേട്ടതുകൊണ്ട് ഞാൻ നിന്നെ സ്തുതിക്കുന്നു.

നീ എപ്പോഴും എൻെറ പ്രാർത്ഥന കേൾക്കുന്നു എന്നു ഞാൻ അറിയുന്നു. എങ്കിലും നീ എന്നെ അയച്ചു എന്ന് (ഇവിടെ) നില്ക്കുന്ന ഈ ജനക്കൂട്ടം വിശ്വസിക്കേണ്ടതിനു് അവർ നിമിത്തം ഞാൻ ഇവ പറയുന്നു.

ഇവ അരുളിചെയ്തശേഷം അവൻ: ലാസറെ, പുറത്തുവരിക എന്ന് ഉയൎന്ന സ്വരത്തിൽ വിളിച്ചു.

അപ്പോൾ, ആ മരിച്ചവൻ കൈകളും കാലുകളും പ്രേതശീലകളാലും, മുഖം തുവാലയാലും ബന്ധിക്കപ്പെട്ടവനായി പുറത്തു വന്നു. ഈശോ അവരോട്: അവനെ അഴിച്ചു വിടുവിൻ; അവൻ പോകട്ടെ എന്നരുളിച്ചെയ്തു.

മറിയത്തിൻെറ അടുക്കൽ വന്നിരുന്ന യൂദന്മാരിൽ പലരും ഈശോ ചെയ്തതു കണ്ടിട്ട് അവനിൽ വിശ്വസിച്ചു.

C) എളിമയേയും, ഉപവിയേയും, ക്ഷമയേയും അധികരിച്ചുള്ള ക്രിസ്തുവിൻെറ പ്രബോധനം (വി. മത്താ. XVIII)

ആ ക്ഷണത്തിൽ തന്നെ ശിഷ്യർ ഈശോയുടെ അടുക്കൽ വന്ന്: സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാകുന്നു എന്നു ചോദിച്ചു.

ഈശോ ഒരു പൈതലിനെ വിളിച്ച് അവനെ അവരുടെ ഇടയിൽ നിറുത്തി,

അരുളിച്ചെയ്തു: ഞാൻ സത്യമായി നിങ്ങളോട് പറയുന്നു: നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെ ആകയില്ലെങ്കിൽ

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല.

ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്തന്നെ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും.

ഈ പൈതലിനെപ്പോലെ (ഉള്ളവനെ) എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.

എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു് ഇടച്ച് വരുത്തുന്നവൻ ആരോ അവൻെറ കഴുത്തിൽ കഴുതയുടെ തിരികല്ലു് കെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നതു് അവനു് നന്നായിരുന്നു.

ഇടച്ചുകൾ നിമിത്തം ലോകത്തിനു ഹാ! കഷ്ടം! ഇടച്ചുകൾ വരേണ്ടതു് ആവശ്യം; എങ്കിലും ആർ മൂലം ഇടച്ചുകൾ വരുന്നുവോ ആ മനുഷ്യനു ഹാ! കഷ്ടം!

നിൻെറ കൈയോ നിൻെറ കാലോ നിനക്കു് ഇടച്ച് വരുത്തുന്നു എങ്കിൽ അതു നിന്നിൽനിന്നു് വെട്ടി എറിഞ്ഞുകളയുക. എന്തെന്നാൽ നീ ഇരുകൈകളോ ഇരുകാലുകളോ ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ മുടന്തനായോ അംഗഹീനനായോ ആയുസ്സിലേയ്ക്കു പ്രവേശിക്കുന്നതു് നിനക്കു നല്ലതാകുന്നു.

നിൻെറ കണ്ണു് നിനക്കു് ഇടച്ച് വരുത്തുന്നു എങ്കിൽ അതു് നിന്നിൽനിന്നു് ചൂഴന്നെടുത്തു് എറിഞ്ഞു കളയുക. നീ ഇരുകണ്ണുകളുമുള്ളവനായി തീനരകത്തിൽ വീഴുന്നതിനേക്കാൾ ഒരു കണ്ണോടുകൂടി ആയുസ്സിലേക്കു പ്രവേശിക്കുന്നതു് നിനക്കു നല്ലതാകുന്നു.

ഈ ചെറിയവരിൽ ഒരുത്തനേയും നിന്ദിക്കാതിരിക്കുവാൻ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുഖം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു എന്നു് ഞാൻ നിങ്ങളോടു പറയുന്നു.

നശിച്ചുപോയിരുന്നതിനെ രക്ഷിക്കുവാനാകുന്നു മനുഷ്യപുത്രൻ വന്നിരിക്കുന്നതു്.

നിങ്ങൾക്കു് എന്തു തോന്നുന്നു: ഒരു മനുഷ്യനു് നൂറു് ആടുകൾ ഉണ്ടായിരിക്കെ അവയിൽ ഒന്നു് വഴിതെററിപ്പോയാൽ അവൻ തൊണ്ണൂററൊമ്പതിനേയും മലയിൽ വിട്ടുകൊണ്ടു് തെററിപ്പോയതിനെ അന്വേഷിച്ചു് പോകുന്നില്ലയോ?

അതിനെ കണ്ടുകിട്ടിയാൽ തെററിപ്പോകാത്ത തൊണ്ണൂററൊമ്പതിനെപ്പററി എന്നതിലധികമായി അതിനെപ്പററി അവൻ സന്തോഷിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

ഇങ്ങനെത്തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുവാൻ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ സന്നിധിയിൽ ഇഷ്ടമില്ല.

നിൻെറ സഹോദരൻ നിന്നോടു തെററു ചെയ്താൽ നീ ചെന്നു്, നീയും അവനും മാത്രമായിരിക്കെ, അവനെ കുററപ്പെടുത്തുക. അവൻ നിൻെറ വാക്കുകേട്ടു എങ്കിൽ നിൻെറ സഹോദരനെ നീ നേടി.

അവൻ നിൻെറ വാക്കു കേട്ടില്ലെങ്കിൽ, രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയിന്മേൽ കാൎയ്യം മുഴവൻ സ്ഥിരപ്പെടേണ്ടതിനായി, ഒന്നോ രണ്ടോ പേരെ നിന്നോടുകൂടെ കൊണ്ടുപോകുക.

അവൻ അവരുടെ വാക്കും കേൾക്കാതിരുന്നാൽ സഭയോടു പറയുക; സഭയുടെ വാക്കും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ.

ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നി

ങ്ങൾ ഭൂമിയിൽ അഴിയ്ക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിയ്ക്കും.

വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: തങ്ങൾ പ്രാർത്ഥിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും നിങ്ങളിൽ ഇരുവർ ഭൂമിയിൽ യോജിച്ചിരുന്നാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിങ്കൽ നിന്നു് അതു് അവക്കു ലഭിക്കും.

രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ എവിടെ കൂടിയിരിക്കുമോ അവരുടെ ഇടയിൽ ഞാനുണ്ടു്.

അപ്പോൾ കേപ്പാ അവന്റെ അടുക്കൽ വന്നു് അവനോടു്; എന്റെ കർത്താവേ, എന്റെ സഹോദരൻ എന്നോടു് തെററു ചെയ്താൽ ഞാൻ അവനോടു് എത്ര പ്രാവശ്യം ക്ഷമിക്കണം; ഏഴപ്രാവശ്യം വരെയൊ? എന്നു ചോദിച്ചു.

ഈശോ അവരോടു് അരുളിച്ചെയ്തു. ഏഴവരെ എന്നല്ല ഞാൻ നിന്നോടു് പറയുന്നതു്: ഏഴേഴ (വീതം) എഴപതു പ്രാവശ്യംവരെ.

അതുകൊണ്ടു് സ്വർഗ്ഗരാജ്യം, തന്റെ ഭൃത്യന്മാരോടു് കണക്കു് കേൾക്കുവാൻ കരുതിയ രാജാവായ ഒരു മനുഷ്യനോടു് സദൃശമാകുന്നു.

അവൻ (കണക്കു്) കേട്ടുതുടങ്ങിയപ്പോൾ പതിനായിരം 'കക്രാ' കടം വാങ്ങിയിരുന്ന ഒരുത്തനെ അവന്റെയടുക്കൽ അവർ കൊണ്ടുവന്നു.

എന്നാൽ കൊടുത്തുവീട്ടുവാൻ വകയില്ലാതിരുന്നതുകൊണ്ടു് അവനേയും അവന്റെ ഭാര്യയേയും മക്കളേയും അവനുള്ളതൊക്കെയും വിററു് കടം വീട്ടുവാൻ അവന്റെ യജമാനൻ കല്പിച്ചു.

ആ ഭൃത്യൻ വീണു് അവനെ വന്ദിച്ചു്: എന്റെ എജമാനനേ, എനിക്കു് അവധി തരണമേ. ഞാൻ നിനക്കു് എല്ലാം തന്നു വീട്ടിക്കൊള്ളാം എന്നപേക്ഷിച്ചു.

ആ ഭൃത്യന്റെ എജമാനനു് കരുണതോന്നി അവനെ വിടുക

യും, അവൻെറ കടം ഇളച്ചുകൊടുക്കുകയും ചെയ്തു.

എന്നാൽ ആ ഭൃത്യൻ പുറപ്പെട്ടു് തന്നോടു് നൂറു് 'ദേനാറാ' കടം വാങ്ങിയിരുന്ന തൻെറ ഒരു കൂട്ടുകാരനെ കണ്ടപ്പോൾ അവനെ തൊണ്ടയ്ക്കു ഞെരുക്കി നീ എന്നോടു കടം വാങ്ങിയിരിക്കുന്നതു് എനിയ്ക്കു് തരിക എന്നു് അവനോടു പറഞ്ഞു.

അവൻെറ ആ കൂട്ടുകാരൻ അവൻെറ പാദങ്ങളിൽ വീണു്: എനിക്കു് അവധി തരണമേ. ഞാൻ നിനക്കു തന്നു വീട്ടിക്കൊള്ളാം എന്നു് അവനോടു് അപേക്ഷിച്ചു പറഞ്ഞു.

എങ്കിലും അവൻ സമ്മതിക്കാതെ ചെന്നു് തന്നോടു് കടം വാങ്ങിയിരുന്നതു കൊടുക്കുവോളം അവനെ കാരാഗൃഹത്തിലാക്കി.

നടന്ന സംഗതി അവരുടെ കൂട്ടുകാർ കണ്ടപ്പോൾ അവർ വളരെ ദുഃഖിച്ചു. അവർ വന്നു് സംഭവിച്ചതെല്ലാം അവരുടെ എജമാനനെ അറിയിച്ചു.

അപ്പോൾ എജമാനൻ അവനെ വിളിച്ചു് അവനോടു് പറഞ്ഞു: ദുഷ്ടഭൃത്യാ, നീ എന്നോടപേക്ഷിച്ചതുകൊണ്ടു് ആ കടമെല്ലാം ഞാൻ നിനക്കു് ഇളച്ചു തന്നുവല്ലൊ.

ഞാൻ നിന്നോടു കരുണ ചെയ്തതുപോലെ നിൻെറ കൂട്ടുകാരനോടു നീയും കരുണ ചെയ്യേണ്ടതായിരുന്നില്ലേ?

എജമാനൻ കോപിച്ചു്, തന്നോടു് വാങ്ങിയിരുന്നതു് മുഴുവൻ കൊടുത്തു വീട്ടുവോളം പീഡകന്മാൎക്കു് അവനെ ഏല്പിച്ചു കൊടുത്തു.

നിങ്ങൾ ഓരോരുത്തൻ തൻെറ സഹോദരൻെറ തെററു് ഹൃദയപൂൎവ്വം അവനോടു് ക്ഷമിക്കാതിരുന്നാൽ സ്വൎഗ്ഗത്തിലുള്ള എൻെറ പിതാവു് നിങ്ങളോടും ഇപ്രകാരം ചെയ്യും.

D) ആൎത്തരായിരുന്നവരുടെ നേൎക്കു് ക്രിസ്തുനാഥൻ പ്രദൎശിപ്പിച്ച ആൎദ്രത. (വി. മത്താ. VIII. 1–17) IX, XV. 21–39; XX. 29–34 നായിം പട്ടണത്തിലെ വിധവയുടെ സംഭവം (വി. ലൂക്കാ. VII. 11—23)

അവൻ മലയിൽ നിന്നിറങ്ങിയപ്പോൾ വളരെ ജനക്കൂട്ടങ്ങൾ അവൻെറ പിന്നാലെയെത്തി.

ഒരു കുഷ്ഠരോഗി വന്നു് അവനെ ആരാധിച്ചു: എൻെറ കത്താവേ, മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ നിനക്കു കഴിയും എന്നുപറഞ്ഞു.

ഈശോ കൈനീട്ടി, അവനെ തൊട്ടു്: എനിക്കു് മനസ്സുണ്ടു്, നീ ശുദ്ധനാകുക എന്നു് അരുളിച്ചെയ്തു. ആ ക്ഷണത്തിൽത്തന്നെ അവൻെറ കുഷ്ഠം (നീങ്ങി) ശുദ്ധനായി.

ഈശോ അവനോടു്: (ഇതു്) ഒരു മനുഷ്യനോടും പറയാതിരിക്കുവാൻ നീ സൂക്ഷിച്ചുകൊള്ളണം. എന്നാൽ നീ പോയി പുരോഹിതന്മാക്കു് നിന്നെത്തന്നെ കാണിച്ചു്, അവക്കു് സാക്ഷ്യത്തിനായി മൂശ കല്പിച്ചിരിക്കുന്ന വിധത്തിലുള്ള കാഴ്ച സമർപ്പിക്കുക എന്നരുളിച്ചെയ്തു.

ഈശോ കഫർനാഹോമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അടുക്കൽ വന്നു് അവനോടു് അപേക്ഷിച്ചു:

എൻെറ കത്താവേ, എൻെറ ഭൃത്യൻ പക്ഷവാതം പിടിച്ചു വീട്ടിൽ കിടന്നു് വല്ലാതെ കഷ്ടപ്പെടുന്നുവെന്നു പറഞ്ഞു.

ഈശോ അവനോടു്: ഞാൻ വന്നു് അവനെ സുഖപ്പെടുത്താം എന്നരുളിച്ചെയ്തു.

ആ ശതാധിപൻ മറുപടിയായി പറഞ്ഞു: എൻെറ കത്താവേ, നീ എൻെറ മേൽക്കൂടിനു കീഴെ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. എന്നാൽ നീ ഒരു വാക്കു കല്പിക്കുക മാത്രം ചെയ്യുക. എൻെറ ഭൃത്യൻ സുഖം പ്രാപിക്കും.

ഞാനും അധികാരത്തിനു കീഴ്പ്പെട്ട ഒരു മനുഷ്യനാകുന്നു. എൻെറ അധികാരത്തിലും ഭടന്മാരുണ്ടു്. ഞാൻ ഇവനോടു്: പോകുക എന്നു പറയുമ്പോൾ ഇവൻ പോകുന്നു; വേറൊരുവനോടു്: വരിക എന്നു (പറയുമ്പോൾ) അവൻ വരുന്നു; എ

ൻെറ ഭൃത്യനോട്: ഇതു ചെയ്യുക എന്നു (പറയുമ്പോൾ) അവൻ ചെയ്യുന്നു.

ഈശോ (ഇതു്) കേട്ടപ്പോൾ ആശ്ചര്യപ്പെട്ട്, തൻെറകൂടെ വരുന്നവരോട് അരുളിച്ചെയ്തു: ഇസ്രായേലിൽപോലും ഇതുപോലെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി നിങ്ങളോടു പറയുന്നു.

ഞാൻ നിങ്ങളോടു പറയുന്നു: കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വളരെപ്പേർ വന്ന് അബ്രാഹത്തിനോടും ഇസ്ഹാക്കിനോടും യാക്കോവിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും.

രാജ്യത്തിൻെറ പുത്രന്മാരോ പുറത്തുള്ള അന്ധകാരത്തിലേക്കു പുറപ്പെടും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.

പിന്നെ ഈശോ ആ ശതാധിപനോട്: നീ പൊയ്ക്കൊള്ളുക, നീ വിശ്വസിച്ചതുപോലെ നിനക്കു സംഭവിക്കട്ടെ, എന്നരുളിച്ചെയ്തു. ആ ക്ഷണത്തിൽ തന്നെ അവൻെറ ഭൃത്യൻ സുഖപ്പെടുകയും ചെയ്തു.

ഈശോ ശെമ്ഓൻെറ വീട്ടിലേക്കു വന്നപ്പോൾ അവൻെറ അമ്മായിഅമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു.

അവൻ അവളുടെ കയ്യിൽ തൊട്ടു. പനി അവളെ വിട്ടുമാറി. അവൾ എഴുന്നേററ് അവക്ക് ശുശ്രൂഷചെയ്യുകയുംചെയ്തു.

വൈകുന്നേരമായപ്പോൾ അവർ പിശാചു് ബാധിച്ച പലരേയും അവൻെറ മുമ്പിൽ കൊണ്ടുവന്നു. അവൻ പിശാചുക്കളെ വചനംകൊണ്ടു് പുറത്താക്കുകയും, രോഗികളായിരുന്നവരെയെല്ലാം സുഖപ്പെടുത്തുകയുംചെയ്തു.

(ഇതു്) അവൻ നമ്മുടെ വേദനകൾ എടുക്കുകയും, നമ്മുടെ രോഗങ്ങൾ വഹിക്കുകയുംചെയ്യും എന്ന് ഏശയാനിവ്യാമൂലം അരുളിചെയ്യപ്പെട്ടതു് നിവൃത്തിയാകേണ്ടതിനുതന്നെ.

അവൻ പടവിൽ കയറി (കര) കടന്നു സ്വന്ത പട്ടണത്തിലേയ്ക്കു വന്നു.

കട്ടിലിൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ ജനങ്ങൾ അവൻെറ അടുക്കൽ കൊണ്ടുവന്നു. ഈശോ അവരുടെ വിശ്വാസംകണ്ടു് ആ പക്ഷവാതക്കാരനോടു്: എൻെറ മകനേ, ധൈര്യത്തോടിരിക്കുക. നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്നു് അരുളിച്ചെയ്തു.

എന്നാൽ നിയമജ്ഞന്മാരിൽ ചിലർ: ഇവൻ ദൈവദൂഷണം പറയുന്നുവെന്നു് തങ്ങളുടെ ഉള്ളിൽ പറഞ്ഞു.

ഈശോ അവരുടെ വിചാരങ്ങൾ അറിഞ്ഞു് (ഇങ്ങനെ) ചോദിച്ചു: നിങ്ങൾ ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്തു്?

നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നുവെന്നു പറയുന്നതോ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണു് എളുപ്പം?

മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു്—ആ പക്ഷവാതക്കാരനോടു അവൻ അരുളിച്ചെയ്തു: നീ എഴുന്നേററു്, നിൻെറ കട്ടിലെടുത്തുകൊണ്ടു വീട്ടിലേയ്ക്കു പോകുക.

അവൻ എഴുന്നേററു് അവൻെറ വീട്ടിലേയ്ക്കു പോയി.

ജനക്കൂട്ടങ്ങൾ ഇവ കണ്ടപ്പോൾ ഭയപ്പെടുകയും, ഇപ്രകാരമുള്ള അധികാരം മനുഷ്യക്കു കൊടുത്ത ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

ഈശോ അവിടെനിന്നു കടന്നപ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തു് ഇരിക്കുന്നതു കണ്ടു്: നീ എൻെറ പിന്നാലെ വരിക എന്നരുളിച്ചെയ്തു. അവൻ എഴുന്നേററു് അവൻെറ പിന്നാലെ പോയി.

അവർ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ വളരെ ചുങ്കക്കാരും പാപികളുംവന്നു് ഈശോയോടും അവൻെറ ശിഷ്യരോടുംകൂടെ ഭക്ഷണത്തിനിരുന്നു.

ഫ്രീശർ (ഇതു) കണ്ടപ്പോൾ അവൻെറ ശിഷ്യരോടു്: നിങ്ങളുടെ റബ്ബി ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷി

ക്കുന്നതെന്തു്? എന്നു ചോദിച്ചു.

ഈശോ (ഇതു്) കേട്ടു് അവരോടരുളിച്ചെയ്തു: രോഗികൾക്കല്ലാതെ സുഖമുള്ളവക്കു വൈദ്യനെക്കൊണ്ടു് ആവശ്യമില്ല.

ഞാൻ കരുണയാഗ്രഹിക്കുന്നു, ബലിയല്ല എന്നുള്ളതു് എന്താകുന്നുവെന്നു നിങ്ങൾ പോയി പഠിക്കുവിൻ. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ വിളിക്കുവാൻ വന്നിരിക്കുന്നതു്.

അപ്പോൾ യോഹന്നാൻെറ ശിഷ്യർ അവൻെറയടുക്കൽ വന്നു്: ഞങ്ങളും പ്രീശരും വളരെ ഉപവസിക്കയും നിൻെറ ശിഷ്യർ ഉപവസിക്കാതിരിക്കയും ചെയ്യുന്നതെന്തു്? എന്നു ചോദിച്ചു.

ഈശോ അരുളിച്ചെയ്തു: മണവാളൻ തങ്ങളോടുകൂടിയുള്ള കാലത്തോളം മണവറക്കാക്കു് ഉപവസിക്കാൻ കഴിയുമോ? മണവാളൻ അവരിൽനിന്നു് എടുക്കപ്പെടുന്ന ദിവസങ്ങൾ വരും; അപ്പോൾ അവർ ഉപവസിക്കയും ചെയ്യും.

കോടിത്തുണിക്കണ്ടം ആരും പഴയ വസ്ത്രത്തിനു വയ്ക്കാറില്ല. അല്ലാത്തപക്ഷം അതിൻെറ കട്ടി ആ വസ്ത്രത്തിനു വലിവു വരുത്തുകയും കീറൽ വലുതാകുകയും ചെയ്യും.

പുതിയ വീഞ്ഞു് പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കാറുമില്ല. അല്ലാത്തപക്ഷം തോല്ക്കുടങ്ങൾ പൊട്ടി വീഞ്ഞു് ഒഴുകിപ്പോകയും തോല്ക്കുടങ്ങൾ നഷ്ടമാകയും ചെയ്യും. മറിച്ചു്, പുതിയ വീഞ്ഞു് പുതിയ തോല്ക്കുടങ്ങളിലേ ഒഴിച്ചുവയ്ക്കാറുള്ളു. അപ്പോൾ അവ രണ്ടും കേടുകൂടാതിരിയ്ക്കും.

അവൻ അവരോടു് ഇവ അരുളിച്ചെയ്യവേ ഒരു പ്രമാണി വന്നു് അടുത്തുചെന്നു് അവനെ ആരാധിച്ചു്: എൻെറ മകൾ ഇപ്പോൾ മരിച്ചു. എങ്കിലും നീ വന്നു് അവളുടെമേൽ നിൻെറ കൈ വയ്ക്കണമേ. അവൾ ജീവിക്കും എന്നുപറഞ്ഞു.

ഈശോയും ശിഷ്യരും എഴുന്നേറ്റു് അവൻെറ പിന്നാലെ പോയി.

പന്ത്രണ്ടു സംവത്സരങ്ങളായി രക്തസ്രാവമുള്ള ഒരു സ്ത്രീ അവൻെറ പിന്നിൽക്കൂടെ വന്നു് അവൻെറ വസ്ത്രത്തിൻെറ വിളുമ്പിൽ തൊട്ടു.

അവൻെറ വസ്ത്രത്തിൽ മാത്രം തൊട്ടാലും ഞാൻ സുഖം പ്രാപിക്കും എന്നു് അവൾ ഉള്ളിൽ പറഞ്ഞിരുന്നു.

ഈശോ തിരിഞ്ഞു് അവളെ കണ്ടു: എൻെറ മകളേ, ധൈര്യത്തോടിരിക്കുക; നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നുവെന്നു അരുളിച്ചെയ്തു. ആ ക്ഷണം മുതൽ ആ സ്ത്രീ സൌഖ്യമുള്ളവളായിത്തീൎന്നു.

ഈശോ പ്രമാണിയുടെ വീട്ടിലേയ്ക്കു് വന്നു് കുഴലൂത്തുകാരേയും, ആരവമുണ്ടാക്കുന്ന ജനക്കൂട്ടങ്ങളേയും കണ്ടു്,

അവരോടു്: നിങ്ങൾ അകന്നുപോകുവിൻ, പെൺകുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാകുന്നു എന്നരുളിച്ചെയ്തു. അവർ അവനെ പരിഹസിച്ചു.

അവൻ ജനക്കൂട്ടങ്ങളെ പുറത്താക്കിയശേഷം അകത്തു കടന്നു് അവളുടെ കൈയ്ക്കു പിടിച്ചു. പെൺകുട്ടി എഴുന്നേററു.

ഈ വൎത്തമാനം ആ നാട്ടിലെല്ലാം പരക്കുകയും ചെയ്തു.

ഈശോ അവിടെനിന്നു കടന്നുപോകുമ്പോൾ: ദാവീദിൻെറ പുത്രാ! ഞങ്ങളോടു കരുണ തോന്നണമേ, എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു് രണ്ടു കുരുടന്മാർ അവൻെറ പിന്നാലെ ചെന്നു.

അവൻ വീട്ടിൽ എത്തിയപ്പോൾ ആ കുരുടന്മാർ അവൻെറ പിന്നാലെ ചെന്നു.

അവൻ വീട്ടിൽ എത്തിയപ്പോൾ ആ കുരുടന്മാർ അവൻെറ അടുക്കൽ വന്നു. ഈശോ അവരോടു്: ഇതുചെയ്യുവാൻ എനിക്കു കഴിയുമെന്നു് നിങ്ങൾ വിശ്വസിക്കുന്നുവോ? എന്നു ചോദിച്ചു. കൎത്താവേ, ഉവ്വ് എന്നു അവർ അവനോടു പറഞ്ഞു:

അപ്പോൾ അവൻ അവരുടെ കണ്ണുകളെ തൊട്ടുകൊണ്ടു്.

നിങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങൾക്കു സംഭവിക്കട്ടെ എന്നരുളിച്ചെയ്തു.

ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. എന്നാൽ (ഇതു്) ആരും അറിയാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ എന്നു ഈശോ അവൎക്കു മുടക്കു കല്പിച്ചു.

എങ്കിലും അവർ പോയി ആ ദിക്കിലെല്ലാം അതു പ്രസിദ്ധമാക്കി.

ഈശോ പുറപ്പെട്ടുപോകുമ്പോൾ പിശാചു ബാധയുള്ള ഒരു ഊമനെ ജനങ്ങൾ അവൻെറ അടുക്കൽ കൊണ്ടുവന്നു.

പിശാചു് ഒഴിഞ്ഞുപോയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനക്കൂട്ടങ്ങൾ: ഇസ്രായേലിൽ ഒരിക്കലും ഇതുപോലെ കണ്ടിട്ടില്ല എന്നുപറഞ്ഞു് ആശ്ചൎയ്യപ്പെട്ടു.

ഫ്രീശരാകട്ടെ അവൻ പിശാചുക്കളുടെ തലവനെക്കൊണ്ടു് പിശാചുക്കളെ ഒഴിക്കുന്നു എന്നു പറഞ്ഞു.

ഈശോ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം ചുററിസഞ്ചരിച്ചു് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കുകയും, രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും, സകല രോഗങ്ങളും സകല വ്യാധികളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു.

വലഞ്ഞും ഇടയനില്ലാത്ത ആടുകളെപ്പോലെ കൈവിടപ്പെട്ടുമിരുന്ന ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ ഈശോയ്ക്കു് അവരുടെ പേരിൽ ദയതോന്നി.

തൻെറ ശിഷ്യരോടു് അവൻ അരുളിച്ചെയ്തു: കൊയിത്തു വളരെ വേലക്കാർ ചുരുക്കം.

അതുകൊണ്ടു് തൻെറ കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിൻെറ ഉടമസ്ഥനോടു നിങ്ങൾ പ്രാൎത്ഥിക്കുവിൻ.

ഈശോ അവിടെനിന്നു പുറപ്പെട്ടു സോറിൻെറയും സൈദാൻെറയും അതിൎത്തിയിൽ വന്നു.

ക്നാൻകാരിയായ ഒരു സ്ത്രീ: ദാവീദിൻെറ പുത്രനായ എ

ൻെറ കത്താവേ, എന്നിൽ കനിയണമേ; എൻെറ മകൾ പിശാചിനാൽ കഠിനമായി ബാധിക്കപ്പെടുന്നു എന്നു നിലവിളിച്ചുപറഞ്ഞുകൊണ്ടു് ആ അതിത്തികളിൽ നിന്നുപുറപ്പെട്ടുവന്നു.

അവൻ അവളോടു മറുപടി അരുളിച്ചെയ്തില്ല. അവൻെറ ശിഷ്യർ അടുത്തുവന്നു് നമ്മുടെ പിന്നിൽ നിലവിളിക്കുന്നവളെ വിട്ടയയ്ക്കണമേ എന്നു അവനോടു് അപേക്ഷിച്ചു.

അവൻ അവരോടു മറുപടിയായി: ഇസ്രായേൽ ഗോത്രത്തിൽനിന്നു വഴിതെററിപ്പോയിരിക്കുന്ന ആടുകളുടെ അടുക്കലേയ്ക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല എന്നരുളിച്ചെയ്തു.

അവൾ വന്നു് അവനെ ആരാധിച്ചു്: എൻെറ കത്താവേ, എന്നെ സഹായിക്കണമേ എന്നു പറഞ്ഞു.

ഈശോ അവളോടു്: മക്കളുടെ അപ്പമെടുത്തു് നായ്ക്കൾക്കു് കൊടുക്കുന്നതു നന്നല്ല എന്നരുളിച്ചെയ്തു.

എന്നാൽ അവൾ: എൻെറ കത്താവേ, ശരിതന്നെ. നായ്ക്കളും അവയുടെ എജമാനന്മാരുടെ മേശകളിൽനിന്നു വീഴുന്ന കഷണങ്ങൾ തിന്നു ജീവിക്കുന്നുവല്ലോ എന്നു പറഞ്ഞു.

അപ്പോൾ ഈശോ അവളോടു്: അല്ലയോ സ്ത്രീ, നിൻെറ വിശ്വാസം വലുതാകുന്നു; നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ എന്നരുളിച്ചെയ്തു. ആ ക്ഷണം മുതൽ അവളുടെ മകൾ സൌഖ്യമുള്ളവളായിത്തീന്നു.

ഈശോ അവിടെനിന്നു മാറി ഗ്ലീലാക്കടലിൻെറ തീരത്തുവന്നു് ഒരു മലയിൽ കയറി അവിടെ ഇരുന്നു.

മുടന്തന്മാരും, കുരുടന്മാരും, ഊമന്മാരും, അംഗഹീനരും, മററു പലരും തങ്ങളോടുകൂടി ഉണ്ടായിരുന്നു. വളരെ ജനക്കൂട്ടങ്ങൾ അവൻെറ അടുക്കൽ വന്നു് അവരെ ഈശോയുടെ പാദങ്ങളിലാക്കി.

ഊമന്മാർ സംസാരിക്കുകയും, അംഗഹീനർ സുഖപ്പെടുകയും, മുടന്തന്മാർ നടക്കുകയും, കുരുടന്മാർ കാണുകയും ചെയ്യുന്നതുകണ്ടു് ആ ജനക്കൂട്ടങ്ങൾ വിസ്മയിക്കുവാൻ തക്ക

വണ്ണം "അവൻ അവരെ സുഖപ്പെടുത്തുകയും ചെയ്തു." അവർ ഇസ്രായേലിൻെറ ദൈവത്തെ സ്തുതിച്ചു.

ഈശോ ശിഷ്യരെ വിളിച്ച് അവരോട്: ഈ ജനക്കൂട്ടത്തോട് എനിക്കു കരുണ തോന്നുന്നു; എന്തെന്നാൽ ഇതാ! മൂന്നു ദിവസം അവർ എൻെറ അടുക്കൽ താമസിച്ചു: അവക്കു ഭക്ഷിക്കുവാൻ ഒന്നുമില്ല; അവരെ പട്ടിണിയായി വിട്ടയയ്ക്കുവാൻ എനിക്കു മനസ്സുമില്ല; ഒരുപക്ഷേ വഴിയിൽ അവർ തളന്നു പോകും എന്നരുളിച്ചെയ്തു.

അവൻെറ ശിഷ്യർ അവനോട്: ഈ കൂട്ടത്തെ മുഴവനും തൃപ്തമാക്കുവാൻ മാത്രം അപ്പം (ഈ) മരുഭൂമിയിൽ നമുക്ക് എവിടെനിന്ന് കിട്ടും)? എന്നു ചോദിച്ചു.

ഈശോ അവരോടു ചോദിക്കുന്നു: നിങ്ങൾക്ക് എത്ര അപ്പമുണ്ട്? അവർ അവനോട് പറയുന്നു: ഏഴ്; കുറെ ചെറിയ മത്സ്യങ്ങളും.

അവൻ ജനക്കൂട്ടങ്ങളോടു നിലത്ത് ഇരിയ്ക്കുവാൻ കല്പിച്ചു.

പിന്നെ അവൻ ആ ഏഴ അപ്പവും മത്സ്യങ്ങളും എടുത്ത്, സ്തോത്രം ചെയ്തു മുറിച്ച്, തൻെറ ശിഷ്യരുടെ പക്കൽ കൊടുത്തു. ശിഷ്യർ ജനക്കൂട്ടങ്ങൾക്കു കൊടുത്തു.

എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ശേഷിച്ച കഷണങ്ങൾ ഏഴ കുട്ട നിറയെ അവർ എടുക്കുകയും ചെയ്തു.

ഭക്ഷിച്ചവർ സ്ത്രീകളും കുട്ടികളും ഒഴികെ, നാലായിരം പുരുഷന്മാരായിരുന്നു.

ജനക്കൂട്ടങ്ങളെ പിരിച്ചു വിട്ടശേഷം അവൻ പടവിൽ കയറി മഗേദായുടെ അതിത്തിയിലേക്കു വന്നു.

ഈശോ ഈറീഹോയിൽനിന്നു പുറപ്പെട്ടപ്പോൾ ഒരു വലിയ ജനക്കൂട്ടം അവൻെറ പിന്നാലെ വന്നു.

രണ്ടു കുരുടന്മാർ വഴിയരികിൽ ഇരുന്നിരുന്നു. ഈശോ കടന്നുപോകുന്നു എന്നു കേട്ടപ്പോൾ: ദാവീദിൻെറ പുത്രനായ

കത്താവേ, ഞങ്ങളിൽ കനിയണമേ എന്നു് അവർ നില വിളിച്ചുപറഞ്ഞു.

അവർ മിണ്ടാതിരിക്കേണ്ടതിനായി ജനക്കൂട്ടങ്ങൾ അവരെ ശകാരിച്ചിരുന്നു. അവരോ തങ്ങളുടെ സ്വരം അധികമായുയർത്തി: ദാവീദിൻെറ പുത്രനായ കത്താവേ, ഞങ്ങളിൽ കനിയണമേ എന്നു പറഞ്ഞു.

ഈശോ നിന്നു്, അവരെ വിളിച്ചു്: ഞാൻ നിങ്ങൾക്കു് എന്തു ചെയ്യുവാനാണു് നിങ്ങൾ ആഗ്രഹിക്കുന്നതു്? എന്നു ചോദിച്ചു.

കത്താവേ, ഞങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുവാൻ, എന്നു് അവർ അവനോടു പറഞ്ഞു.

ഈശോ അവരിൽ കനിഞ്ഞു് അവരുടെ കണ്ണുകൾ തൊട്ടു. ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവൻെറ പിന്നാലെ പോകയുംചെയ്തു.

പിറെറന്നാൾ അവൻ നായേൻ എന്നുപേരുള്ള പട്ടണത്തിലേക്കു പോകുകയായിരുന്നു. ശിഷ്യരും വലിയ ഒരു ജനക്കൂട്ടവും അവനോടുകൂടി ഉണ്ടായിരുന്നു.

അവൻ പട്ടണത്തിൻെറ വാതിലിനു സമീപിച്ചപ്പോൾ മരിച്ചുപോയ ഒരുത്തനെ എടുത്തുകൊണ്ടുവരുന്നതു കണ്ടു. അവൻ തൻെറ മാതാവിനു ഏക പുത്രനും, ഈ മാതാവു് വിധവയുമായിരുന്നു. പട്ടണവാസികളായ വലിയ ഒരു ജനക്കൂട്ടവും അവളോടുകൂടി ഉണ്ടായിരുന്നു.

ഈശോ അവളെകണ്ടു് അവളിൽ മനസ്സലിഞ്ഞു് കരയേണ്ട എന്നരുളിച്ചെയ്തു.

പിന്നെ അവൻ ചെന്നു മഞ്ചം തൊട്ടു; അതു ചുമന്നിരുന്നവർ നിന്നു. അപ്പോൾ അവൻ: ബാലകാ, നിന്നോടു ഞാൻ പറയുന്നു, എഴുന്നേല്ക്കുക എന്നരുളിച്ചെയ്തു.

ആ മരിച്ചവൻ എഴുന്നേററിരുന്നു് സംസാരിക്കുവാൻ തുടങ്ങി. അവൻ അവനെ അമ്മയ്ക്കു ഏല്പിച്ചുകൊടുക്കുകയുംചെയ്തു.

എല്ലാ മനുഷ്യരും ഭയപ്പെട്ടു: ഒരു വലിയ പ്രവാചകൻ നമ്മിൽ ആവിർഭവിച്ചിരിക്കുന്നു; ദൈവം തൻെറ ജനത്തെ സന്ദർശിച്ചു എന്നു പറഞ്ഞു് ദൈവത്തെ സ്തുതിച്ചു.

അവനെ സംബന്ധിച്ച് ഈ കാര്യം യൂദാ മുഴുവനിലും അതിനു ചുററുമുള്ള എല്ലാ സ്ഥലങ്ങളിലും പരന്നു.

യോഹന്നാൻെറ ശിഷ്യർ ഇവയെല്ലാം അവനെ അറിയിച്ചു.

യോഹന്നാൻ തൻെറ രണ്ടു ശിഷ്യരെ വിളിച്ച് ഈശോയുടെ അടുക്കൽ അയച്ച്: വരുവാനിരിക്കുന്നവൻ നീ തന്നെയോ, അഥവാ മറെറാരുവനെ ഞങ്ങൾ കാത്തിരിക്കണമോ? എന്നു ചോദിച്ചു.

അവർ ഈശോയുടെ അടുക്കൽവന്നു് അവനോടു പറഞ്ഞു: സ്നാപകയോഹന്നാൻ നിൻെറ അടുക്കൽ ഞങ്ങളെ അയച്ചിരിക്കുന്നു: വരുവാനിരിക്കുന്നവൻ നീതന്നെയോ, മറെറാരുവനെ ഞങ്ങൾ കാത്തിരിക്കണമോ? എന്നു അവൻ ചോദിക്കുന്നു.

തത്സമയത്തുതന്നെ അവൻ വളരെയാളുകളെ രോഗങ്ങളിൽ നിന്നും ദുരാത്മാക്കളിൽനിന്നും സുഖപ്പെടുത്തുകയും, നിരവധി കുരുടന്മാൎക്കു കാഴ്ച നൽകുകയും ചെയ്തിരുന്നു.

പിന്നെ ഈശോ ഉത്തരമായി അവരോടു് അരുളിച്ചെയ്തു: നിങ്ങൾ പോയി, കുരുടന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിൎക്കുന്നു, ദരിദ്രരോടു് സുവിശേഷം അറിയിക്കപ്പെടുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം യോഹന്നാനോടു പറയുവിൻ.

എന്നിൽ ഇടറാത്തവൻ ഭാഗ്യവാനാകുന്നു.

E) അവിടത്തെ ശിഷ്യന്മാരോടു ചെയ്ത സംഭാഷണം. (വി. യോഹ. XV.)

ഞാൻ സാക്ഷാത്തായ മുന്തിരിവള്ളിയും എൻെറ പിതാവ് കൃഷിക്കാരനും ആകുന്നു.

എന്നിൽ ഫലങ്ങൾ തരാത്ത ശാഖകളൊക്കയും അവൻ നീ

ക്കികളെയുന്നു; ഫലങ്ങൾ തരുന്നതിനെ, അധികം ഫലങ്ങൾ ഉളവാകേണ്ടതിനു്, അവൻ (വെട്ടി) ശരിപ്പെടുത്തുകയുംചെയ്യുന്നു.

ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ പണ്ടേതന്നെ ശുദ്ധിയുള്ളവരാകുന്നു.

നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാനും നിങ്ങളിൽ (വസിക്കും.) ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു തനിയെ കഴിയാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും (കഴിയുക) ഇല്ല.

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ആർ എന്നിലും, ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ കഴികയില്ല.

ആരെങ്കിലും എന്നിൽ വസിക്കുന്നില്ലെങ്കിൽ അവൻ ഉണങ്ങിയ ശാഖപോലെ പുറത്തു് എറിയപ്പെടുകയും, എരിയേണ്ടതിനായി അതു് എടുത്തു് തീയിൽ ഇടപ്പെടുകയും ചെയ്യും.

നിങ്ങൾ എന്നിൽ വസിക്കയും എൻെറ വചനങ്ങൾ നിങ്ങളിൽ വസിക്കയും ചെയ്യുമെങ്കിൽ, നിങ്ങൾ അപേക്ഷിക്കുവാൻ ഇച്ഛിക്കുന്നതെല്ലാം നിങ്ങൾക്കുണ്ടാകും.

നിങ്ങൾ വളരെ ഫലങ്ങൾ പുറപ്പെടുത്തുകയും എൻെറ ശിഷ്യരായിരിക്കുകയും ചെയ്യുക, എന്നതിൽ പിതാവു് മഹത്വപ്പെടുന്നു.

എൻെറ പിതാവു് എന്നെ സ്നേഹിച്ചതുപോലെത്തന്നെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എൻെറ സ്നേഹത്തിൽ വസിക്കുവിൻ.

ഞാൻ എൻെറ പിതാവിൻെറ കല്പനകൾ പാലിച്ചു് അവൻെറ സ്നേഹത്തിൽ വസിക്കുന്നതുപോലെ, നിങ്ങൾ എൻെറ കല്പനകൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ വസിക്കും.

എന്റെ സന്തോഷം നിങ്ങളിൽ ആയിരിക്കുവാനും നിങ്ങളുടെ സന്തോഷം പൂൎത്തിയാകുവാനുമാകുന്നു, ഞാൻ ഇവ നിങ്ങളോടു പറഞ്ഞതു്.

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാണു് എന്റെ കല്പന.

ഒരു മനുഷ്യൻ തന്റെ സ്നേഹിതന്മാൎക്കുവേണ്ടി സ്വജീവൻ ഉപേക്ഷിക്കുക എന്നതിൽ വലുതായ സ്നേഹം ഇല്ല.

ഞാൻ നിങ്ങളോടു കല്പിക്കുന്നവയെല്ലാം നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ ആയിരിക്കും.

ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; തന്റെ എജമാനൻ ചെയ്യുന്നതു് എന്തെന്നു് ദാസൻ അറിയുന്നില്ലല്ലൊ. എന്നാൽ എന്റെ പിതാവിൽനിന്നു് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചതുകൊണ്ടു് എന്റെ സ്നേഹിതന്മാർ എന്നു് നിങ്ങളെ ഞാൻ വിളിച്ചിരിക്കുന്നു.

നിങ്ങൾ അല്ലാ എന്നെ തെരഞ്ഞെടുത്തതു്; ഞാനാണു് നിങ്ങളെ തെരഞ്ഞെടുത്തതു്. നിങ്ങളുംപോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ എന്റെ പിതാവിനോടു് അപേക്ഷിക്കുന്നതെല്ലാം, അവൻ നിങ്ങൾക്കു് തരുവാനായിട്ടു തന്നെ.

നിങ്ങൾ പരസ്പരം സ്നേഹിക്കേണ്ടതിനാകുന്നു ഞാൻ ഇവ നിങ്ങളോടു് കല്പിക്കുന്നതു്.

ലോകം നിങ്ങളെ ദ്വേഷിക്കുന്നു എങ്കിൽ അതു് നിങ്ങൾക്കു മുമ്പേ എന്നെ ദ്വേഷിച്ചു എന്നു് അറിഞ്ഞുകൊള്ളുവിൻ.

നിങ്ങൾ ലോകത്തിൽ നിന്നുള്ളവർ ആയിരുന്നു എങ്കിൽ ലോകം സ്വന്തമായിട്ടുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ടു് നിങ്ങൾ ലോകത്തിൽ നിന്നുള്ളവരല്ല അതുകൊണ്ടാണു് ലോകം നിങ്ങളെ ദ്വേഷിക്കുന്നതു്.

യജമാനനേക്കാൾ വലിയ ഭൃത്യനില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചു എങ്കിൽ നിങ്ങളേയും പീഡിപ്പിക്കും; എൻെറ വചനം കാത്തുവെങ്കിൽ നിങ്ങളുടേതും കാക്കും.

എന്നാൽ എന്നെ അയച്ചവനെ അറിയായ്കകൊണ്ടു് എൻെറ നാമം നിമിത്തം ഇവയെല്ലാം നിങ്ങളോടു് അവർ ചെയ്യും.

ഞാൻ വന്നു് അവരോടു പറയാതിരുന്നുവെങ്കിൽ അവക്കു പാപം ഉണ്ടാകയില്ലായിരുന്നു. ഇപ്പോഴാകട്ടെ തങ്ങളുടെ പാപങ്ങളെക്കുറിച്ചു് അവക്കു് ഒഴികഴിവില്ല.

എന്നെ ദ്വേഷിക്കുന്നവൻ എൻെറ പിതാവിനേയും ദ്വേഷിക്കുന്നു.

മററാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ അവരുടെ കൺമുമ്പാകെ ഞാൻ ചെയ്തിരുന്നില്ലായെങ്കിൽ അവക്കു് പാപം ഉണ്ടാകയില്ലായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, അവർ കാണുകയും എന്നെയും എൻെറ പിതാവിനെയും ദ്വേഷിക്കുകയും ചെയ്തിരിക്കുന്നു.

അവർ വൃഥാ എന്നെ ദ്വേഷിച്ചു എന്നു് അവരുടെ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്ന വചനം നിവൃത്തിയാകുവാൻ തന്നെ.

എൻെറ പിതാവിൻെറ അടുക്കൽനിന്നു് നിങ്ങൾക്കു ഞാൻ അയക്കുന്ന പാറക്ക്ലേത്താ—എൻെറ പിതാവിൻെറ അടുക്കൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവു്—വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തും.

നിങ്ങൾ ആദിമുതൽ എന്നോടുകൂടി ഇരിക്കകൊണ്ടു് നിങ്ങളും സാക്ഷ്യപ്പെടുത്തും.

F) മിശിഹായുടെ പീഡാനുഭവ ചരിത്രം. (വി. മർക്കോസു് XIV. XV.)

രണ്ടു ദിവസങ്ങളുടെശേഷം പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെസ്ഹാ ആയിരുന്നു. പ്രധാനാചാര്യന്മാരും നിയമജ്ഞരും അവനെ ചതിയാൽ പിടിച്ചുകൊല്ലേണ്ടതു് എങ്ങനെ എന്നു് അന്വേഷിച്ചുകൊണ്ടിരുന്നു.

ജനത്തിൽ കലഹമുണ്ടാകാതിരിക്കേണ്ടതിനു് തിരുനാളിൽ വേണ്ടാ എന്നു് അവർ പറഞ്ഞിരുന്നു.

അവൻ ബേസ്അനിയായിൽ, കുഷ്ഠരോഗിയായ ശെമ്ഓന്റെ വീട്ടിൽ ആയിരിക്കവേ അവൻ ഭക്ഷണത്തിനു് ഇരിക്കുമ്പോൾ, ഒരു കുപ്പി വിലയേറിയ മേൽത്തരം നാർദിൻ സുഗന്ധദ്രവ്യവുമായി ഒരു സ്ത്രീ വന്നു് അതു തുറന്നു് ഈശോയുടെ തലയിൽ ഒഴിച്ചു.

ഉള്ളിൽ അതൃപ്തിതോന്നിയ ചിലർ ശിഷ്യന്മാരിൽ ഉണ്ടായിരുന്നു. അവർ പറഞ്ഞു: ഈ സുഗന്ധദ്രവ്യത്തിന്റെ നഷ്ടം എന്തിനായിരുന്നു?

ഇതു് മുന്നൂറിലധികം ദേനാറായിക്കു് വിററു് ദരിദ്രർക്കു കൊടുക്കാമായിരുന്നു. അവർ അതൃപ്തിയോടെ അവളെ നോക്കുകയും ചെയ്തു.

ഈശോ അരുളിച്ചെയ്തു: അവളെ വിടുവിൻ. നിങ്ങൾ അവളെ ഉപദ്രവിക്കുന്നതെന്തു്? അവൾ എന്റെ അടുക്കൽ നല്ല പ്രവൃത്തി ചെയ്തിരിക്കുന്നു.

ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടിയുണ്ടു്. നിങ്ങൾ ഇച്ഛിക്കുമ്പോൾ അവർക്കു നന്മ ചെയ്യുവാൻ കഴിയും. ഞാൻ എപ്പോഴും നിങ്ങളുടെ അടുക്കൽ ഉണ്ടായിരിക്കയില്ല.

അവൾക്കു് കഴിവുള്ളതു ചെയ്തു. ശവസംസ്കാരത്തിനെന്നവണ്ണം അവൾ മുൻകൂട്ടി എന്റെ ദേഹം തൈലംകൊണ്ടു പൂശി.

ഞാൻ സത്യമായി നിങ്ങളോടു പറയുന്നു; എന്റെ ഈ സുവിശേഷം പ്രസംഗിക്കപ്പെടുന്ന ഏതു സ്ഥലത്തും, ലോകമെങ്ങും ഇവൾചെയ്ത കാര്യവും ഇവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കപ്പെടും.

പന്ത്രണ്ടുപേരിൽ ഒരുത്തനായ യൂദാസ്സ്കറിയോത്താ പ്രധാനാചാര്യന്മാൎക്ക് ഈശോയെ ഒററിക്കൊടുക്കേണ്ടതിനു് അവരുടെ അടുക്കൽ ചെന്നു.

അവർ (അതു) കേട്ടപ്പോൾ സന്തോഷിച്ചു് അവനു പണം കൊടുക്കാമെന്നു വാഗ്ദാനംചെയ്തു. പിന്നെ അവനെ ഒററിക്കൊടുക്കുവാൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു.

യൂദന്മാർ പെസ്ഹാബലി സമർപ്പിക്കുന്ന പുളിപ്പില്ലാത്ത അപ്പങ്ങളുടെ ഒന്നാം ദിവസം ശിഷ്യർ അവനോടു്: നീ പെസ്ഹാ ഭക്ഷിക്കേണ്ടതിനു് ഞങ്ങൾ എവിടെച്ചെന്നു് ഒരുക്കുവാനാണു് നീ ഇച്ഛിക്കുന്നതു് എന്നു ചോദിച്ചു.

അവൻ ശിഷ്യരിൽ രണ്ടുപേരെ (ഇങ്ങനെ) അരുളിച്ചെയ്തുകൊണ്ടയച്ചു: പട്ടണത്തിലേയ്ക്കു പോകുവിൻ; ഇതാ! ഒരു ജലപാത്രം ചുമന്നുകൊണ്ടു് ഒരു മനുഷ്യൻ നിങ്ങൾക്കു് എതിരേ വരും. അവന്റെ പിന്നാലെ പോകുവിൻ.

അവൻ പ്രവേശിക്കുന്നിടത്തു വീട്ടധികാരിയോടു്: എന്റെ ശിഷ്യരോടുകൂടി ഞാൻ പെസ്ഹാ ഭക്ഷിക്കേണ്ടതിനുള്ള വാസസ്ഥലം എവിടെയാകുന്നു എന്നു് ഞങ്ങളുടെ റബ്ബി ചോദിക്കുന്നു എന്നു പറയുവിൻ.

ശിഷ്യർ പുറപ്പെട്ടു പട്ടണത്തിൽ വന്നു് അവൻ അരുളിച്ചെയ്തിരുന്നതുപോലെ കാണുകയും പെസ്ഹാ ഒരുക്കുകയുംചെയ്തു.

സന്ധ്യയായപ്പോൾ അവൻ തന്റെ പന്ത്രണ്ടുപേരോടു കൂടെ വന്നു.

അവർ ഇരുന്നു ഭക്ഷിക്കുമ്പോൾ ഈശോ: എന്നോടുകൂടി ഭക്ഷിക്കുന്നവനായ നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്നരുളിച്ചെയ്തു.

അതിങ്കൽ അവർ വ്യസനിച്ചു്: ഞാനോ? എന്നു് ഓരോരുത്തനും അവനോടു ചോദിക്കുവാൻ തുടങ്ങി.

അവൻ അരുളിച്ചെയ്തു: എന്നോടുകൂടി താലത്തിൽ മുക്കുന്നവരായ പന്ത്രണ്ടിലൊരുത്തൻ.

മനുഷ്യപുത്രൻ അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു. മനുഷ്യപുത്രൻ ആരാൽ ഒററിക്കൊടുക്കപ്പെടുന്നുവോ ആ മനുഷ്യന് ഹാ! കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു.

അവർ ഭക്ഷിച്ചുകൊണ്ടിരിക്കവേ ഈശോ അപ്പം എടുത്ത്, ആശീർവ്വദിച്ചു മുറിച്ച് അവർക്കു കൊടുത്തുകൊണ്ട്: വാങ്ങിക്കൊൾവിൻ ഇതു് എന്റെ ശരീരമാകുന്നു. എന്നരുളിച്ചെയ്തു.

പിന്നെ അവൻ പാനപാത്രം എടുത്ത്, സ്തോത്രം ചെയ്ത്, ആശീർവ്വദിച്ച് അവർക്കു കൊടുത്തു. എല്ലാവരും അതിൽനിന്നു് കുടിച്ചു.

അവൻ അരുളിച്ചെയ്തു: ഇതു വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു.

ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: മുന്തിരിയുടെ ഈ ഫലത്തിൽനിന്നു്, ദൈവത്തിന്റെ രാജ്യത്തിൽ ഞാൻ പുതുതായി അതു കുടിക്കുന്ന ദിവസംവരെ, ഇനി ഞാൻ കുടിക്കുകയില്ല.

അനന്തരം സ്തോത്രംചെയ്തിട്ട് അവർ സൈത്തുമലയിലേയ്ക്കു പുറപ്പെട്ടു.

ഈശോ അവരോട് അരുളിച്ചെയ്തു: നിങ്ങളെല്ലാവരും ഈ രാത്രി എന്നിൽ ഇടറും. ഇടയനെ ഞാൻ അടിയ്ക്കും, അവന്റെ ആടുകൾ ചിതറിപ്പോകും; എന്നു് എഴുതപ്പെട്ടിരിക്കുന്നു.

എന്നാൽ ഞാൻ ഉയിർത്തെഴുന്നേല്ക്കുമ്പോൾ നിങ്ങൾക്കു മുമ്പായി ഞാൻ ഗ്ലീലായിലേയ്ക്കു പോകും.

കേപ്പാ അവനോടു പറഞ്ഞു: എല്ലാവരും ഇടറിയാലും ഞാൻ (ഇടറുക) ഇല്ല.

ഈശോ അരുളിച്ചെയ്തു: ഞാൻ സത്യമായി നിന്നോട് പറയുന്നു. നീ ഇന്നു്, ഈ രാത്രിയിൽ കോഴി രണ്ടുപ്രാവശ്യം കൂക

ന്നതിനുമുമ്പ്, മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചു പറയും.

ഞാൻ നിന്നോടുകൂടി മരിക്കേണ്ടിവന്നാലും, എന്റെ കർത്താവേ, ഞാൻ നിന്നെ നിഷേധിച്ച് പറയുകയില്ല, എന്നു് അവൻ ശക്തിപൂർവ്വം പറഞ്ഞു. അവനെപ്പോലെത്തന്നെ ശിഷ്യരെല്ലാവരും പറഞ്ഞു.

പിന്നെ അവർ ഗദ്സേമാൻ എന്നു പറയപ്പെടുന്ന സ്ഥലത്തു ചെന്നു. അവൻ ശിഷ്യരോടു്: ഞാൻ പ്രാർത്ഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുവിൻ എന്നരുളിച്ചെയ്തു.

പിന്നെ കേപ്പായേയും, യാക്കോവിനേയും, യോഹന്നാനേയും കൂട്ടിക്കൊണ്ടുപോയി അവൻ ദുഃഖിക്കുവാനും വിവശനാകുവാനും തുടങ്ങി.

അവൻ അവരോടു്: എന്റെ ആത്മാവു് മരണംവരെ ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഇരിക്കുവിൻ; ഉണർന്നിരിക്കുവിൻ എന്നരുളിച്ചെയ്തു.

അവൻ അല്പം മുമ്പോട്ടുചെന്നു നിലത്തുവീണു്, കഴിവുണ്ടെങ്കിൽ (ആ) നാഴിക തന്നെകടന്നുപോകട്ടെ എന്നു പ്രാർത്ഥിച്ചു:

ആബാ, എന്റെ പിതാവേ, നിനക്കു് എല്ലാം കഴിയും; ഈ പാനപാത്രം എന്നിൽനിന്നു കടത്തി വിടണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റേതു് (നിവൃത്തിയാകട്ടെ), എന്നു് അവൻ പറഞ്ഞു.

അനന്തരം അവൻ വന്നു് അവർ ഉറങ്ങുന്നതു കണ്ടു് കേപ്പായോടു് അരുളിച്ചെയ്തു: ശെമ്ഓനേ, നീ ഉറങ്ങിയോ? ഒരു മണിക്കൂർ ഉണർന്നിരിക്കുവാൻ നിനക്കു കഴിഞ്ഞില്ലയോ?

നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു് പ്രാർത്ഥിക്കുവിൻ, ആത്മാവു മനസ്സുള്ളതും ഒരുക്കമുള്ളതുമാകുന്നു, ശരീരമോ ബലഹീനം.

അവൻപോയി വീണ്ടും അതേ വചനം പറഞ്ഞു് പ്രാർത്ഥിച്ചു.

വീണ്ടും മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. എന്തെന്നാൽ അവരുടെ കണ്ണുകൾ (നിദ്രാ) ഭാരമുള്ളതായിരുന്നു. അവനോടു് എന്തുപറയണമെന്നു് അവർ അറിഞ്ഞിരുന്നില്ല.

അവൻ മൂന്നാം പ്രാവശ്യവും വന്നു് അരുളിച്ചെയ്തു: ഇനി നിങ്ങൾ ഉറങ്ങി ആശ്വസിച്ചു കൊള്ളുവിൻ. അവസാനം അടുത്തു, നാഴികവന്നു. ഇതാ! മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു.

എഴുന്നേല്പുവിൻ; നമുക്കു പോകാം. ഇതാ! എന്നെ ഒററിക്കൊടുക്കുന്നവൻ അടുത്തിരിക്കുന്നു.

അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ പന്ത്രണ്ടു പേരിൽ ഒരുത്തനായ യൂദാസ്സ്കാറിയോത്തായും, പ്രധാനാചാര്യന്മാരുടേയും നിയമജ്ഞന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽനിന്നു് വാളുകളും വടികളുമായി വളരെ ജനങ്ങളും വന്നെത്തി.

ഒററിക്കൊടുക്കുന്നവൻ: ഞാൻ ആരെ ചുംബിക്കുന്നുവോ അവൻതന്നെയാകുന്നു: അവനെ നിങ്ങൾ സൂക്ഷിച്ചു് പിടിച്ചുകൊണ്ടുപൊയ്ക്കൊള്ളുവിൻ എന്നു് അവക്കു് അടയാളം പറഞ്ഞുകൊടുത്തിരുന്നു. ആകയാൽ അവൻ ഉടനെ അടുത്തുവന്നു് റബ്ബി, റബ്ബി എന്നു പറഞ്ഞു അവനെ ചുംബിച്ചു.

അവർ അവൻെറമേൽ കൈവച്ചു് അവനെ പിടിച്ചു.

നിന്നിരുന്നവരിൽ ഒരുത്തൻ വാളൂരി പ്രധാനാചാര്യൻെറ ഭൃത്യനെ വെട്ടി അവൻെറ ചെവി ഛേദിച്ചു.

ഈശോ അവരോടു് ഉത്തരമായി അരുളിച്ചെയ്തു: ഒരു കള്ളൻെറ നേരെ എന്നപോലെ എന്നെപ്പിടിക്കുവാൻ വാളുകളോടും വടികളോടുംകൂടി നിങ്ങൾ പുറപ്പെട്ടിരിക്കുന്നുവല്ലൊ.

ഞാൻ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടു് എല്ലാ ദിവസവും നിങ്ങളുടെ അടുക്കൽ ആയിരുന്നു; എന്നെ നിങ്ങൾ പിടിച്ചില്ല. എന്നാൽ തിരുവെഴുത്തുകൾ നിവൃത്തിയാകു

വാൻ ഇതു സംഭവിച്ചിരിക്കുന്നു.

അപ്പോൾ ശിഷ്യർ അവനെവിട്ടു് ഓടിപ്പോയി.

ഒരു യുവാവു് അവൻെറ പിന്നാലെ പോയി. അവർ അവനെ പിടിച്ചു.

അവൻ പുതപ്പു് ഉപേക്ഷിച്ചു് നഗ്നനായി ഓടിപ്പോയി.

അവർ ഈശോയെ പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കലേയ്ക്കു കൊണ്ടുപോയി. സകല പ്രധാനാചാര്യന്മാരും, നിയമജ്ഞരും, മൂപ്പരും, അവൻെറ അടുക്കൽ വന്നുകൂടി.

ശെമ്ഓൻ പ്രധാനാചാര്യൻെറ നടുമുററത്തിനുള്ളിൽവരെ ദൂരെക്കൂടെ അവൻെറ പിന്നാലെ വന്നു് ദാസരോടുകൂടി തീ കാഞ്ഞിരുന്നു.

പ്രധാനാചാര്യന്മാരും അവരുടെ കൂട്ടം മുഴുവനും ഈശോയെ കൊല്ലിക്കുവാൻ അവനു വിരോധമായി സാക്ഷ്യം അന്വേഷിച്ചു. അവർ കണ്ടെത്തിയില്ല.

പലരും അവനു വിരോധമായി സാക്ഷി പറഞ്ഞെങ്കിലും അവരുടെ സാക്ഷ്യങ്ങൾ യോജിച്ചിരുന്നില്ല.

ചിലർ അവനു വിരോധമായി കള്ളസാക്ഷിനിന്നു. അവർ പറഞ്ഞു:

ഞാൻ, കൈപ്പണിയായ ദേവാലയം പൊളിച്ചു് കൈപ്പണിയല്ലാത്ത വേറൊന്നു മൂന്നു ദിവസംകൊണ്ടു് പണിയും എന്നു് ഇവൻ പറഞ്ഞതു് ഞങ്ങൾ കേട്ടു.

ഇതിൽപോലും അവരുടെ സാക്ഷ്യം യോജിച്ചിരുന്നില്ല.

അപ്പോൾ പ്രധാനാചാര്യൻ നടുവിൽ എഴുന്നേററു് ഈശോയോടു്: നീ ഉത്തരം പറയുന്നില്ലയൊ? ഇവർ നിനക്കു വിരോധമായി സാക്ഷ്യപ്പെടുത്തുന്നതു് എന്തു്? എന്നു ചോദിച്ചു.

അവൻ മിണ്ടാതിരുന്നു; ഉത്തരം ഒന്നും അരുളിച്ചെയ്തില്ല. പ്രധാനാചാര്യൻ വീണ്ടും അവനോടു്: നീ അനുഗ്രഹിക്കപ്പെട്ടവൻെറ പുത്രനായ മിശിഹാ ആകുന്നുവോ? എന്നു ചോദിച്ചു.

അതിന്ന് ഈശോ: ഞാനാകുന്നു; മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഇരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും എന്നരുളിച്ചെയ്തു.

പ്രധാനാചാര്യൻ തന്റെ കുപ്പായം കീറിക്കൊണ്ട് പറഞ്ഞു: ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം?

ഇതാ! ഇവന്റെ വായിൽ നിന്നുതന്നെ ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലൊ. നിങ്ങൾക്ക് എന്തുതോന്നുന്നു? അവൻ മരണത്തിന്ന് അർഹനാകുന്നു എന്ന് അവരെല്ലാവരും വിധിച്ചു.

ചിലർ അവന്റെമേൽ തുപ്പുവാനും, അവന്റെ മുഖം മൂടിക്കൊണ്ട് (കൈചുരുട്ടി) കുത്തുവാനും, പ്രവചിക്കുക എന്നു പറയുവാനും തുടങ്ങി. സേവകന്മാർ അവന്റെ ഗണ്ഡങ്ങളിൽ അടിച്ചു.

ശെമ്ഓൻ താഴെ മുററത്ത് (ഇരിക്കുന്ന) സമയം പ്രധാനാചാര്യന്റെ ഒരു ദാസി വന്ന്,

അവൻ തീ കായുന്നതു് കണ്ട്, അവനെ നോക്കി: നീയും നസ്രായനായ ഈശോയോടുകൂടി ആയിരുന്നുവല്ലൊ എന്നു പറഞ്ഞു.

അവൻ നിഷേധിച്ച്: നീ പറയുന്നതു് എന്തെന്ന് ഞാൻ അറിയുന്നില്ല എന്നു പറഞ്ഞു. പിന്നെ അവൻ പുറത്തെ പടിവാതില്ക്കലേയ്ക്കു പുറപ്പെട്ടു. അപ്പോൾ കോഴി കൂകി.

ആ ദാസി അവനെ വീണ്ടും കണ്ട് (അവിടെ) നിന്നിരുന്നവരോട്: ഇവനും അവരിൽ ഉൾപ്പെട്ടവനാകുന്നു എന്നു പറയുവാൻ തുടങ്ങി.

എന്നാൽ അവൻ നിഷേധിച്ചു. അല്പം കഴിഞ്ഞു് വീണ്ടും (അവിടെ) നിന്നിരുന്നവർ കേപ്പയോട്: സത്യമായി നീയും അവരിൽ ഉൾപ്പെട്ടവൻ ആകുന്നു. എന്തെന്നാൽ നീയും ഗ്ലീലായൻ ആകുന്നു. നിന്റെ സംസാരംകൂടെയും ഒത്തിരിക്കുന്നു എന്നു പറഞ്ഞു.

അവൻ: നിങ്ങൾ പറയുന്ന ഈ മനുഷ്യനെ ഞാൻ അറിയു

കയില്ല എന്നു് പറഞ്ഞു ശപിക്കുവാനും ആണയിടുവാനും തുടങ്ങി.

ആ സമയത്തുതന്നെ കോഴി രണ്ടാംപ്രാവശ്യം കൂകുകയും ചെയ്തു. കോഴി രണ്ടു പ്രാവശ്യം കൂകുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിച്ചു് പറയും എന്നു ഈശോ അരുളിച്ചെയ്തിരുന്ന വചനം ശെമ്ഓൻ ഓർത്തു കരയുവാൻ തുടങ്ങി.

ഉടനെ, ഉഷസ്സിലേതന്നെ, പ്രധാനാചാര്യന്മാർ മൂപ്പന്മാരോടും, നിയമജ്ഞരോടും, സംഘം മുഴവനോടുംകൂടി ആലോചിച്ചു്, ഈശോയെ ബന്ധിക്കയും അവനെ കൊണ്ടുപോയി, പീലാത്തോസിനെ ഏല്പിക്കയും ചെയ്തു.

പീലാത്തോസു് അവനോടു്: നീ യൂദന്മാരുടെ രാജാവാകുന്നുവോ? എന്നു ചോദിച്ചു. അവൻ ഉത്തരമായി നീ പറഞ്ഞുവല്ലോ എന്നരുളിച്ചെയ്തു.

പ്രധാനാചാര്യന്മാർ വളരെക്കാര്യങ്ങളിൽ, അവനിൽ കുററം ചുമത്തിയിരുന്നു.

പീലാത്തോസു് പിന്നെയും ചോദിച്ചു: നീ ഉത്തരം പറയുന്നില്ലയോ? അവർ നിനക്കു് വിരോധമായി എത്രയധികം സാക്ഷ്യം വഹിക്കുന്നു എന്നു നോക്കുക.

ഈശോ മറുപടി ഒന്നും നല്കിയില്ല. ആകയാൽ പീലാത്തോസു് ആശ്ചര്യപ്പെട്ടു.

എല്ലാ തിരുനാളിലും അവർ ചോദിക്കുന്ന ഒരു തടവുകാരനെ വിട്ടുകൊടുക്കുക പതിവായിരുന്നു.

കലഹത്തിൽ കൊലചെയ്ത ആ കലഹക്കാരോടുകൂടി ബന്ധിക്കപ്പെട്ടിരുന്ന ബർഅബ്ബാ എന്നു വിളിക്കപ്പെട്ട ഒരുത്തൻ ഉണ്ടായിരുന്നു.

പതിവായിരുന്നതുപോലെ അവൻ തങ്ങളോടു ചെയ്യണമെന്നു ജനങ്ങൾ നിലവിളിച്ചു ചോദിക്കുവാൻ തുടങ്ങി.

പീലാത്തോസു് ഉത്തരമായി: യൂദന്മാരുടെ രാജാവിനെ

ഞാൻ വിട്ടുതരുന്നതിനു നിങ്ങൾക്കു് മനസ്സുണ്ടോ? എന്നു ചോദിച്ചു.

എന്തെന്നാൽ പ്രധാനാചാൎയ്യന്മാർ അസൂയ നിമിത്തമാണു് അവനെ ഏല്പിച്ചുകൊടുത്തതെന്നു് പീലാത്തോസു് അറിഞ്ഞിരുന്നു.

പ്രധാനാചാൎയ്യന്മാർ അവൻ ബർഅബ്ബായെ തങ്ങൾക്കു് വിട്ടുകൊടുക്കേണ്ടതിനു (ചോദിക്കുവാൻ) ജനക്കൂട്ടത്തെ അധികമായി പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

പീലാത്തോസു് അവരോടു്: അങ്ങിനെയെങ്കിൽ യൂദന്മാരുടെ രാജാവു് എന്നു നിങ്ങൾ വിളിക്കുന്ന ഇവനോടു് ഞാൻ എന്തുചെയ്യുവാനാണു് ഇച്ഛിക്കുന്നതു്? എന്നു ചോദിച്ചു.

അവനെ കുരിശിൽ തറയ്ക്കുക എന്നു് അവർ വീണ്ടും നിലവിളിച്ചു് പറഞ്ഞു.

പീലാത്തോസു് അവരോടു്: അവൻ എന്തു് തിന്മ ചെയ്തു? എന്നു ചോദിച്ചു. അവർ കൂടുതലായി നിലവിളിച്ചു്: അവനെ കുരിശിൽ തറയ്ക്കുക എന്നു് പറഞ്ഞിരുന്നു.

പീലാത്തോസു് ജനക്കൂട്ടത്തിന്റെ ഇഷ്ടം പ്രവൎത്തിക്കുവാൻ ഇച്ഛിച്ചു്, ബർഅബ്ബായെ അവൎക്കു വിട്ടുകൊടുക്കുകയും ഈശോയെ കുരിശിൽ തറയ്ക്കുവാൻ (ചമ്മട്ടികൊണ്ടു്) അടിക്കപ്പെട്ടവനായി അവരെ ഏല്പിക്കയും ചെയ്തു.

പടയാളികൾ അവനെ പ്രത്തോറിൻ എന്ന മണ്ഡപത്തിലേയ്ക്കു കൊണ്ടുപോയി പട്ടാളം മുഴുവൻ വിളിച്ചുകൂട്ടി.

അവനെ ധൂമ്രവസ്ത്രങ്ങൾ ധരിപ്പിച്ചു്, മുള്ളുകൾകൊണ്ടുള്ള ഒരു കിരീടം മുടഞ്ഞു് അവനെ ചൂടിച്ചു.

യൂദന്മാരുടെ രാജാവേ, സ്വസ്തി! എന്നു് അവർ അവനോടു് സ്വസ്തി പറയുവാനും തുടങ്ങി.

അവർ ഞാങ്ങണകൊണ്ടു് അവന്റെ തലയിൽ അടിച്ചു; മുഖത്തു് തുപ്പി; മുട്ടുകുത്തി അവനെ വന്ദിക്കുകയും ചെയ്തു.

അവനെ പരിഹസിച്ചശേഷം അവൻെറ ധൂമ്രവസ്ത്രങ്ങൾ ഉരിഞ്ഞു് സ്വന്ത വസ്ത്രങ്ങൾ ധരിപ്പിച്ചു് കുരിശിൽ തറക്കുവാനായി കൊണ്ടുപോയി.

ആലേക്സന്ത്രോസിൻേറയും റോപ്പോസിൻേറയും പിതാവും, വയലിൽനിന്നു വന്നു് (ആ വഴി) കടന്നുപോയിരുന്നവനുമായ കെവ്യുറീൻകാരൻ ശെമ്ഓൻ എന്ന ഒരുത്തനെ അവൻെറ കുരിശ്ശു് എടുക്കുവാൻ അവർ നിർബ്ബന്ധിച്ചു.

അവർ കപാലം എന്നർത്ഥമുള്ള സ്ഥലമായ ഗാഗുൽത്തായിലേയ്ക്കു് അവനെ കൊണ്ടുപോയി.

മൂറാ കലർത്തിയ വീഞ്ഞു് അവനു കുടിക്കാൻ കൊടുത്തു. അവൻ സ്വീകരിച്ചില്ല.

അവനെ അവർ കുരിശിൽ തറച്ചശേഷം അവൻെറ ഉടുപ്പുകൾ ഭാഗിച്ചു; ആർ ഏതു് എടുക്കണം എന്നു് അവർ ചിട്ടിയിട്ടു.

അവനെ കുരിശിൽ തറച്ചപ്പോൾ മൂന്നുമണിയായിരുന്നു.

ഇവൻ യൂദന്മാരുടെ രാജാവാകുന്നു എന്നു് അവൻെറ മരണത്തിൻെറ കാരണം എഴുതിവയ്ക്കുകയും ചെയ്തു.

അവനോടുകൂടെ രണ്ടു കള്ളന്മാരേയും, ഒരുത്തനെ അവൻെറ വലത്തുവശത്തും മററവനെ ഇടത്തുവശത്തുമായി, അവർ കുരിശിൽ തറച്ചു.

ദുഷ്ടന്മാരോടുകൂടി അവൻ എണ്ണപ്പെട്ടു എന്നു് പറഞ്ഞിട്ടുള്ള തിരുവെഴുത്തു് ഇങ്ങനെ നിവൃത്തിയായി.

കടന്നുപോയിരുന്നവർ കൂടെയും അവനെ ദുഷിച്ചു് തലകുലുക്കിക്കൊണ്ടു്: ഹാ! ദേവാലയം പൊളിച്ചു മൂന്നുദിവസംകൊണ്ടു് അതു് പണിയുന്നവനേ,

നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽനിന്നു് ഇറങ്ങുക എന്നു പറഞ്ഞു''.

അപ്രകാരം തന്നെ, പ്രധാനാചാര്യന്മാരും നിയമജ്ഞരും പരിഹസിച്ചുകൊണ്ടു് പരസ്പരം പറഞ്ഞു: ഇവൻ മററുള്ള

വരെ രക്ഷിച്ചു; തന്നെത്തന്നെ രക്ഷിക്കുവാൻ ഇവനു സാധിക്കുന്നില്ല.

നാം കണ്ടു് അവനിൽ വിശ്വസിക്കേണ്ടതിനു്, ഇസ്രായേലിൻെറ രാജാവായ മിശിഹാ, ഇപ്പോൾ കുരിശിൽനിന്നു് ഇറങ്ങട്ടെ. അവനോടുകൂടി കുരിശിന്മേൽ തറയ്ക്കപ്പെട്ടിരുന്നവർകൂടെയും അവനെ നിന്ദിച്ചു.

ആറുമണിയായപ്പോൾ (മുതൽ) ഒമ്പതുമണിവരെയും ഭൂമിയിലെങ്ങും അന്ധകാരമുണ്ടായി.

ഒമ്പതുമണിക്കു് ഈശോ ഉയൎന്ന സ്വരത്തിൽ: ഏൽ, ഏൽ, ല്മാനാ, ശബക്ക്ത്താനി, എന്നു വച്ചാൽ, എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതു് എന്തു്? എന്നു നിലവിളിച്ചുപറഞ്ഞു.

(അവിടെ) നിന്നിരുന്നവരിൽ (ഇതു) കേട്ട ചിലർ: ഇവൻ ഏലിയായെ വിളിച്ചു എന്നു പറഞ്ഞു.

ഒരുത്തൻ ഓടിച്ചെന്നു് ചൊറുക്കാകൊണ്ടു് നീർപ്പഞ്ഞി നിറച്ചു് അവനെ കുടിപ്പിക്കുവാനായി ഒരു ഞാങ്ങണമേൽ വച്ചുകെട്ടി. നില്ലുവിൻ, ഏലിയാ അവനെ ഇറക്കുവാൻ വരുമൊ എന്നു കാണട്ടെ എന്നു് അവർ പറഞ്ഞു.

ഈശോ ഉയൎന്ന സ്വരത്തിൽ നിലവിളിച്ചു മരിച്ചു.

അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകൾ മുതൽ അടിവരെ രണ്ടായി കീറിപ്പോയി.

സമീപത്തു് നിന്നിരുന്ന ശതാധിപൻ അവൻ ഇപ്രകാരം നിലവിളിച്ചു് മരിച്ചതു കണ്ടപ്പോൾ: ഈ മനുഷ്യൻ സത്യമായി ദൈവപുത്രനായിരുന്നു എന്നു് പറഞ്ഞു.

ദൂരെനിന്നു നോക്കിക്കൊണ്ടിരുന്ന സ്ത്രീകളും (അവിടെ) ഉണ്ടായിരുന്നു.

അവർ, അവൻ ഗ്ലീലായിലായിരുന്നപ്പോൾ അവനെ അനുഗമിക്കയും ശുശ്രൂഷിക്കയും ചെയ്തിരുന്ന "മഗ്ദലയിത്താ മറിയവും, ചെറിയ യാക്കോവിൻെറയും യോസേയുടെയും

അമ്മയായ മറിയവും, ശാലോമും" അവനോടുകൂടി ഓറെശ്ലെത്തേയ്ക്കു വന്നു മററു പല സ്ത്രീകളും ആയിരുന്നു.

ശാബതത്തിനു മുമ്പുള്ള വെള്ളിയാഴ്ച വൈകുന്നേരം ആയപ്പോൾ,

മാന്യസംഘാംഗവും, ദൈവരാജ്യത്തെ പ്രതീക്ഷിച്ചിരുന്നയാളുമായ 'റാംസാക്കാരൻ യൗസേപ്പ്' വരികയും ധൈര്യത്തോടെ പീലാത്തോസിൻെറ അടുക്കൽചെന്നു് ഈശോയുടെ ശരീരം ചോദിക്കയും ചെയ്തു.

അവൻ മരിച്ചുകഴിഞ്ഞുവൊ എന്നു പീലാത്തോസ് ആശ്ചര്യപ്പെട്ടു്, ശതാധിപനെ വിളിച്ചു്: സമയത്തിനു മുമ്പായി അവൻ മരിച്ചുവൊ എന്നു ചോദിച്ചു.

(വസ്തുത) ഗ്രഹിച്ചപ്പോൾ അവൻെറ ശരീരം യൗസേപ്പിനു കൊടുത്തു.

യൗസേപ്പ് ഒരു വക ശീല വാങ്ങിച്ചു് അവനെ (കുരിശിൽനിന്നു്) ഇറക്കി, പാറയിൽ കുഴിക്കപ്പെട്ടതായ ഒരു പ്രേതാലയത്തിൽവച്ചു. പ്രേതാലയത്തിൻെറ വാതിലിക്കൽ ഒരു കല്ല് ഉരുട്ടിവയ്ക്കയും ചെയ്തു.

മഗ്ദലയിത്താ മറിയവും, യോസേയുടെ (അമ്മയായ) മറിയവും അവനെ വച്ച സ്ഥലം കണ്ടു.

---

## II മിശിഹാനുകരണം

(പുസ്തകം I. അദ്ധ്യായം 12. 23)

### കഷ്ടപ്പാടിൻെറ പ്രയോജനം

നമുക്കു ചിലപ്പോൾ കഷ്ടപ്പാടുകളും വിരോധങ്ങളും ഉണ്ടാകുന്നതു നല്ലതാകുന്നു; എന്തുകൊണ്ടെന്നാൽ അവ, മനുഷ്യൻ പരദേശിയാണെന്നു ഗ്രഹിച്ചു് അവൻെറ ശരണം ലൌകിക വസ്തുക്കളിൽ നിക്ഷേപിക്കാതിരിപ്പാൻ അവനെ ഓർമ്മപ്പെടുത്തുന്നു.

നാം നന്നായി പ്രവർത്തിക്കയും നമ്മുടെ ഉദ്ദേശ്യം നന്നായി

രിക്കയും ചെയ്താലും, ചിലപ്പോഴൊക്കെ നാം വിരോധങ്ങൾ സഹിക്കയും മററുള്ളവർ നമ്മെ മോശക്കാരും പോരാത്തവരുമായി വിചാരിക്കയും ചെയ്യുന്നതു് നല്ലതാണു്.

ഇവ നമ്മെ പലപ്പോഴും എളിമ സമ്പാദിക്കാൻ സഹായിക്കയും ആത്മപ്രശംസയിൽനിന്നു് സംരക്ഷിക്കയുംചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, പുറമെ മനുഷ്യർ നമ്മെ നിന്ദിച്ച് വേണ്ടപോലെ മാനിക്കാതിരിക്കുമ്പോൾ നമ്മുടെ ആഭ്യന്തര സാക്ഷിയായ ദൈവത്തെ നാം അധികം നന്നായി അന്വേഷിക്കും.

2. അതുകൊണ്ടു് മനുഷ്യരിൽനിന്നു് അധികം ആശ്വാസം അന്വേഷിക്കാനുള്ള ആവശ്യം നേരിടാതിരിക്കുന്നതിനു് മനുഷ്യൻ തന്നെത്തന്നെ ദൈവത്തിൽ പൂർണ്ണമായി ഉറപ്പിക്കേണ്ടതാകുന്നു.

നന്മനസ്സുള്ള മനുഷ്യനു് കഷ്ടതകളോ പരീക്ഷണങ്ങളോ നേരിടുമ്പോൾ അഥവാ ദുർവ്വിചാരങ്ങൾ അവനെ പീഡിപ്പിക്കുമ്പോൾ ദൈവത്തെക്കൊണ്ടു് അവനു് എത്ര ആവശ്യമുണ്ടെന്നും, ദൈവത്തെക്കൂടാതെ യാതൊരു നന്മയും ചെയ്യാൻ കഴിവില്ലെന്നും അവൻ നല്ലപോലെ മനസ്സിലാക്കുന്നു.

അപ്പോൾ അവൻ അനുഭവിക്കുന്ന കഷ്ടതകൾ നിമിത്തം അവൻ ദുഃഖിക്കയും വിലപിക്കയും പ്രാർത്ഥിക്കയും ചെയ്യും.

അപ്പോൾ ദീർഘനാൾ ജീവിക്കാൻ അവനു മടുപ്പു തോന്നുകയു, മരണം പ്രാപിച്ച് മിശിഹായോടുകൂടെ ചേരുവാൻ അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

പൂർണ്ണമായ സുരക്ഷിതത്വവും സമാധാനവും ഈ ലോകത്തിൽ കണ്ടെത്തുന്നതു് അസാദ്ധ്യമെന്നു്, അപ്പോൾ നല്ലപോലെ അവൻ മനസ്സിലാക്കുന്നു.

മരണചിന്ത

വളരെ വേഗം ഇവിടെ നിന്റെ കാര്യം അവസാനിക്കും.

അതിനാൽ നിൻെറ സ്ഥിതി എന്താണെന്നു പരിശോധിക്കുക. ഒരു മനുഷ്യൻ ഇന്നുണ്ടു്; നാളെ അവനെ കാണുകയില്ല. അവൻ കാഴ്ചയിൽനിന്നു മറയുമ്പോൾ അതിവേഗം മനസ്സിൽനിന്നു മറയുന്നു.

ഹാ! മനുഷ്യഹൃദയത്തിൻെറ മന്ദതയും കാഠിന്യവും! താല്ക്കാലികമായതിനെ മാത്രം ചിന്തിക്കയും വരുവാനിരിക്കുന്നതിനെക്കുറിച്ച് കരുതൽ കൂടാതിരിക്കുകയും ചെയ്യുന്നു.

ഇന്നുതന്നെ മരിക്കാനുള്ളവനെന്നപോലെ എല്ലാ പ്രവൃത്തികളിലും വിചാരങ്ങളിലും നീ നിന്നെത്തന്നെ നിയന്ത്രിക്കണം.

നിനക്കു് നല്ല മനസ്സാക്ഷിയുണ്ടായിരുന്നെങ്കിൽ മരണത്തെ അധികം ഭയപ്പെടുകയില്ലായിരുന്നു.

മരണത്തെ ഭയപ്പെടുന്നതിനേക്കാൾ നല്ലതു് പാപങ്ങളെ വിട്ടൊഴിയുകയാണു്.

ഇന്നു നീ തയ്യാറില്ലെങ്കിൽ നാളെ എങ്ങനെ തയ്യാറാകും?

നാളെ എന്നുള്ളതു് നിശ്ചയമില്ലാത്ത ദിവസമാണു്. നിനക്കു് നാളത്തെ ദിവസം കിട്ടുമോ എന്നാരറിഞ്ഞു?

2. നാം ജീവിതം നന്നാക്കുന്നില്ലെങ്കിൽ ദീർഘനാൾ ജീവിച്ചതുകൊണ്ടു് എന്തു പ്രയോജനം?

ഹാ! ദീർഘായുസ്സു് ജീവിതത്തെ എല്ലായ്പോഴും നന്നാക്കാറില്ല. പലപ്പോഴും അതു് കുററം വൎദ്ധിപ്പിക്കുന്നതേയുള്ളു.

ഒരു ദിവസമെങ്കിലും, ഇഹലോകത്തിൽ നാം നല്ലപോലെ ജീവിച്ചിരുന്നെങ്കിൽ മതിയായിരുന്നു!

പലരും മാനസാന്തരത്തിനുശേഷമുള്ള വൎഷങ്ങളുടെ കണക്കു കൂട്ടുന്നു; എന്നാൽ പലപ്പോഴും ജീവിതനവീകരണത്തിൻെറ ഫലം കുറവാണു്.

നിനക്കു് മരിക്കാൻ ഭയമാണെങ്കിൽ ദീർഘകാലം ജീവിക്കുന്നതു് അതിലേറെ ആപല്ക്കരമായിരിക്കും.

തൻെറ മരണനാഴിക സദാ കൺമുമ്പിൽവെച്ച് ദിനംപ്രതി മരിക്കാൻ തയ്യാറാകുന്നവൻ ഭാഗ്യവാൻ.

വല്ലപ്പോഴും ഒരാൾ മരിക്കുന്നതു കാണാനിടവന്നാൽ, ആ വഴിയേതന്നെ നീയും കടന്നു പോകണം എന്നു ചിന്തിക്കുക.

3. നീ സന്ധ്യവരെ ജീവിക്കയില്ലെന്നു രാവിലെ സങ്കല്പിക്കുക.

സന്ധ്യയാകുമ്പോൾ വെളുക്കുവോളം ജീവിച്ചിരിക്കുമെന്നു നീ ഉറക്കേണ്ട.

ആകയാൽ എപ്പോഴും ഒരുങ്ങിയിരുന്നുകൊള്ളുക. മരണം, ഒരുക്കമില്ലാത്തവനായി ഒരിക്കലും നിന്നെ കണ്ടുമുട്ടാതിരിക്കത്തക്കവണ്ണം ജീവിച്ചുകൊള്ളുക.

പലരും പെട്ടെന്നും നിനച്ചിരിക്കാത്തപ്പോഴും മരിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ "നിങ്ങൾ വിചാരിക്കാത്ത നേരത്തു് മനുഷ്യപുത്രൻ വരും."

ആ അവസാന നാഴിക വരുമ്പോൾ കഴിഞ്ഞ ജീവിതത്തെപ്പററി വളരെ വ്യത്യാസമായി നീ വിചാരിക്കാൻ തുടങ്ങും; ഇത്ര ഉദാസീനനും ഉപേക്ഷയുള്ളവനുമായിരുന്നതിനെപ്പററി നീ ദുഃഖിയ്ക്കും.

4. മരണസമയത്തു് എങ്ങനെയായിരിക്കാൻ ഇച്ഛിക്കുന്നുവോ അപ്രകാരം ജീവിതകാലത്തും ആയിരിക്കാൻ ശ്രമിക്കുന്നവൻ എത്ര ഭാഗ്യവാനും വിവേകിയും!

എന്തുകൊണ്ടെന്നാൽ, ലോകത്തെക്കുറിച്ചുള്ള പൂർണ്ണമായ നിന്ദയും, പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിക്കാനുള്ള തീവ്രമായ ആഗ്രഹവും, ശിക്ഷണത്തിന്മേലുള്ള സ്നേഹവും, പ്രായശ്ചിത്തപ്രവൃത്തികളിലുള്ള ശ്രമവും, അനുസരണത്താലുള്ള ഉത്സാഹവും, ആത്മപരിത്യാഗവും, ഏതൊരനർത്ഥങ്ങളും മിശിഹായുടെ സ്നേഹത്തെപ്രതി സഹിക്ക എന്നതും ധൈര്യം ഉളവാക്കി സൗഭാഗ്യപൂർണ്ണമായ മരണം പ്രാപിക്കുവാൻ സഹായകം.

നിനക്കു് സുഖമുള്ളപ്പോൾ പല സുകൃതങ്ങളും ചെയ്യാൻ കഴിയും; സുഖക്കേടാണെങ്കിൽ എന്തു സാധിക്കുമെന്നറിഞ്ഞുകൂടാ.

വളരെ ചുരുക്കം ആളുകളേ ദീനംകൊണ്ടു് നന്നാകുന്നുള്ളൂ. അതുപോലെത്തന്നെ വീടുവിട്ടു് അധികം ചുററി നടക്കുന്നവരും അപൂർവ്വമായിട്ടേ പരിശുദ്ധരാകാറുള്ളു.

5. സ്നേഹിതന്മാരേയും ബന്ധുക്കളേയും ആശ്രയിക്കരുതു്. നിൻെറ രക്ഷയുടെ കാര്യം പിന്നെയാകട്ടെ എന്നു് വയ്ക്കുകയും അരുതു്. നീ വിചാരിക്കുന്നതിനേക്കാൾ വേഗം മനുഷ്യർ നിന്നെ മറന്നുകളയും.

മററുള്ളവരുടെ സഹായത്തെ ആശ്രയിക്കുന്നതിനേക്കാൾ ഉത്തമം ഇപ്പോൾ യഥാസമയത്തു് കരുതിവെയ്ക്കുന്നതും, ചില സുകൃതങ്ങളെ നിനക്കു് മുൻപേ അയയ്ക്കുന്നതുമാണു്.

ഇപ്പോൾ നീ നിൻെറ കാര്യത്തിൽ ആശ്രയിച്ചില്ലെങ്കിൽ ഭാവിയിൽ നിൻെറ കാര്യത്തിൽ ആർ ശ്രദ്ധവെയ്ക്കും?

ഇപ്പോൾ സമയം വളരെ വിലയേറിയതാണു്. "ഇതാ ഇപ്പോൾ സ്വീകൃതമായ സമയം. ഇന്നു രക്ഷയുടെ ദിവസം."

എന്നാൽ ഹാ! കഷ്ടം! നിത്യജീവനായി യോഗ്യത പ്രാപിക്കാനുള്ള ഈ സമയത്തെ നീ അധികം പ്രയോജനകരമായി ഉപയോഗിക്കുന്നില്ലല്ലോ.

നിൻെറ ജീവിതം നന്നാക്കുന്നതിനു് ഒരു ദിവസമെങ്കിലും, ഒരു നാഴികയെങ്കിലും കിട്ടണമെന്നു നീ ആഗ്രഹിക്കുന്ന കാലം വരും; അപ്പോൾ കിട്ടുമോ എന്നറിഞ്ഞുകൂടാ.

6. ഓ! വാത്സല്യഭാജനമെ, നീ സദാ മരണത്തെ ഭയന്നു് അതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെങ്കിൽ എത്ര വലിയ അപകടത്തിൽനിന്നും ഒഴിവാനും എത്രവലിയ ഭീതിയിൽ നിന്നും അകന്നിരിക്കാനും നിനക്കു കഴിയും. നിൻെറ മരണസമയത്തു് ഭയപ്പെടാതെ സന്തോഷിക്കാൻ കാരണമാകത്തക്കവണ്ണം ഇപ്പോൾ ജീവിക്കാൻ ശ്രമിച്ചുകൊള്ളുക.

അപ്പോൾ ഈശോമിശിഹായോടുകൂടെ ജീവിക്കാനാരംഭിക്കുന്നതിനുവേണ്ടി ഇപ്പോൾ ലോകത്തിനായി മരിക്കാൻ പഠിക്കുക.

അപ്പോൾ സ്വാതന്ത്ര്യമായി മിശിഹായുടെ പക്കൽ ചെല്ലാൻ കഴിയുന്നതിനുവേണ്ടി, ഇപ്പോൾ എല്ലാം വെറുക്കുവാനഭ്യസിക്കുക.

അപ്പോൾ നിനക്കു് നിശ്ചയമായ ധൈര്യം ഉണ്ടാകേണ്ടതിന്നു് ഇപ്പോൾ തപസ്സുവഴിയായി നിൻെറ ശരീരത്തെ പീഡിപ്പിക്കുക.

7. ഹാ! മഠയാ, നിനക്കു് ഒരു ദിവസംപോലും നിശ്ചയമില്ലാത്തപ്പോൾ ദീർഘനാൾ ജീവിക്കുമെന്നു് വിചാരിക്കുന്നതെന്തിനു്?

എത്രയോ അധികംപേക്കു് ചതിപററി, ഒട്ടും പ്രതീക്ഷിക്കാതിരുന്ന നേരത്തു് അവർ ശരീരത്തിൽനിന്നു് വേർപിരിയേണ്ടിവന്നു.

ഒരുവൻ വാളാലെ മരിച്ചെന്നും, വേറൊരുവൻ മുങ്ങിച്ചത്തെന്നും, ഉയരത്തിൽനിന്നു് വീണു് വേറൊരുത്തൻെറ കഴുത്തൊടിഞ്ഞെന്നും, പിന്നെയൊരുവൻ ഉണ്ടിരിക്കുമ്പോൾ മരിച്ചെന്നും, മററവൻ കളിച്ചുകൊണ്ടിരുന്നപ്പോൾ ആയുസ്സിനറുതി വന്നെന്നും എത്ര പ്രാവശ്യം പറഞ്ഞുകേട്ടിരിക്കുന്നു?

ചിലർ തീയിൽപ്പെട്ടു് മരിച്ചിട്ടുണ്ടു്; ചിലർ വാളാലും, ചിലർ പകച്ചവ്യാധികളാലും, ചിലർ കവച്ചക്കാരാലും അപായപ്പെട്ടിട്ടുണ്ടു്. ഇപ്രകാരം എല്ലാവരുടേയും അവസാനം മരണംതന്നെ; മനുഷ്യജീവിതം ഒരു നിഴലുപോലെ ശീഘ്രം കടന്നുപോകുന്നു.

8. മരണത്തിനുശേഷം നിന്നെ ആരോക്കും? ആർ നിനക്കുവേണ്ടി പ്രാർത്ഥിക്കും?

പ്രിയ ഭാജനമെ, നിനക്കു് കഴിവുള്ളതെല്ലാം ഇപ്പോൾ ചെയ്തുകൊള്ളുക; എന്തുകൊണ്ടെന്നാൽ എന്നു് മരിക്കുമെന്നു് നിനക്കറിഞ്ഞുകൂടാ.

സമയമുള്ളപ്പോൾ അനശ്വരങ്ങളായ സമ്പത്തുകളെ ശേഖരിച്ചുകൊള്ളുക.

Fr. ... C.M.I.



നിൻെറ രക്ഷയെക്കുറിച്ചല്ലാതെ മററൊന്നും ചിന്തിക്കേണ്ട. ദൈവകാര്യങ്ങളെപ്പററി മാത്രം ചിന്തിച്ചാൽ മതി.

ദൈവത്തിൻെറ വിശുദ്ധന്മാരെ ബഹുമാനിച്ച് അവരുടെ നടപടികൾ അനുകരിച്ച്, നീ മരിക്കുമ്പോൾ, നിത്യകൂടാരങ്ങളിൽ നിന്നെ അവർ സ്വീകരിക്കുന്നതിന്നായി, ഇപ്പോൾ നിനക്ക് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുക.

ലൌകികകാര്യങ്ങളുമായി ഒരു ബന്ധവുമില്ലാത്ത ഒരു തീത്ഥയാത്രക്കാരനേയും പരദേശിയേയുംപോലെ നീ ഭൂമിയിൽ നടന്നുകൊള്ളുക. നിൻെറ ഹൃദയം സ്വതന്ത്രവും ഉന്നതത്തിലേക്ക്, ദൈവത്തിങ്കലേയ്ക്കു്, ഉയരുന്നതും ആയിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, ഇവിടെ നിനക്ക് നിലനില്ക്കുന്ന നഗരമില്ല.

നിൻെറ ആത്മാവ്, മരിച്ചശേഷം ഭാഗ്യപൂവ്വം തിരുനാഥൻെറ പക്കലേക്ക് കടന്നുചെല്ലുന്നതിന് നിൻെറ അനുദിന പ്രാത്ഥനകളും നെടുവീപ്പുകളും കണ്ണുനീരോടെ അങ്ങോട്ടു തിരിച്ചുകൊള്ളുക.

(പുസ്തകം II. അദ്ധ്യായം 12)

വി. കുരിശാകുന്നരാജപാത

നിന്നെത്തന്നെ പരിത്യജിക്ക; നിൻെറ കുരിശെടുത്ത് ഈശോയെ അനുഗമിക്ക'' എന്ന ഈ ഉപദേശം പലക്കും കഠിനമാണെന്നു് തോന്നും.

എന്നാൽ ''ശാപമേററവരെ, എന്നെ വിട്ടകന്നു് നിത്യനരകത്തിലേയ്ക്കു പോകുവിൻ'' എന്ന അവസാന വചനം കേൾക്കുന്നതു് അധികം കട്ടപ്പമാണു്.

എന്തുകൊണ്ടെന്നാൽ, ഇപ്പോൾ കുരിശിൻെറ വചനം സന്തോഷപൂവ്വം കേട്ട് അനുസരിക്കുന്നവർ അന്നു് നിത്യശിക്ഷ വിധികേട്ട് ഭയപ്പെടുകയില്ല.

തിരുനാഥൻ വിധിക്കാൻ വരുമ്പോൾ, കുരിശിൻെറ ഈ അടയാളം ആകാശത്തുണ്ടായിരിക്കും.

അപ്പോൾ ഈ ജീവിതത്തിൽ, കുരിശിൽ മരിച്ച തിരുനാഥനോട്ട് അനുരൂപരായിരുന്ന കുരിശിൻെറ ദാസന്മാരെല്ലാം വിധികർത്താവായ മിശിഹായുടെ പക്കൽ വലിയ വിശ്വാസത്തോടെ അടുത്തുചെല്ലും.

2. ആകയാൽ നീ എന്തുകൊണ്ട് സ്വർഗ്ഗരാജ്യത്തിലേക്ക് നയിക്കുന്ന നിൻെറ കുരിശിനെ എടുക്കാൻ ഭയപ്പെടുന്നു?

കുരിശിൽ രക്ഷയുണ്ട്; കുരിശിൽ ആയുസ്സുണ്ട്.; ശത്രുക്കളിൽനിന്നുള്ള സംരക്ഷണവും കുരിശിലുണ്ട്.

കുരിശിൽനിന്നാകുന്നു, സ്വർഗ്ഗീയമാധുര്യം ഒഴുകിവരുന്നത്. കുരിശിലാകുന്നു, മനസ്സിൻെറ ധൈര്യവും ആത്മാവിൻെറ സന്തോഷവും.

പുണ്യങ്ങളുടെ പൂർണ്ണതയും വിശുദ്ധിയുടെ പൂർത്തിയും കുരിശിൽത്തന്നെയത്രേ; കുരിശിലല്ലാതെ ആത്മാവിൻെറ രക്ഷയോ നിത്യജീവൻെറ ആശയോ ഇല്ല.

ആകയാൽ നിൻെറ കുരിശെടുത്ത് ഈശോയുടെ പിറകേ ചെല്ലുക; എന്നാൽ നീ നിത്യായുസ്സിൽ ചെന്നെത്തും.

കുരിശു ചുമന്നുകൊണ്ട് ഈശോ മുൻപേ പോയിട്ടുണ്ട്; നിനക്കുവേണ്ടി കുരിശിൽ മരിക്കയും ചെയ്തു. ഇത്, നീയും നിൻെറ കുരിശു ചുമക്കാനും കുരിശിൽ മരിക്കാനും ഇഷ്ടപ്പെടുന്നതിനായിട്ടാണ്.

എന്തുകൊണ്ടെന്നാൽ, നീ ഈശോയോടുകൂടെ മരിക്കുന്നെങ്കിൽ തന്നോടുകൂടെ ജീവിക്കയും ചെയ്യും. പീഡാനുഭവങ്ങളിൽ പങ്കാളികളായിരുന്നാൽ മഹിമയിലും ഓഹരിക്കാരനാകും.

3. കണ്ടാലും! കുരിശിൽ എല്ലാം ഉണ്ട്. മരിക്കുന്നതിൽ സകലവും അടങ്ങിയിരിക്കുന്നു. വിശുദ്ധ കുരിശിൻേറയും പ്രതിദിന ആശാനിഗ്രഹത്തിൻേറയും വഴിയല്ലാതെ ജീവനും സത്യവുമായ ആന്തരിക സമാധാനവും പ്രാപിക്കാൻ മററുവഴിയില്ല.

നിനക്കിഷ്ടമുള്ള വഴിയൊക്കെ നടക്കുക; നിനക്കിഷ്ടമുള്ള തൊക്കെ അന്വേഷിക്കുക; എങ്കിലും വിശുദ്ധ കുരിശിൻെറ വഴിയേക്കാൾ ഉയൎന്ന ഒരു വഴി മീതേയും, അപകടം കുറഞ്ഞതു് കീഴേയും നീ കാണുകയില്ല.

എല്ലാക്കാൎയ്യങ്ങളും നിൻെറ ഇഷ്ടംപോലെയും നിൻെറ ദൃഷ്ടിയിൽ തോന്നുന്ന രീതിയിലും ക്രമപ്പെടുത്തുക. എന്നാലും മനസ്സോടുകൂടിയോ മനസ്സില്ലാതേയോ എപ്പോഴും വല്ലതും സഹിക്കാൻ നിനക്കുണ്ടാകാതിരിക്കയില്ല; ഇങ്ങനെ എല്ലായ്പോഴും നീ കുരിശിനെ കണ്ടെത്തുകയും ചെയ്യും.

ഒന്നുകിൽ നീ ശരീരത്തിൽ വല്ല വേദനയും അനുഭവിക്കും. അതല്ലെങ്കിൽ നിനക്കു് മനസ്സിൽ ക്ലേശം ഉണ്ടാകും.

4. ചിലപ്പോൾ ദൈവം നിന്നെ ഉപേക്ഷിച്ചുകളയും; മററു ചിലപ്പോൾ അയൽക്കാർ നിന്നെ ഉപദ്രവിക്കും; എന്നാൽ പലപ്പോഴും നീ നിനക്കുതന്നെ അതിലധികം ഉപദ്രവകാരിയായിരിക്കും.

പക്ഷേ, ദൈവം തിരുമനസ്സാകുന്നതുവരെ നീ അതു സഹിക്കണം. യാതൊരാശ്വാസവുമില്ലാതെ നീ ഞെരുക്കം അനുഭവിക്കാൻ പഠിക്കണമെന്നാണു് ദൈവത്തിൻെറ തിരുമനസ്സു്.

നീ പൂൎണ്ണമായി നിന്നെത്തന്നെ ദൈവത്തിനു കീഴ്പ്പെടുത്തി ഞെരുക്കം വഴിയായി നിന്നെ അധികം എളിമയുള്ളവനാക്കണമെന്നും ദൈവം തിരുമനസ്സായിരിക്കുന്നു.

മിശിഹാ സഹിച്ചതുപോലെയുള്ള കഷ്ടതകൾ സഹിച്ചവനല്ലാതെ, മററാൎക്കും തൻെറ പീഡാനുഭവങ്ങൾ അത്ര ഹൃദയാകൎഷകമായി ബോധ്യപ്പെടുകയില്ല.

ആകയാൽ കുരിശു് എപ്പോഴും തയ്യാറുണ്ടു്. അതു് എല്ലായിടത്തും നിന്നെ കാത്തിരിക്കയും ചെയ്യുന്നു.

നീ എങ്ങോട്ടോടിയാലും അതിനെ വിട്ടൊഴിയാൻ സാധിക്കയില്ല; എന്തുകൊണ്ടെന്നാൽ, നീ എവിടെപ്പോയാലും നിന്നെത്തന്നെ നീ കൂടെക്കൊണ്ടുപോകയും, സദാ നിന്നെത്തന്നെ

കാണുകയും ചെയ്യും.

നീ മേലോട്ടോ കീഴോട്ടോ, പുറത്തേയ്ക്കോ അകത്തേയ്ക്കോ തിരിഞ്ഞാലും അവിടെയെല്ലാം നീ കുരിശു കാണും.

ആന്തരികമായ സമാധാനം അനുഭവിക്കുന്നതിനും നിത്യമായ സമ്മാനത്തിന് അർഹനാകുന്നതിനും നിനക്കാഗ്രഹമുണ്ടെങ്കിൽ നീ എല്ലായിടത്തും ക്ഷമ പാലിക്കേണ്ടതു് ആവശ്യമാകുന്നു.

5. നീ കുരിശിനെ സന്തോഷ പൂർവ്വം ചുമന്നാൽ അതു നിന്നെ വഹിക്കയും, നീ ആഗ്രഹിക്കുന്ന അന്ത്യത്തിലേയ്ക്കു്, അതായതു് ഈ ലോകത്തു് കഷ്ടപ്പാടിനു് അതിർത്തിയില്ലെങ്കിൽ അതുള്ളിടത്തേക്കു് നിന്നെ കൊണ്ടുപോകയും ചെയ്യും.

നീ മനസ്സില്ലാതെ അതിനെ ചുമന്നാൽ നീ അതിനെ നിനക്കൊരു വലിയ ഭാരമാക്കിത്തീർക്കും; എന്നുവരികിലും നീ അതിനെ വഹിക്കയും വേണം.

നീ ഒരു കുരിശു് ദൂരെ എറിഞ്ഞുകളഞ്ഞാൽ മറെറാന്നിനെ കണ്ടെത്തും, സംശയമില്ല. ഒരുപക്ഷേ അതു ഭാരമേറിയതുമായിരിക്കാം.

6. മർത്ത്യനായ യാതൊരുവനും വിട്ടുമാറാൻ കഴിയാത്തതിൽനിന്നു്, നിനക്കൊഴിഞ്ഞുമാറാമെന്നു് നീ വിശ്വസിക്കുന്നോ? പുണ്യവാന്മാരിൽ ആക്കാണു് കുരിശും കഷ്ടതകളും ഇല്ലാതെ ഈ ലോകത്തു് ജീവിക്കാൻ കഴിഞ്ഞതു്?

നമ്മുടെ തിരുനാഥനായ ഈശോമിശിഹാ ജീവിച്ചിരുന്ന കാലത്തോളം ഒരു മണിക്കൂറെങ്കിലും കഷ്ടപ്പാടുകൊണ്ടുള്ള ദുഃഖം അനുഭവിക്കാതിരുന്നിട്ടില്ല. മിശിഹാ പീഡകൾ സഹിച്ചു് മരിച്ചവരിൽനിന്നുയിർക്കയും അങ്ങനെ തൻെറ മഹിമയിൽ പ്രവേശിക്കയും ചെയ്യേണ്ടതായിരുന്നു എന്നു താൻ പറയുന്നു.

അതുകൊണ്ടു് ഈ രാജപാതയായ വിശുദ്ധ കുരിശിൻെറ വഴിയല്ലാതെ വേറെ ഏതെങ്കിലുംവഴി നീ അന്വേഷിക്കുന്നതെങ്ങിനെ?

7. മിശിഹായുടെ ജീവിതം മുഴുവനും കുരിശും രക്തസാക്ഷിതപവുമായിരുന്നു; നീയാകട്ടെ നിനക്കു് ആശപാസവും സന്തോഷവും അന്വേഷിക്കുന്നു.

നിനക്കു് തെററിപ്പോയി; കഷ്ടതകൾ സഹിക്കാനല്ലാതെ മറെറന്തെങ്കിലും നീ അന്വേഷിച്ചെങ്കിൽ നിനക്കുതെററിപ്പോയി; എന്തുകൊണ്ടെന്നാൽ ഈ മർത്ത്യജീവിതം മുഴുവനും കഷ്ടതകൾ നിറഞ്ഞതാണു്; ഇതിനെ കുരിശുകൾ ആവരണം ചെയ്തുമിരിക്കുന്നു.

ഒരു മനുഷ്യൻ എത്രത്തോളം ഉയൎന്ന പുണ്യാഭിവൃദ്ധിയിൽ എത്തിയിട്ടുണ്ടോ അത്ര കഠിനമായ കുരിശുകളെ അവൻ പലപ്പോഴും കണ്ടിട്ടുമുണ്ടു്; എന്തെന്നാൽ, അവൻ സ്നേഹത്തിൽ എത്രമാത്രം വൎദ്ധിക്കുമോ അത്രമാത്രം താൻ പരദേശത്താണെന്നുള്ള പീഡാനുഭവം അവനുണ്ടായിരിക്കും.

8. പക്ഷേ, ഇങ്ങനെ പല പ്രകാരത്തിലുള്ള പീഡകൾ അനുഭവിക്കുന്ന മനുഷ്യൻ ആശപാസത്തിൻെറ പരിശാന്തി തീരെ ഇല്ലാത്തവനല്ല; എന്തെന്നാൽ, തൻെറ കുരിശുകൾ സഹിക്കുന്നതിൽനിന്നും വലിയ ഫലം തനിക്കു കിട്ടുമെന്നു് അവനു അനുഭവപ്പെടും.

എന്തുകൊണ്ടെന്നാൽ, അവൻ സപമനസ്സാലെ അതിനു തന്നെത്താൻ കീഴ്പ്പെടുമ്പോൾ, കഷ്ടതകളുടെ ഭാരം മുഴുവനും ദൈവികാശപാസം ലഭിക്കുമെന്നുള്ള പ്രത്യാശയായി മാററുന്നു.

പീഡാനുഭവത്താൽ ശരീരം എത്രയധികം തകരുന്നുവോ അത്രയധികം ആത്മാവു് ആന്തരികവശത്താൽ ശക്തി പ്രാപിക്കയും ചെയ്യുന്നു.

എന്നല്ല, ചിലപ്പോൾ മിശിഹായുടെ കുരിശിനോടു് അനുരൂപപ്പെടുവാനുള്ള ആഗ്രഹംമൂലം കഷ്ടതകളും ഞെരുക്കങ്ങളും ഇല്ലാതിരിക്കരുതെന്നു് ആഗ്രഹിക്കത്തക്കവണ്ണം പീഡാനുവത്തിലും ഞെരുക്കങ്ങളിലുമുള്ള താല്പര്യത്തിൻെറ ഫലമാ

യി ആത്മശക്തി പ്രാപിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിനുവേണ്ടി എത്ര വളരെ വിഷമതകൾ സഹിക്കാൻ കഴിയുമോ അത്രയധികം തനിക്കു പ്രിയപ്പെട്ടവനാകുമെന്നു് അവൻ വിശ്വസിക്കുന്നു.

പ്രകൃത്യാ ഒരു മനുഷ്യൻ എപ്പോഴും വെറുത്തുപേക്ഷിക്കുന്നതിനെ ആത്മാവിൻെറ ശക്തിയാൽ സ്വീകരിച്ചു സ്നേഹിക്കത്തക്കവണ്ണം, ബലഹീനമായ ജഡത്തിൽ ഇത്ര മഹത്തായവിധം പ്രാപിക്കുന്നതു് മനുഷ്യൻെറ ശക്തിയല്ല; പ്രത്യുത, മിശിഹായുടെ പ്രസാദവരമാകുന്നു.

9. കുരിശു ചുമക്കുക; കുരിശിനെ സ്നേഹിക്കുക; ശരീരത്തെ പീഡിപ്പിച്ചു് അതിനെ കീഴടക്കുക; ബഹുമാനങ്ങളിൽനിന്നു് ഓടി രക്ഷപ്പെടുക; നിന്ദകളെ സന്തോഷപൂർവ്വം സഹിക്കുക; തന്നത്താൻ വെറുക്കുക; ശേഷംപേരും വെറുക്കണമെന്നാഗ്രഹിക്കുക; എല്ലാ അനൎത്ഥങ്ങളും നഷ്ടങ്ങളും സഹിക്കുക; ഈ ലോകത്തിൽ യാതൊരഭിവൃദ്ധിയും ആഗ്രഹിക്കാതിരിക്കുക ഇവയൊന്നും മനുഷ്യസ്വഭാവത്തിനു യോജിക്കുന്നതല്ല.

നീ നിന്നിലേക്കുതന്നെ നോക്കിയാൽ, ഇതൊന്നും നിന്നെക്കൊണ്ടു സാധിക്കയില്ലെന്നു മനസ്സിലാകും.

എന്നാൽ നീ തിരുനാഥനെ ആശ്രയിച്ചാൽ സ്വൎഗ്ഗത്തിൽനിന്നു് ധൈര്യം കിട്ടും; ലോകവും ജഡവും നിൻെറ ആധിപത്യത്തിൻകീഴാകയും ചെയ്യും.

നിനക്കു് വിശ്വാസമെന്ന ആയുധം ഉണ്ടായിരിക്കയും കുരിശു നിൻെറ അടയാളമായിരിക്കയും ചെയ്താൽ, ശത്രുവായ പിശാചിനെപ്പോലും നീ ഭയപ്പെടേണ്ട.

10. ആകയാൽ മിശിഹായുടെ നല്ല വിശ്വസ്തദാസനെപ്പോലെ, നിനക്കുവേണ്ടി സ്നേഹത്താൽ കുരിശിൽ തൂങ്ങിമരിച്ച നിൻെറ തിരുനാഥൻെറ കുരിശുചുമക്കാൻ നീ ഒരുങ്ങിക്കൊള്ളുക.

ഈ നിർഭാഗ്യജീവിതത്തിൽ വളരെ കഷ്ടതകളും പലതരത്തിലുള്ള ഉപദ്രവങ്ങളും സഹിക്കാൻ നിന്നെത്തന്നെ തയ്യാറാക്കുക; എന്തുകൊണ്ടെന്നാൽ നീ എവിടെയായിരുന്നാലും അവ നിന്റെകൂടെ ഉണ്ടായിരിക്കും; നീ എവിടെപ്പോയി ഒളിച്ചാലും നിന്നെ നിശ്ചയമായും അവ പിടികൂടും.

ഇതു് അപ്രകാരമായേ മതിയാവൂ. ഞെരുക്കവും ദുഃഖവും ക്ഷമയോടെ സഹിക്കുകയല്ലാതെ അവയിൽനിന്നു് ഒഴിയാൻ മാർഗ്ഗമില്ല.

നീ തിരുനാഥന്റെ സ്നേഹിതനായി തന്നോടുകൂടെ ഓഹരി ലഭിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തന്റെ പാനപാത്രത്തിൽനിന്നു് സന്തോഷപൂർവ്വം കുടിക്കുക.
ആശ്വാസങ്ങൾ ദൈവത്തെ ഏല്പിക്കുക; ഇഷ്ടംപോലെ താൻ അവയെ പ്രയോഗിച്ചുകൊള്ളട്ടെ.

നീ ചെയ്യേണ്ടതു് ഞെരുക്കങ്ങൾ സഹിക്കുവാനു തയ്യാറായിരിക്കയാണു്. അവയെ വലിയ ആശ്വാസങ്ങളായും ഗണിക്കുക. എന്തുകൊണ്ടെന്നാൽ അവയെല്ലാം സഹിക്കാൻ നിനക്കു സാധിച്ചാലും ഇക്കാലത്തെ കഷ്ടതകൾ നമ്മിൽ വെളിപ്പെടുവാനുള്ള മഹിമയോടു് തുല്യപ്പെടുത്താവുന്നതല്ല.

11. ഞെരുക്കങ്ങൾ നിനക്കു് മധുരമായിരിക്കയും മിശിഹായെപ്രതി നീ അവയെ ആസ്വദിക്കയും ചെയ്യുന്ന സ്ഥിതിയിൽ നീ എത്തിച്ചേരുമ്പോൾ, നിന്റെ നില നന്നായിരിക്കുന്നു എന്നു് വിശ്വസിച്ചുകൊള്ളുക: എന്തുകൊണ്ടെന്നാൽ നീ ഭൂമിയിൽ ഒരു പറുദീസ കണ്ടെത്തിയിരിക്കുന്നു.

കഷ്ടാനുഭവങ്ങൾ നിനക്കു് ഭാരമായി തോന്നുകയും നീ അവയെ വിട്ടൊഴിയാൻ ശ്രമിക്കുകയും ചെയ്യുന്ന കാലമെല്ലാം നിന്റെ സ്ഥിതി ദോഷമാണു്. നീ വിട്ടൊഴിയാൻ ശ്രമിക്കുന്ന ഞെരുക്കങ്ങൾ എല്ലായിടത്തും നിന്നെ പിൻതുടരുകയും ചെയ്യും.

12. നീ ചെയ്യേണ്ടതു ചെയ്വാൻ ഒരുങ്ങുകയാണെങ്കിൽ, അതായതു് പീഡാനുഭവങ്ങൾക്കും മരണത്തിനും തയ്യാറായാൽ, നീ ശീഘ്രം നല്ലനിലയിലെത്തും; സമാധാനം കണ്ടെത്തുകയും ചെയ്യും.

വി. പൗലോസിനോടൊരുമിച്ച് നീ സ്വർഗ്ഗത്തിന്റെ മൂന്നാംതട്ടുവരെ കരേറിയാലും, അതുനിമിത്തം ഒരു വിരുദ്ധതയും സഹിക്കാനില്ലാത്ത ഉറപ്പുള്ള സ്ഥിതിയിൽ നീ എത്തുകയില്ല. ''എന്റെ നാമത്തെപ്രതി എത്രമാത്രം സഹിക്കാനുണ്ടെന്നു് ഞാൻ അയാളെ കാണിക്കും'' എന്നാണു് ഈശോ അരുളിച്ചെയ്യുന്നതു്.

ആകയാൽ നീ ഈശോയെ സ്നേഹിക്കാനും തനിക്കു സദാ ശുശ്രൂഷ ചെയ്വാനും ആഗ്രഹിക്കുന്നുവെങ്കിൽ സഹനം ഒന്നുമാത്രം നിനക്കു് ശേഷിച്ചിരിക്കുന്നു.

13. ഈശോയുടെ നാമത്തെപ്രതി അല്പമെങ്കിലും സഹിക്കാൻ നീ യോഗ്യനായിരുന്നെങ്കിൽ നന്നായിരുന്നു. അതു നിനക്കു് എത്ര വലിയ മഹിമയായി ശേഷിച്ചേനേ. ദൈവത്തിന്റെ സകല വിശുദ്ധന്മാർക്കും അതെത്ര ആനന്ദവും അയല്ക്കാർക്കു് എത്ര നല്ല സുകൃതദൃഷ്ടാന്തവുമായിരുന്നേനേ!

സഹിക്കുന്നതിനുള്ള മനസ്സു് അധികംപേർക്കില്ലെങ്കിലും എല്ലാവരും ക്ഷമയെ കാര്യമായി ഗണിക്കാറുണ്ടു്.

പലരും ലോകത്തെപ്രതി വിഷമമായവ സഹിക്കുമ്പോൾ, മിശിഹായെപ്രതി അല്പമെങ്കിലും സഹിക്കേണ്ടതു് ന്യായമാണല്ലോ.

14. നീ മരിക്കുവാനായി ജീവിക്കണം എന്നു് നിശ്ചയമായും അറിഞ്ഞുകൊള്ളുക. എന്നാൽ ഒരു മനുഷ്യൻ തനിക്കുതന്നെ എത്രമാത്രം മരിക്കുന്നുവോ അത്രയ്ക്കു് ദൈവത്തിൽ ജീവിക്കാൻ തുടങ്ങുന്നു.

മിശിഹായെപ്രതി വിരോധങ്ങൾ സഹിക്കുവാൻ തന്നെത്താൻ കീഴ്പ്പെടുത്തുന്നവനല്ലാതെ, ആർക്കും സ്വർഗ്ഗീയകാര്യ

ങ്ങൾ ഗ്രഹിക്കാൻ യോഗ്യതയുണ്ടാകയില്ല.

മിശിഹായെപ്രതി സന്തോഷപൂർവ്വം സഹിക്കുന്നതിനേക്കാൾ, ദൈവത്തിനു അധികം സ്വീകാര്യമോ, നിനക്കു അധികം രക്ഷാകരമോ ആയി ഒന്നും ഇഹലോകത്തിലില്ല.

നിനക്കു തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ വളരെ ആശ്വാസങ്ങളാൽ ആനന്ദം അനുഭവിക്കുന്നതിനെക്കാൾ, മിശിഹായെപ്രതി വിരോധങ്ങൾ സഹിക്കാൻ നീ ആഗ്രഹിക്കണം. എന്തുകൊണ്ടെന്നാൽ, അപ്പോൾ നീ മിശിഹായോടു കൂടുതൽ തുല്യതയുള്ളവനും എല്ലാ വിശുദ്ധന്മാരോടും കൂടുതൽ ആനുരൂപ്യമുള്ളവനുമാകും.

നമ്മുടെ യോഗ്യതയും നമ്മുടെ സ്ഥിതിയുടെ അഭിവൃദ്ധിയും വളരെ ആനന്ദത്തിലും ആശ്വാസങ്ങളിലുമല്ല അടങ്ങിയിരിക്കുന്നതു; പ്രത്യുത വലിയ വിഷമതകളും കഷ്ടതകളും അനുഭവിക്കുന്നതിലാണു.

15. സഹിക്കുന്നതിനേക്കാൾ മനുഷ്യരക്ഷയ്ക്കു അധികം നല്ലതും പ്രയോജനകരവുമായി എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായും മിശിഹാ അതു വചനത്താലും ദൃഷ്ടാന്തത്താലും നമുക്കു കാട്ടിത്തന്നേനെ.

എങ്ങനെയെന്നാൽ തന്നെ അനുഗമിച്ച ശിഷ്യന്മാരോടും തന്നെ അനുഗമിക്കുന്നതിനാഗ്രഹിക്കുന്ന എല്ലാവരോടും കുരിശു ചുമക്കുവാൻ സ്പഷ്ടമായി താൻ ഉപദേശിക്കുന്നു. "എന്റെ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശെടുത്തു എന്റെ പിന്നാലെ വരട്ടെ."

അതിനാൽ എല്ലാം വായിച്ചു പരിശോധിച്ചിട്ടുള്ള അനുമാനം ഇതായിരിക്കട്ടെ. "നാം അനവധി സങ്കടങ്ങൾ വഴിയായി ദൈവരാജ്യത്തു പ്രവേശിക്കേണ്ടതാകുന്നു."

ആഭ്യന്തരജീവിതത്തിലേയ്ക്കു നയിക്കുന്ന ഉപദേശങ്ങൾ സമാപിച്ചിരിക്കുന്നു.

(പുസ്തകം III. അദ്ധ്യായം 4; 12; 16; 17.)

സത്യത്തിലും എളിമയിലും ജീവിക്കണം.

മകനേ, എൻെറ മുമ്പിൽ സത്യത്തിൽ വ്യാപരിക്കുക; നിൻെറ ഹൃദയപരമാർത്ഥതയോടുകൂടെ എന്നെ എപ്പോഴും അന്വേഷിക്കയും ചെയ്ക.

എൻെറ മുമ്പിൽ സത്യത്തിൽ വ്യാപരിക്കുന്നവൻ തിന്മകളുടെ ആക്രമണത്തിൽനിന്നു രക്ഷപ്രാപിക്കും; സത്യം അവനെ വഞ്ചകരിൽനിന്നും ദുഷ്ടന്മാരുടെ അപവാദങ്ങളിൽനിന്നും സ്വതന്ത്രനാക്കുകയും ചെയ്യും.

സത്യം നിന്നെ സ്വതന്ത്രനാക്കുന്നെങ്കിൽ നീ സാക്ഷാൽ സ്വതന്ത്രനായിരിക്കും. നീ മനുഷ്യരുടെ വ്യർത്ഥമായ വാക്കുകളെ വകവയ്ക്കുകയുമില്ല.

ശിഷ്യർ-തിരുനാഥാ, അതു സത്യമാകുന്നു. നീ പറയുന്നതുപോലെ എനിക്കു സംഭവിക്കട്ടെ എന്നു ഞാനപേക്ഷിക്കുന്നു; നിൻെറ സത്യം എന്നെ പഠിപ്പിക്കട്ടെ. അതു് എന്നെ സംരക്ഷിക്കട്ടെ, ശുഭമായ അന്ത്യംവരെ അതു് എന്നെ പരിപാലിക്കയും ചെയ്യട്ടെ.

അതു് എല്ലാ ദുരാശകളിൽനിന്നും ക്രമമില്ലാത്ത സ്നേഹത്തിൽനിന്നും എന്നെ മോചിപ്പിക്കും. ഞാൻ നിൻെറകൂടെ വലിയ ഹൃദയസ്വാതന്ത്ര്യത്തോടെ നടക്കയും ചെയ്യും.

മിശിഹാ-2. ശരിയായിട്ടുള്ളവയും എൻെറ ദൃഷ്ടിയിൽ ഇഷ്ടമുള്ളവയും ഞാൻ നിന്നെ പഠിപ്പിക്കാമെന്നു "സത്യം" അരുളിച്ചെയ്യുന്നു. മഹാ വെറുപ്പോടും ദുഃഖത്തോടുംകൂടെ നിൻെറ പാപങ്ങളെക്കുറിച്ചു ചിന്തിക്കുക; നിൻെറ നല്ല പ്രവൃത്തികൾ നിമിത്തം നീ വളരെ നല്ലവനാണെന്നു് ഒരിക്കലും വിചാരിക്കയുമരുതു്.

യഥാർത്ഥത്തിൽ നീ പാപിയാണു്. പല ദുരാശകൾക്കും അടിമപ്പെട്ടു് അവയിൽ കുടുങ്ങിയിരിക്കുന്നവനുമാണു്.

നീ സ്വയമേവ ഇല്ലായ്മയിലേയ്ക്കു സദാ നീങ്ങിക്കൊണ്ടിരിക്കുന്നു; നീ വേഗം വീഴും, വേഗം തോല്ക്കും, പരിഭ്രമിക്കും, മുഴുവനായി തകൎന്നുപോകയും ചെയ്യും.

നിനക്കു അഭിമാനിക്കുവാൻ കഴിയുന്നതായി ഒന്നുമില്ല; എന്നാൽ അവമാനകരമായ പലതുമുണ്ടു്. എന്തെന്നാൽ, നിനക്കു മനസ്സിലാക്കാൻ കഴിയുന്നതിനെക്കാൾ വളരെ അധികം ബലഹീനനാണു് നീ.

അതുകൊണ്ടു് നീ ചെയ്യുന്നതൊന്നും വല്യതായി ഗണിക്കരുതു്.

നിത്യമല്ലാത്തതൊന്നും മഹത്തും, വിലയേറിയതും, അത്ഭുതകരവും, ബഹുമാനത്തിനു യോഗ്യവും, ഉൽകൃഷ്ടവും, സാക്ഷാൽ ശ്ലാഘനിയവും, അഭിലഷണീയവുമല്ല.

എല്ലാററിനുമുപരിയായി നിത്യസത്യം നിനക്കിഷ്ടമുള്ളതായിരിക്കട്ടെ. നിന്റെ മഹാനികൃഷ്ടത സദാ നിനക്കിഷ്ടമില്ലാത്തതുമായിരിക്കട്ടെ.

നിന്റെ ദുർഗ്ഗുണങ്ങളേയും പാപങ്ങളേയുംപോലെ മറെറാന്നിനേയും അത്രയധികം ഭയപ്പെടുകയും ശാസിക്കയും വേണ്ട. എന്തെന്നാൽ, ഏതു വസ്തുക്കളുടേയും നഷ്ടത്തെക്കാളും നിനക്കു് അവ അനിഷ്ടമായിരിക്കേണ്ടവയാകുന്നു.

ചിലർ പരമാത്ഥതയോടെ എന്റെ മുമ്പിൽ വ്യാപരിക്കുന്നില്ല; പ്രത്യുത, എന്തോ കൗതുകപ്രിയത്തിൻേറയും അഹങ്കാരത്തിൻേറയും പ്രേരണയിൽപ്പെട്ടു്, എന്റെ രഹസ്യങ്ങളും ദൈവത്തിന്റെ ഉന്നതകാൎയ്യങ്ങളും അറിവാനാഗ്രഹിക്കുന്നു; തങ്ങളേയും തങ്ങളുടെ രക്ഷയേയും അവഗണിച്ചാണു് അവർ ഇങ്ങനെ ചെയ്യുന്നതു്.

ഞാൻ ഇത്തരക്കാൎക്കെതിരാകയാൽ അവർ പലപ്പോഴും തങ്ങളുടെ അഹങ്കാരവും, കൌതുകപ്രിയവും നിമിത്തം വലിയ പരീക്ഷകളിലും പാപങ്ങളിലും അകപ്പെട്ടുപോകുന്നു.

4. ദൈവത്തിൻെറ വിധികളെ ഭയപ്പെടുക; സർവ്വശക്തൻെറ കോപത്തെ ഭയന്നു് അടങ്ങുക. എന്നാൽ അത്യുന്നതൻെറ പ്രവൃത്തികളെ പരിശോധിക്കേണ്ട; പ്രത്യുത, നിൻെറ പാപങ്ങളെ പരിചിന്തനം ചെയ്തു് ഏതെല്ലാംവിധത്തിൽ പാപം ചെയ്തെന്നും എത്ര വലിയ നന്മകൾ അശ്രദ്ധയാൽ വിട്ടുകളഞ്ഞെന്നും പരിശോധിക്കുക.

ചിലരുടെ ഭക്തി അവരുടെ പുസ്തകങ്ങളിൽ മാത്രവും മററു് ചിലരുടേതു് രൂപങ്ങളിലും, വേറേ ചിലരുടേതു് ബാഹ്യമായ അടയാളങ്ങളിലും, പടങ്ങളിലും വെച്ചുകൊണ്ടു നടക്കുന്നു.

ചിലരുടെ നാവിൽ ഞാനുണ്ടു്; എന്നാൽ അവരുടെ ഹൃദയത്തിൽ മിക്കവാറും ഇല്ല.

വേറെ ചിലരുണ്ടു്; അവരുടെ ബുദ്ധി പ്രകാശം പ്രാപിച്ചു ഹൃദയം ശുദ്ധമായിരിക്കുന്നു. അവർ നിത്യമായവയെ സദാ ആഗ്രഹിക്കുകയും, ലൗകികകാര്യങ്ങളെപ്പററി കേൾക്കുവാൻ മനസ്സില്ലാത്തവരായിരിക്കയും, സ്വാഭാവികാവശ്യങ്ങൾക്കു് വശംവദരായാൽ സങ്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരമുള്ളവർ സത്യത്തിൻെറ ആത്മാവു് അവരിൽ സംസാരിക്കുന്നതു ഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, ലൗകികകാര്യങ്ങളെ വെറുത്തു് സ്വർഗ്ഗീയകാര്യങ്ങളെ സ്നേഹിക്കുന്നതിനും, ലോകത്തെ അവഗണിച്ചു് രാപ്പകൽ മുഴുവനും സ്വർഗ്ഗത്തെ ആഗ്രഹിക്കുന്നതിനും അതു് അവരെ പഠിപ്പിക്കുന്നു.

## ക്ഷമ അഭ്യസിക്കണം.

ശിഷ്യൻ—ദൈവമായ തിരുനാഥാ, എനിക്കു ക്ഷമ വളരെ ആവശ്യമാണെന്നു ഞാൻ കാണുന്നു. എന്തെന്നാൽ, ഈ ജീവിതത്തിൽ അനേകം അനത്ഥങ്ങൾ നേരിടുന്നു.

എൻെറ സമാധാനത്തിനായി ഞാൻ എന്തെല്ലാം ചെയ്താലും എൻെറ ജീവിതം യുദ്ധവും സങ്കടവുമില്ലാതാക്കാൻ കഴിയുന്നില്ല.

മിശിഹാ-2. മകനേ, അതു ശരിയാണു്. എന്നാൽ പ്രലോഭനങ്ങളില്ലാത്തതോ അനത്ഥങ്ങൾ നേരിടാത്തതോ ആയ സമാധാനം നീ അന്വേഷിക്കരുതെന്നാണു് എൻെറ ആഗ്രഹം. നീ പലവിധ അനത്ഥങ്ങൾ സഹിക്കയും പല വിപത്തുകൾ നിന്നെ പരിശോധിക്കയും ചെയ്യുമ്പോൾ, അപ്പോഴും നിനക്കു സമാധാനം കിട്ടിയിരിക്കുന്നു എന്നു വിചാരിച്ചുകൊള്ളുക.

നിനക്കധികം സഹിക്കാൻ സാധിക്കയില്ലെന്നു നീ പറയുന്നെല്ലിൽ ശുദ്ധീകരണസ്ഥലത്തെ അഗ്നി നീ എങ്ങനെ സഹിക്കും?

രണ്ടു തിന്മകളിൽവെച്ചു് കുറഞ്ഞതിനെവേണം എപ്പോഴും തെരഞ്ഞെടുക്കാൻ.

ആകയാൽ വരാനിരിക്കുന്ന നിത്യശിക്ഷയിൽനിന്നു രക്ഷപ്പെടാൻ താല്ക്കാലിക തിന്മകളെ ദൈവത്തെപ്രതി ക്ഷമാപൂർവ്വം സഹിക്കാൻ ശ്രമിക്കുക.

പ്രാപഞ്ചികന്മാർ ഒട്ടും സഹിക്കുന്നില്ല. അഥവാ കുറച്ചു മാത്രമേ സഹിക്കുന്നുള്ളൂ എന്നാണോ നീ വിചാരിക്കുന്നതു്? ഏററവും സുഖമായി ജീവിക്കുന്നവരുടെപോലും അനുഭവം ഇങ്ങനെയല്ലെന്നു് അന്വേഷിക്കുമ്പോൾ നിനക്കു മനസ്സിലാകും.

3. പക്ഷേ, അവക്കു പല സന്തോഷങ്ങളുണ്ടു്, അവർ അവരുടെ ഇഷ്ടാനുസരണം ജീവിക്കുന്നു. ആകയാൽ അവരുടെ കഷ്ടതകളെ അവർ ഗണിക്കുന്നില്ല എന്നു നീ പറയും.

4. അങ്ങനെയാണെന്നു വയ്ക്കുക; അവക്കു ഇഷ്ടമുള്ളതെല്ലാം ഉണ്ടായിരിക്കട്ടെ. പക്ഷേ അതെത്ര നാളത്തേക്കാ

ണെന്നാണു് നീ വിചാരിക്കുന്നതു്?

കണ്ടാലും, ഈ ലോകത്തിൽ ധനസമൃദ്ധിയുള്ളവർ പുക പോലെ ക്ഷയിച്ചുപോകും; കഴിഞ്ഞുപോയ അവരുടെ സന്തോഷങ്ങളുടെ ഓർമ്മപോലും ഉണ്ടാകയില്ല.

എന്നാൽ അവർ ജീവിച്ചിരുന്നപ്പോൾ തന്നെയും, കയ്പും മടുപ്പും ഭയവും കൂടാതെയല്ല, അവർ അവയിൽ ആശ്വസിച്ചിരുന്നതു്.

എന്തുകൊണ്ടെന്നാൽ, അവക്കു് ഏതു സംഗതികൾ ആനന്ദപ്രദങ്ങളായിരുന്നുവോ അവയിൽനിന്നുതന്നേ അവക്കു പലപ്പോഴും ദുഃഖമുണ്ടായി. അവർ പീഡയനുഭവിച്ചിരുന്നു.

അവക്കു ന്യായപൂർവ്വം അങ്ങനെ സംഭവിച്ചു; അവർ സന്തോഷങ്ങളെ ക്രമമില്ലാതെ അന്വേഷിച്ചു് അവയുടെ പിന്നാലെ പോയതിനാൽ, ലജ്ജയും കയ്പും കൂടാതെ അവയെ അനുഭവിച്ചിരുന്നില്ല.

ഓ എത്രവേഗം കഴിഞ്ഞുപോകുന്നവയും, ചതിചെയ്യുന്നവയും, ക്രമംകെട്ടവയും, ലജ്ജാവഹങ്ങളുമാണു് ഇവയെല്ലാം!

എന്നുവരികിലും, സുഖസന്തോഷലഹരിയാലും, അന്ധതയാലും അവർ ഇതറിയുന്നില്ല; മിണ്ടാപ്രാണികളെപ്പോലെ നശിച്ചുപോകുന്ന ജീവിതത്തിലെ അല്പസന്തോഷത്തെപ്രതി അവർ ആത്മാവിൻെറ മരണത്തിന്നിടയാക്കുന്നു.

ആകയാൽ മകനേ, നീ നിൻെറ ദുർമ്മോഹങ്ങളുടെ പിന്നാലെ പോകാതെ, നിൻെറ മനസ്സിൽനിന്നു അവയെ അകററിക്കളയുക.

തിരുനാഥനിൽ ആനന്ദിക്കുക; താൻ നിൻെറ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ നിനക്കു സാധിപ്പിച്ചുതരും.

5. എന്തുകൊണ്ടെന്നാൽ നിനക്കു യഥാർത്ഥത്തിൽ ആനന്ദിക്കണമെന്നും എന്നിൽനിന്നു ധാരാളമായ ആശ്വാസം പ്രാപിക്കണമെന്നും ആഗ്രഹമുണ്ടെങ്കിൽ, ഇതാ ലൌകികങ്ങളായ സകലവും വെറുത്തു് നീചമായ എല്ലാ സന്തോഷങ്ങളേയും

ത്യജിക്കുന്നെങ്കിൽ, നിനക്കു് ആഗ്രഹം ലഭിക്കും, ധാരാളമായ ആശ്വാസം നിനക്കു കിട്ടുകയും ചെയ്യും.

സൃഷ്ടികളുടെയെല്ലാം ആശ്വാസത്തിൽനിന്നു നീ എത്രയധികം പിൻമാറുന്നുവോ, അത്രയധികം മാധുര്യവും ശക്തിയുമേറിയ ആശ്വാസങ്ങളും എന്നിൽ കാണും.

പക്ഷേ, ആദ്യമായി ദുഃഖവും സമരത്തിൻെറ അദ്ധ്വാനവും കൂടാതെ, ഇവ നിനക്കു പ്രാപിക്കാൻ കഴികയില്ല.

നിൻെറ പഴയ ശീലങ്ങൾ നിന്നോടു് എതിർക്കും. എന്നാൽ നല്ല ശീലങ്ങളാൽ അവയെ നീ ജയിക്കണം.

ശരീരം പിറുപിറുക്കും; എന്നാൽ ആത്മാവിൻെറ ശുഷ്കാന്തിയാൽ അതിനെ കീഴടക്കണം.

പഴയ സർപ്പം നിന്നെ പരീക്ഷിക്കുകയും ചെയ്യും. എന്നാൽ പ്രാർത്ഥനയാൽ അതിനെ ഓടിക്കണം. വിശിഷ്യ, പ്രയോജനകരമായ അദ്ധ്വാനം വഴിയായി, അവൻെറ പ്രവേശനത്തെ തടയുകയും ചെയ്യണം.

## യഥാർത്ഥമായ ആശ്വാസം ദൈവത്തിൽമാത്രം

ശിഷ്യൻ– എൻെറ ആശ്വാസത്തിനായി ഞാൻ ആഗ്രഹിക്കയോ ആലോചിക്കയോ ചെയ്യാൻ കഴിയുന്നതൊക്കെയും ഞാൻ പ്രതീക്ഷിക്കുന്നതു് ഇപ്പോഴല്ല, ഇനിമേലാണു്.

ലോകത്തിലെ ആശ്വാസങ്ങളെല്ലാം എനിക്കു മാത്രമുണ്ടായിരിക്കയും, എല്ലാ സന്തോഷങ്ങളും അനുഭവിക്കാൻ എനിക്കു സാധിക്കയും ചെയ്താലും, അവയ്ക്കു് അധികനാൾ നിലനില്ക്കാൻ സാധിക്കയില്ലെന്നുള്ളതു് നിശ്ചയമാണു്.

ആകയാൽ എൻെറ ആത്മാവേ, ദരിദ്രരെ ആശ്വസിപ്പിക്കുന്നവനും, എളിയവരെ സ്വീകരിക്കുന്നവനുമായ ദൈവത്തിലല്ലാതെ, മുഴുവനായ ആശ്വാസം പ്രാപിച്ചു് പൂർണ്ണമായി സന്തോഷിക്കാൻ നിനക്കു സാധിക്കയില്ല.

എന്റെ ആത്മാവേ, സ്വല്പനേരം പാൎത്തിരിക്ക; ദൈവത്തിന്റെ വാഗ്ദാനത്തെ കാത്തിരിക്ക; സ്വൎഗ്ഗത്തിൽ എല്ലാ നന്മകളും ധാരാളമായി നിനക്കു കിട്ടും.

ഈ താല്ക്കാലികങ്ങളായവയെ വളരെ ക്രമമല്ലാത്ത രീതിയിൽ നീ ആഗ്രഹിച്ചാൽ, നിത്യവും സ്വൎഗ്ഗീയവുമായവ നിനക്കു് നഷ്ടപ്പെടും

താല്ക്കാലികമായവയെ ഉപയോഗിക്കയും നിത്യമായവയെ ഗ്രഹിക്കയും ചെയ്ക.

ലൌകികമായ യാതൊരു നന്മകളും നിന്നെ തൃപ്തനാക്കുകയില്ല. ഇവയെ അനുഭവിക്കാനല്ല, നിന്നെ സൃഷ്ടിച്ചിരിക്കുന്നതു്.

2. സൃഷ്ടവസ്തുക്കളെല്ലാം തന്നെ നിനക്കുണ്ടായിരുന്നാലും നീ ഭാഗ്യവാനും സന്തുഷ്ടനുമാകയില്ല. പ്രസ്തുത, എല്ലാം സൃഷ്ടിച്ച ദൈവത്തിലാണു് നിന്റെ സമസ്തഭാഗ്യവും ആനന്ദവും അടങ്ങിയിരിക്കുന്നതു്.

ലോകത്തെ സ്നേഹിക്കുന്ന മഠയന്മാർ കാണുകയോ പ്രശംസിക്കുകയോ ചെയ്യുന്നതരത്തിലുള്ളതല്ല, പിന്നെയോ അതു് മിശിഹായുടെ വിശ്വസ്താനുയായികൾ പ്രതീക്ഷിക്കയും, അവരുടെ സംസൎഗ്ഗം സ്വൎഗ്ഗത്തിലാണെന്നു് ആരെക്കുറിച്ചു് പറയുന്നുവോ ആ ഭക്തരും ഹൃദയപരിശുദ്ധരുമിയവർ, ചിലപ്പോഴെല്ലാം മുൻകൂട്ടി ആസ്വദിക്കയും ചെയ്യുന്ന വിധത്തിലുള്ളതാകുന്നു.

മനുഷ്യാശ്വാസങ്ങളെല്ലാം വ്യൎത്ഥവും സങ്കുചിതവുമാകുന്നു. സത്യത്തിൽനിന്നു് ആന്തരികമായി അനുഭവപ്പെടുന്ന ആശ്വാസം ഭാഗ്യമുള്ളതും യഥാൎത്ഥവുമാകുന്നു.

ഒരു ഭക്തനായ മനുഷ്യൻ എല്ലായിടത്തും തന്റെ ആശ്വാസദാതാവായ ഈശോയെ കൂടെക്കൊണ്ടുപോയി ഇങ്ങനെ പറയുന്നു. ''ഈശോനാഥാ, എല്ലാസ്ഥലത്തും സമയത്തും എന്റെ കൂടെ ഉണ്ടായിരിക്കണമേ!

യാതൊരു മാനുഷികമായ സ്വാന്തനവും ഇല്ലാതിരിക്കുന്നതിനു സന്തോഷപൂർവ്വം ആഗ്രഹിക്കുക എന്ന ഈ ആശ്വാസം എനിക്കുണ്ടായിരിക്കട്ടെ.

കൂടാതെ നിൻെറ ആശ്വാസം ഇല്ലാതെപോയാൽ നിൻെറ തിരുമനസ്സും നീതിയുള്ള പരീക്ഷണവും എല്ലാററിലും ഉപരിയായ ആശ്വാസമായിരിക്കട്ടെ.

എന്തുകൊണ്ടെന്നാൽ, നീ എല്ലായ്പോഴും കോപിച്ചിരിക്കയില്ല.; നീ സത്യമായി ഭയപ്പെടുത്തുകയുമില്ല.

—✦—

ഉൽക്കണ്ഠകൾ ദൈവത്തിൽ സമർപ്പിക്കണം.

മിശിഹാ — മകനേ, എൻെറ ഇഷ്ടംപോലെ നിന്നോടു ചെയ്യാൻ സമ്മതിക്കുക; നിനക്കു് ഏററവും നല്ലതെന്തെന്നെനിക്കറിയാം.

നീ മനുഷ്യൻ വിചാരിക്കുന്നതുപോലെ വിചാരിക്കുന്നു; പലതിലും മനുഷ്യസ്നേഹം തോന്നിക്കുന്നതുപോലെ നീ വിധിക്കുന്നു.

ശിഷ്യൻ — തിരുനാഥാ, നീ അരുളിച്ചെയ്യുന്നതു പരമാർത്ഥമാണു്. എനിക്കു് എന്നെപ്പററിയുണ്ടാകാവുന്ന ശ്രദ്ധ മുഴുവനേക്കാൾ വലുതാണു് നിനക്കു് എന്നെപ്പററിയുള്ള ശ്രദ്ധ.

ആകയാൽ തൻെറ ചിന്താകുലതയെല്ലാം നിന്നിൽ സമർപ്പിക്കാത്തവൻെറ നില, വലിയ അപകടത്തിലാണു്.

തിരുനാഥാ, നിനക്കിഷ്ടമുള്ളതുപോലെ എന്നോടു ചെയ്തുകൊള്ളു; എൻെറ മനസ്സു ചൊവ്വുള്ളതും നിന്നിൽ ഉറച്ചതും ആയിരുന്നാൽ മതി.

നീ എന്നോടു ചെയ്യുന്നതെല്ലാം നന്മയാകാതിരിക്കാൻ നിവൃത്തിയില്ല.

ഞാൻ ഇരുട്ടിലായിരിക്കണമെന്നു് നീ തിരുമനസ്സാകുന്നെ

ങ്കിൽ നിനക്കു സ്തുതി. എന്നാൽ ഞാൻ വെളിച്ചത്തിലായിരിക്കണമെന്നു് നീ തിരുമനസ്സാകുന്നെങ്കിൽ വീണ്ടും നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ. എനിക്കു് ആശ്വാസം തരുന്നെങ്കിൽ നിനക്കു സ്തുതിയായിരിക്കട്ടെ; എനിക്കു് കലക്കങ്ങൾ ഉണ്ടാകണമെന്നാണു് നിൻെറ തിരുമനസ്സെങ്കിൽ അതുപോലെത്തന്നെ എപ്പോഴും നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ.

മിശിഹാ. 2. മകനേ, എൻെറകൂടെ നടക്കണമെങ്കിൽ നീ ഇങ്ങനെ ആയിരിക്കണം.

സന്തോഷിക്കുന്നതിനു് എങ്ങനെയോ സഹിക്കുന്നതിനും അങ്ങനെ ഒരുങ്ങിയിരിക്കണം. ക്ഷേമമുള്ളവനും സമ്പന്നനുമാകുന്നതുപോലെ സന്തോഷപൂർവ്വം നിർദ്ധനനും അഗതിയുമാകണം.

ശിഷ്യൻ. തിരുനാഥാ, എനിക്കു നേരിടണമെന്നു് നീ തിരുമനസ്സാകുന്നതെല്ലാം നിന്നെപ്രതി ഞാൻ സന്തോഷപൂർവ്വം സഹിക്കാം.

നിൻെറ കൈയിൽനിന്നു നന്മയും തിന്മയും, മധുരവും കയ്പും, സന്തോഷവും സന്താപവും ഞാൻ ഒരുപോലെ സ്വീകരിക്കയും എനിക്കു് സംഭവിക്കുന്നവയ്ക്കെല്ലാംവേണ്ടി നിനക്കു് സ്തോത്രമർപ്പിക്കയും ചെയ്യുന്നതിനു മനസ്സാകുന്നു.

എന്നെ എല്ലാ പാപത്തിൽനിന്നും കാത്തുകൊള്ളണമെ. ഞാൻ മരണത്തേയോ നരകത്തേയോ ഭയപ്പെടുകയില്ല.

നീ നിത്യമായി എന്നെ തള്ളിക്കളയുകയോ ആയുസ്സിൻെറ പുസ്തകത്തിൽനിന്നു് എൻെറ പേരു നീക്കിക്കളയുകയോ ചെയ്യാതിരിക്കുന്നിടത്തോളംകാലം എനിക്കു് ഏതെല്ലാം ഞെരുക്കങ്ങളുണ്ടായാലും അവയൊന്നും എനിക്കുപദ്രവകരമായിരിക്കയില്ല.

(പുസ്തകം IV. അദ്ധ്യായം 4.

## വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്നവർ പ്രാപിക്കുന്ന നന്മകൾ

ശിഷ്യൻ: ദൈവമായ തിരുനാഥാ, നിൻെറ മഹത്വമുള്ള കുദാശയുടെ പക്കൽ ഭക്തിയോടെ അണയുവാൻ ഞാൻ യോഗ്യനാകുന്നതിന്നായി നിൻെറ മാധുര്യമാകുന്ന ആശീർവ്വാദങ്ങൾ കൊണ്ടു് ഈ ദാസനെ സഹായിക്കണമെ.

എൻെറ ഹൃദയത്തെ നിന്നിലേയ്ക്കുയർത്തി കഠിനമായ ഈ മന്ദതയിൽനിന്നു് എന്നെ മോചിക്കണമേ.

ഈ ദിവ്യകുദാശയിൽ, ഒരു ഉറവയിൽ എന്നപോലെ ധാരാളമായി മറഞ്ഞിരിക്കുന്ന നിൻെറ മാധുര്യത്തെ ഞാൻ ആത്മീയമായി ആസ്വദിക്കുന്നതിനുവേണ്ടി, നിൻെറ രക്ഷാകരമായ അനുഗ്രഹം എന്നിൽ ചൊരിയണമേ.

ഇത്ര മഹാ രഹസ്യത്തെ കാണുന്നതിനു് എൻെറ കണ്ണുകളെ പ്രകാശിപ്പിക്കുക. അതിൽ സംശയിക്കാതെ വിശ്വസിക്കാൻ എനിക്കു ശക്തി തന്നരുളുക.

എന്തെന്നാൽ, ഇതു നിൻെറ പ്രവൃത്തിയാകുന്നു. മനുഷ്യശക്തിയല്ല; നിൻെറ പരിശുദ്ധ സ്ഥാപനമാണു്, മനുഷ്യൻ കണ്ടുപിടിച്ചതല്ല.

എന്തുകൊണ്ടെന്നാൽ, മാലാഖാമാരുടെ സൂക്ഷ്മതയുള്ള ബുദ്ധിക്കുപോലും ഗ്രഹിക്കാൻ പ്രയാസമായ ഇവയെ തന്നത്താൻ ഗ്രഹിക്കാൻ പ്രാപ്തനായി യാതൊരു മനുഷ്യനുമുണ്ടാകയില്ല.

ആ സ്ഥിതിക്കു് അയോഗ്യ പാപിയും പൊടിയും ചാമ്പലുമായ എനിക്കു് ഇത്ര ഉന്നതമായ ദിവ്യരഹസ്യത്തെ ആരാഞ്ഞറിവാൻ എങ്ങനെ സാധിക്കും?

2. തിരുനാഥാ നിൻെറ കല്പനയിൽ പരമാർത്ഥ ഹൃദയത്തോടും, എൻെറ നല്ല ഉറപ്പുള്ള വിശ്വാസത്തോടും, ശരണത്തോടും, വണക്കത്തോടുംകൂടെ നിൻെറ പക്കൽ ഞാൻ വരു

ന്നു. മനുഷ്യനും ദൈവവുമായ നീ ഇവിടെ ഈ വിശുദ്ധ കൂദാശയിൽ എഴുന്നെള്ളിയിരിക്കുന്നു എന്നു ഞാൻ സത്യമായി വിശ്വസിക്കുന്നു.

ഞാൻ നിന്നെ ഉൾക്കൊള്ളണമെന്നും, സ്നേഹത്താൽ നിന്നോട്ട് എന്നെത്തന്നെ ഒന്നിപ്പിക്കണമെന്നും നീ തിരുമനസ്സായിരിക്കുന്നു.

ആകയാൽ ഞാൻ പൂർണ്ണമായും നിന്നിൽ ലയിക്കുന്നതിനും നിൻെറ സ്നേഹത്തിൽ മുഴകുന്നതിനും, അന്യായമായ യാതൊരാശ്വാസവും എന്നിൽ പ്രവേശിക്കാതിരിക്കുന്നതിനും പ്രത്യേകം അനുഗ്രഹം തരണമെന്നു് നിൻെറ കരുണ ഞാൻ യാചിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അത്യുന്നതവും അതിവിശിഷ്ടവുമായ ഈ കൂദാശ ആത്മാവിൻേറയും ശരീരത്തിൻേറയും രക്ഷയും, എല്ലാ ആത്മീയരോഗങ്ങൾക്കും ഔഷധവുമാകുന്നു. ഇതിനാൽ എൻെറ ദുർഗ്ഗുണങ്ങളെ പരിഹരിക്കയും, ദുരാശകളെ നിയന്ത്രിക്കയും, പ്രലോഭനങ്ങളെ ജയിക്കയോ ദുർബലമാക്കയോ ചെയ്കയും, വലുതായ പ്രസാദവരം എന്നിൽ ചൊരികയും, ആരംഭിച്ച പുണ്യം വദ്ധിക്കയും, വിശ്വാസം ഉറയ്ക്കയും, ശരണം ശക്തിപ്പെടുകയും, സ്നേഹം കത്തിജ്ജ്വലിക്കയും ചെയ്യുന്നു.

3. എൻെറ ദൈവമേ, എൻെറ ആത്മാവിൻെറ ആശ്രയമേ, മനുഷ്യരുടെ ബലഹീനതയെ പരിഹരിക്കുന്നവനേ, ആന്തരികമായ സർവ്വാശ്വാസങ്ങളും നല്കുന്നവനേ, ഭക്തിപൂർവ്വം കുർബ്ബാന ഉൾക്കൊള്ളുന്ന നിൻെറ സ്നേഹിതന്മാക്കു് ഈ കൂദാശയിൽ വളരെ നന്മകളെ നീ നല്കിയിരിക്കുന്നു; ഇപ്പോഴും കൂടെക്കൂടെ നല്കുകയും ചെയ്യുന്നു.

അവരുടെ പലതരത്തിലുള്ള കഷ്ടതകളിൽ അവക്കു് ധാരാളമായ ആശ്വാസം കൊടുക്കയും, അവരുടെ നിരാശയുടെ ആഴത്തിൽനിന്നു് നിൻെറ സംരക്ഷണത്തിലുള്ള പ്രത്യാശയിലേക്കു് അവരെ ഉയത്തുകയും, പുതിയ ഒരു വരംകൊണ്ടു് അവരെ

ആന്തരികമായി ആശ്വസിപ്പിച്ചു പ്രകാശിപ്പിക്കയും ചെയ്യുന്നു. അതിനാൽ കുർബ്ബാന ഉൾക്കൊള്ളുന്നതിനു മുമ്പ് ആകുലതയുള്ളവരും സ്നേഹമില്ലാത്തവരുമായിരുന്നവർ ഈ സ്വർഗ്ഗീയ ഭക്ഷണവും പാനീയവും അനുഭവിച്ചു കഴിഞ്ഞശേഷം ഏററവും നല്ലവരായി മാറിയെന്നു കാണുന്നു.

നീ തെരഞ്ഞെടുത്തിരിക്കുന്നവരോട് ഇപ്രകാരം കാരുണ്യപൂർവ്വം വർത്തിക്കുന്നതു്, അവർക്കു് സ്വതേ എത്ര ബലഹീതയുണ്ടെന്നും, നിന്നിൽനിന്നു് അവർ പ്രാപിക്കുന്ന നന്മയും അനുഗ്രവും എത്ര അധികമെന്നും, അവർ യഥാർത്ഥമായി സമ്മതിക്കുകയും അനുഭവംകൊണ്ടു് അറിയുകയും ചെയ്യുന്നതിനുവേണ്ടിയത്രേ.

എന്തുകൊണ്ടെന്നാൽ, അവർ സ്വതേ തണുത്തവരും; കഠിനഹൃദയരും; ഭക്തിയില്ലാത്തവരും ആകുന്നു; എന്നാൽ നീ നിമിത്തം ശുഷ്കാന്തിയും, ഉത്സാഹവും, ഭക്തിയുമുള്ളവരാകാൻ പ്രാപ്തരായി.

മാധുര്യം നിറഞ്ഞ അരുവിയുടെ അടുത്തു് എളിമയോടെ ചെന്നിട്ടു്, അല്പമെങ്കിലും മാധുര്യം ആരെങ്കിലും കൊണ്ടുപോകാതിരിക്കുമോ?

അഥവാ വല്യതായ അഗ്നിയുടെ അടുത്തു് നിന്നിട്ടു്, അവിടെ അല്പമെങ്കിലും ചൂടു് ഏല്ക്കാത്തവനാരു്?

നീ സദാ നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഉറവയാണു്. എപ്പോഴും എരിയുകയും ഒരിക്കലും ക്ഷയിക്കാതിരിക്കയും ചെയ്യുന്ന അഗ്നിയുമാകുന്നു.

4. ആകയാൽ നിറഞ്ഞ ഉറവയിൽനിന്നു് കോരുവാനോ, തൃപ്തിയാവോളം കുടിക്കുവാനോ, എനിക്കു നിവൃത്തിയില്ലെങ്കിൽ ഞാൻ മുഴുവനും വരണ്ടുപോകാതെ, എന്റെ ദാഹം ശമിക്കുന്നതിനു് സ്വർഗ്ഗീയ ഉറവയിൽനിന്നു് ഏതാനും തുള്ളികളെങ്കിലും കുടിക്കുവാൻ, എന്റെ വായു് അതിന്റെ ദ്വാരത്തിൽ വെയ്ക്കും.

അതുപോലെത്തന്നെ ഞാൻ ഇനിയും ക്രോവേന്മാരേയും സ്രാപ്പന്മാരെയുംപോലെ മുഴുവനും സ്വർഗ്ഗത്തിനു യോഗ്യനും അത്യധികംപ്രോജ്ജ്വലിക്കുന്നവനുമാകാൻ പ്രാപ്തനല്ലെങ്കിലും ഈ ജീവൻ തരുന്ന കൂദാശയെ എളിമയോടെ ഉൾക്കൊള്ളുകമൂലം, ദൈവാഗ്നിയുടെ കുറെ ജ്വാലയെങ്കിലും എനിക്കു കിട്ടുവാൻ ഭക്തിയിൽ സ്ഥിരമായിനിന്നു്, എൻെറ ഹൃദയത്തെ ഒരുക്കുന്നതിനു ഞാൻ ശ്രമിക്കും.

നല്ല ഈശോ, ഏററവും പരിശുദ്ധനായ രക്ഷകാ, എനിക്കു് പോരാതെയുള്ളതു് നീ കൃപയോടെ പൂർത്തിയാക്കണമേ; "അദ്ധ്വാനിക്കുന്നവരും ഭാരമുള്ള ചുമടു് എടുക്കുന്നവരുമായ നിങ്ങൾ എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു് അരുളിച്ചെയ്തുകൊണ്ടു് നീ എല്ലാവരേയും വിളിക്കാൻ കൃപയായിരിക്കുന്നു.

5. ഞാൻ എൻെറ നെററിയിലെ വിയപ്പുകൊണ്ടു് അദ്ധ്വാനിക്കയും എൻെറ ഹൃദയവ്യാകുലതയുടെ പീഡ സഹിക്കയും ചെയ്യുന്നു. പാപങ്ങൾ എന്നെ ഭാരപ്പെടുത്തുന്നു. പ്രലോഭനങ്ങളാൽ ഞാൻ ക്ലേശിക്കുന്നു. അനവധി ദുർമ്മോഹങ്ങളിൽ കുടുങ്ങി ഞെരുങ്ങുകയും ചെയ്യുന്നു. എന്നെ സഹായിക്കാനാരുമില്ല. എന്നെ മോചിക്കാനും രക്ഷിക്കാനും എൻെറ രക്ഷിതാവായ തിരുനാഥാ, നീയല്ലാതെ ആരുമില്ല. നിനക്കു് എന്നെയും എൻെറ സമസ്തവും ഞാൻ ഭരമേല്പിക്കുന്നു. നീ എന്നെ കാത്തു് നിത്യജീവിതത്തിലേയ്ക്കു് നയിക്കണമേ.

എനിക്കു് ഭക്ഷണവും പാനീയവുമായി നിൻെറ തിരുശരീരവും തിരുരക്തവും തയ്യാറാക്കിയ നിൻെറ തിരുനാമത്തിൻെറ സ്തുതിക്കായി എന്നെ സ്വീകരിക്കുക.

ദൈവമായ തിരുനാഥാ, എൻെറ രക്ഷകാ, നിൻെറ കൂദാശയെ കൂടെക്കൂടെ ഉൾക്കൊള്ളുന്നതിനൊപ്പം എൻെറ ഭക്തിശുഷ്ക്കാന്തി വർദ്ധിക്കുമാറാകട്ടെ.

ഇങ്ങനെയുള്ള ജ്ഞാനവായന നിശ്ചയമായും രോഗിക്കു് ശാന്തിയും സമാധാനവും പ്രദാനംചെയ്യും.

## III വിശുദ്ധരിൽ ചിലരുടെ ഭാഗ്യചരമം

### 1. വിശുദ്ധ യൗസേപ്പ്

(നല്മരണത്തിൻെറ മദ്ധ്യസ്ഥൻ)

ദാവീദ്‌രാജാവിൻെറ കുലീനകുടുംബത്തിലെ ഒരംഗമായിരുന്നു വി. യൗസേപ്പ്. ആശാരിപ്പണിയായിരുന്നു തൊഴിൽ. തിരുക്കുടുംബത്തെ സംരക്ഷിക്കുവാൻവേണ്ടി അദ്ധ്വാനമേറിയതും, അക്കാലത്ത് ആക്ഷേപാർഹമായി പരിഗണിച്ചിരുന്നതുമായ ഈ തൊഴിൽ നിർബാധം തുടൎന്നു ചെയ്യുവാൻ നിർബന്ധനായി. ദാരിദ്ര്യദുഃഖം എന്താണെന്ന് അദ്ദേഹത്തിനു നല്ലപോലെ അറിയാമായിരുന്നു. കഠിനജോലി ചെയ്തിരുന്നപ്പോഴും നീതിയുടേയും വിശ്വസ്തതയുടേയും വിശ്വാസത്തിൻേറയും ആദൎശങ്ങളിൽനിന്നു് അദ്ദേഹം അണുപോലും വ്യതിചലിച്ചില്ല. ലോകോത്തരങ്ങളായ ഈദൃശ ആദൎശങ്ങളെ അദ്ദേഹം സ്വയം അഭ്യസിക്കയും, തൊഴിലാളി വൎഗ്ഗത്തിനു് അനുകരണീയമായ മാർഗ്ഗങ്ങളായി നല്കുകയും ചെയ്തു. തന്നിമിത്തം ഭാഗ്യസ്മരണാർഹനായ 13–ാം ലെയോൻ മാർപ്പാപ്പ തിരുമനസ്സുകൊണ്ടു് വി. യൗസേപ്പിനെ തൊഴിലാളികളുടെ പ്രത്യേക മദ്ധ്യസ്ഥനായി പ്രഖ്യാപിക്കുകയുണ്ടായി. തൊഴിലാളി മദ്ധ്യസ്ഥൻെറ തിരുനാൾ ആണ്ടുതോറും മെയ് മാസം 1–ാം തിയ്യതിയാണു് ആഘോഷിക്കുന്നതു്.

വി. യൗസേപ്പിൻെറ വളൎത്തുപുത്രനും, പരി. കന്യകാമറിയത്തിൻെറ സ്വാഭാവിക പുത്രനും, ലോകപരിത്രാണകനുമായ ക്രിസ്തുനാഥൻെറ തിരുപ്പിറവി, മനുഷ്യപ്രകൃതികൊണ്ടല്ല സംഭവിച്ചതു്—പ്രത്യുത, പരിശുദ്ധാത്മാവിൻെറ ശക്തിമൂലമായിരുന്നുവെന്നു് നമുക്കറിയാം. ക്രിസ്തുവിൻെറ ശൈശവത്തിൽ, തൻെറ പ്രാണനെ രക്ഷിക്കുവാൻവേണ്ടി വി. യൗസേപ്പ് കുഞ്ഞിനേയും തള്ളയേയും കൂട്ടിക്കൊണ്ടു്

പാതിരാത്രിയിൽ ഈജിപ്തിലേയ്ക്കു് പലായനം ചെയ്തു. ഇങ്ങനെ വി. യൗസേപ്പ് തിരുക്കുടുംബത്തെ പ്രാണാപകടത്തിൽനിന്നു രക്ഷിച്ചതുപോലെ എന്നും ദൈവത്തിൻെറ ജനങ്ങളെ പലവിധത്തിലുള്ള അപകടങ്ങളിൽനിന്നും സംരക്ഷിച്ചുപോരുന്നുണ്ടു്. തന്നിമിത്തം നിത്യസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പ ഇദ്ദേഹത്തെ സാർവ്വത്രികസഭയുടെ പൊതുമദ്ധ്യസ്ഥനമായി പ്രഖ്യാപിച്ചു.

ദിവ്യരക്ഷകൻെറ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പുതന്നെ വി. യൗസേപ്പ് ചരമഗതി പ്രാപിച്ചിരുന്നു. അദ്ദേഹത്തിൻെറ മരണം തികച്ചും പ്രശാന്തസുന്ദരവും പ്രത്യാശാപൂർണ്ണവുമായിരുന്നു. മററു മനുഷ്യരെപ്പോലെ പ്രായാധിക്യം നിമിത്തം അദ്ദേഹത്തിൻെറ ശക്തി ക്ഷയിച്ചുവന്നിരുന്നുവെങ്കിലും ഭാവിയെക്കുറിച്ച് യാതൊരു ഭയവും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. തൻെറ വളർത്തുപുത്രനും വരപ്രസാദത്തിൻെറ ഉറവയുമായ ക്രിസ്തുനാഥൻെറ സാന്നിദ്ധ്യംകൊണ്ടും, സഹധർമ്മിണിയായ പരി. കന്യകാമറിയത്തിൻെറ സ്നേഹപൂർവ്വകമായ ശുശ്രൂഷകൊണ്ടും അദ്ദേഹം വളരെ ശാന്തിയും സമാധാനവും അനുഭവിച്ചുപോന്നു. മരണസമയം ആസന്നമായപ്പോൾ പരി. കന്യകാമറിയത്തിൻെറ നീതിമാനായ ഭർത്താവും, തിരുക്കുടുംബത്തിൻെറ നായകനും, ധന്യനുമായ വി. യൗസേപ്പ് സന്തുഷ്ടിയോടും സമാധാനത്തോടുംകൂടി തൻെറ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. അദ്ദേഹത്തിനു ലഭിച്ച ഭാഗ്യമരണംമൂലം, അനേകം ആളുകൾ പ്രത്യേകിച്ചും അവരുടെ ജീവിതത്തിൻെറ അന്ത്യനാളുകളിൽ ഈ മഹാൻെറ ശക്തിയേറിയ മാദ്ധ്യസ്ഥം തേടിവരുന്നുണ്ടു്. നല്മരണത്തിൻെറ മദ്ധ്യസ്ഥൻ എന്ന നിലയിൽ വിശ്വാസികൾ വി. യൗസേപ്പിനെ പ്രത്യേകവിധം വണങ്ങിപ്പോരുന്നു. വി. യൗസേപ്പിൻെറ മരണത്തിരുനാൾ മാർച്ചുമാസം 19-ാംനു ആണു് ആഘോഷിക്കപ്പെടുന്നതു്.

## 2. വി. കൊച്ചുത്രേസ്യ
### (പ്രേഷിതരുടെ മദ്ധ്യസ്ഥ)

വി. കൊച്ചുത്രേസ്യ രോഗിണിയായി മരണശയ്യയിൽ കിടക്കുകയാണ്. പരസഹായം കൂടാതെ എഴുന്നേല്ക്കുവാൻ പോലും അവൾക്കു ശക്തിയില്ല. എങ്കിലും അനിർവചനീയമായ ആത്മീയാനന്ദത്തെ പ്രസ്ഫുരിപ്പിക്കുന്ന ഒരു പുഞ്ചിരി അവളുടെ മുഖകമലത്തിൽ തിങ്ങിനില്ക്കുന്നു. വേദന അസഹനീയമാകുമ്പോൾ ഇടക്കിടെ ദൃഷ്ടികൾ മേല്പോട്ടുയർത്തി, കൈകൾ നേഞ്ചോടു ചേർത്തു് അവൾ പ്രാർത്ഥിക്കും.

ആഗ്നസമ്മ ഒരിക്കൽ അവളോടു് ചോദിച്ചു, "നിനക്കു് മരിക്കുവാൻ ഭയമാണെന്നു് ചിലർ പറയുന്നുണ്ടല്ലൊ?" ത്രേസ്യ പ്രതിവചിച്ചു, "ശരിയായിരിക്കാം. എൻെറ ബലഹീനതകളെ എനിക്കറിയാവുന്നതുകൊണ്ടു് ഞാൻതന്നെ എൻെറ വികാരങ്ങളെ വിശ്വസിക്കുന്നില്ല." അവൾ തുടൎന്നു, "സർവ്വേശ്വരൻ എനിക്കു നല്കുന്ന സമാധാനം മുഴുവനും ആസ്വദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മരണം വരുമ്പോൾ കുരിശു വഹിക്കുവാൻ സമയമുണ്ടാകും. അന്തിമ നിമിഷങ്ങളിൽ ഞാൻ വളരെ സഹിക്കുകയും, സമാധാനത്തിൻെറ ലക്ഷണങ്ങളൊന്നും പ്രദർശിപ്പിക്കാതിരിക്കയും ചെയ്യുകയാണെങ്കിൽ എൻെറ പ്രിയപ്പെട്ട അമ്മ വിഷാദിക്കേണ്ടതില്ല. നമ്മുടെ കർത്താവു തന്നെ സ്നേഹബലിയായിട്ടല്ലേ മരിച്ചതു്? അവിടത്തെ പീഡാനുഭവം എത്ര കയ്പേറിയതായിരുന്നു!"

ഇങ്ങനെ നിരന്തരം മരണത്തിനൊരുങ്ങിക്കൊണ്ടും ചെറിയ ചെറിയ ക്ലേശങ്ങൾ ഈശോയ്ക്കർപ്പിച്ചുകൊണ്ടുമാണു്, ത്രേസ്യ നിമിഷങ്ങൾ തള്ളിനീക്കിയിരുന്നതു്. അവസാനം 1867 സെപ്തംബർ മാസം മുപ്പതാം തിയ്യതി ഉദയം ചെയ്തു. അന്നാണു് ചെറുപുഷ്പം തൻെറ ഭൗമികവാടിയിൽ നിന്നും സ്വർഗ്ഗീയപൂങ്കാവനത്തിലേയ്ക്കു് പറിച്ചുനടപ്പെട്ടതു്. പ്ര

ഭാതത്തിൽ മാതൃസചരൂപത്തിലേയ്ക്കു് ദൃഷ്ടികൾ തിരിച്ച് രോഗിണി ഇപ്രകാരം ഉരുവിട്ടു; "ഞാൻ പരി. കന്യകയോട്ട് എത്ര ഭക്തിപൂർവ്വമാണു് പ്രാർത്ഥിച്ചുകൊണ്ടിരുന്നതു്, എന്നുവരികിലും, ആശചാസത്തിൻെറ ഒരു കിരണംപോലും കൂടാതെ ഞാൻ മരണവേദനയനുഭവിക്കുന്നു.... ഭൂമിയിലെ വായു ലഭിക്കാതായിത്തുടങ്ങിയിരിക്കുന്നു; എപ്പോഴാണാവോ ഇനി സചർഗ്ഗീയ വായു ശചസിക്കാൻ പോകുന്നതു്.

മണിക്കൂറുകൾ ഇഴഞ്ഞുനീങ്ങി. രണ്ടരമണിയായപ്പോൾ അവൾ കിടക്കയിൽ എഴുന്നേററിരുന്നു. വേദന തിങ്ങിയ ഹൃദയത്തിൽനിന്നും വൃഥയുടെ നെടുവീർപ്പുകൾ ഉയന്നു.

"അമ്മേ, ഇതാ എൻെറ പാനപാത്രം നിറഞ്ഞു കവിയാറായി. ഇത്രയും സഹിക്കാൻ കഴിയുമെന്നു് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല.....ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള തീക്ഷ്ണതയായിരിക്കാം ഇതിനെന്നെ പ്രേരിപ്പിച്ചതു്. എൻെറ ദൈവമേ, അങ്ങു് എന്തു തിരുമനസ്സായാലും എൻെറമേൽ കനിവുണ്ടാകണമെ."

കൊച്ചുത്രേസ്യ ജീവിതസായാഹ്നത്തോടടുത്തു കഴിഞ്ഞു. നാലരമണിയായതോടെ അന്തിമ വേദനകൾ ആരംഭിച്ചു. ആശ്രമവാസികൾ ചുററും കൂടിയപ്പോൾ രോഗിണി അവരെ നോക്കി പുഞ്ചിരിതൂകി. അനന്തരം തൻെറ തളന്നകരങ്ങളിൽ കുരിശുരൂപമെടുത്തു് സമരസന്നദ്ധയായി. മരണവിയപ്പ് നെററിയിൽ തടിച്ചുകൂടി. ഏഴുമണിയായപ്പോൾ പതറിയ സചരത്തിൽ അവൾ ചോദിച്ചു; "അമ്മേ ഇതു മരണവേദനയല്ലേ?" മഠാധിപ മറുപടി പറഞ്ഞു. "ഉവ്വ്" എൻെറ കുഞ്ഞേ, ഇതു മരണവേദന തന്നെയാണു്. ഈശോ തിരുമനസ്സാകുമെങ്കിൽ കുറച്ചുനേരംകൂടി ഇതു തുടന്നേക്കാം.". ഉടനെ അവൾ ഇങ്ങനെ പറഞ്ഞു. "കൊള്ളാം, വളരെ നല്ലതു്. എൻെറ വേദന കുറയണമെന്നു് ഞാനാഗ്രഹിക്കുന്നില്ല." അനന്തരം കുരിശുരൂപമെടുത്തു് നോക്കിക്കൊണ്ടു് അവൾ

ഉദീരണംചെയ്യൂ, ഞാൻ അവിടത്തെ സ്നേഹിക്കുന്നു. എന്റെ ദൈവമേ,......ഞാൻ അങ്ങയെ സ്നേഹിക്കുന്നു.'' ഈ അന്തിമ വചസ്സുകൾ പറഞ്ഞുകഴിഞ്ഞ ഉടനെ പെട്ടെന്നു് ശരീരം കുഴഞ്ഞു്, ശിരസ്സു് വലതു് തോളിലേക്കു് വീണുപോയി. മണി ഏഴേകാലായി. പെട്ടെന്നു് എന്തോ ആന്തരികസ്വരം ശ്രവിച്ചാലെന്നവിധം അവൾ മാതാവിന്റെ തിരുസ്വരൂപത്തിനു് സ്വല്പം മുകളിൽ ഒരിടത്തേയ്ക്കു് കണ്ണുകൾ തിരിച്ചു. മൂകമായ നിമിഷങ്ങൾ കടന്നുപോയി. അവസാനം താനാഗ്രഹിച്ചതുപോലെ സ്നേഹമാകുന്ന കുരിശിൽ അവൾ മരിച്ചു. അന്തിമാനന്ദം ഒരു ചെറുമന്ദഹാസംപോലെ അവളുടെ അധരപുടങ്ങളിൽ തിങ്ങിനിന്നു.

(റവ. ഫാ. തോമസു് മൂത്തേടൻ വിവർത്തനംചെയ്ത വി. കൊച്ചുത്രേസായുടെ സ്വയംകൃത ചരിത്രത്തിൽനിന്നു്)

## 3. വിശുദ്ധ അന്തോണീസ്,

(അത്ഭുതപ്രവർത്തകൻ)

തന്റെ മരണസമയത്തെക്കുറിച്ച് വി. അന്തോണീസിനു് നേരത്തെ അറിവുണ്ടായിരുന്നെങ്കിലുംസഹോദരന്മാരെ അക്കാര്യം അദ്ദേഹം അറിയിച്ചിരുന്നില്ല. അവർക്കു് അതു് വളരെ വേദനാജനകമായിരിക്കുമെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു.

മരിക്കുന്നതിനു് രണ്ടാഴ്ചകൾക്കു് മുമ്പ് സമീപപ്രദേശത്തുള്ള കുന്നിൻ ചെരുവിലിരുന്നുകൊണ്ടു് താഴെ വിശാലവും പ്രകൃതീരമണീയവുമായ പാദുവാ പട്ടണത്തെ നോക്കി അതിന്റെ ഭാവിമഹത്വത്തെക്കുറിച്ച് അദ്ദേഹം സഹോദരന്മാരോടു് പ്രവചിച്ചു. എന്നാൽ ആ മാഹാത്മ്യം എന്തെന്നും, അതി

ൻെറ ഹേതുഭൂതൻ ആരാണെന്നും അദ്ദേഹം പറഞ്ഞില്ല.

പാദുവായിൽനിന്നും കുറച്ചകലെ ഒരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു. അവിടെയുള്ള ഒരു ചെറിയ ഗ്ര്വാമത്തിലാണ് വിശുദ്ധൻ തൻെറ അന്തിമദിനങ്ങൾ കഴിച്ചുകൂട്ടുന്നതിനു് നിശ്ചയിച്ചതു്. കൂടെ താമസിക്കുന്നതിനു് രണ്ടു സഹോദരന്മാരും ഉണ്ടായിരുന്നു. അവൎക്കു് മൂന്നുപേൎക്കുമായി ഓരോ ചെറിയ മുറികൾ തയ്യാറാക്കപ്പെട്ടു. തൻെറ കൊച്ചുമുറിയിലിരുന്നു് പ്രാൎത്ഥനയിലും ധ്യാനത്തിലും അദ്ദേഹം സമയം ചെലവഴിച്ചു.

ഒരു ദിവസം ഉച്ചക്കു് എല്ലാവരും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു് വിശുദ്ധൻ ബോധം കെട്ടു് വീണുപോയി. സഹോദരന്മാർ പിടിച്ചു് അദ്ദേഹത്തെ ഒരിടത്തു് കിടത്തി. തൻെറ അന്ത്യമണിക്കൂറുകൾ അടുത്തെന്നു് അദ്ദേഹത്തിനു് മനസ്സിലായി. പാദുവായിലുള്ള ആശ്രമത്തിലേയ്ക്കു് തന്നെ കൊണ്ടുപോകണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ചു് സഹോദരന്മാർ അദ്ദേഹത്തെ ഒരു വണ്ടിയിൽ കയററി യാത്ര തുടൎന്നു. അവർ പട്ടണവാതില്ക്കലെത്താറായി. എന്നാൽ വിശുദ്ധൻ കൂടുതൽ അവശനായി കാണപ്പെട്ടു. ഇനിയും വണ്ടിയിൽ യാത്രചെയ്യുന്നതു് അപകടകരമാണെന്നു് കണ്ടു്, അദ്ദേഹത്തെ അടുത്തുള്ളൊരു ക്ലാരമഠത്തിലേയ്ക്കു് കൊണ്ടുപോകാമെന്നു് സഹോദരന്മാർ നിശ്ചയിച്ചു. വിശുദ്ധൻ അതിനു സമ്മതിക്കയുംചെയ്തു.

വിശുദ്ധനെ അവർ അടുത്തുള്ള ആശുപത്രിയിലെത്തിച്ചു. അവിടെ മഠത്തിലെ സഹോദരികൾക്കു് വേണ്ട നിൎദ്ദേശങ്ങൾ നല്കി. തനിക്കു് സഹായം നല്കുന്നതിനു് നാലു വൈദീകരുണ്ടായിരുന്നു. കുറച്ചു ശക്തി വീണ്ടുകിട്ടിയപ്പോൾ വിശുദ്ധൻ കുമ്പസാരിക്കുന്നതിനു് ആഗ്രഹം പ്രകടിപ്പിച്ചു. അതിയായ എളിമയോടും പശ്ചാത്താപത്തോടുംകൂടെ അദ്ദേഹം പാപസങ്കീൎത്തനം നടത്തി. അതിനുശേഷം അദ്ദേഹം വളരെ ഉല്ലാസവാനായിട്ടാണു് കാണപ്പെട്ടതു്. അദ്ദേഹത്തിൻെറ ഇത്ര

വലിയ ആനന്ദത്തിനു് ഹേതുവെന്തെന്നു് മററുള്ളവക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ചിലപ്പോൾ അദ്ദേഹം ഏതോ അദൃശ്യവസ്തുവിൽ ശ്രദ്ധാപൂർവ്വം ദൃഷ്ടികൾ ഉറപ്പിച്ചു് നിശ്ശബ്ദനായി അങ്ങനെ കിടക്കും. "അങ്ങു് എന്താണു് കാണുന്നതു്?" അത്ഭുതപരതന്ത്രനായി മററുള്ളവർ ചോദിക്കും. "ഞാൻ എൻെറ ദൈവത്തെ കാണുന്നു" എന്നായിരിക്കും മറുപടി.

രോഗിക്കു് അന്ത്യലേപനം നല്കുന്നതാണു് നല്ലതെന്നു സഹോദരന്മാർ മനസ്സിലാക്കി. വിശുദ്ധൻ വളരെ ഭക്തിയോടും വിശ്വാസത്തോടുംകൂടെ അന്തിമകൂദാശ സ്വീകരിച്ചു. തൽസമയം സഹോദരന്മാരോടുകൂടെ അദ്ദേഹം അനുതാപ സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. കർമ്മങ്ങൾ കഴിഞ്ഞു് അരമണിക്കൂർനേരം അദ്ദേഹം നിശ്ശബ്ദനായി കിടന്നു. എല്ലാ സഹോദരന്മാരും ആകാംക്ഷാപൂർവ്വം അദ്ദേഹത്തെ ഉററുനോക്കിക്കൊണ്ടിരുന്നു. ഇതാ സമയമായി. ദൈവത്തിൻെറ വിനീതദാസനു് പുറപ്പെടേണ്ട സമയമായി. വി. അന്തോണീസു് നിത്യനിദ്രയിൽ ലയിച്ചു.

*(From Saint Antony. By Rev. Thomas F. Ward)*

---

## 4. ആവിലായിലെ വിശുദ്ധ ത്രേസ്യ

(വനിതകളുടെ വേദപാരംഗത)

കർമ്മനിരതമായ ആ ജീവിതം അവസാനിക്കാറായി. സമാധാനപൂർവ്വം ത്രേസ്യ തൻെറ അന്തിമവിനാഴികകൾക്കായി കാത്തിരുന്നു. ഇപ്പോളിതാ സമയമായി.

പണ്ടൊക്കെ മരണത്തെ അവൾക്കു് ഭയമായിരുന്നു. പിന്നീടു് ദൈവസ്നേഹത്തിൻെറ മാധുര്യം നുകൎന്നു തുടങ്ങിയപ്പോൾ മരിക്കാതിരിക്കുക അവൾക്കു് മരണമായി; ഈ ലോകം ഒരു പ്രവാസമായിത്തീൎന്നു. മരണത്തിലല്ലാതെ മറെറ

വിടെയാണു് ആത്മാവു് ജീവൻ കണ്ടെത്തുക!

ഇക്കാലമത്രയും ത്രേസ്യ തന്റെ പ്രിയന്റെ ജോലി നിർവ്വഹിക്കുന്നതിൽ വ്യാപൃതയായിരുന്നു. ഇനി അവൾക്കു് അവിടത്തെ പക്കൽ പോകുന്നതിനു് സമയമായി. ക്ഷീണത്താലും രോഗത്താലും വിവശയായി, മരണ ശയ്യയിൽ അന്തിമനിമിഷങ്ങൾ തള്ളിനീക്കുമ്പോഴും ത്രേസ്യ തന്റെ പ്രിയൻ തനിക്കു് തയ്യാറാക്കി വച്ചിരിക്കുന്ന നിത്യസമ്മാനത്തെക്കുറിച്ചു് ചിന്തിച്ചുകൊണ്ടിരുന്നു. രണ്ടുമൂന്നു സഹോദരികൾ അവളെ പരിചരിച്ചുകൊണ്ടു് അവളുടെ ശയ്യക്കുചുറ്റും നിന്നിരുന്നു. അനേകംപേർ അവളെ സന്ദർശിച്ചുകൊണ്ടുമിരുന്നു. അവളുടെ ക്ഷമയും സഹനശക്തിയും കണ്ടു് അവർ ദൈവത്തെ സ്തുതിച്ചു.

ത്രേസ്യക്കു് മരണത്തെക്കുറിച്ചു് ഒട്ടും ആകുലതയില്ല. അവൾ മററുള്ളവരെ ആശ്വസിപ്പിക്കയും ആശീർവ്വദിക്കയും ചെയ്തു. തന്റെ അന്ത്യവിനാഴിക അടുത്തിരിക്കുന്നു എന്ന വിവരം, അവൾ തന്റെ അരികെ ശുശ്രൂഷിച്ചുകൊണ്ടു് നിന്നിരുന്ന 'അന്ന' എന്ന സഹോദരിയോടു് പറഞ്ഞു. ദിവ്യനാഥനെ തന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നതിനു് ത്രേസ്യ അതിയായി ആഗ്രഹിച്ചു. ഫാദർ അന്റോണിയോ അവളുടെ കട്ടിലിനടുക്കൽ മുട്ടുകുത്തിനിന്നുകൊണ്ടു് കുമ്പസാരം ശ്രവിച്ചു. എന്നിട്ടദ്ദേഹം അവളോടപേക്ഷിച്ചു, "മദർ, ഈശോയോടു പറയൂ അങ്ങയെ കൊണ്ടുപോകരുതെന്നു്. ഇത്രയുംവേഗം ഞങ്ങളെ വിട്ടുപോകരുതേ......" ത്രേസ്യ പ്രതിവചിച്ചു, "അങ്ങു് അങ്ങനെ പറയാൻ പാടില്ല. ഈ ലോകത്തിൽ എന്നെ ഇനി ആവശ്യമില്ല."

വളരെ ചുരുങ്ങിയ വാക്കുകളിൽ ത്രേസ്യ തന്റെ മക്കളെ ഉപദേശിച്ചു, "എന്റെ മക്കളേ, ദൈവസ്നേഹത്തെ പ്രതി ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു, നിങ്ങൾ നിയമങ്ങളും ക്രമങ്ങളും കൃത്യമായി അനുസരിക്കണം. അങ്ങനെ

യെങ്കിൽ, നിങ്ങളെ വിശുദ്ധ പദത്തിലേയ്ക്കുയർത്തുന്നതിന് വേറെ അത്ഭുതമൊന്നും ആവശ്യമില്ല. ഹീനയായ ഞാൻ കാണിച്ചിട്ടുള്ള ദുർമാതൃകകളൊന്നും നിങ്ങൾ അനുകരിക്കരുത്. എന്നോടു് ക്ഷമിക്കണേ..................''അവളുടെ പ്രത്യേക സുകൃതങ്ങളായ സ്നേഹം, എളിമ, അനുസരണം ഇവ ഈ സന്ദേശത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

മരണ ശയ്യയിൽവച്ച് ത്രേസ്യ പലപ്രാവശ്യം വ്യക്തമായ പ്രാഭവത്തോടെ ഇപ്രകാരം പറഞ്ഞിരുന്നു, ''നാഥാ, ഞാൻ തിരുസഭയുടെ ഒരു പുത്രിയാകുന്നു.''

രണ്ടുപേരുടെ സഹായത്തോടെയല്ലാതെ കിടക്കയിൽ തിരിഞ്ഞു കിടക്കാൻപോലും വയ്യായിരുന്നെങ്കിലും, തിരുപാഥേയം മുറിയിലേയ്ക്കു് കൊണ്ടുവന്നപ്പോൾ അവൾ ഉടനെ എഴുന്നേററു മുട്ടുകുത്തി. ആനന്ദത്താലും സ്നേഹത്താലും അവളുടെ മുഖം ദീപ്തമായി. ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ അവളുടെ അധരങ്ങൾ മന്ത്രിച്ചു, ''എൻെറ മണവാളാ, എൻെറ രക്ഷകാ, ആഗ്രഹിച്ച നാഴിക ഇതാ വന്നണഞ്ഞു. പ്രിയാ, നമുക്കു് കണ്ടുമുട്ടാൻ നേരമായി; നമുക്കു് പോകാം; സമയമായി.........''

അന്നുരാത്രി മുഴുവൻ ആനന്ദസാഗരത്തിൽ ലയിച്ചുകൊണ്ടു് സങ്കീർത്തനത്തിലെ താഴെക്കാണുന്ന വരികൾ അവൾ ആവർത്തിച്ചു് പറഞ്ഞിരുന്നു, പീഡിതമായ ആത്മാവു് ദൈവത്തിനു് ഒരു ബലിയാണു്.........എളിമയും മനസ്താപവുമുള്ള ഹൃദയത്തെ ദൈവമേ, അങ്ങു് നിരസിക്കുകയില്ല.''

അടുത്തദിവസം വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളായിരുന്നു. പ്രഭാതമായപ്പോൾ അവൾ ചരിഞ്ഞു കിടന്നു. രോഗവും വാദ്ധക്യവും നിമിത്തം മുഖത്തുണ്ടായിരുന്ന ചുളിവുകൾ അപ്രത്യക്ഷമായി; അവളുടെ മുഖം കൂടുതൽ പ്രസന്നമായി. അലൗകികമായ ആനന്ദത്തിൽ നിർല്ലീനയായായി മന്ദമായൊന്നു പുഞ്ചിരിച്ചു. പ്രതാപവാനായ അത്യുന്ന

തൻെറ രാജാളിപ്പക്ഷി തന്നെ സപ്തമന്ദിരങ്ങൾക്കുമപ്പുറത്തേക്കു് സംവഹിക്കുവാൻ അവൾ കാത്തു കിടന്നു. മൃദുവായ മൂന്നു നെടുവീർപ്പുകൾ! അവൾ ധന്യയായി *

---

(*From* ആവിലായിലെ വി. ത്രേസ്യ, *translated by A sister of Carmilate Congrigation of Trichur.)*

## 5. വിശുദ്ധ ജോൺ ബക്കുമൻസു്

(യുവാക്കളുടെമാതൃക)

ജീവിതത്തിൻെറ വസന്തത്തിൽത്തന്നെ സ്വർഗ്ഗീയ വാടിയിലേക്കു് പറിച്ചു നടപ്പെട്ട വെളുത്ത ലില്ലിയാണു്, വി. ജോൺ ബക്കുമൻസു്. കേവലം ഇരുപത്തിമൂന്നാം വയസ്സിലാണു് മരണകരമായ രോഗം അദ്ദേഹത്തിനു് പിടിപ്പെട്ടതു്. രോഗബാധിതനായി ശയ്യാവലംബിയായ ജോൺ എട്ടുദിവസങ്ങൾക്കകം കർത്താവിൽ ഭാഗ്യമരണം പ്രാപിക്കയാണുണ്ടായതു്. പരി. കന്യകയോടുള്ള പരിപൂർണ്ണമായ സ്നേഹം, നിയമപാലനത്തിലുള്ള പരിപൂർണ്ണമായ വിശ്വസ്തത ഇവയായിരുന്നു അദ്ദേഹത്തിൻെറ വിശുദ്ധിയുടെ രഹസ്യം.

തൻെറ മരണം അത്ര വിദൂരമല്ലെന്നു് ജോണിനു് മനസ്സിലായിരുന്നെങ്കിലും സഹജമായ ശാന്തതയും മനോവിശ്വാസവും അദ്ദേഹത്തിൻെറ മുഖത്തു് സദാ കളിയാടിയിരുന്നു. നിരന്തരമായി സന്ദർശകർ വന്നുകൊണ്ടിരുന്നപ്പോഴും വളരെ പ്രസന്നമായ മുഖഭാവത്തോടെ അവരെയെല്ലാം സ്വീകരിക്കുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞിരുന്നു. മരണത്തിനു് സദാ ഒരുക്കമുള്ളവനായിരുന്നതിനാൽ മരണ

---

* ഈ പുണ്യവതിയെ പരിശുദ്ധ സിംഹാസനത്തിൽനിന്നു് ഈയിടെ വേദപാരംഗതയായി പ്രഖ്യാപിച്ചിരിക്കുന്നു.

ചിന്താ അദ്ദേഹത്തിനു് വളരെ ആനന്ദകരമായിത്തീർന്നു. തൻെറ രോഗത്തേയും ശാരീരിക പീഡകളേയുംകുറിച്ചു് അദ്ദേഹം ആവലാതിപ്പെട്ടിരുന്നില്ല. എന്നുമാത്രമല്ല, അവ വളരെ വിലപ്പിടിപ്പുള്ളവയായി അദ്ദേഹം കരുതുകയും ചെയ്തിരുന്നു.

രോഗം വൎദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും സംസാരശക്തി നഷ്ടപ്പെട്ടിരുന്നില്ല. വിശുദ്ധൻ പ്രാൎത്ഥനയിൽ ശരണം പ്രാപിച്ചു. രോഗപീഡനങ്ങളുടെ വൎദ്ധിച്ച വേലിയേററത്തിലും ജോണിൻെറ മുഖത്തു് അലൗകികമായ ശാന്തതയും സമാധാനവും കളിയാടിയിരുന്നു. എന്നാൽ പിശാചു് വെറുതെയിരുന്നില്ല. ജോണിനെ അന്തിമ നിമിഷത്തിലെങ്കിലും തൻെറ അടിമയാക്കാൻ അവൻ ഉററു ശ്രമിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹം ശാന്തനായി തൻെറ കിടക്കയിൽ കിടക്കുകയായിരുന്നു. പെട്ടെന്നു് ഭയാനകമായ ഒരു പോരാട്ടം ആരംഭിച്ചു. ഭീതിജനകമായ കണ്ണുകളോടുകൂടി ഉയൎന്ന സ്വരത്തിൽ അദ്ദേഹം നിലവിളിച്ചു, "കൎത്താവേ, ഞാനിതു ചെയ്കയില്ല. ഞാൻ അങ്ങയെ ഉപദ്രവിക്കയില്ല. മറിയമേ, നിൻെറ പുത്രനെ ഞാൻ ഒരിക്കലും വേദനിപ്പിക്കയില്ല, ഒരിക്കലും! ആയിരമല്ല, പതിനായിരമല്ല, നൂറായിരംവട്ടം മരിക്കാൻ ഞാനൊരുക്കമാണു്. സാത്താനെ, നിന്നെ ഞാൻ ഭയപ്പെടുന്നില്ല. നീ ദൂരെപ്പോകു" ഇതു കേട്ടു് മുറിയിലുണ്ടായിരുന്നവരെല്ലാം മുട്ടുകുത്തി. അവർ അദ്ദേഹത്തിൻെറ കിടക്കക്കു് ചുററും വിശുദ്ധ ജലം തളിച്ചു. പോരാട്ടം അവസാനിച്ചു. ജോൺ തൻെറ കുരിശുരൂപവും, ജപമാലയും നിയമപുസ്തകവും കൈകളിലെടുത്തു് ഹൃദയത്തോടു് ചേൎത്തു വച്ചുകൊണ്ടു്, ക്ഷീണിതമെങ്കിലും ദൃഢമായ സ്വരത്തിൽ പറഞ്ഞു, "ഇവയാണു് എൻെറ ആയുധങ്ങൾ".

ശക്തിയേറിയ ആ പരീക്ഷ കഴിഞ്ഞയുടനെ രോഗിക്കവേണ്ടി ഒരു വൈദികൻ പ്രാത്ഥനയാരംഭിച്ചു. പുണ്യവാൻ കുരിശുരൂപത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്, "കത്താവേ, രക്ഷിക്കണമേ" എന്നു് പലവുരു ചൊല്ലി. പ്രാത്ഥന കഴിഞ്ഞപ്പോൾ രോഗി വളരെ വിവശനായി കാണപ്പെട്ടു. രോഗിയുടെ നാഡിമിടിപ്പു് പരിശോധിച്ചപ്പോൾ അതു് വളരെ ശക്തിഹീനമായിരിക്കുന്നു എന്നു കണ്ടു. രോഗത്തിൻെറ മൂദ്ധന്യാവസ്ഥ കണ്ടു് ബർക്കുമൻസിൻെറ ആത്മപിതാവായിരുന്ന വൈദികൻവന്നു് അന്ത്യലേപനം നൽകി.

ജോണിൻെറ സംസാരശക്തി ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. കൺമിഴികളൊഴികെ യാതൊരവയവത്തിനും ചലനമുണ്ടായിരുന്നില്ല. 'സംസാരിക്കാൻ തന്നെയെങ്കിലും കഴിഞ്ഞിരുന്നെങ്കിൽ' എന്നു് അദ്ദേഹം ആഗ്രഹിച്ചു. അടുത്തു നിന്നിരുന്ന ഒരു വൈദികൻെറ ഉപദേശപ്രകാരം ഈശോയുടെ തിരുനാമം അദ്ദേഹം മനസ്സുകൊണ്ടു് ചൊല്ലാൻ തുടങ്ങി.

1921 ആഗസ്റ്റു് 13-ാം തിയ്യതി വെള്ളിയാഴ്ച ഉദയം ചെയ്തു. ബക്ക്മൻസിനെസ്സംബന്ധിച്ചിടത്തോളം അതു് തൻെറ പ്രഥമ സ്വർഗ്ഗീയ ദിനത്തിൻെറ ഉദയമായിരുന്നു. രോഗിക്കു് സംസാരിക്കുവാൻ കഴിഞ്ഞിരുന്നതുകൊണ്ടു് ധാരാളം സന്ദശ്കർ വന്നിരുന്നു. ബക്ക്മൻസിൻെറ ഗുരുഭൂതനായ 'ഫാ. സെച്ചുരി' ബലിയർപ്പിക്കാൻ പോയി. അല്പസമയം കഴിഞ്ഞപ്പോൾ പിശാചിൻെറ ശക്തിയേറിയ ഒരു പരീക്ഷയുണ്ടായി. രോഗിയുടെ ചുണ്ടുകൾ വിറയ്ക്കുവാൻ തുടങ്ങി, അദ്ദേഹം ഉച്ചത്തിൽ നിലവിളിച്ചു. പരീക്ഷ അവസാനിച്ചപ്പോൾ രോഗി വളരെ ക്ഷീണിതനായി കാണപ്പെട്ടു. ക്രമേണ സംസാരശക്തിയും നഷ്ടപ്പെട്ടു. ഡോക്ടർ വന്നു് പരാശോധിച്ചപ്പോൾ രോഗിയുടെ സുബോധം നഷ്ടപ്പെട്ടിട്ടില്ലെന്നു് മനസ്സിലായി. ആകയാൽ സന്ധ്യയാകുന്ന

തിനുമുമ്പ് ബക്കുമൻസു് മരിക്കയില്ലെന്നു് ഡോക്ടർ കരുതിയതിൽ വിസ്മയിക്കാനില്ല. തന്റെ അവസാനത്തെ മണിക്കൂർ അടുത്തെന്നു് ബക്കുമൻസിനു് മനസ്സിലായി. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു് എല്ലാവരും മാതാവിന്റെ ലുത്തിനിയ ചൊല്ലാനാരംഭിച്ചു. മററുള്ളവരോടൊത്തു് അദ്ദേഹവും അതിൽ സംബന്ധിച്ചു. അന്ത്യനിമിഷങ്ങളടുത്തു. അസ്ഥിപഞ്ജരമുപേക്ഷിച്ചു് നാഥന്റെ പക്കലേയ്ക്കു് കുതിക്കുവാൻ ആത്മാവു് ധൃതിപ്പെട്ടു. "ഈശോ, മറിയം......" അതായിരുന്നു അദ്ദേഹത്തിന്റെ അന്ത്യവചസ്സുകൾ. എട്ടോ പത്തോ പ്രാവശ്യം അദ്ദേഹം നിശ്വസിച്ചു. തന്റെ ജപമാലയും, നിയമ പുസ്തവും, കുരിശുരൂപവും കൈയിലെടുത്തു് അതിന്മേൽ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു് അദ്ദേഹം തന്റെ ആത്മാവിനെ നിത്യപിതാവിനു് സമർപ്പിച്ചു.

(*From St. John Berchmans by K. Schocters*)

## 6. വിശുദ്ധ ഫ്രാൻസീസു് അസ്സീസി

(ത്യാഗികളുടെ മാതൃക)

വി. ഫ്രാൻസീസു് അസ്സീസി 1182-ൽ ഇററലിയിലെ ഒരു ചെറിയ പട്ടണമായ അസ്സീസിയിലാണു് ജനിച്ചതു്. ആദ്യത്തെ പേർ ജോൺ എന്നായിരുന്നു. പിന്നീടു് പിതാവിന്റെ നിർബ്ബന്ധത്താൽ ഈ വിശുദ്ധൻ 'ഫ്രാൻസീസു് അസീസ്സി' എന്നു് വിളിക്കപ്പെടുവാൻ ഇടയായി.

ഇദ്ദേഹത്തിന്റെ ബാല്യം ഒരു വിധത്തിലും ആദരണീയമോ ആശാസ്യമോ ആയിരുന്നില്ല. എന്നാൽ അനിയന്ത്രിതമായ ആ ജീവിതം അധികംനാൾ പുലത്തിക്കൊണ്ടുപോകുവാൻ ദൈവം അനുവദിച്ചില്ല. അക്കാലത്തു് വെറും ലൗകിക പ്രാഭവവും പ്രതാപവും മാത്രം ആർജ്ജിക്കുവാൻ വേ

ണ്ടി ഒരു സൈന്യത്തിൻെറ നേതാവായിത്തീരണമെന്നുള്ള ആഗ്രഹത്താൽ പ്രേരിതനായി, യാത്രയ്ക്കു് പുറപ്പെട്ടന്നതിനുമുമ്പ് ഒരു അശരീരിവാക്കു് അദ്ദേഹം ശ്രവിക്കയുണ്ടായി. "ഫ്രാൻസീസെ, നീ എവിടേക്കു്? എന്തിനാണു് പുറപ്പെട്ടന്നതു്? യജമാനനു് സേവനം അനുഷ്ഠിക്കുന്നതോ, ദാസനു് സേവനം അനുഷ്ഠിക്കുന്നതോ, ഏതാണു് നിനക്കു് അഭികാമ്യം?" പ്രസ്തുത വാക്കുകൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. അവയെപ്പററി അദ്ദേഹം അവഗാഢം ചിന്തിച്ചു. തൽഫലമായി, ഒരു മാനസപരിവത്തനം തന്നെ അദ്ദേഹത്തിനു് കൈവന്നു. അനന്തരമുള്ള അദ്ദേഹത്തിൻെറ ജീവിതത്തെ മഹത്തരമാക്കിയതു്, പ്രാത്ഥനയും പ്രായശ്ചിത്തവുമായിരുന്നു.

നാല്പത്തിരണ്ടു വഷമേ അദ്ദേഹം ലോകത്തിൽ ജീവിച്ചുള്ളൂ. ചുരുങ്ങിയ ആ കാലയളവിൽ അദ്ദേഹം ചെയ്ത നിരന്തര പ്രാത്ഥനയുടേയും നിസ്തന്ദ്ര പ്രവത്തനങ്ങളുടേയും ഫലമായി അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിയ്ക്കുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. ചികിത്സാത്ഥം ഒരു വൈദ്യൻെറ പക്കൽ പോയി. അദ്ദേഹം പല ചികത്സകളും ചെയ്തുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. അടുത്ത സെപ്ററംബർ മാസത്തിലോ ഒക്ടോബർ മാസാരംഭത്തിലോ അദ്ദേഹം മരണമടയുമെന്നു് വൈദ്യൻ പറഞ്ഞുകേട്ടപ്പോൾ, ഫ്രാൻസീസ്, "സഹോദരിയായ മരണമേ, നിനക്കു് സ്വാഗതം." എന്നു് സുസ്മേരവദനനായിട്ടാണു് പ്രതിവചിച്ചതു്. തൽസമയം അദ്ദേഹത്തിൻെറ മുഖകമലം പ്രഭാപൂരത്താൽ ദീപ്തിമത്തായി കാണപ്പെട്ടു.

രോഗശമനം അസാദ്ധ്യമാണെന്നു കണ്ടപ്പോൾ, സഹോദരന്മാർ അദ്ദേഹത്തെ അസ്സീസിയിലേയ്ക്കു് തിരിയെ കൊണ്ടുപോകുവാൻ തീരുമാനിച്ചു. കാരണം, അസ്സീസിയായിരുന്നു ഫ്രാൻസീസിൻെറ പ്രത്യേക വാത്സല്യത്തിനു പാത്രീ

ഭവിച്ച പട്ടണം. എന്നാൽ അവിടേയ്ക്കുള്ള വഴി പരുപരുത്തതും, കുന്നും കുഴിയും നിറഞ്ഞതുമായിരുന്നതുകൊണ്ടു് യാത്ര വളരെ ക്ലേശകരമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലൊ. അസ്സീസിപ്പട്ടണത്തിനു സമീപം സ്ഥിതിചെയ്തിരുന്ന ഒരു കുന്നിൻെറ മുകളിലെത്തിയപ്പോൾ യാത്ര നിൎത്തി, തന്നെ പട്ടണത്തിനഭിമുഖമായി നിലത്തു കിടത്തുവാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. അവിടെ കിടന്നുകൊണ്ടു് ആസന്നനിലയിലെത്തിയ ആ വിശുദ്ധൻ അസ്സീസിപ്പട്ടണത്തിനുവേണ്ടി അവസാനമായി പ്രാൎത്ഥിച്ചു. പഞ്ചക്ഷതമേററതുകൊണ്ടു് ദുസ്സഹമായ വേദനയനുഭവിച്ചിരുന്ന കരങ്ങൾ ഉയൎത്തിപ്പിടിച്ചു് ആ പട്ടണത്തെ ആശീൎവ്വദിക്കയും ചെയ്തു.

അനന്തരം മരണം കൈവരിക്കാൻ തയ്യാറായി, ഫ്രാൻസീസ്സ് പോർസ്യൻകുലയിലെത്തിച്ചേൎന്നു. ദേഹവിയോഗത്തിനുള്ള സമയം സമാഗതമായി. അതിനു മുമ്പുതന്നെ സഹോദരന്മാരിൽ ചിലരെ വിളിച്ചു് അവൎക്കു് അന്തിമോപദേശങ്ങൾ നല്കുകയുണ്ടായി. "ഇപ്പോൾ ഉള്ളവരും, വരുവാനിരിക്കുന്നവരുമായ സഭയുടെ എല്ലാ സന്താനങ്ങളേയും ഞാൻ അവസാനമായി ആശീൎവ്വദിക്കുന്നു. എനിക്കു് അധികം സംസാരിക്കുവാൻ സാധിക്കാത്തതുകൊണ്ടു്, മൂന്നു കാൎയ്യങ്ങൾ അന്ത്യശാസനമായി ഞാൻ നിങ്ങൾക്കു് നല്കുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം; നിങ്ങൾ എപ്പോഴും ദാരിദ്ര്യാംബികയെ സ്നേഹിക്കുകയും അനുകരിക്കുകയും വേണം; നമ്മുടെ പരി. മാതാവായ തിരുസഭയിലെ മേലദ്ധ്യക്ഷന്മാരോടും വൈദികരോടും എല്ലായ്പോഴും ഭക്തിയും അനുസരണവുമുള്ളവരായിരിക്കണം."

അനാഥരായി വിട്ടുപോകുന്ന സഭയുടെ അംഗങ്ങളെയെല്ലാം അവസാനമായി ആശീൎവ്വദിക്കണമെന്നു് അദ്ദേഹത്തിൻെറ പ്രഥമശിഷ്യനായ 'ബൎണ്ണാർഡ്' ഗദ്ഗദസ്വര

ത്തിൽ കണ്ണീർ വാർത്തുകൊണ്ടു് അപേക്ഷിച്ചു. അതനുസരി ച്ചു് വിശുദ്ധൻ അവരുടെ ശിരസ്സിൽ കൈവച്ചു് എല്ലാവരേയും ആശീർവ്വദിച്ചു. അനന്തരം, തന്നെ നിലത്തുകിടത്തി ദേഹത്തിൽ ചാരം പൂശുവാൻ ഫ്രാൻസീസു് ആവശ്യപ്പെട്ടു. തൽസമയം വിങ്ങിവിങ്ങിക്കരഞ്ഞും കണ്ണീർക്കണങ്ങൾ പൊഴിച്ചുമാണു് സഹോദരന്മാർ ആ കൃത്യം നിർവ്വഹിച്ചതു്. ആ രംഗം തികച്ചും ഹൃദയഭേദകമായിരുന്നു. ഒടുവിൽ ക്രിസ്തുവിൻെറ പീഡാനുഭവത്തെക്കുറിച്ചുള്ള ഭാഗം വായിച്ചു കേൾക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ സഹോദരന്മാർ സന്താപ സാഗരത്തിൽ നിമഗ്നരായി, ഭക്ത്യാദരപൂർവ്വം തൻെറ ചുററിലും നില്ക്കവേ, 1226 ഒക്ടോബർമാസം 3-ാംതിയ്യതി 'അസ്സീസിയിലെ ആ മഹാഭിക്ഷു' ഐഹികവാസം വെടിഞ്ഞു.

## വിഭാഗം 2

# അന്തിമഘട്ടം

ഈ സമയം സമാഗതമാകുന്നതിനു മുമ്പുതന്നെ, രോഗിയുടെ ലൗകിക കാര്യങ്ങളെല്ലാം ശരിപ്പെടുത്തിയിരിക്കണം. നീതിയായും പക്ഷഭേദരഹിതമായും സ്നേഹത്തോടുകൂടിയും, സമ്പാദ്യം സന്താനങ്ങൾക്കു് ഭാഗിച്ചുകൊടുക്കണം. മക്കളിൽ ആർക്കെങ്കിലും അധികം കൊടുക്കണമെങ്കിൽ അതു്, നിന്റെ സഹായം ആർ അധികം അർഹിക്കുന്നുവോ അവർക്കായിരിക്കണം. അനീതിപരമായ ഭാഗപത്രം എത്ര കുടുംബങ്ങളെയാണു് കലഹത്തിന്റെ കളരിയും, അസമാധാനത്തിന്റെ അടർക്കളവുമാക്കിത്തീർക്കുന്നതു്! അനീതിയായും പക്ഷപാതപരമായും നടത്തുന്ന മുതൽ വിഭാഗം, കുടുംബങ്ങളിൽ പരസ്പരവിദ്വേഷവും, ശത്രുതയും പുലർത്താൻ മാത്രമേ പര്യാപ്തമാവുകയുള്ളു. ആകയാൽ നിന്റെ മരണശേഷം മക്കൾ തമ്മിൽ സ്നേഹത്തിലും സൗഹാർദ്ദത്തിലും വർത്തിയ്ക്കുവാൻ തക്കവിധമായിരിക്കണം നിന്റെ ഭാഗപത്രം. മാത്രമല്ല, നിന്റെ ധനത്തിന്റെ നിസ്സാരമായ ഒരു ഭാഗമെങ്കിലും, മരണശേഷം ആത്മശാന്തിക്കു് വിനിയോഗിക്കുന്നതിനായി നീക്കിവെക്കുന്നതു് ഒരു മഹാ ഭാഗ്യമായിട്ടുവേണം വിചാരിക്കാൻ. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ സാധിക്കാത്തതിന്റെ ഫലമായി എത്ര പാവപ്പെട്ട ആത്മാക്കളാണു്, ഇപ്പോൾ ശുദ്ധീകരണസ്ഥലത്തിൽ കിടന്നു് പീഡകൾ അനുഭവിക്കുന്നതു്! ധനാഢ്യർ അവരുടെ ധനം ഭാഗിക്കുമ്പോൾ, ദരിദ്രരിൽ മറഞ്ഞു നില്ക്കുന്ന മിശിഹായെ വിസ്മരിക്കരുതു്. അതുകൊണ്ടു് ആതുര സംരക്ഷണത്തിനോ, വിദ്യാവിതരണത്തിനോ, മതപ്രചാരണത്തിനോ, മററു

ജീവകാരുണ്യ പ്രവൎത്തനങ്ങൾക്കോവേണ്ടി എന്തെങ്കിലും വ്യവസ്ഥകൾ മരണപത്രത്തിൽ ചേൎക്കുന്നതു് അഭിലഷണീയമായിരിക്കും. ചീഞ്ഞഴിഞ്ഞുപോകുന്ന ഈ ജഡത്തിന്റെ പേരിൽ നിൎവ്വഹിക്കുന്ന ആഡംബരപൂൎവ്വകമായ സംസ്കാരചടങ്ങുകളേക്കാൾ, അനശ്വരമായ ആത്മാവിനെ ഉദ്ദേശിച്ചു ചെയ്യുന്ന സൽപ്രവൃത്തികളായിരിക്കും, ദൈവത്തിനു കൂടുതൽ പ്രീതിജനകം. മരണാനന്തരം ജീവിതത്തിൽ, പ്രാൎത്ഥനയും, പരോപകാര പ്രവൃത്തികളും മാത്രമേ ഒരാത്മാവിനു് പ്രയോജനപ്പെടുകയുള്ളു.

ജീവിതകാലത്തു്, നീ ഏതെങ്കിലും സഭയുടേയോ സഖ്യത്തിന്റേയോ അംഗമെന്ന നിലയിൽ, അതിന്റെ കടമകൾ വിശ്വസ്തതാപൂൎവ്വം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ, ആ വിചാരം മരണക്കിടക്കയിൽ, നിന്നെ സമാശ്വസിപ്പിക്കാതിരിക്കയില്ല. തന്നിമിത്തം, ഏതെങ്കിലും സഭയുടേയോ സഖ്യത്തിന്റേയോ അംഗങ്ങൾക്കു് തിരുസ്സഭ നല്കുന്ന ദണ്ഡവിമോചനം പ്രാപിക്കുവാൻ, നീ വൈദികനോടാവശ്യപ്പെടുക. മരണനേരത്തു് ദണ്ഡവിമോചനവും ആശീൎവ്വാദവും നല്കുന്ന ക്രമം താഴെ ചേൎക്കുന്നു:—

## മരണനേരത്തു് ദണ്ഡവിമോചനവും ആശീൎവ്വാദവും കൊടുക്കുന്ന ക്രമം.

രോഗിയെ കിടത്തിയിരിക്കുന്ന മുറിയിൽ അധികാരമുള്ള വൈദികൻ പ്രവേശിക്കുമ്പോൾ പറയുന്നു: ഈ ഭവനത്തിനും ഇതിൽ വസിക്കുന്ന എല്ലാവൎക്കും സമാധാനം.

അനന്തരം വൈദികൻ:— "കൎത്താവേ, സോപ്പാകൊണ്ടു് എന്നെ തളിക്കുക, അപ്പോൾ ഞാൻ നിൎമ്മലനാക്കപ്പെടും. അതുകൊണ്ടു് എന്നെ കഴുകുക, അപ്പോൾ ഞാൻ മഞ്ഞിനേക്കാൾ വെണ്മയുള്ളവനായിത്തീരും" എന്നു് ചൊല്ലിക്കൊണ്ടു്

രോഗിയുടെ മേലും, രോഗിക്കു ചുററുമിരിക്കുന്നവരുടെ മേലും, മുറിയിലും തീർത്ഥജലം തളിക്കുന്നു.

സൂചന: പിന്നെ രോഗി പാപപോച്ചാരണം ചെയ്യുവാനാഗ്രഹിക്കുന്നുവെങ്കിൽ അതു് കേൾക്കുകയും ചെയ്യുന്നു. എന്നാൽ പാപപോച്ചാരണം അവൻ ആവശ്യപ്പെടുന്നില്ലെങ്കിൽ ഉത്തമമനസ്താപപ്രകരണം ചൊല്ലുന്നതിനു് അവനെ സഹായിക്കണം. സമയമുണ്ടെങ്കിൽ, വൈദികൻ ഈ ആശീർവ്വാദത്തേയും, അതിൻെറ ഫലസിദ്ധിയേയും കുറിച്ചു് ഉപദേശം നൽകണം.

വൈ:- ഞങ്ങളുടെ സഹായം കർത്താവിൻെറ നാമത്തിലാകുന്നു.

സഹാ:- ആകാശവും ഭൂമിയും സൃഷ്ടിച്ചവൻെറ നാമത്തിൽ.

വൈ:- കർത്താവേ! അങ്ങേ ദാസൻെറ (ദാസിയുടെ) പാപകൃത്യങ്ങളെ അങ്ങു് ഓക്കരുതേ. അവൻെറ (അവളുടെ) പാപകൃത്യങ്ങളെക്കുറിച്ചു് അങ്ങു് പ്കരം ചോദിക്കുകയുമരുതേ. കർത്താവേ, അനുഗ്രഹിക്കണമേ. മിശിഹായെ, അനുഗ്രഹിക്കണമേ. സ്വർഗ്ഗസ്ഥനായ........

വൈ:- ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

സഹാ:- പ്രത്യുത, ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

വൈ:- കർത്താവേ, അങ്ങേ ദാസനെ (ദാസിയെ) രക്ഷിക്കണമേ.

സഹ:- ദൈവമേ, അങ്ങിൽ ശരണപ്പെടുന്നവനെ (ശരണപ്പെടുന്നവളെ) രക്ഷിക്കണമേ.

വൈ:- കർത്താവേ, എൻെറ പ്രാർത്ഥന ശ്രവിക്കണമേ.

സഹാ:- എൻെറ നിലവിളി അങ്ങേ സന്നിധിയിൽ എത്തുമാറാകട്ടെ.

വൈ:- കർത്താവു് നിങ്ങളോടുകൂടെ.

സഹാ - അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

വൈ:- പ്രാർത്ഥിക്കാം.

അങ്ങിൽ വിശ്വസിക്കുകയും ശരണപ്പെടുകയും ചെയ്യുന്നവരിൽ ഒരുവനും നശിച്ചുപോകുവാൻ ഇഷ്ടപ്പെടാത്തവനും,

എല്ലാവരേയും അനുഗ്രഹിക്കുന്നവനും, എല്ലാ ആശ്വാസങ്ങളു ടേയും ദാതാവുമായ കാരുണ്യവാനായ പിതാവേ, അങ്ങിൽ യഥാർത്ഥ വിശ്വാസവും ക്രിസ്തീയ ശരണവും അർപ്പിച്ചിരിക്കു ന്ന അങ്ങേ ദാസനെ (ദാസിയെ) അങ്ങേ അനുഗ്രഹങ്ങളുടെ ആധിക്യത്തിനു യോജിച്ചവിധം കടാക്ഷിക്കണമേ, അങ്ങേ രക്ഷയിൽ അവനെ (അവളെ) അങ്ങ് സന്ദർശിക്കുകയും അവ ൻെറ (അവളുടെ) ആത്മാവ് പുറപ്പെടുന്ന സമയം, അനുഗ്രഹ മുള്ള വിധികർത്താവായി അങ്ങയെ കാണുവാൻവേണ്ടി അങ്ങേ ഏകജാതൻെറ പീഡകളേയും മരണത്തേയുംകുറിച്ച് അവ ൻെറ (അവളുടെ) എല്ലാ പാപങ്ങളുടേയും മോചനവും പൊറു തിയും അനുഗ്രഹത്തോടുകൂടെ നല്കുകയും ചെയ്യണമേ. അങ്ങേ പുത്രൻെറ രക്തത്താൽ എല്ലാ കറകളിൽനിന്നും അവൾ (ആ ത്മാവ്) കഴുകപ്പെട്ട്, നമ്മുടെ കർത്താവീശോമിശിഹാവഴി നിത്യജീവിതത്തിൽ ചെന്നെത്തുവാൻ അർഹയായിത്തീരുക യും ചെയ്യട്ടെ.

സഹാ:– ആമ്മേൻ.

പിന്നീട് ശുശ്രൂഷകനുണ്ടെങ്കിൽ അയാൾ, അല്ലെ ങ്കിൽ മററൊരാൾ "ഞാൻ പിഴയാളി" ആരംഭിക്കുന്നു. അന ന്തരം:

വൈ:– സർവ്വശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കുകയും നിൻെറ പാപങ്ങളെല്ലാം മോചിച്ച് നിത്യായുസ്സിലേക്ക് നി ന്നെ ആനയിക്കയും ചെയ്യട്ടെ.

സഹാ:– ആമ്മേൻ.

വൈ:– അനുഗ്രഹീതനായ പത്രോസ്സിനു്, കെട്ടുന്നതിനും അ ഴിക്കുന്നതിനുമുള്ള അധികാരം കൊടുത്തവനും, സ്വയം ജീവി യായ ദൈവത്തിൻെറ പുത്രനുമായ നമ്മുടെ കർത്താവീശോമി ശിഹാ, അവിടത്തെ മാധുര്യമുള്ള അനുഗ്രത്താൽ നിൻെറ ഏറ്റു പറച്ചലിനെ സ്വീകരിക്കയും, നീ ജ്ഞാനസ്നാനത്തിൽ ധരിച്ച ആദ്യവസ്ത്രത്തെ നിനക്ക് തിരികേ തരികയും ചെയ്യട്ടെ.

സഹാ:— ആമ്മേൻ.

വൈ:— ശ്ലൈഹിക സിംഹാസനത്തിൽനിന്നും എനിക്കു ലഭിച്ച അധികാരത്താൽ, നിൻെറ എല്ലാ പാപങ്ങളുടേയും പൂൎണ്ണമായ പൊറുതിയും, മോചനവും, പിതാവിൻേറയും + പുത്രൻേറയും, പരിശുദ്ധാത്മാവിൻേറയും നാമത്തിൽ, നിനക്കു് ഞാൻ നല്കുന്നു.

സഹാ:— ആമ്മേൻ.

വൈ:— മനുഷ്യവർഗ്ഗത്തിൻെറ രക്ഷയുടെ വി. രഹസ്യങ്ങൾ വഴി, സൎവ്വശക്തനായ ദൈവം, ഈ ജീവിതത്തിലേയും വരുവാനിരിക്കുന്ന ജീവിതത്തിലേയും എല്ലാ പീഡകളിൽനിന്നും നിന്നെ മോചിപ്പിക്കുകയും, പറുദീസായുടെ വാതിൽ നിനക്കു വേണ്ടി തുറക്കുകയും, നിത്യാനന്ദത്തിലേയ്ക്കു് നിന്നെ ആനയിക്കുകയും, ചെയ്യട്ടെ.

സഹാ:— ആമ്മേൻ.

വൈ:- പിതാവും + പുത്രനും പരിശുദ്ധാത്മാവുമായ സൎവ്വശക്തനുമായ ദൈവം നിന്നെയനുഗ്രഹിക്കട്ടെ.

സഹാ:- ആമ്മേൻ.

സൂചന: രോഗി ഉടൻ മരിക്കുമെന്നുള്ള സ്ഥിതിയിൽ (സാംക്രമിക രോഗബാധിതനോ മററോ) ആണെങ്കിൽ, ഇവിടെ കൊടുത്തിരിക്കുന്ന പ്രാൎത്ഥനകൾ മുഴവൻ ചൊല്ലുവാൻ സാധിച്ചില്ലെന്നു വരാം. അപ്പോൾ വൈദികൻ രോഗിക്കു് ശ്ലൈഹികാശീൎവ്വാദം ഉടനെ കൊടുക്കുന്നു. ‘‘ശ്ലൈഹിക സിംഹാസനത്തിൽനിന്നും എനിക്കു് നല്കപ്പെട്ടിരിക്കുന്ന അധികാരത്താൽ, നിൻെറ സകല പാപങ്ങളുടേയും പൂൎണ്ണമായ പൊറുതി പിതാവിൻേറയും + പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിനക്കു് ഞാൻ നല്കുകയും നിന്നെ ആശീൎവ്വദിക്കയും ചെയ്യുന്നു.’’

## രോഗിലേപനം

രോഗം അപകടകരമാണെങ്കിൽ, രോഗിലേപനം തരണമെന്നു് നീ വൈദികനോടാവശ്യപ്പെടുക. എന്തുകൊണ്ടെന്നാൽ, രോഗിലേപനം എന്ന കൂദാശയോടനുബന്ധിക്കപ്പെട്ടിരിക്കുന്ന അനുഗ്രഹം ആശ്ചര്യാവഹമാണു്. വി: യാക്കോവു ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ഇതു് രോഗികളെ മാത്രം ഉദ്ദേശിച്ചു് സ്ഥാപിതമായ ഒരു കൂദാശയാണു്.

"രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും നമ്മുടെ കർത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ.

അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു് ക്ഷമിക്കയും ചെയ്യും." (5: 14, 15)

**സൂചന:** ഈ കൂദാശ നിനക്കു് ക്ഷമയും, ദൈവതിരുമനസ്സിനോടുള്ള പൂർണ്ണമായ ഐക്യവും, നിൻെറ ഭാവിനന്മക്കു് പ്രയോജകീഭവിക്കുമെങ്കിൽ, ശരീരാരോഗ്യം തന്നെയും പ്രദാനം ചെയ്യും.

## അനുതാപത്തിൻെറ സങ്കീർത്തനങ്ങൾ:

(ദാവീദിൻെറ പ്രാർത്ഥന)

### I

### സങ്കീർത്തനം–6

(ദൈവശിക്ഷ ലഭിച്ചവൻെറ പ്രാർത്ഥന)

**കർത്താവേ, കോപത്തോടെ എന്നെ ശകാരിക്കരുതേ:**

കോപത്തോടെ എന്നെ ശിക്ഷിക്കരുതേ:
എന്തെന്നാൽ ഞാൻ ദുർബ്ബലനാകുന്നു.

കർത്താവേ, എന്നെ സുഖപ്പെടുത്തണമേ:
എന്തെന്നാൽ, എൻെറ ശരീരം വേദനിക്കുന്നു:
എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു.

കർത്താവേ, അങ്ങുന്ന് എത്രത്തോളം വൈകും?
എൻെറ ആത്മാവിനെ രക്ഷിക്കണമേ:
കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ.

മരണത്തിൽ അങ്ങയെ ആരും ഓർക്കുന്നില്ല:
കുഴിമാടത്തിൽനിന്ന്
അങ്ങയെ പുകഴ്ത്തുവാൻ ആർക്കു കഴിയും?

കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു:
രാത്രിയിൽ എൻെറ തലയിണ നനഞ്ഞു.

കണ്ണീരുകൊണ്ടു കിടക്ക ഞാൻ നനച്ചു:
കരഞ്ഞു കരഞ്ഞു എൻെറ കണ്ണു കലങ്ങി:
വൈരികൾമൂലം ഞാൻ ഭയപ്പെട്ടു.

ദുഷ്ടന്മാർ അകന്നു പോകട്ടെ:
എന്തെന്നാൽ, കർത്താവ് എൻെറ നിലവിളി കേട്ടു.

അവിടന്ന് എൻെറ പ്രാർത്ഥന ചെവിക്കൊണ്ടു:
ദയാപൂർവ്വം സ്വീകരിക്കുകയും ചെയ്തു.
എൻെറ ശത്രുക്കളെല്ലാം ലജ്ജിതരാകും;
അവർ പെട്ടെന്നു ചിതറി നശിക്കയും ചെയ്യും.

# II

## സങ്കീർത്തനം-32

### (പാപങ്ങൾ പൊറുക്കപ്പെട്ടപ്പോൾ)

കുററങ്ങൾക്കു് മാപ്പു കിട്ടിയവനും,
പാപങ്ങൾക്കു് പൊറുതി ലഭിച്ചവനും
അത്യന്തം ഭാഗ്യവാനാകുന്നു.

കർത്താവിനാൽ കുററം ചുമത്തപ്പെടാത്തവനും,
ആത്മാവിൽ കളങ്കമററവനും
അനുഗ്രഹീതനാകുന്നു.

ഇടവിടാതെ ഞാൻ പ്രലപിച്ചുകൊണ്ടിരുന്നു:
അതു രഹസ്യമാക്കി വച്ചതിനാൽ
എൻെറ ശരീരം ക്ഷീണിച്ചു.

രാത്രിയും പകലും
അങ്ങുന്നു് എന്നെ ശിക്ഷിച്ചിരുന്നു.

വേദന എന്നെ കൊല്ലുവാൻ
ആത്മാവിലേയ്ക്കു് ആഞ്ഞിറങ്ങി.

എൻെറ കുററം ഞാൻ ഏററുപറഞ്ഞു.
പാപങ്ങളൊന്നും ഞാൻ മറച്ചു വച്ചില്ല.

എൻെറ പാപങ്ങൾ ഏററു പറയുമ്പോൾ
അവിടുന്നു് അതെല്ലാം ക്ഷമിക്കും:

നീതിമാൻ കർത്താവിനോടു പ്രാർത്ഥിക്കയും
തൻെറ ആവശ്യങ്ങൾ അറിയിക്കയും ചെയ്യട്ടെ:

പാഞ്ഞുവരുന്ന മലവെള്ളംപോലും
അവനെ സ്പശിക്കയില്ല.

അങ്ങുന്നു് എൻെറ സങ്കേതമാകയാൽ
ശത്രുക്കളിൽനിന്നു് എന്നെ രക്ഷിക്കണമേ.

അങ്ങേ ദിവ്യസഹായംകൊണ്ടു്
എന്നെ വലയം ചെയ്യണമേ.

നീ നടക്കേണ്ട വഴി ഞാൻ പഠിപ്പിക്കാം:
എൻെറ ദൃഷ്ടികൾ നിന്നെ നോക്കിക്കൊണ്ടിരിക്കും.
കഴുതയെയും കുതിരയെയും പോലെ

നീ ഒരിക്കലും പ്രവൎത്തിക്കരുതു്:
അവയ്ക്കു ബുദ്ധിയില്ലല്ലോ.

കടിഞ്ഞാൺ കൊണ്ടു നിയന്ത്രിക്കാതിരുന്നാൽ
അവ ഇണങ്ങുകയില്ല.

ദുഷ്ടനു വളരെയേറെ പ്രയാസങ്ങളുണ്ടു്:
കൎത്താവിൽ ശരണപ്പെടുന്നവരോ
അനുഗ്രഹങ്ങളാൽ വലയം ചെയ്യപ്പെടും.

നീതിമാന്മാരേ, കൎത്താവിൽ സന്തോഷിക്കുവിൻ:
നിൎമ്മലഹൃദയരേ, അവിടത്തെ വാഴ്ത്തുവിൻ.

## III

## സങ്കീൎത്തനം - 38

(പാപിയുടെ പ്രാൎത്ഥന)

കൎത്താവേ, കോപത്തോടെ എന്നെ ശകാരിക്കരുതേ:
കോപത്തോടെ എന്നെ ശിക്ഷിക്കരുതേ.

അങ്ങേ അസ്ത്രം എന്നിൽ തറഞ്ഞിറങ്ങി:
അങ്ങ് എന്നെ കഠിനമായി ശിക്ഷിച്ചു.

അങ്ങേ കോപം നിമിത്തം ഞാൻ രോഗിയായി:
എന്റെ പാപം നിമിത്തം ഞാൻ അസ്വസ്ഥനായി.
എന്റെ അകൃത്യങ്ങൾ എന്നെക്കാൾ ഉയർന്നുനില്ക്കുന്നു:
അവ എനിക്കു ഭാരമേറിയ ചുമടായിരിക്കുന്നു.

എന്റെ മുറിവുകൾ അഴുകി മലിനമായി:
പാപങ്ങൾ എന്നെ പരിഭ്രാന്തനാക്കി.

വിഷാദമൂകനായി ഞാൻ ദിവസങ്ങൾ കഴിക്കുന്നു:
പരിഭ്രമം മൂലം ഞാൻ സമാധാനരഹിതനായി:
ദുഃഖാധിക്യത്താൽ ഞാൻ നിലവിളിച്ചു.

അങ്ങുന്ന് എന്റെ അഭിലാഷങ്ങൾ അറിയുന്നുവല്ലോ:
എന്റെ നെടുവീർപ്പുകൾ അങ്ങേയ്ക്കു് അജ്ഞാതമല്ല.

എന്റെ ഹൃദയം വല്ലാതെ തുടിക്കയും
ഞാൻ ബലഹീനനാവുകയും ചെയ്യു.

കണ്ണുകളുടെ വെളിച്ചംപോലും
എനിക്കു നഷ്ടപ്പെട്ടുപോയി.

എന്റെ ചാർച്ചക്കാരും സ്നേഹിതരും
എന്റെ സങ്കടം കണ്ടു് അകന്നുമാറി.

എന്നെ അപായപ്പെടുത്താൻ ശ്രമിക്കുന്നവരും
എന്റെ നാശം ആഗ്രഹിക്കുന്നവരും
എന്നെ പിടികൂടിയിരിക്കുന്നു.

ദിവസം മുഴുവനും
അവർ കൂടിയിരുന്നു് ആലോചിച്ചു.

ഞാൻ ഒന്നും കേട്ടഭാവം നടിച്ചില്ല:
എൻെറ അധരങ്ങൾ അനക്കിയില്ല:
ചെകിടനെയും മൂകനെയുംപോലെ ഞാൻ ജീവിച്ചു.

കൎത്താവേ, അങ്ങിൽ ഞാൻ അഭയംതേടുന്നു:
അങ്ങുന്നു് എൻെറ പ്രാൎത്ഥന കേൾക്കണമേ.

എൻെറ കാലുപിഴയ്ക്കുമ്പോൾ ആനന്ദിക്കുന്നവർ
എന്നെ നിന്ദിക്കാനിടയാക്കരുതേ എന്നു്
അങ്ങയോടു ഞാൻ പ്രാൎത്ഥിച്ചു.

എന്തെന്നാൽ, ഞാൻ വീഴാറായിരിക്കുന്നു:
ഭാവനയിൽ എൻെറ ദുഃഖം ഞാൻ കാണുന്നു.

ഞാൻ എൻെറ പാപങ്ങൾ ഏററുപറയുമ്പോൾ
അങ്ങുന്നു് എനിക്കു മോചനം നല്കും.

എൻെറ ശത്രുക്കളുടെ സംഖ്യ വൎദ്ധിച്ചു:
എന്നെ വെറുക്കുന്നവരുടെ എണ്ണം പെരുകി.

അവർ നന്മയ്ക്കുപകരം തിന്മ പ്രവൎത്തിച്ചു:
നന്മ ചെയ്യുന്നു എന്ന കാരണത്താൽ
അവർ എന്നെ വെറുക്കുകയും ചെയ്തു.

ദൈവമേ, എന്നെ ഉപേക്ഷിക്കരുതേ:
കൎത്താവേ, എന്നിൽനിന്നകന്നു പോകരുതേ.

രക്ഷകനായ ദൈവമേ,
എന്നെ സഹായിക്കാൻ വേഗം വരണമേ.

## IV

### സങ്കീർത്തനം-51

(അനുതാപത്തിന്റെ പ്രാർത്ഥന)

ദൈവമേ, എന്നോട് കരുണ തോന്നണമേ:
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും,
തെററുകൾ തുടച്ചുമാററുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി:
അങ്ങേ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതിയുക്തമാകുന്നു:
അങ്ങേ വിധികൾ വിജയിക്കയും ചെയ്യും.

ഞാൻ പാപത്തോടുകൂടെ ജനിച്ചിരിക്കുന്നു.
എന്റെ ഉത്ഭവംതന്നെ തിന്മയിലാകുന്നു.

അങ്ങുന്ന് സത്യവാനാണല്ലോ:
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ
എന്നെയും പഠിപ്പിക്കണമേ.

സോപ്പാകൊണ്ട് എന്നെ തളിക്കണമേ:
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമേ:
ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

അങ്ങേ സന്തോഷം എനിക്കു നല്കണമേ:
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

എൻെറ പാപങ്ങളിൽനിന്നു് മുഖം തിരിക്കണമേ:
എൻെറ അപരാധങ്ങൾ മായിച്ചുകളയണമേ.

നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ:
എൻെറ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസ്സന്നിധിയിൽനിന്നു്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്നു് എടുത്തുകളയരുതേ.

അങ്ങേ സഹായത്തിനു് വീണ്ടും ഞാൻ അർഹനാകട്ടെ:
അങ്ങേ ചൈതന്യം എന്നെ താങ്ങി നിർത്തട്ടെ.

ദുഷ്ടരെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും:
പാപികൾ അങ്ങേ പക്കലേയ്ക്കു പിൻതിരിയും.

നീതിമാനായ ദൈവമേ, എന്നെ രക്ഷിക്കണമേ:
ഞാൻ അങ്ങേ നന്മയെ പ്രകീർത്തിക്കട്ടെ.

കർത്താവേ, എൻെറ അധരങ്ങൾ തുറക്കണമേ:
അവ അങ്ങേ സ്തുതികൾ ഉരുവിടട്ടെ.

എന്തെന്നാൽ, ബലി അങ്ങുന്നു് ആഗ്രഹിക്കുന്നില്ല:
ഹോമബലികൾ അങ്ങുന്നു് സ്വീകരിക്കയുമില്ല.

പശ്ചാത്തപിക്കുന്ന എൻെറ ഹൃദയം
അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു.

തകൎന്ന ഒരു ഹൃദയത്തെ
ദൈവം നിരസിക്കുകയില്ല.

സെഹിയോനെ അനുഗ്രഹിക്കണമേ:
ഓറശ്ലത്തിൻെറ കോട്ടകൾ പുതുക്കിപ്പണിയണമേ.

നീതിയുടെ ദഹനബലികളെ
അപ്പോൾ അങ്ങ് സ്വീകരിക്കും.

അവർ അങ്ങേ ബലിപീഠത്തിന്മേൽ
ബലിമൃഗങ്ങളെ സമൎപ്പിക്കയും ചെയ്യും.

## V

## സങ്കീൎത്തനം - 102

(പശ്ചാത്താപം)

കൎത്താവേ, എൻെറ പ്രാൎത്ഥന കേൾക്കണമേ:
എൻെറ അപേക്ഷ അങ്ങേ പക്കലെത്തട്ടെ.

എൻെറ ക്ലേശകാലത്ത് മുഖം മറയ്ക്കരുതേ:
ഞാൻ അങ്ങയെ വിളിക്കുമ്പോൾ
എന്നെ ചെവിക്കൊള്ളണമേ.

എന്തെന്നാൽ, ജീവിതം പുകപോലെ മാഞ്ഞുപോകുന്നു:
എൻെറ അസ്ഥികൾ വെണ്ണീറുപോലെ വെളുത്തു.

ആഹാരത്തിൻെറ കാര്യംപോലും ഞാൻ മറന്നു:
പുൽക്കൊടിപോലെ ഞാൻ വാടിക്കരിഞ്ഞു.

വേദനയുടെ ആധിക്യം നിമിത്തം
മാംസം അസ്ഥിയോട് ഒട്ടിച്ചേൎന്നു.

മരുഭൂമിയിലെ വേഴാമ്പൽപോലെയും
വിജനപ്രദേശത്തെ മൂങ്ങാപോലെയും
ഞാൻ ഏകാകിയായിത്തീൎന്നു.

പുരമുകളിൽ തനിച്ചിരിക്കുന്ന പക്ഷിയേപ്പോലെ
ഞാൻ പേടിച്ചു വിറച്ചു.

ശത്രുക്കൾ എപ്പോഴും എന്നെ നിന്ദിക്കുന്നു:
എന്റെ ആരാധകർപോലും എന്നെ ശപിക്കുന്നു.

എന്റെ ഭക്ഷണം വെറും ചാരമാകുന്നു:
അങ്ങേ ഉഗ്രമായ കോപം നിമിത്തം
എന്റെ പാനീയത്തിൽ കണ്ണീരുകലൎന്നു.

എന്തെന്നാൽ, അങ്ങുന്നു് എന്നെ ഉയൎത്തിയെങ്കിലും
അതുപോലെത്തന്നെ താഴ്ത്തുകയും ചെയ്തു.

എന്റെ ജീവിതം നിഴൽപോലെ മാഞ്ഞുപോകുന്നു:
പുല്ലുപോലെ ഞാൻ വാടിപ്പോകുന്നു.

എന്നാൽ കൎത്താവേ, അങ്ങു് നിത്യനാകുന്നു:
എല്ലാ തലമുറയും അങ്ങയെ അനുസ്മരിക്കും.

സെഹിയോനെ അങ്ങുന്നു് അനുഗ്രഹിക്കണമേ:
അവളോടു് കരുണകാണിക്കാൻ കാലമായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ അങ്ങേ ദാസന്മാർ
അവളുടെ കല്ലിനേയും മണ്ണിനെയും സ്നേഹിച്ചു.

വിജാതീയർ അങ്ങേ നാമത്തെ ബഹുമാനിക്കും:
ഭൂമിയിലെ രാജാക്കന്മാർ അങ്ങേ മഹത്വത്തെയും.

കർത്താവു് സെഹിയോനെ ഉദ്ധരിക്കുകയും,
മഹിമയോടെ പ്രത്യക്ഷനാവുകയും ചെയ്യും.

നിസ്സഹായരുടെ പ്രാർത്ഥന കേൾക്കുകയും,
അവരുടെ അപേക്ഷ സ്വീകരിക്കുകയും ചെയ്യും.

ഭാവി തലമുറയ്ക്കുവേണ്ടി ഇതു് എഴുതപ്പെടട്ടെ:
ജനിക്കാനുള്ളവരും കർത്താവിനെ സ്തുതിക്കട്ടെ.

അത്യുന്നതമായ സ്വർഗ്ഗത്തിൽനിന്നു
കർത്താവു ഭൂമിയെ കടാക്ഷിച്ചു.

തടവുകാരുടെ നിലവിളി കേൾക്കുകയും,
മരണത്തിനു വിധിക്കപ്പെട്ടവരെയെല്ലാം
അവിടന്നു് മോചിക്കയും ചെയ്യും.

സെഹിയോനിൽ കർത്താവിൻെറ നാമവും,
ഓറശ്ലത്തു് അവിടത്തെ സ്തുതിയും,
നിരന്തരം പ്രകീർത്തിക്കപ്പെടും.

യാത്ര പകുതിയാകുമ്പോൾ
അവിടന്നു് എൻെറ ശക്തികുറച്ചു:
എൻെറ ആയുസ്സു വെട്ടിച്ചുരുക്കുകയും ചെയ്തു.

ജീവിതമദ്ധ്യത്തിൽ എന്നെ തിരിച്ചുവിളിക്കരുതേ:
അങ്ങേ വത്സരങ്ങൾ അനന്തമാണല്ലോ.

പൂർവ്വകാലത്തു് അങ്ങുന്നു് ഭൂമിയെ സൃഷ്ടിച്ചു:
ആകാശവും അങ്ങേ സൃഷ്ടിയാകുന്നു.

അവയെല്ലാം കടന്നുപോകുന്നു:
അങ്ങുന്നുമാത്രം നിലനില്ക്കുന്നു.

വസ്ത്രംപോലെ അവ പഴകിപ്പോകും:
മേലങ്കിപോലെ ഊരി മാററപ്പെട്ടും.

എന്നാൽ അങ്ങേയ്ക്കു് ഒരിക്കലും മാററമില്ല:
അങ്ങേ വത്സരങ്ങൾക്കു് അന്ത്യവുമില്ല.

അങ്ങേ ദാസന്മാരുടെ മക്കൾ ഭൂമിയിൽപാക്കും:
അവരുടെ വംശം എന്നും നിലനില്ക്കും.

## VI

### സങ്കീത്തനം-129.

(പാപത്തെപ്പററി പശ്ചാത്താപം)

അഗാധത്തിൽനിന്നു് ഞാൻ അങ്ങയെ വിളിക്കുന്നു:
കത്താവേ, എൻെറ ശബ്ദം കേൾക്കണമേ:
എൻെറ പ്രാത്ഥന ചെവിക്കൊള്ളണമേ.

പാപങ്ങളെല്ലാം അങ്ങു് ഓത്തിരുന്നാൽ
കത്താവേ ആക്ക രക്ഷയുണ്ടാകും?

എന്തെന്നാൽ പാപങ്ങളുടെ മോചനം
അങ്ങേപക്കൽ നിന്നാകുന്നുവല്ലോ.

കത്താവിൽ ഞാൻ ശരണപ്പെടുന്നു:
എൻെറ പ്രതീക്ഷ അവിടത്തെ വാഗ്ദാനത്തിലാകുന്നു.

പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരേപ്പോലെ
ഞാൻ അങ്ങയെ കാത്തിരിക്കുന്നു:

ഇസ്രായേലും അങ്ങയെ കാത്തിരിക്കുന്നു.

അവിടന്നു് കരുണയുള്ളവനാണല്ലോ:
പൂർണ്ണമായ രക്ഷയും അവിടത്തെ പക്കലാകുന്നു.

അവിടന്നു് ഇസ്രായേലിനെ
അതിൻെറ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കും.

## VII

### സങ്കീർത്തനം-142.

(ഏകാന്തതയുടെ വിളി)

കർത്താവേ, എൻെറ പ്രാർത്ഥന കേൾക്കണമേ:
എൻെറ അപേക്ഷ ചെവിക്കൊള്ളണമേ.

അങ്ങു് വിശ്വസ്തനും നീതിമാനുമാകയാൽ
എനിക്കുത്തരമരുളണമേ.

ന്യായവിധിക്കു് എന്നെ വിധേയനാക്കരുതേ:
എന്തെന്നാൽ, ജീവിക്കുന്നവരാരും
അങ്ങേ സന്നിധിൽ നീതിമാന്മാരല്ല.

വൈരി, എന്നെ അനുധാവനം ചെയ്യുന്നു.
അവൻ എന്നെ നിലത്തു വീഴിച്ചുകഴിഞ്ഞു.

മരിച്ചുപോയ മനുഷ്യനെപ്പോലെ
അവൻ എന്നെ ഇരുട്ടിലേക്കുതള്ളി.

എൻെറ ശക്തിയെല്ലാം ക്ഷയിച്ചു:
എൻെറ ഹൃദയം അസ്വസ്ഥമായി.

കഴിഞ്ഞകാലങ്ങൾ എൻെറ ഓർമ്മയിൽവന്നു
അങ്ങേ പ്രവൃത്തികളെപ്പററി ഞാൻ ചിന്തിച്ചു.

അങ്ങയുടെ കരവിരുതിനെപ്പററി
ഓർത്തോർത്തു ഞാൻ സന്തോഷിച്ചു.

അങ്ങേ പക്കലേയ്ക്കു് ഞാൻ കൈനീട്ടുന്നു:
വരണ്ടുണങ്ങിയ ഭൂമി എന്നപോലെ
എൻെറ ആത്മാവു് അങ്ങയെപ്രതി ദാഹിക്കുന്നു.

അതിവേഗം എനിക്കുത്തരമരുളണമേ
എന്തെന്നാൽ, എൻെറ ശക്തിയെല്ലാം ക്ഷയിച്ചു.

അങ്ങേ മുഖം എന്നിൽനിന്നു മറച്ചാൽ
ഞാൻ മരിച്ചവനേപ്പോലെയാകും.

പ്രഭാതത്തിൽ അങ്ങേ സ്നേഹം
അങ്ങുന്നു് എന്നെ അറിയിക്കണമേ:
എൻെറ ആശ്രയം അങ്ങുന്നാണല്ലോ.

ഞാൻ സഞ്ചരിക്കേണ്ട വഴികൾ
അങ്ങുന്നു് എന്നെ പഠിപ്പിക്കണമെ.

എന്തെന്നാൽ, എൻെറ ആത്മാവിനെ
അങ്ങേ പക്കലേയ്ക്കു ഞാനുയർത്തി.

ശത്രുക്കളിൽനിന്നു് എന്നെ രക്ഷിക്കയും,
അങ്ങേ ഇഷ്ടാനുസരണം ജീവിക്കാൻ
എന്നെ പഠിപ്പിക്കയും ചെയ്യണമേ.

അങ്ങുന്നു് എൻെറ ദൈവമാകുന്നു:
ജീവൻെറ വഴിയിലൂടെ സഞ്ചരിക്കുവാൻ
അങ്ങുന്നു് എന്നെ സഹായിക്കണമേ.

അങ്ങേ നാമത്തെ ഓർത്തു്
എന്നെ ആശ്വസിപ്പിക്കണമേ.

അങ്ങേ നീതിയെക്കുറിച്ച്
എന്നെ ആപത്തിൽനിന്നു് രക്ഷിക്കണമേ.

എന്നോടുള്ള സ്നേഹത്തെപ്രതി
ശത്രുക്കളെ നിശബ്ദരാക്കണമേ.

എന്നെ മത്ഥിക്കുന്നവരെ ശിക്ഷിക്കണമേ:
എന്തെന്നാൽ, ഞാൻ അങ്ങേ ദാസനാകുന്നു.

---

## രോഗിലേപനംകൊടുക്കുന്നതിനുള്ള ക്രമം.

വൈദികൻ രോഗിയുടെ വീട്ടിൽ പ്രവേശിക്കുമ്പോൾ പ്രാത്ഥിക്കുന്നു.

വൈദി:— ഈ ഭവനത്തിനു സമാധാനം.

സഹാ:— ഇതിലെ എല്ലാ നിവാസികൾക്കും.

അനന്തരം വൈദികൻ രോഗിയെ സമീപിച്ച്, നിന്നുകൊണ്ടു് പ്രാത്ഥിക്കുന്നു.

വൈദി:— ഞങ്ങളുടെ സഹായം കത്താവിൻെറ നാമത്തിലാകുന്നു.

സഹാ:— ആകാശവും ഭൂമിയും സൃഷ്ടിച്ചവൻെറ നാമത്തിൽ.

വൈദി: കത്താവു് നിങ്ങളോടുകൂടെ.

സഹാ:- അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

നമുക്കു പ്രാത്ഥിക്കാം

വൈദി:— ഞങ്ങളുടെ കത്താവീശോമിശിഹായെ, വിനീതമായ ഞങ്ങളുടെ പ്രവേശനത്താൽ ഈ വീട്ടിൽ, നിത്യഭാഗ്യവും, ദൈവികൈശ്വയ്യങ്ങളും, പരിശുദ്ധമായ സന്തോഷവും, ഫലപ്രദമായ സ്നേഹവും, നിത്യമായ ആരോഗ്യവും കുടികൊള്ളട്ടെ. ഈ സ്ഥലത്തുനിന്നു പിശാചുക്കളുടെ സാമീപ്യം അ

കല്പകയും സമാധാനത്തിൻെറ ദൂതന്മാർ ഞങ്ങളുടെ സഹായത്തിനു വരികയും, അനാശാസ്യമായ ഭിന്നത ഈ വീട്ട് വിട്ടു പോകയും ചെയ്യട്ടെ. പരിശുദ്ധനും, കാരുണ്യവാനും, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ നിത്യം ജീവിച്ചുവാഴുന്നവനുമായ കത്താവേ, നിൻെറ പരിശുദ്ധനാമം മഹത്വപ്പെടുത്തുകയും, ഞങ്ങളുടെ വ്യാപാരത്തെ + ആശീർവ്വദിക്കുകയും ഞങ്ങളുടെ വിനീത പ്രവേശനത്തെ പവിത്രീകരിക്കുകയും ചെയ്യണമെ.

സഹാ:– ആമ്മേൻ.

വൈദി:– ഈ ഭവനത്തേയും ഇതിലെ നിവാസികളേയും പരിപൂർണ്ണമായി ആശീർവ്വദിക്കുവാനും + അവക്ക് 'കാവൽക്കാരനായി' നല്ല ദൂതനെ നല്കുവാനും, തൻെറ പ്രമാണത്തിൻെറ മഹനീയതകളെപററി ധ്യാനിച്ച്, തൻെറ പ്രമാണത്തിൻെറ മുമ്പാകെ, എല്ലാവിധ വിപരീത ശക്തികളും അവരെ കടന്നു പോകുവാനും, ഇടയാക്കുവാൻ ഈശോമിശിഹായോട്ട് നമുക്കു പ്രാർത്ഥിക്കാം. കത്താവേ, എല്ലാഭയത്തിൽനിന്നും, അസമാധാനത്തിൽനിന്നും അവരെ കാത്തുരക്ഷിക്കണമേ. കൂടാതെ തൻെറ അനുഗ്രഹത്താൽ അവരെ കാത്തുസൂക്ഷിക്കുവാനും പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ നിത്യം ജീവിച്ചു വാഴുന്ന കത്താവീശോമിശിഹായോട്ട് നമുക്കു യാചിക്കാം.

സഹാ:– ആമ്മേൻ.

വൈ:– ദൈവമായ കത്താവേ, നിത്യനും പരിശുദ്ധനും സർവ്വശക്തനുമായ പിതാവേ, നീ ഞങ്ങളെ കേൾക്കണമേ. ഞങ്ങളുടെ കത്താവീശോമിശിഹായെക്കുറിച്ച് ഈ ഭവനത്തിൽ വസിക്കുന്ന എല്ലാവരേയും കാക്കുകയും, പരിപാലിക്കുകയും സംരക്ഷിക്കുയും, സന്ദർശിക്കുകയും ചെയ്യുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽനിന്നും നിൻെറ പരിശുദ്ധ ദൂതനെ അയയ്ക്കണമേ.

സഹാ:– ആമ്മേൻ.

സൂചന:— ഇതിനുശേഷം വൈദികൻ കുരിശിൻെറ ആകൃതി യിൽ രോഗിയേയും അയാളുടെ കിടക്കയേയും തീൎത്ഥജലം കൊണ്ടു് തളിക്കുന്നു. അപ്പോൾ ചൊല്ലുന്നു:—

"സോപ്പാകൊണ്ടു് എന്നെ തളിക്കുക, അപ്പോൾ ഞാൻ നിൎമ്മലനാക്കപ്പെടും."

"കൎത്താവേ, നിൻെറ നന്മയ്ക്കു യോജിച്ചവിധം എന്നിൽ കനിയണമേ."

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

വീണ്ടും: "സോപ്പാകൊണ്ടു് നീ എന്നെ തളിക്കുക" എന്നു ചൊല്ലിക്കഴിയുമ്പോൾ രോഗിയോ അല്ലെങ്കിൽ രോഗിക്കു പകരം മററൊരാളോ "ഞാൻപിഴയാളി" ചൊല്ലുന്നു. അതു അവസാനിക്കുമ്പോൾ,

വൈദി:— സൎവ്വശക്തനായ ദൈവം നിന്നോടു് കൃപ ചെയ്തു്, നിൻെറ പാപങ്ങളെല്ലാം മോചിച്ചു് നിത്യായുസ്സിലേയ്ക്കു് നിന്നെ ആനയിക്കട്ടെ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ സൎവ്വശക്തനും, ദയാപരനുമായ കൎത്താവു്, നിൻെറ സകല പാപങ്ങൾക്കും പൊറുതിയും, മാപ്പും, മോചനവും, നല്കുമാറാകട്ടെ.

അനന്തരം വൈദികൻ തള്ളവിരൽ തിരു"സൈത്തി"ൽ മുക്കി ഇങ്ങനെ ചൊല്ലുന്നു.

"ഞങ്ങളുടെ കൈവയ്പിനാലും, പ്രത്യേകമായി, സകല മാലാഖാമാരുടേയും മുഖ്യദൂതന്മാരുടേയും, ഗോത്രപിതാക്കളുടേയും, പ്രവാചകന്മാരുടേയും, ശ്ലീഹാന്മാരുടേയും, വേദസാക്ഷികളുടേയും, വന്ദകന്മാരുടേയും, കന്യകകളുടേയും, സകല ശുദ്ധിമാന്മാരുടേയും, ശുദ്ധിമതികളുടേയും പ്രാൎത്ഥന വഴിയായും പിശാചിൻെറ സകല ശക്തിയും, പിതാവിൻേറയും പുത്രൻേറയും + പരിശുദ്ധാത്മാവിൻേറയും + നാമത്തിൽ നിന്നിൽനിന്നു് തുരത്തപ്പെടട്ടെ.

സഹാ: ആമ്മേൻ.

സൂചന: രോഗിലേപനത്തിന്നു പോകുമ്പോൾ ഒരു ചെറിയ കുരിശ്ശും, രണ്ടു തിരികളും, ഊറാറയും, സൈത്തും കരുതിയിരിക്കേണ്ടതാണു്.

രോഗിലേപനത്തിന്നുമുമ്പ് ആവശ്യമുണ്ടെങ്കിൽ കുമ്പസാരിപ്പിക്കുന്നു. ലേപനം കഴിഞ്ഞാണു് വി. കുബ്ബാന നല്കേണ്ടതു്.

രോഗിയുടെ സമീപം ഒരു മേശമേൽ കുരിശ്ശുരൂപം സ്ഥാപിച്ച് രണ്ടു വശത്തും തിരികൾ കത്തിച്ചുവച്ചശേഷം പുരോഹിതൻ ഊറാറ ധരിച്ച് പ്രാൎത്ഥനയാരംഭിക്കുന്നു.

കമ്മി:- പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

സമൂ:- ആമ്മേൻ.

കമ്മി:- അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ:- ആമ്മേൻ.

കമ്മി: ഭൂമിയിൽ മനുഷ്യൎക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂ:- ആമ്മേൻ.

കമ്മി:- സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ് സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.
അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളോടു തെററു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു് ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ,
രാജ്യവും ശക്തിയും മഹത്വവും
എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

ശുശ്രൂ:– പ്രാർത്ഥിക്കാം നമുക്ക സമാധാനം.

കമ്മി:– രോഗികളെ സുഖപ്പെടുത്തുന്നവനും, ബലഹീനരെ ശക്തിപ്പെടുത്തുന്നവനും, പാപികളെ രക്ഷിക്കുന്നവനുമായ കർത്താവേ, മാനസികവും ശാരീരികവുമായ ക്ലേശങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കണമെന്നു് അങ്ങയോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ:– ആമ്മേൻ.

കമ്മി:– കർത്താവേ, കോപത്തോടെ എന്നെ ശകാരിക്കരുതേ:
കോപത്തോടെ എന്നെ ശിക്ഷിക്കരുതേ:
എന്തെന്നാൽ, ഞാൻ ദുർബ്ബലനാകുന്നു.

സമൂ:– കർത്താവേ, എന്നെ സുഖപ്പെടുത്തണമേ:
എന്തെന്നാൽ, എൻെറ ശരീരം വേദനിക്കുന്നു:
എൻെറ ആത്മാവു് അസ്വസ്ഥമായിരിക്കുന്നു.

കമ്മി:– കർത്തവേ, അങ്ങു് എത്രത്തോളം വൈകും?
എൻെറ ആത്മാവിനെ രക്ഷിക്കണമേ:
കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ.

സമൂ:– കരഞ്ഞു കരഞ്ഞു ഞാൻ തളന്നു:
രാത്രിയിൽ എൻെറ തലയിണ നനഞ്ഞു.

കമ്മി:– പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂ:– "കർത്താവേ, അങ്ങു് ഒരു വാക്കു് അരുളിച്ചെയ്യുക:
അപ്പോൾ എൻെറ ആത്മാവു് സുഖം പ്രാപിക്കും."

കമ്മി:– സകലത്തിൻേറയും നാഥാ, (സമൂഹവും കൂടി) ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
ഈശോമിശിഹായേ,

ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
അങ്ങ് ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

ശുശ്രൂ:– പ്രാർത്ഥിക്കാം: നമുക്കു് സമാധാനം.

കർമ്മി:– ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും, ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

സമൂ:– ആമ്മേൻ.

## ലേഖനം

ശുശ്രൂ:– വിശുദ്ധ യാക്കോബ്ശ്ലീഹാ എഴുതിയ ലേഖനം.
(5: 10 – 15)

എൻെറ സഹോദരരേ, നിങ്ങളുടെ കഷ്ടതകളെല്ലാം ക്ഷമയോടെ സഹിക്കുവാൻ, കർത്താവിൻെറ നാമത്തിൽ സംസാരിച്ച പ്രവാചകരെ മാതൃകയായി സ്വീകരിക്കുവിൻ. കഷ്ടതകൾ സഹിച്ചിട്ടുള്ളവരെ നാം ഭാഗ്യവാന്മാരെന്നു വിളിക്കുന്നു. ജോബിൻെറ സഹനത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അദ്ദേഹത്തിനു് കർത്താവു് നല്കിയ അവസാന സമ്മാനമെന്താണെന്നും നിങ്ങൾക്കറിയാം. എന്തെന്നാൽ, കർത്താവും കാരുണ്യവാനും ദയാലുവുമാകുന്നു.

നിങ്ങളിൽ ആക്കെങ്കിലും കഷ്ടപ്പാടുണ്ടായാൽ, അവൻ പ്രാർത്ഥിക്കട്ടെ. നിങ്ങളിൽ ആക്കെങ്കിലും രോഗമുണ്ടായാൽ, അവൻ സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ. അവർ കർത്താവിൻെറ നാമത്തിൽ രോഗിയെ തൈലം പൂശുകയും, അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂ

ടിയ പ്രാത്ഥന രോഗിയെ സുഖപ്പെടുത്തും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവിടന്നു് അവനോടു് ക്ഷമിക്കയുംചെയ്യും.

സമൂ:- നമ്മുടെ കത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂ:- നമുക്കു് ശ്രദ്ധാപൂവ്വംനിന്നു് വി. സുവിശേഷം ശ്രവിക്കാം.

കമ്മി:- നിങ്ങൾക്കു് + സമാധാനം.

സമൂ:- അങ്ങേയ്ക്കും സമാധാനം.

കമ്മി:- വി. ലൂക്കാ എഴുതിയ നമ്മുടെ കത്താവീശോമിശിഹായുടെ സുവിശേഷം. (5.17–26)

സമൂ:- നമ്മുടെ കത്താവായ മിശിഹായ്ക്കു് സ്തുതി.

കമ്മി:- ഒരിക്കൽ ഈശോ പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. ഗ്ലീലായിലെ ഗ്രാമങ്ങളിൽനിന്നും, യൂദയാ, ജെറുസലം എന്നീ സ്ഥലങ്ങളിൽനിന്നും പ്രീശരും നിയമജ്ഞരും അവിടെ ചെന്നിട്ടുണ്ടായിരുന്നു. രോഗശാന്തിക്കുള്ള ദൈവശക്തി അവിടെ പ്രകടമായിക്കണ്ടു.

കട്ടിലിൽ ഒരു തളവ്വാതരോഗിയെ വഹിച്ചുകൊണ്ടു് ചിലർ അവിടെയെത്തി. അയാളെ അകത്തുകൊണ്ടുപോയി ഈശോയുടെ മുമ്പിൽ കിടത്തുവാൻ അവർ പരിശ്രമിച്ചു. എന്നാൽ ജനബാഹുല്യം നിമിത്തം അയാളെ അകത്തു കടത്തുവാൻ അവക്കു കഴിഞ്ഞില്ല. അതിനാൽ അവർ പുരമുകളിൽ കയറി, മേച്ചിൽ മാററി, അവരുടെ മദ്ധ്യത്തിൽ നിന്നിരുന്ന ഈശോയുടെ മുമ്പിലേക്കു് അയാളെ ഇറക്കി.

അവരുടെ വിശ്വാസം കണ്ടു് ഈശോ അയാളോടു് ഇങ്ങനെ അരുളിച്ചെയ്തു. "സഹോദരാ, നിൻെറ പാപങ്ങൾ നിന്നോടു് ക്ഷമിക്കപ്പെട്ടിരിക്കുന്നു."

അതുകേട്ടപ്പോൾ പ്രീശരും നിയമജ്ഞരും ഇപ്രകാരം ചിന്തിക്കുവാൻ തുടങ്ങി: "ഇവൻ ആരാകുന്നു? ഇവൻ ദൈവദൂഷണം പറയുന്നുവല്ലോ. പാപങ്ങൾ മോചിക്കുവാൻ ദൈവത്തിനല്ലാതെ മററാക്കാണധികാരമുള്ളതു്?"

ഈശോ അവരുടെ ചിന്താഗതിമനസ്സിലാക്കിക്കൊണ്ടു ഇപ്രകാരം ചോദിച്ചു. "നിങ്ങൾ എന്താണു് ഇപ്രകാരം ചിന്തിക്കുന്നതു്? 'നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറയുന്നതാണോ, നീ എഴുന്നേററു നടക്കുക' എന്നു പറയുന്നതാണോ കൂടുതൽ എളുപ്പം? മനുഷ്യപുത്രനു് ഭൂമിയിൽ, പാപങ്ങൾ മോചിക്കുവാൻ അധികാരമുണ്ടെന്നു് നിങ്ങൾ ഗ്രഹിക്കുവാനായി ഞാൻ ഇതു ചെയ്യുന്നു."

അനന്തരം തളർവാതരോഗിയോടു് അവിടന്നു് അരുളിച്ചെയ്തു: "നീ എഴുന്നേററു് കിടക്കയുമെടുത്തു് നിൻെറ വീട്ടിലേക്കു പോവുക."

അവരെല്ലാം നോക്കിനില്ക്കേ, അവൻ എഴുന്നേററു് കിടക്കയുമെടുത്തു് ദൈവത്തെ പ്രകീർത്തിച്ചുകൊണ്ടു് വീട്ടിലേക്കു പോയി. എല്ലാവരും ആശ്ചര്യപ്പെട്ടു് ദൈവത്തെ സ്തുതിച്ചു.

സമൂ:- നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

രോഗി ചിന്തിക്കുവാനും ഗ്രഹിക്കുവാനും തക്ക നിലയിലാണെങ്കിൽ, സുവിശേഷവായന കഴിഞ്ഞു്, ഒരു ചെറിയ ഉപദേശം നല്കുന്നതു് പ്രയോജനകരമായിരിക്കും.

## രോഗീലേപനത്തിനുള്ള തൈലം വെഞ്ചരിക്കുന്ന ക്രമം

കർമ്മ:- രോഗികളെ സുഖപ്പെടുത്തുന്നവനും, പാപികളെ രക്ഷിക്കുന്നവനുമായ കർത്താവേ, ഈ തൈലം ആശീർവ്വദിക്കണമെന്നു് + അങ്ങയോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇതു് ഞങ്ങളുടെ വേദനകൾ കുറയ്ക്കുകയും, ക്ലേശങ്ങൾ അകററുകയും ചെയ്യുന്ന ദിവ്യമായ ഔഷധമായിത്തീരട്ടെ. ആത്മീകവും ശാരീരികവുമായ എല്ലാ രോഗങ്ങളിലുംനിന്നു് ഇതു് ഞങ്ങളെ വിമുക്തരാക്കട്ടെ. പരിശുദ്ധ ത്രിത്വത്തിനു് സ്തുതിയും ബഹു

മാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമപ്പിക്കു വാൻ ഞങ്ങൾക്കു് ഇടയാവുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും. + ആശീവ്വദിക്കുന്നു.

## ലേപനം

(അത്മായക്കു്)

രോഗിയുടെ നെററിയിന്മേൽ കുരിശിൻെറ ആകൃതിയിൽ തിരുസൈത്തു പൂശിക്കൊണ്ടു് കമ്മി ചൊല്ലുന്നു:

ആത്മീകവും ശാരീരികവുമായ ആരോഗ്യം ലഭിക്കുവാനായി ഈ തൈലംകൊണ്ടു് (പേർ) റൂശ്മാ ചെയ്യപ്പെടുകയും + വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു: പിതാവിൻേറയും പുത്രൻെറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

സമൂ:— ആമ്മേൻ.

സൂചന: പൂശുന്ന അവയവങ്ങൾ ഓരോ പ്രാവശ്യവും പഞ്ഞികൊണ്ടു് തുടയ്ക്കുന്നു.

കൺപോളകൾ പൂശുമ്പോൾ.

കമ്മ:— ഈ കണ്ണുകൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു് ക്ഷമിക്കട്ടെ: പിതാവിൻേറയും + പുത്രൻേറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

സമൂ:— ആമ്മേൻ.

ചെവികൾ പൂശുമ്പോൾ.

കമ്മ:—ഈ ചെവികൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ: പിതാവിൻേറയും + പുത്രൻേറ പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

സമൂ:— ആമ്മേൻ.

അധരങ്ങൾ പൂശുമ്പോൾ.

കമ്മി:— ഈ അധരങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം

ദൈവം നിന്നോട്ട് ക്ഷമിക്കട്ടെ: പിതാവിൻേറയും + പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.
സമൂ:– ആമ്മേൻ.

കരങ്ങൾ പൂശുമ്പോൾ.

കമ്മി:– ഈ കരങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോട്ട് ക്ഷമിക്കട്ടെ: പിതാവിൻേറയും + പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.
സമൂ:– ആമ്മേൻ.

പാദങ്ങൾ പൂശുമ്പോൾ.

കമ്മി:– ഈ പാദങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോട്ട് ക്ഷമിക്കട്ടെ: പിതാവിൻേറയും + പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.
സമൂ:– ആമ്മേൻ.

## ലേപനം
(വൈദികർക്ക്)

നെററി പൂശുമ്പോൾ.

ആത്മീകവും ശാരീരികവുമായ ആരോഗ്യം ലഭിക്കുവാനായി ഈ തൈലംകൊണ്ട് (പേർ) റൂശ്മാ ചെയ്യപ്പെടുകയും + വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു: പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.
സമൂ:– ആമ്മേൻ.

കൺപോളകൾ പൂശുമ്പോൾ.

കമ്മി:– കാരുണ്യവാനായ കർത്താവേ, ഈ കണ്ണുകൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്കണമേ + ദേവാലയത്തിൽ അങ്ങയുടെ മഹത്വം ദർശിക്കയും, ജനങ്ങളുടെ മേൽ അങ്ങു വർഷിച്ച അനുഗ്രഹങ്ങൾക്കു സാക്ഷി നില്ക്കുകയും ചെയ്തവയാണ് ഈ കണ്ണുകൾ എന്ന് ഓർക്കണമേ.
സമൂ:– ആമ്മേൻ.

ചെവികൾ പൂശുമ്പോൾ.

കമ്മി:- കാരുണ്യവാനായ കർത്താവേ, ഈ ചെവികൾ വഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്കണമേ + അങ്ങയുടെ ദിവ്യശബ്ദം കേൾക്കുകയും, പാപിയുടെ നിലവിളി ശ്രദ്ധിക്കുകയും ചെയ്യുവയാണു് ഈ ചെവികൾ എന്നു് ഓക്കണമേ.

സമൂ:- ആമ്മേൻ.

അധരങ്ങൾ പൂശുമ്പോൾ.

കമ്മി:- കാരുണ്യവാനായ കർത്താവേ, ഈ അധരങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്കണമേ + അങ്ങയുടെ സുവിശേഷം പ്രസംഗിക്കുകയും അങ്ങയുടെ കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യുവയാണു് ഈ അധരങ്ങൾ എന്നോക്കണമേ.

സമൂ:- ആമ്മേൻ.

കരങ്ങൾ പൂശുമ്പോൾ.

കമ്മ:- കാരുണ്യവാനായ കർത്താവേ, ഈ കരങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്കണമേ + അങ്ങയുടെ ശരീരരക്തങ്ങൾ വിശ്വാസികൾക്കു് നല്കുകയും, പാപമോചനത്തിനായി ഉയർത്തപ്പെടുകയും ചെയ്യുവയാണു് ഈ കരങ്ങൾ എന്നു് ഓക്കണമേ.

സമൂ:- ആമ്മേൻ.

പാദങ്ങൾ പൂശുമ്പോൾ.

കമ്മി:- കാരുണ്യവാനായ കർത്താവേ, ഈ പാദങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്കണമേ + സന്തോഷപൂർവ്വം അങ്ങയെ അനുഗമിക്കയും, ദേവാലയത്തിൽ സഞ്ചരിക്കയും ചെയ്യുവയാണു് ഈ പാദങ്ങൾ എന്നു് ഓക്കണമേ.

അനന്തരം കമ്മി കൈ കഴുകുന്നു. ശുശ്രൂഷി കാറോസൂസാ ചൊല്ലുന്നു.

കാറോസൂസ

ശുശ്രൂ:- നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെനിന്നു 'കർത്താവേ, ഈ ആളെ ആശ്വസിപ്പിക്കണമേ.' എന്നു പ്രാർത്ഥിക്കാം.

സമൂ:- കർത്താവേ, ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- മർത്തായുടെ അപേക്ഷ സ്വീകരിച്ച് ലാസറിനെ ഉയർപ്പിച്ച കാരുണ്യവാനായ കർത്താവേ,

സമൂ:- ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- കാനാൻകാരിയുടെ പുത്രിയെ സുഖപ്പെടുത്തുകയും, നായിം വിധവയുടെ പുത്രനെ ഉയിർപ്പിക്കയുംചെയ്ത കർത്താവേ,

സമൂ:- ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- കുരുടന്റെ കണ്ണുകൾ തുറക്കുകയും, ചെകിടനു കേൾവി കൊടുക്കുകയും ചെയ്ത കർത്താവേ,

സമൂ:- ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- 'നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു' എന്നു തളർവാത രോഗിയോട് അരുളിച്ചെയ്ത കർത്താവേ,

സമൂ:- ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- രോഗികളെ സുഖപ്പെടുത്തുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനുമായി (1) ലോകത്തിലേയ്ക്കു വന്ന കർത്താവേ,

സമൂ:- ഈ ആളെ ആശ്വസിപ്പിക്കണമേ.

ശുശ്രൂ:- പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കർമ്മി:- ''ആരോഗ്യവാന്മാർക്കല്ല, രോഗികൾക്കാണു' വൈദ്യനെ ആവശ്യമുള്ളതു'' എന്നു' അരുളിച്ചെയ്തുകൊണ്ടു' പാപികളെ അങ്ങയിലേക്കു' ആകർഷിച്ച കർത്താവേ, ആത്മികവും ശാരീരികവുമായ ആരോഗ്യം നല്കി ഈ ആളെ അനുഗ്രഹിക്കണമേ.

സമൂ:- ആമ്മേൻ.

## സമാപനാശീർവ്വാദം

**കർമ്മി:—** നല്ലവനും കാരുണ്യവാനുമായ ദൈവം പാപങ്ങൾ പൊറുത്തു് നിന്നെ അനുഗ്രഹിക്കട്ടെ. നിരന്തരം നിന്നെ ആശ്വസിപ്പിക്കുവാൻ അവിടന്നു് മാലാഖമാരെ നിയോഗിക്കട്ടെ. നിത്യാനന്ദത്തിലുള്ള പ്രത്യാശയോടുകൂടെ ക്ലേശങ്ങൾ സഹിക്കുവാൻ നിന്നെ സഹായിക്കട്ടെ. പരിശുദ്ധ കന്യകാമറിയത്തിൻേറയും, വിശുദ്ധ യൗസേപ്പിൻേറയും, സകല വിശുദ്ധരുടേയും പ്രാത്ഥന നിനക്കു് ധൈര്യം നല്കട്ടെ. ക്രൂശിതനായ മിശിഹാ നിന്നെയും, നിന്നെ പരിചരിക്കുന്നവരെയും സമൃദ്ധമായി അനുഹഗ്രിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

**സമൂ:—** ആമ്മേൻ.

രോഗിയെ ആശീർവ്വദിച്ച ശേഷം
കുരിശുരൂപം മുത്തിയ്ക്കുന്നു.

സൂചന: നിൻേറ അന്ത്യസമയം ആസന്നമായിരിക്കുന്നുവെന്നറിയുമ്പോൾ, "ഓ! എൻേറ ദൈവമേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. ഹൃദയപൂർവ്വം അങ്ങയിൽ ശരണപ്പെടുന്നു. എൻേറ എല്ലാ പാപങ്ങളെക്കുറിച്ചും ഞാൻ പശ്ചാത്തപിക്കുന്നു. യഥേഷ്ടം എന്നോടു് പ്രവർത്തിക്കുക. നിൻേറ സ്നേഹവും വരപ്രസാദവും തരിക. എനിക്കു് അതു് മതിയായിരിക്കുന്നു." 'ഈശോ, മറിയം, യൗസേപ്പേ' എന്നിങ്ങനെ നിറുത്തി നിറുത്തി ചൊല്ലിക്കൊണ്ടു് വിശ്വാസത്തിൻേറയും ദൈവതിരുമനസ്സിനോടുള്ള യോജിപ്പിൻേറയും പ്രകരണങ്ങൾ ചെയ്യുക.

ഈ വാക്കുകളുച്ചരിക്കുന്നതിനു് നിനക്കു് ശക്തിയില്ലെങ്കിൽ മററുവല്ലവരും ചൊല്ലിത്തരുന്നതു് കേട്ടുകൊണ്ടു് കിടക്കുക.

മരിച്ചാലുടൻ നിൻെറ ആത്മശാന്തിക്കുവേണ്ടി ഒരു 'കുരിശിൻെറവഴി' കഴിക്കുവാൻ ഉററമിത്രങ്ങളിൽ ആരെയെങ്കിലും ഭരമേല്പിക്കുക.

ഇങ്ങനെ ഭാവിയെപ്പററി യാതൊന്നും ഭയപ്പെടാതെ പ്രശാന്തതയോടും പ്രത്യാശയോടുംകൂടെ ഒരു കുരിശുരൂപം കൈയ്യിൽ പിടിച്ചുകൊണ്ടു് അവസാനക്ഷണം പ്രതീക്ഷിച്ചുകൊണ്ടു് കിടക്കുക. അപ്പോൾ ചൊല്ലുത്തക്ക ചില സുകൃത ജപങ്ങൾ.

ഈശോ, മറിയം, യൗസേപ്പേ! ഈശോ, മറിയം, യൗസേപ്പേ, നിങ്ങളോടുകൂടെ സമാധാനത്തിൽ ഞാൻ അന്ത്യശ്വാസം വെടിയട്ടെ.

ഈശോ, മറിയം, യൗസേപ്പേ! എൻെറ ആത്മാവിനു കൂട്ടായിരിക്കണമെ.

ഈശോ, മറിയം, യൗസേപ്പേ. എൻെറ ആത്മാവിനേയും ശരീരത്തേയും നിങ്ങൾക്കു ഞാൻ കാഴ്ചവെയ്ക്കുന്നു.

ഈശോ, മറിയം, യൗസേപ്പേ, എൻെറ മരണവേദനയിൽ എന്നെ നിങ്ങൾ സഹായിക്കണമേ.

ഈശോ അനുഗ്രഹിക്കണമേ. എൻെറ അമ്മേ, എൻെറ ആശ്രയമേ.

## മരണനേരത്തുള്ള പ്രാർത്ഥനകൾ.

(പഴയക്രമം)

കർത്താവേ! അനുഗ്രഹിക്കണമെ,
മിശിഹായേ! അനുഗ്രഹിക്കണമെ,
കർത്താവേ! അനുഗ്രഹിക്കണമേ,
പരിശുദ്ധ മറിയമേ,
സകല ദൈവദൂതന്മാരേ,! മുഖ്യദൂതന്മാരേ,
വി. ആബേലേ,

നീതിമന്മാരുടെ സംഘമേ,
വി. അബ്രാഹമേ,
വി. യോഹന്നാൻ മാംദാനായേ,
വി. യൗസേപ്പേ,
സകലപരിശുദ്ധ ഗോത്രപിതാക്കളേ! പ്രവാചകന്മാരെ,
വി. പത്രോസേ,
വി. പൗലോസേ,
വി. അന്ത്രയോസേ,
വി. തോമായേ,
സകല വി. പ്രേഷിതരേ, മതബോധകരേ.
കർത്താവിൻെറ സകല വി. ശിഷ്യന്മാരേ,
സകല വി. കുഞ്ഞുപൈതങ്ങളേ,
വി. എസ്തപ്പാനോസേ,
വി. ലൗറന്തിയോസേ,
സകല വി. വേദസാക്ഷികളേ,
വി. സിൽവെസ്ത്രോസേ,
വി. ഗ്രിഗോരിയോസേ,
വി. അഗുസ്തീനോസേ,
വി. അപ്രേമേ,
എല്ലാ വി. മെത്രാന്മാരേ, വന്ദകരേ,
വി. ബനദിക്തോസേ,
വി. പ്രംസിസ്ക്കോസേ,
എല്ലാ വി. സന്യാസികളേ, വനവാസികളേ,
വി. മറിയം മഗ്ദലേത്തായേ,
വി. ലൂക്കിയായേ,
എല്ലാ വി. കന്യകകളേ, വിധവകളേ,
ദൈവത്തിൻെറ എല്ലാ ശുദ്ധിമാന്മാരേ, ശുദ്ധിമതികളേ,

ഈ ആൾക്കുവേണ്ടി അപേക്ഷിക്കണമേ.

ദയാപരനായിരുന്നു്, കർത്താവേ! ഈയാളോടു്
ക്ഷമിക്കണമേ!
ദയാപരനായിരുന്നു്, കർത്താവേ! ഈയാളെ
രക്ഷിക്കണമേ
ദയാപരനായിരുന്നു്, കർത്താവേ! ഈയാളെ
രക്ഷിക്കണമേ!

നിൻെറ കോപത്തിൽനിന്നു്
ദുർമരണത്തിൽനിന്നു്,
എല്ലാ തിന്മയിൽനിന്നു്,
നരകയാതനയിൽനിന്നു്,
നിൻെറ ജനനത്തെക്കുറിച്ചു്,
നിൻെറ കുരിശുമരണത്തോടും, പീഡാനുഭവത്തോടും കുറിച്ചു്,
നിൻെറ തിരുമരണത്തേയും സംസ്കാരത്തേയും കുറിച്ചു്,
നിൻെറ മഹത്വമേറിയ ഉയർപ്പിനെക്കുറിച്ചു്,
നിൻെറ അത്ഭുതകരമായ ആരോഹണത്തെക്കുറിച്ചു്,
ആശ്വാസപ്രദമായ പരിശുദ്ധാത്മാവിൻെറ ആഗമനത്തെക്കുറിച്ചു്
വിധിയുടെ ദിവസത്തിൽ
പാപികളായ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു ഞങ്ങളെ കേൾക്കണമെ.

കത്താവേ! ഇവരെ രക്ഷിക്കണമേ.

ഈയാളെ അനുഗ്രഹിക്കണമെന്നു് ഞങ്ങളപേക്ഷിക്കുന്നു.
കത്താവേ, അനുഗ്രഹിക്കണമേ!
മിശിഹായേ, അനുഗ്രഹിക്കണമേ!
കത്താവെ, അനുഗ്രഹിക്കണമേ!

## ആത്മാവു് പുറപ്പെടാറാകുമ്പോൾ ചൊല്ലുന്ന പ്രാത്ഥന

നിൻെറ സ്രഷ്ടാവും, സവ്വശക്തനും, പിതാവുമാകുന്ന ദൈവത്തിൻെറ നാമത്തിലും, നിനക്കുവേണ്ടി പീഡകൾ സഹിച്ച സ്വയം ജീവിയും, ദൈവപുത്രനുമായ നമ്മുടെ കത്താവീശോമിശിഹായുടെ നാമത്തിലും, നിൻെറമേൽ ചിന്തപ്പെട്ട പരിശുദ്ധാത്മാവിൻെറ നാമത്തിലും, മാലാഖാമാരുടേയും, അ

തിദ്ബതന്മാരുടേയും,സിംഹാസനങ്ങൾ, കർതൃത്വങ്ങൾ,പ്രഭുത്വങ്ങൾ, അധികാരികൾ, ജ്ഞാനികൾ, സ്നേഹികൾ, എന്നു വിളിക്കപ്പെടുന്ന മാലാഖാമാരുടെ സഹായത്തോടും, ഗോത്രപിതാക്കളുടേയും പ്രവാചകന്മാരുടേയും, ശ്ലീഹാന്മാരുടേയും, രക്തസാക്ഷികളുടേയും, വി: പുരോഹിതന്മാരുടേയും, സന്യാസികളുടേയും, കന്യകകളുടേയും ദൈവത്തിൻെറ സകല ശുദ്ധിമാന്മാരുടേയും, ശുദ്ധിമതികളുടെ തുണയോടുംകൂടി ഓ! ക്രിസ്തീയാത്മാവേ, നീ പുറപ്പെടുക. നമ്മുടെ കർത്താവീശോമിശിഹാവഴി ഇന്നു് നിൻെറ സ്ഥലം സമാധാനത്തിലും, നിൻെറ ഭവനം വിശുദ്ധ സെഹിയോനിലുമായിരിക്കട്ടെ. ആമ്മേൻ.

## പ്രാർത്ഥന

ദയാനിധിയും കാരുണ്യവാനുമായ ദൈവമേ! അങ്ങേ കൃപാതിരേകത്തിനൊത്തവിധം, അനുതാപികളുടെ പാപങ്ങളും കടങ്ങളും മായിച്ചുകളയുന്നവനും, അവർ ചെയ്ത പാപത്തിൻെറ മാലിന്യം കഴുകിക്കളയുന്നവനുമായ അങ്ങു്, ഈ ദാസനെ (ദാസിയെ) [പേരു്] അങ്ങയുടെ കാരുണ്യത്താൽ അനുകമ്പാപൂർവ്വം തൃക്കൺപാർക്കണമേ.! ഹൃദയത്തിൻെറ ഏററുപറച്ചിൽകൊണ്ടു പാപപ്പൊറുതിക്കായി നിലവിളിക്കുന്ന ഇവനെ (ഇവളെ) കാരുണ്യപൂർവ്വം ശ്രവിക്കണമേ! അനുഗ്രഹമുള്ള പിതാവേ, പ്രാപഞ്ചിക മന്ദതയാൽ വഷളാക്കപ്പെട്ടതിനെ മാത്രമല്ല, പൈശാചിക കണികൾമൂലം അശുദ്ധമാക്കപ്പെട്ടതിനേയും ഇവനിൽ (ഇവളിൽ) നവീകരിക്കപ്പെട്ടു്, അങ്ങേ സഭയാകുന്ന ശരീരത്തിൻെറ ഐക്യത്തിലേയ്ക്കു്, രക്ഷിക്കപ്പെട്ട ഒരവയമെന്ന നിലയിൽ ഇവനെ (ഇവളെ) ചേർക്കുകയും ചെയ്യണമേ. ഇവൻെറ (ഇവളുടെ) നെടുവീർപ്പുകളിൽ കർത്താവേ, അങ്ങേയ്ക്കു് അനുകമ്പ തോന്നണമേ. ഇവൻെറ (ഇവളുടെ) കണ്ണുനീരുകളിൽ അങ്ങു് കനിയണമേ. അങ്ങയുടെ കൃപയല്ലാതെ വേറൊന്നിലും ആശ്രയമില്ലാത്ത ഇവനെ (ഇവളെ) ഞങ്ങ

ളുടെ കത്താവീശോമിശിഹായിൽ, അങ്ങേ മൌതികശരീര ത്തിൻെറ ഐക്യത്തിൽ സ്വീകരിക്കയും ചെയ്യണമേ.

ആമ്മേൻ.

## പ്രാത്ഥന

വത്സല സഹോദരാ, മരണംമൂലം മനുഷ്യത്വത്തി ൻെറ കടം നീ വീട്ടുമ്പോൾ, ഭൂമിയിലെ മണ്ണുകൊണ്ടു് നിന്നെ രൂപവല്ക്കരിച്ച നിൻെറ സ്രഷ്ടാവിൻെറ പക്കലേയ്ക്കു് തിരിയെ ചെല്ലുവാൻ, സവ്വവും കഴിവുള്ള പിതാവായ ദൈവത്തിനു നിന്നെ ഞാൻ ഭരമേല്പിക്കയും നിന്നെ സൃഷ്ടിച്ചവനു് നിന്നെ കയ്യേല്പിക്കയും ചെയ്യുന്നു. ആകയാൽ, ശരീരത്തിൽനിന്നുള്ള നിൻെറ ആത്മാവിൻെറ പുറപ്പാടിൽ മാലാഖാമാരുടെ സംഘം ആഘോഷപൂവ്വം നിന്നെ എതിരേല്ക്കട്ടെ. ശ്ലീഹാന്മാരു ടെ ഗണം നിൻെറ പക്കലേയ്ക്കുവരട്ടെ. വിശ്രുത വേദസാക്ഷി കളുടെ സൈന്യം നിന്നെ സന്ദശിക്കട്ടെ. കാന്തിയേറിയ വന്ദ കന്മാരുടെ വെണ്മയുള്ള സംഘം നിന്നെ വലയംചെയ്യട്ടെ. ആ ഹ്ളാദഭരിതരായ കന്യകകൾ നിന്നെ സ്വീകരിക്കട്ടെ. പി താക്കന്മാരുടെ മടിയിൽ അവർ നിന്നെ ഭാവുകപ്രദമായ സ മാധാനത്തിൽ ആലിംഗനം ചെയ്യട്ടെ. ഈശോമിശിഹായുടെ പ്രസാദമുള്ളതും കൃപയുള്ളതുമായ മുഖം അവർ നിനക്കു പ്രത്യ ക്ഷമാക്കുകയും, തൻെറ തിരുസന്നിധിയിൽ നിന്നെ നിറുത്തുക യും ചെയ്യട്ടെ. ഇരുട്ടുകൊണ്ടു ഭയപ്പെടുത്തുകയും തീജ്ജ്വാല കൊണ്ടു് പല്ലുകടിക്കുകയും, പീഡകൾകൊണ്ടു് ഞെരുക്കുകയും ചെയ്യുന്നവയൊന്നും നീ അറിയാതിരിക്കട്ടെ. ഏററം വെറു ക്കത്തക്കവനായ സാത്താൻ അവൻെറ സേവകന്മാരോടുകൂടെ നിന്നിൽനിന്നകന്നുപോകട്ടെ. അങ്ങെ ആഗമനത്തിൽ, മാ ലാഖാമാർ നിന്നെ അകമ്പടി സേവിക്കുമ്പോൾ അവൻ ഭയ പ്പെടട്ടെ. നിത്യരാത്രിയാകുന്ന കുഴിയിലേയ്ക്കു് അവൻ ഓടി അ

കലട്ടെ. ദൈവം എഴുന്നേല്ക്കുകയും തന്റെ ശത്രുക്കളെല്ലാം ചിതറുകയും ചെയ്യട്ടെ. നിന്നെ ദ്വേഷിച്ചവരെല്ലാം നിന്നിൽനിന്നകന്നു പോകട്ടെ. പുകപോലെ അവർ തിരോധാനം ചെയ്യട്ടെ. തീയുടെ സാന്നിദ്ധ്യത്തിൽ മെഴുക് ഉരുകിപ്പോകുന്നതുപോലെ, പാപികൾ ദൈവത്തിന്റെ മുമ്പിൽ നശിച്ചുപോകട്ടെ. നീതിമാന്മാർ ദൈവത്തിന്റെ തിരുമുമ്പിൽ സന്തോഷത്തിന്റെ സ്തുതികൾ പാടട്ടെ. നാരകീയ സൈന്യങ്ങൾ ഇച്ഛാഭംഗപ്പെട്ട് ലജ്ജിക്കട്ടെ. പിശാചിന്റെ സേവകന്മാർ നിന്റെ വഴി തടയാതിരിക്കട്ടെ. നിനക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട മിശിഹാ പീഡകളിൽനിന്ന് നിന്നെ മോചിക്കട്ടെ. നിനക്കുവേണ്ടി മരിക്കുവാൻപോലും സന്നദ്ധനായ മിശിഹാ, മരണത്തിൽനിന്നു നിന്നെ രക്ഷിക്കട്ടെ. ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ, അങ്ങേ പറുദീസായിലെ നിത്യസന്തോഷത്തിനു നിന്നെ പങ്കുകാരനാക്കുകയും, സത്യവാനായ ആ ഇടയൻ തന്റെ ആട്ടിൻപററത്തിൽ നിന്നെ ചേർക്കുകയുംചെയ്യട്ടെ. അവിടന്ന് നിന്റെ പാപങ്ങളെല്ലാം മോചിക്കയും, തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ അങ്ങേ വലത്തുഭാഗത്തു നിനക്ക് സ്ഥാനം നല്കയും ചെയ്യട്ടെ. അങ്ങേപ്പക്കൽ നീ നില്ക്കുമ്പോൾ നിന്റെ രക്ഷകനെ അഭിമുഖമായി കാണുകയും ഭാഗ്യമുള്ള ആ കണ്ണുകൾകൊണ്ട് പ്രത്യക്ഷത്തിൽ നീ സത്യം ദർശിക്കുകയും ചെയ്യും. അങ്ങനെ ഭാഗ്യപ്പെട്ടവരുടെ ഗണത്തിൽ നീ നില്ക്കുമ്പോൾ ദൈവ ധ്യാനത്തിന്റെ മാധുരിയാൽ നീ എന്നേയ്ക്കും ആനന്ദിക്കയും ചെയ്യട്ടെ. ആമ്മേൻ.

## പ്രാർത്ഥന

കർത്താവേ, അവിടത്തെ കൃപാതിരേകത്താൽ ആത്മാവ് എവിടെനിന്ന് രക്ഷ പ്രതീക്ഷിച്ചിരിക്കുന്നുവോ ആ സ്ഥലത്തേക്ക് അങ്ങെ ദാസന്റെ (ദാസിയുടെ) ആത്മാവിനെ സ്വീകരിക്കണമേ. ആമ്മേൻ.

Fr. Elisaeus C.M.I.



കർത്താവേ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ എല്ലാ നരകയാതനകളിൽനിന്നും, ശിക്ഷകളുടെ കാഠിന്യത്തിൽനിന്നും രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, ഹാനോക്കിനേയും ഏലിയായേയും പൊതുവായ മരണത്തിൽനിന്നു് അങ്ങു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, നോഹിനെ ജലപ്രളയത്തിൽനിന്നു് രക്ഷിച്ചതുപോലെ അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, അബ്രാഹത്തെ കൽദായക്കാരുടെ സ്ഥലത്തുനിന്നു് നീ രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, യോബിനെ കഷ്ടതയിൽനിന്നു് അങ്ങു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ.

കർത്താവേ, ഇസഹാക്കിനെ ബലിയിൽനിന്നും, അവൻെറ പിതാവായ അബ്രാഹത്തിൻെറ കൈയിൽനിന്നും രക്ഷിച്ചതുപോലെ അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, ലോത്തിനെ സോദാംകാരിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, മൂശയെ ഈജിപ്തു രാജാവായ ഫറവോൻെറ കൈകളിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, ദാനിയേലിനെ സിംഹക്കുഴിയിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കത്താവേ, മൂന്നു ബാലന്മാരെ എരിയുന്ന അഗ്നിച്ചൂളയിൽനിന്നും, ദുഷ്ടനായ രാജാവിൽനിന്നും രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കത്താവേ, സൂസന്നായെ കള്ളസാക്ഷിയിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കത്താവേ, ദാവീദിനെ ശാവോലിൻേറയും ഗോലിയാത്തിൻേറയും കൈയ്യിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കത്താവേ, പത്രോസിനേയും പൗലോസിനേയും കാരാഗൃഹത്തിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കണമേ. ആമ്മേൻ.

കർത്താവേ, കന്യകയും, വേദസാക്ഷിണിയും, ഭാഗ്യവതിയുമായ തെക്ലായെ കഠിനതരമായ മൂന്നു പീഡനങ്ങളിൽനിന്നു് രക്ഷിച്ചതുപോലെ, അങ്ങേ ദാസൻെറ (ദാസിയുടെ) ആത്മാവിനെ രക്ഷിക്കുവാനും നിത്യസൗഭാഗ്യത്തിൽ അങ്ങയോടുകൂടെ അതിനെ ആനന്ദിപ്പിക്കുവാനും അങ്ങു് അനുവദിക്കണമേ. ആമ്മേൻ.

## പ്രാർത്ഥന

ലോകരക്ഷകനായ ഞങ്ങളുടെ കർത്താവീശോമിശിഹായേ, ഈ ദാസൻെറ (ദാസിയുടെ) ആത്മാവിനെ അങ്ങേയ്ക്കു് സമപ്പിച്ചുകൊണ്ടു് ഞാൻ യാചിക്കുന്നു. ഏതൊരു കാര്യത്തിനുവേണ്ടി അങ്ങു് ഭൂമിയിൽ ആഗതനായോ, അതിനുവേണ്ടി ഈ ആത്മാവിനെ ഗോത്രപിതാക്കന്മാരുടെ മടിയിൽ ചേക്കാൻ അങ്ങു് അനുഗ്രഹിക്കണമേ. കത്താവേ, അങ്ങയു

ടെ ഈ സൃഷ്ടി, അന്യദേവന്മാരാലല്ല, പ്രത്യുത സത്യദൈവമായ അങ്ങയാൽ മാത്രമാണു് സൃഷ്ടിക്കപ്പെട്ടതു് എന്നു് ഓക്കണമേ. എന്തെന്നാൽ, അങ്ങയെക്കൂടാതെ ദൈവമായി മററൊരുവനില്ല. അങ്ങെ പ്രവൃത്തികൾപോലെ മററൊരു പ്രവൃത്തിയുമില്ല. കത്താവേ, ഇവൻെറ (ഇവളുടെ) ആത്മാവിനെ അങ്ങേ സന്നിധിയിൽ ആനന്ദിപ്പിക്കണമേ. ഇവൻെറ (ഇവളുടെ) കഴിഞ്ഞ കാലത്തിലെ അധമ്മങ്ങളേയും കോപലഹരിയേയും, ദുരാഗ്രഹങ്ങളുടെ പ്രേരണകളേയും, അങ്ങു് ഓക്കരുതേ. എന്തുകൊണ്ടെന്നാൽ, ഇവൻ (ഇവൾ) പാപം ചെയ്തുവെങ്കിലും, പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ഉപേക്ഷിക്കാതെ, അവരിൽ വിശ്വസിക്കയും, ദൈവസ്നേഹത്തിൽ ഉജ്ജ്വലിക്കയും, സകലത്തിൻേറയും നാഥനും സ്രഷ്ടാവുമായ ദൈവത്തെ ആരാധിക്കയും ചെയ്തിരുന്നു.

ആമ്മേൻ.

## പ്രാത്ഥന

കത്താവേ, ഇവൻെറ (ഇവളുടെ) യൗവനത്തിലെ അപരാധങ്ങളും തെററുകളും ഓക്കരുതേ. പ്രത്യുത, അങ്ങയുടെ അനുഗ്രഹാധിക്യത്തിനു തക്കവണ്ണം അങ്ങയുടെ പ്രഭയുടെ സ്ഥലത്തു് ഇവനെ (ഇവളെ) പ്രവേശിപ്പിക്കണമേ. സ്വഗ്ഗം ഇവനായി (ഇവൾക്കായി) തുറക്കപ്പെടട്ടെ. ദൈവദൂതന്മാർ ഇവനെ (ഇവളെ) പ്പററി ആനന്ദിക്കട്ടെ. കത്താവേ, അങ്ങേ രാജ്യത്തിൽ ഇവനെ (ഇവളെ) സ്വീകരിക്കണമേ. സ്വഗ്ഗീയ സൈന്യങ്ങളുടെ നേതൃത്വം വഹിക്കുന്നതിനു യോഗ്യനായിത്തീന്ന, ദൈവത്തിൻെറ മുഖ്യദൂതനായ മിഖായേൽ ഇവനെ (ഇവളെ) സ്വീകരിക്കട്ടെ. ദൈവത്തിൻെറ വിശുദ്ധ ദൂതന്മാർ ഇവനെ (ഇവളെ) എതിരേല്ക്കയും സ്വഗ്ഗീയ ഓറശ്ലേത്തേയ്ക്കു് ആനയിക്കയും ചെയ്യട്ടെ. സ്വർഗ്ഗരാജ്യത്തിൻെറ പരമാധികാരിയായ പത്രോസ് ശ്ലീഹാ ഇവനെ (ഇവളെ) സഹായിക്കട്ടെ. സ്വ-

ഗ്ഗീയ രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടവനായ വി: യോഹന്നാൻ ഇവനു (ഇവൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം കർത്താവിൽനിന്നു് ലഭിച്ച ശ്ലീഹന്മാരെല്ലാം ഇവനു ഇവൾക്കു) വേണ്ടി ദൈവത്തോടു് യാചിക്കട്ടെ. ഈ ലോകത്തിൽ കർത്താവിൻെറ നാമത്തെക്കുറിച്ച് പീഡകൾ സഹിച്ച, ദൈവത്തിൻെറ സകല വിശുദ്ധന്മാരും ഇവനു (ഇവൾക്കു) വേണ്ടി പ്രാർത്ഥിക്കട്ടെ. ശരീരത്തിൻെറ ബന്ധനങ്ങളിൽനിന്നു് വിമോചിക്കപ്പെട്ടമ്പോൾ, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ നിത്യം ജീവിച്ചു വാഴുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ സഹായത്താൽ, സ്വർഗ്ഗീയ മഹത്വത്തിൽ പ്രവേശിക്കയും ചെയ്യട്ടെ. ആമ്മേൻ.

## ആത്മാവു് ശരീരത്തിൽനിന്നു് വേർപെട്ടശേഷം.

വൈ:— ദൈവത്തിൻെറ വിശുദ്ധന്മാർ ഇവൻെറ (ഇവളുടെ) സഹായത്തിനു് തരട്ടെ. ഇവൻെറ (ഇവളുടെ) ആത്മാവിനെ സ്വീകരിച്ചു് ഉന്നതനായ കർത്താവിൻെറ സമക്ഷം സമർപ്പിക്കുവാൻവേണ്ടി ദൈവദൂതന്മാർ ഇവനെ (ഇവളെ) എതിരേല്ക്കട്ടെ.

സഹാ:— നിന്നെ വിളിച്ചവനായ മിശിഹാ നിന്നെ കൈക്കൊള്ളട്ടെ. ദൈവദൂതന്മാർ അബ്രാഹത്തിൻെറ മടിയിലേയ്ക്കു് നിന്നെ ആനയിക്കട്ടെ.

വൈ:— കർത്താവേ, നിത്യാശ്വാസം ഇവനു് (ഇവൾക്കു്) നൽകണമേ.

സഹാ:— നിത്യമായ വെളിച്ചം ഇവനു് (ഇവൾക്കു്) പ്രകാശിക്കട്ടെ.

**കർത്താവേ, അനുഗ്രഹിക്കണമേ!**

**മിശിഹായേ, അനുഗ്രഹിക്കണമേ!**

കർത്താവേ, അനുഗ്രഹിക്കേണമേ!

വൈ:— "സ്വർഗ്ഗസ്ഥനായ, ഞങ്ങളുടെ...... (രഹസ്യത്തിൽ)

വൈ:— ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

സഹാ:— വിശേഷിച്ച്, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ.

വൈ:— കർത്താവേ, നിത്യാശ്വാസം ഇവന് (ഇവൾക്ക്) നൽകണമേ.

സഹാ:— നിത്യമായ വെളിച്ചം ഇവന് (ഇവൾക്ക്) പ്രകാശിക്കുകയും ചെയ്യട്ടെ.

വൈ:— പാതാളത്തിൻെറ വാതില്ക്കൽനിന്ന്.

സഹാ:— കർത്താവേ, ഇവൻെറ (ഇവളുടെ) ആത്മാവിനെ പുറപ്പെടുത്തണമേ.

വൈ:— സമാധാനത്തിൽ ആശ്വസിക്കട്ടെ.

**സഹാ:— ആമ്മേൻ.**

## പ്രാർത്ഥന

എൻെറ കർത്താവേ, നിൻെറ ദാസൻെറ (ദാസിയുടെ) [പേര്] ആത്മാവിനെ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവേ, ഇവൻ (ഇവൾ) ഈ ലോകത്തിൽനിന്ന് വേർപിരിയുമ്പോൾ അങ്ങേയ്ക്കായി ജീവിക്കട്ടെ. മാനുഷിക വ്യാപാരത്തിൻെറ ബലഹീനതമൂലവും മന്ദതമൂലവും ഇവൻ (ഇവൾ) ചെയ്തുപോയ പാപങ്ങളെ, അങ്ങയുടെ അനുഗ്രഹത്തിൻെറയും കാരുണ്യത്തിൻെറയും ജലത്താൽ അങ്ങ് കഴുകിക്കളയണമേ.

സഹാ:— ആമ്മേൻ,

സൂചന:– മരണാനന്തരം, ശവസംസ്കാരചടങ്ങുകൾ ആരംഭിക്കുന്നതുവരെ ഈ പ്രാൎത്ഥനകൾ തുടരുന്നതു് നന്നായിരിക്കും.

# അമ്പത്തിമൂന്നുമണിജപം

## പ്രാരംഭപ്രാൎത്ഥന

അളവില്ലാത്ത സകല നന്മസ്വരൂപിയായ സൎവ്വേശ്വരാ കൎത്താവേ, നീചമനുഷ്യരും നന്ദിയറിയാത്ത പാപികളുമായ അടിയങ്ങൾ അറുതിയില്ലാത്ത മഹിമപ്രതാപത്തോടുകൂടിയിരിക്കുന്ന നിന്റെ സന്നിധിയിൽനിന്നു് ജപംചെയ്യാൻ പാത്രമല്ലാത്തവരാകുന്നുവെങ്കിലും, നിന്റെ അറുതിയില്ലാത്ത ദയയിൽ ശരണപ്പെട്ടുകൊണ്ടു് ശ്ലൂ. ദേവമാതാവിനു് സ്തുതിയായിട്ടു് അമ്പത്തിമൂന്നുമണിജപം ചെയ്യാൻ ആശയായിരിക്കുന്നു. ഈ ജപം ഭക്തിയോടുകൂടെ ചെയ്തു് പലവിചാരം കൂടാതെ തികപ്പാൻ കൎത്താവേ! നീ സഹായം ചെയ്യു.

(വിശ്വാസപ്രമാണം) 1 സ്വ.

ബാവാതമ്പുരാനു് മകളായിരിക്കുന്ന പരിശുദ്ധ ദേവമാതാവേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യാൻ നിന്റെ തിരുക്കുമാരനോടു് അപേക്ഷിക്കണമെ. 1 നന്മ.

പുത്രൻതമ്പുരാനു് മാതാവായിരിക്കുന്ന പരിശുദ്ധ ദേവമാതാവേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുവാൻ നിന്റെ തിരുക്കുമാരനോടു് അപേക്ഷിക്കണമെ. 1 നന്മ.

റൂഹാദ്ക്കുദശാതമ്പുരാനു് എത്രയും പ്രിയമുള്ളവളായിരിക്കുന്ന പരിശുദ്ധ ദേവമാതാവേ, ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വൎദ്ധിപ്പാൻ നിന്റെ തിരുക്കുമാരനോടു് അപേക്ഷിക്കണമെ. 1 നന്മ. 1 ത്രി.

സൂചന: ഓരോ ദശകങ്ങളുടേയും ത്രിത്വസ്തുതിക്കുശേഷം ചൊല്ലുന്നതിനായി മാതാവുതന്നെ ഫാത്തിമായിലെ കുട്ടികളെ പഠിപ്പിച്ച താഴെക്കാണുന്ന സുകൃതജപംകൂടി ചേൎത്തു് ചൊല്ലാവുന്നതാണു്.

ഈശോയെ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമെ. നരകാഗ്നിയിൽനിന്നു് ഞങ്ങളെ രക്ഷിക്കണമെ.

എല്ലാ ആത്മാക്കളേയും, പ്രത്യേകിച്ച് അങ്ങേ അനുഗ്രഹത്തിനു് ഏററം ആവശ്യമുള്ളവരേയും സ്വർഗ്ഗത്തിലേക്ക് ആനയിക്കണമെ.

—※—

## എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ആഗമനകാലം തുടങ്ങി അമ്പതുനൊയമ്പുവരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ടും സന്തോഷമായ ദൈവരഹസ്യങ്ങൾ.

1. എത്രയും പരിശുദ്ധ കന്യകമറിയമേ, പുത്രൻതമ്പുരാൻ മനുഷ്യാവതാരംവഴി നിൻെറ ഉദരത്തിൽ ജനിപ്പാൻ തിരുമനസ്സായ വൃത്താന്തം ദൈവകല്പനയാൽ നിൻെറ പക്കൽ മാലാഖാവന്നു് അറയിച്ചതിനാൽ നീ അളവില്ലാത്ത സന്തോഷത്തെ പ്രാപിച്ച്, മഹാ എളിമയോടുകൂടെ ദൈവതിരുമനസ്സിനു് കീഴ്‌വഴങ്ങി, സർവ്വേശ്വരനെ നിൻെറ തിരുവുദരത്തിൽ മകനായിട്ടു് ധരിച്ചുവല്ലൊ. ദൈവത്തിനു് നീ മാതാവായി എന്ന ഈ സന്തോഷത്തെക്കുറിച്ചു്, നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് ഞങ്ങൾ അയാളെ ഭക്തിയാൽ ഞങ്ങളുടെ ഹൃദയത്തിൽ എപ്പോഴും സംഗ്രഹിച്ചുകൊണ്ടിരിപ്പാൻ മനോഗുണം തരുവിക്കണമേ.

1 സ്വ. 10 ന. 1 ത്രി.

മാലാഖാമാരൊക്കയിലും പ്രധാനിയായ ശ്രു. മിഖാ യേൽ മാലാഖായേ, ഞങ്ങൾ ഏററം പാപികളായിരിക്കുന്നു വെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ പത്തുമണി ജപത്തേ യും ശ്രു. ദേവമാതാവിൻെറ തൃപ്പാദത്തിങ്കൽ നിൻെറ സ്തുതിക ളോടുകൂടെ ഒന്നായിട്ടുചേൎത്തു് പാദകാണിക്കയായി വെപ്പാൻ നിന്നോടു് ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 സ്വ.

2. പരിശുദ്ധ കന്യകയായിരിക്കുന്ന ശ്രു. ദേവമാതാവേ, നിൻെറ സ്നേഹത്താൽ ഇളയമ്മയായ ഏലീശാാ അമ്മയെ കാ ണ്മാൻ പോയപ്പോൾ സൎവ്വേശ്വരൻ ആ പുണ്യവതിയുടെ വീ ട്ടിൽ ചെയ്ത കരുണയെക്കണ്ടു് നീ അത്യന്തസന്തോഷം അനു ഭവിച്ചുവല്ലൊ. ഈ സന്തോഷത്തെക്കുറിച്ചു് നിൻെറ പ്രിയ പ്പെട്ട ദിവ്യപുത്രനോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു് ലൌകികസന്തോഷം ഞങ്ങൾ പ്രമാണിക്കാതെ ജ്ഞാനസ ന്തോഷത്തിൻെറ ഇമ്പമുള്ള മാധുര്യത്തെ ആഗ്രഹിച്ചുതേടി അ നുഭവിപ്പാൻ മനോഗുണം തരുവിക്കണമെ. 1സ്വ 10. 1ത്രി.

വിശുദ്ധ ഗബ്രിയേൽ മാലാഖയേ! ഞങ്ങൾ ഏററം പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിൻെറ സ്തുതികളോടുകൂടെ ഒന്നായിട്ടു ചേൎത്തു് ശ്രു. ദേവമാതാവിൻെറ തൃപ്പാദത്തിങ്കൽ പാദകാണി ക്കയായി വെപ്പാൻ നിന്നോടു് ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1സ്വ.

3. മാലാഖാമാരുടെ രാജ്ഞിയായ ശ്രു: ദേവമാതാവേ, കന്യാവ്രതത്തിനു് അന്തരം വരാതെ ലോകരക്ഷിതാവായ ഈ ശോമിശിഹായെ നീ പ്രസവിച്ചതിനാൽ നിരൂപണ വചന ത്തിലടങ്ങാത്ത സന്തോഷം നീ അനുഭവിച്ചുവല്ലൊ. ഈ സ ന്തോഷത്തെക്കുറിച്ചു് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു് പാപികളായ ഞങ്ങളുടെ

ഹൃദയത്തിൽ താൻ ജ്ഞാനവിധമായി എഴുന്നെള്ളിവന്നു് പിറക്കുന്നതിനു് മനോഗുണം തരുവിക്കണമെ.

1സ്വ. 10ന. 1ത്രി.

ശു: റപ്പായേൽ മാലാഖയേ, ഞങ്ങൾ ഏററം പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിൻെറ സ്തുതികളോടുകൂടെ ഒന്നായിട്ടുചേത്തു് ശു: ദേവമാതാവിൻെറ തൃപ്പാദത്തിങ്കൽ പാദകാണിക്കയായി വെപ്പാൻ നിന്നോടു് ഞങ്ങൾ പ്രാത്ഥിക്കുന്നു. 1സ്വ.

4. സ്രഷ്ടാവിൻെറ സിംഹാസനമായ ശു: ദേവമാതാവേ, കത്താവായ നിൻെറ ദിവ്യപുത്രനെ പ്രസവിച്ചിട്ടു് ^നാല്പതാം ദിവസം ദേവാലയത്തിൽ കൊണ്ടുചെന്നു് അനാദിപിതാവിനു് കാണിക്കയായികൊടുത്തു് നീ വീണ്ടെടുത്തുവല്ലോ; അപ്പോൾ അവിടെ ഉണ്ടായിരുന്ന മഹാത്മാക്കൾ അയാളുടെ മഹിമയറിഞ്ഞു് അയാൾക്കു് അനേകവിധത്തിൽ സ്തുതിചെയ്യുന്നതുകണ്ടു് നീ എത്രയും സന്തോഷിച്ചവല്ലോ. ഈ സന്തോഷത്തെക്കുറിച്ചു് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു്, ഭക്തി എന്ന പുണ്യത്താൽ ഞങ്ങളുടെ ആത്മാവു് തനിക്കു യോഗ്യമായ ദേവാലയമായിരിപ്പാൻ മനോഗുണം തരുവിക്കണമേ.

1സ്വ. 10ന. 1ത്രി.

ശ്ലീഹന്മാരിൽ പ്രധാന ശ്ലീഹന്മാരായ മാർ പത്രോസെ, മാർ പൗലോസെ, ഞങ്ങൾ ഏററം പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിങ്ങളുടെ സ്തുതികളോടുകൂടെ ഒന്നായിട്ടുചേത്തു്, ശു: ദേവമാതാവിൻെറ തൃപ്പാദത്തിങ്കൽ പാദകാണിക്കയായി വെപ്പാൻ നിങ്ങളോടു് ഞങ്ങൾ പ്രാത്ഥിക്കുന്നു. 1സ്വ.

5. പരലോക രാജ്ഞിയായ ശ്രു: ദേവമാതാവേ! നിന്റെ സ്നേഹമുള്ള പുത്രനായ മിശിഹാ കർത്താവിനു് പന്ത്രണ്ടു വയസ്സു് നടക്കുമ്പോൾ മൂന്നുദിവസം അയാളെ കാണാതെ ദുഃഖത്തോടുകൂടെ അന്വേഷിച്ചു് മൂന്നാംനാൾ ദേവാലയത്തിൽ ശാസ്ത്രികളുടെ സഭാനടുവിൽ അയാളെക്കണ്ടു് പരിപൂർണ്ണസന്തോഷം അനുഭവിച്ചുവല്ലോ. ഈ സന്തോഷത്തെക്കുറിച്ചു് നിന്റെ പ്രിയപ്പെട്ട ദിവ്യപുത്രനോടു് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു് ഞങ്ങൾ ഒരിക്കലും പാപത്താൽ അയാളെ വിട്ടുപിരിയാതിരിപ്പാനും, ഞങ്ങളുടെ ബലക്ഷയത്താൽ വിട്ടുപിരിഞ്ഞുപോയാൽ വേഗത്തിൽ പശ്ചാത്താപത്താൽ അയാളെകണ്ടു്, അയാളിൽ അടിയങ്ങൾ സ്ഥിരമായിരിപ്പാനും മനോഗുണം തരുവിക്കണമേ. 1സ്വ. 10ന. 1ത്രി.

ശ്ലീഹാ ആയ ശ്രു: യോഹന്നാനേ, ഞങ്ങൾ ഏററം പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ പത്തു മണിജപത്തേയും നിന്റെ സ്തുതികളോടുകൂടെ ഒന്നായിട്ടുചേർത്തു് ശ്രു: ദേവമാതാവിന്റെ തൃപ്പാദത്തിങ്കൽ പാദകാണിക്കയായി വെപ്പാൻ നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(ഇപ്രകാരം എല്ലാ രഹസ്യങ്ങളുടെയും മുമ്പും പിമ്പും ചൊല്ലിക്കൊൾക)

### എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും, അമ്പതുനോമ്പിലെ ഞായറാഴ്ചകളിലും ചൊല്ലേണ്ടുന്ന ദുഃഖമായ ദൈവരഹസ്യങ്ങൾ.

1. അത്യന്തദയയുള്ള ശ്രു: ദേവമാതാവേ! സ്നേഹമുള്ള നിന്റെ പുത്രനായ മിശിഹാകർത്താവു് അടിക്കപ്പെട്ടു് സ്ലീവാമേൽ തറയ്ക്കപ്പെട്ടതുപോലെ നീയും അടിയേററു് സ്ലീ

വാമേൽ തറയ്ക്കപ്പെടാതിരുന്നാലും, അയാൾ തൻെറ തിരു ശരീരത്തിൽ അനുഭവിച്ച പീഡകളൊക്കെയും ഹൃദയത്തിൽ നീ അനുഭവിച്ചുവല്ലോ. താൻ പൂങ്കാവനത്തിൽവെച്ച് ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് എത്രയും ദുഃഖമനുഭവിച്ചതിനാൽ തൻെറ തിരുശരീരമൊക്കയും ചോരവിയത്തു നിരുപിച്ച് നീ ചിന്തിയ കണ്ണുനീരാൽ നിലം നനഞ്ഞു് വാക്കിലടങ്ങാത്ത ദുഃഖസമുദ്രത്തിൽ നീ മുഴകിയല്ലോ. ഈ ദുഃഖത്തെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച്, പാപികളായ ഞങ്ങൾ ചെയ്ത പാപങ്ങളെക്കുറിച്ച് എത്രയും മനസ്താപപ്പെട്ട് കരഞ്ഞു് ദോഷപ്പൊറുതി ലഭിപ്പാൻ മനോഗുണം തരുവിക്കണമേ.

1 സ്വ. 10 ന. 1 ത്രി.

2. എത്രയും കനിവുള്ള ശു: ദേവമാതാവേ! ദൈവസ്വഭാവത്തോടുകൂടി ബന്ധിച്ചിരിക്കുന്ന നിൻെറ തിരുക്കുമാരൻ മിശിഹാകർത്താവ് നിഷ്ഠുരന്മാരാൽ തൂണോടുകൂടെ മുറുക്കി കെട്ടപ്പെട്ട് കഠിനമായി അടിക്കപ്പെട്ടതിനാൽ, അയാളുടെ തിരുശരീരമൊക്കെയും വ്രണവും ചോരയോടുകൂടിയ മുറിവുമായിരിക്കുന്നതും, അയാളുടെ തിരുമുഖം നീചസേവകന്മാരുടെ അശുദ്ധ ഉമിനീരാൽ മലിനമാക്കപ്പെട്ടിരിക്കുന്നതും കണ്ടു് നീ ദുഃഖസമുദ്രത്തിൽ താണുവല്ലോ. ഈ ദുഃഖത്തെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് ഞങ്ങളുടെ പാപങ്ങൾമൂലം ഉണ്ടാകുന്ന കഠിന ശിക്ഷകളൊക്കെയും ഞങ്ങളിൽനിന്നു സർവ്വേശ്വരൻ നീക്കുവാൻ മനോഗുണം തരുവിക്കണമെ. 1സ്വ. 10ന. 1ത്രി.

3. ക്ഷമയുടെ ഉറവയായ ശു: ദേവമാതാവേ! പരലോകരാജാവായ നിൻെറ തിരുക്കുമാരൻ ഈശോമിശിഹായെ യൂദന്മാർ പരിഹാസരാജാവായിട്ട് സ്ഥാപിച്ച് തൻെറ തിരു

ത്തലയിൽ മുൾമുടിവച്ച് അടിച്ചപ്പോൾ മുള്ളുകൾ തലയ്ക്കു
ള്ളിൽ കടന്നതുകൊണ്ട് തൻെറ തിരുമുഖത്തിൽ ഒഴുകിയ
ചോര നീ കണ്ടപ്പോൾ ആ മുള്ളുകളൊക്കെയും നിൻെറ ഹൃ
ദത്തിൽ കൊണ്ടതുപോലെയുള്ള വ്യസനം നീ അനുഭവിച്ചു
വല്ലോ. ഈ ദുഃഖത്തെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യ
പുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച്, പാപികളായ
ഞങ്ങളുടെ ഹൃദയത്തിലിരിക്കുന്ന പാപമെന്ന മുള്ളുകളെ ഉത്ത
മമനസ്താപത്താൽ പിഴുതു നീക്കിക്കളയുവാൻ മനോഗുണം
തരുവിക്കണമെ. 1സ്വ. 10ന. 1ത്രി.

4. ത്രിലോകനാഥയായ ശു: ദേവമാതാവേ, തിരുക്കുമാര
നായ മിശിഹാകത്താവിനെ കൊല്ലുവാൻ യൂദന്മാർ നിശ്ച
യിച്ച് തൻെറ തിരുത്തോളിന്മേൽ ഭാരമായ സ്ലീവാമരം ചു
മപ്പിച്ചുകൊണ്ട് ഗാഗുൽത്താമലവരെയും നിഷ്ഠുരമായി പീ
ഡിപ്പിച്ചുകൊണ്ടുപോകുമ്പോൾ, നീയുടെ അങ്ങയെ അനുഗ
മിച്ചതിനാൽ മഹാ വ്യസനവും സങ്കടവും അനുഭവിച്ചുവ
ല്ലോ. ഈ ദുഃഖത്തെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്ര
നോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് പാപികളായ ഞ
ങ്ങളും ഞങ്ങൾക്കു വരുന്ന ദുഃഖസന്താപങ്ങളായ സ്ലീവാ ന
ല്ലമനസ്സോടുകൂടെ ചുമന്നുകൊണ്ട് തൻെറ പിന്നാടിയെ നട
പ്പാൻ മനോഗുണം തരുവിക്കണമേ. 1സ്വ. 10ന. 1ത്രി.

5. പാപികളുടെ സങ്കേതമായ ശു: ദേവമാതാവേ, നി
ൻെറ തിരുക്കുമാരനായ മിശിഹാകത്താവിനെ യൂദന്മാർ സ്ലീ
വാമരത്തിന്മേൽ ചേത്ത്, പറഞ്ഞൊപ്പിക്കരുതാത്ത നിഷ്ഠുര
തയോടുകൂടെ അയാളുടെ തൃക്കൈകളും കാലുകളും ഭാരമുള്ള
ഇരുമ്പാണികളാൽ തറച്ച്, രണ്ടു കള്ളന്മാരുടെ നടുവിൽ
നാട്ടി നിറുത്തിയപ്പോൾ, അയാൾ മഹാ അപമാനത്തോടുകൂ
ടെ തൂങ്ങിയിരിക്കുന്നതു് കണ്ടതിനാൽ നീ എണ്ണമില്ലാത്ത ദുഃ

ഖവ്യാകുലം അനുഭവിച്ചവളല്ലോ. നിന്റെ പുത്രന്റെ പീഡയേയും സ്ലീവായേയു കുറിച്ച്, നിന്റെ പ്രിയപ്പെട്ട ദിവ്യപുത്രനോട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച്, പാപികളായ ഞങ്ങൾ ഈ ദിവ്യമാതൃകയ്ക്ക് തക്കവണ്ണം നേർവഴിയിൽക്കൂടി നടന്നു് പാപമോചനം പ്രാപിപ്പാൻ മനോഗുണം തരുവിക്കണമെ. 1സ്വ. 10ന. 1ത്രി.

എല്ലാ ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും ഉയിർപ്പു തിരുനാൾ മുതൽ ആഗമനകാലം വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ടും മഹിമപ്പെട്ടത്ത ദൈവരഹസ്യങ്ങൾ.

1. വർഷക്കാലവും കുളിർകാലവും നീങ്ങി വേനൽ വരുന്നതുപോലെ, പ്രസന്നമായിരിക്കുന്ന മോക്ഷത്തിന്റെ രാജ്ഞി, നിന്റെ തിരുക്കുമാരനായ മിശിഹാകത്താവ് പാടുപെട്ട് മരിച്ചതിനുശേഷം മൂന്നാംനാൾ ജയത്തോടും സൂര്യനെക്കാൾ പ്രകാശിക്കുന്ന രൂപസൗന്ദര്യത്തോടുംകൂടെ ഉയിർത്തെഴുന്നള്ളിയതു നീ കണ്ടതിനാൽ, അളവില്ലാത്ത മഹിമയുള്ള സന്തോഷത്തിന്റെ കാലം നിനക്കു ഉദയംചെയ്തുവല്ലോ. ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് പാപമായ മരണത്തിൽനിന്നു് ഞങ്ങൾ ഉയിർത്തെഴുന്നേല്പാൻ മനോഗുണം തരുവിക്കണമെ. 1സ്വ. 10ന. 1ത്രി.

2. അക്ഷയമായ പരിശുദ്ധിയുള്ള ദേവമാതാവേ, അററമില്ലാത്ത മഹിമയോടും ഊനമില്ലാത്ത ജയത്തോടുംകൂടിയിരിക്കുന്ന നിന്റെ തിരുക്കുമാരൻ മിശിഹാകർത്താവ് ഉയിർത്തു് നാല്പതാംനാൾ, മാലാഖമാരാൽ ചുററും അണിനിരയായി ബാവാന്മാരോടുകൂടെ എത്രയും പ്രാബല്യമായി മോക്ഷാരോഹണം ചെയ്യുന്നതുകണ്ടു് നീ അത്യന്തസന്തോഷമഹിമ അനുഭവിച്ച

വല്ലോ. ഈ മഹിമയെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യ പുത്രനോട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച്, ഈ ലോകത്തിൽ പരദേശികളായിരിക്കുന്ന ഞങ്ങൾ പരലോകവാഞ്ഛ മാത്രം ആഗ്രഹിച്ചുതേടി മോക്ഷഭാഗ്യം പ്രാപിപ്പാൻ മനോഗുണം തരുവിക്കണമെ. 1സ്വ. 10ന. 1ത്രി.

3. ദൈവനന്മകളാൽ പൂരിക്കപ്പെട്ടവളും, മാലാഖമാരുടെ രാജ്ഞിയുമായ ശ്രു: ദേവമാതാവേ, നിൻെറ തിരുക്കുമാരനായ മിശിഹാകർത്താവിൻെറ ശിഷ്യഗണത്തോടുകൂടെ നീ ധ്യാനത്തിലിരിക്കുമ്പോൾ, തീനാക്കുകളുടെ രൂപത്തിൽ റൂഹാദ്കുദശാതമ്പുരാൻ ഇറങ്ങി നിൻേറയും ശിഷ്യരുടേയും ഹൃദയങ്ങൾ ദൈവേഷ്ടപ്രസാദത്താൽ നിറച്ചതിനാൽ നീ അത്യന്ത സന്തോഷ മഹിമ അനുഭവിച്ചുവല്ലോ. ഈ മഹിമയെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് റൂഹാദ്കുദശായുടെ വരപ്രസാദം ഞങ്ങളിൽ ഉണ്ടായി, ഞങ്ങൾ ദൈവതിരുമനസ്സുപോലെ നടപ്പാൻ നീ മനോഗുണം തരുവിക്കണമെ.

1സ്വ. 10ന. 1ത്രി.

4. വണക്കത്തിനു് യോഗ്യയും പുണ്യവഴിക്കു് മാതൃകയുമായ ശ്രു: ദേവമാതാവേ, നിൻെറ തിരുവാത്മാവു് തിരുശരീരത്തിൽനിന്നു് വേർപിരിഞ്ഞു് നിൻെറ തിരുക്കുമാരനായ മിശിഹാകർത്താവിൻെറ പക്കൽ ചേൎന്ന മൂന്നാംനാൾ, ദിവ്യ സുഗന്ധസൗരഭ്യം മഹാ പ്രകാശമുള്ള നിൻെറ തിരുശരീരത്തോടുകൂടെ നീ കല്ലറയിൽനിന്നു് പുറപ്പെട്ടു് ചുറ്റും മാലാഖമാരുടെ പരിവാരത്തോട്ടും എത്രയും ഇമ്പമുള്ള ഗാന സംഗീതധ്വനികളോട്ടുംകൂടെ പരലോകത്തിൽ എഴുന്നെള്ളി അത്യന്ത സന്തോഷമഹിമ അനുഭവിച്ചുവല്ലോ. ഈ മഹിമയെക്കുറിച്ച് നിൻെറ പ്രിയപ്പെട്ട ദിവ്യപുത്രനോട്ട് ഞങ്ങൾക്കു

വേണ്ടി അപേക്ഷിച്ച് ഈ ലോകമെന്ന ദുഃഖസമുദ്രത്തിൽ മഹാ ആപത്തിലിരിക്കുന്ന ഞങ്ങളെ നിന്റെ കൃപാകടാക്ഷത്താൽ തൃക്കണ്പാർത്ത് പാപികളായ ഞങ്ങൾ മോക്ഷം ചേരുവാൻ മനോഗുണം തരുവിക്കണമെ.

1സ്വ. 10ന. 1ത്രി.

5. നന്മയുടെ കടലും ശരണപ്പെട്ടുന്നവർക്ക് ആധാരവുമായ പരിശുദ്ധ ദേവമാതാവേ, സൃഷ്ടിക്കപ്പെട്ട വസ്തുക്കളൊക്കെക്കാൾ നീ സകല സുകൃതങ്ങളാലും നിറഞ്ഞു് അലങ്കരിക്കപ്പെട്ടവളാകയാൽ നീ പരലോകത്തിൽ എഴുന്നെള്ളിയ ഉടനെ സകല മോക്ഷവാസികളുടെയും സഭയേക്കാൾ അധികമോക്ഷഭാഗ്യപ്രാപ്തയായി. എത്രയും ശു: ത്രിത്വത്തിൽനിന്ന് സമസ്തമോക്ഷവാസികളുടെയും രാജ്ഞിയായി മുടിധരിക്കപ്പെട്ട്, മാലാഖമാരെയും ശേഷം മോക്ഷവാസികൾ എല്ലാവരെയുംകാൾ ഉയർത്തി സ്ഥാപിക്കപ്പെട്ട് നിത്യാനന്ദവാഴ്വ നിറഞ്ഞ മഹിമ പ്രാപിച്ചുവല്ലൊ. ഈ മഹിമയെക്കുറിച്ച് നിന്റെ പ്രിയപ്പെട്ട ദിവ്യപുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച്, നീ അനുഭവിക്കുന്ന മോക്ഷാനന്ദഭാഗ്യത്തിൽ ഒരു നല്ലപങ്ക് പാപികളായ അടിയങ്ങൾക്ക് ലഭിപ്പാൻ മനോഗുണം തരുവിക്കണമേ.

1സ്വ. 10ന. 1ത്രി.

## കാഴ്ചവെപ്പ്

മുഖ്യദൂതനായ വി. മിഖായേലെ, ദൈവദൂതന്മായ വി. ഗൗറിയേലെ, റപ്പായേലെ, ശ്ലീഹന്മാരായ മാർ പത്രോസേ, മാർ പൗലോസെ, മാർ യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർ തോമ്മായേ, ഞങ്ങൾ ഏററം പാപികളായിരുന്നുവെങ്കിലും ഞങ്ങൾ അപേക്ഷിച്ച ഈ അമ്പത്തിമൂന്നുമണി ജപത്തേയും നിങ്ങളുടെ സ്തുതികളോടുകൂടെ ഒന്നായിട്ടുചേർത്ത്, പ

രി: ദേവമാതാവിൻെറ തൃപ്പാദത്തിങ്കൽ പാദകാണിക്കയായി വെപ്പാൻ നിങ്ങളോട്ട് ഞങ്ങൾ പ്രാത്ഥിക്കുന്നു.

പരി: ദേവമാതാവിൻ പ്രാത്ഥന

കത്താവേ! അനുഗ്രഹിക്കണമേ,
മിശിഹായേ! അനുഗ്രഹിക്കണമേ,
കത്താവേ! അനുഗ്രഹിക്കണമേ,
മിശിഹായേ ഞങ്ങളുടെ പ്രാത്ഥന നീ കേൾക്കണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാത്ഥന നീ കൈക്കൊള്ളണമേ.
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷകനായ പുത്രൻതമ്പുരാനേ,
റൂഹാദ്ക്കുദശാ തമ്പുരാനേ,
ഏകദൈവമായ ശ്ശു. ത്രിത്വമേ,
(ഞങ്ങളെ അനുഗ്ര.)
ശ്ശുദ്ധ. മറിയമേ,
തമ്പുരാൻെറ പുണ്യജനനി,
കന്യകകൾക്ക് മകുടമാകുന്ന നിമ്മല കന്യകേ,
മിശിഹായുടെ മാതാവേ!
ദൈവപ്രസാദത്തിൻെറ മാതാവേ,
എത്രയും നിമ്മലയായ മാതാവേ,
അത്യന്തവിരക്തിയുള്ള മാതാവേ,
ഊഷലററ കന്യകയായിരിക്കുന്ന മാതാവേ,
കന്യാവ്രതത്തിനു അന്തരം വരാത്ത മാതാവേ,
സ്നേഹത്തിനു പാത്രമായ മാതാവേ,
അത്ഭുതത്തിനു് വിഷയമായ മാതാവേ,
സൽബുദ്ധിയുടെ മാതാവേ,
സൃഷ്ടിതാവിൻെറ മാതാവേ,
രക്ഷിതാവിൻെറ മാതാവേ;
വിവേകപരിപൂണ്ണയായ കന്യകേ,
വണക്കത്തിനു യോഗ്യയായ കന്യകേ,
സ്തുതിപ്രാപ്തിക്കൈശ്വയ്യമുള്ള കന്യകേ,
വല്ലഭയായ കന്യകേ,
(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.)

കനിവുള്ള കന്യകേ,
വിശ്വസ്തയായ കന്യകേ,
നെറിവിൻെറ ദർപ്പണമേ,
ബോധജ്ഞാനത്തിൻെറ സിംഹാസനമേ,
ഞങ്ങളുടെ തെളിവിൻെറ കാരണമേ,
ആത്മജ്ഞാന പൂരിതപാത്രമേ,
ബഹുമാനത്തിൻെറ പാത്രമേ,
അത്ഭുതമായ ഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ,
ദാവീദിൻെറ കോട്ടയേ,
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിൻെറ പെട്ടകമേ,
ആകാശമോക്ഷത്തിൻ വാതിലേ,
ഉഷഃകാലത്തിലെ നക്ഷത്രമേ,
രോഗികളുടെ സ്വസ്ഥാനമേ,
പാപികളുടെ സങ്കേതമേ,
വ്യാകുലന്മാരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
ബാവാന്മാരുടെ രാജ്ഞി,
ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹാന്മാരുടെ രാജ്ഞി,
വേദസാക്ഷികളുടെ രാജ്ഞി
വന്ദകന്മാരുടെ രാജ്ഞി
കന്യകളുടെ രാജ്ഞി
സകല പുണ്യവാന്മാരുടെ രാജ്ഞി
അമലോത്ഭവയായ രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി
സമാധാനത്തിൻെറ രാജ്ഞി,
കർമ്മല സഭയുടെ അലങ്കാരമായ രാജ്ഞി,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

സ്വർഗ്ഗാരോപിതയായ രാജ്ഞി,
ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടീ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കണമേ.
ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടീ,
കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കണമേ.
ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടീ,
കർത്താവേ, ഞങ്ങളെ നീ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ നിന്റെ പക്കൽ ഞങ്ങൾ ആശ്രയിക്കുന്നു; ഞങ്ങളുടെ യാചനകൾ നീ നിഷേധിക്കല്ലേ. ഭാഗ്യവതിയും ആശീർവ്വദിക്കപ്പെട്ടവളുമായ അമ്മകന്യകേ, സകല ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമെ.

മു. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ.

സ. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

പ്രാർത്ഥിക്കാം

കർത്താവേ, മുഴുവൻ മനസ്സോടുകൂടെ ദണ്ഡനമസ്കാരമായി വീണുകിടക്കുന്ന ഈ കൂട്ടത്തെ തൃക്കൺപാർത്ത് എപ്പോഴും പരിശുദ്ധ കന്യകയായ മർത്തമറിയത്തിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെയും ഉപദ്രവങ്ങളിൽനിന്ന് കൃപചെയ്ത് രക്ഷിച്ചരുളേണമേ.

ഈ യാചനകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ച് ഞങ്ങൾക്കു നീ തരണമേ.

ആമ്മേൻ.

പരിശുദ്ധ രാജ്ഞിയെ............ശേഷവും.

മു. ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സ. സർവ്വേശ്വരൻെറ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

## പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിൻെറ ആത്മാവും ശരീരവും റൂഹാദ്ക്കുദശായുടെ അനുഗ്രഹത്താൽ നിൻെറ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ പൂർവ്വികമായി നീ നിയമിച്ചുവല്ലൊ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവരുടെ അനുഗ്രഹമുള്ള അപേക്ഷയാൽ ഈലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലുംനിന്നു രക്ഷിക്കപ്പെടുവാൻ കൃപയായിരിക്കണമെ. ഈ യാചനകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു ഞങ്ങൾക്കു നീ തരണമേ. ആമ്മേൻ.

## ജപമാലയുടെ ശേഷം
## മാർ യൗസേപ്പിതാവിനോടു ജപം.

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ! ഞങ്ങളുടെ അനർത്ഥങ്ങളിൽ നിൻെറ ഏററം പരിശുദ്ധ ഭാര്യയോടു സഹായം അപേക്ഷിച്ചതിൻെറ ശേഷം നിൻെറ പക്കലണഞ്ഞു നിൻെറ മദ്ധ്യസ്ഥതയും മനോശരണത്തോടുകൂടെ ഞങ്ങൾ യാചിക്കുന്നു. ദൈവജനനിയായ അമലോത്ഭവ കന്യകയോടു നിന്നെ ഒന്നിപ്പിച്ച പക്ഷത്തെക്കുറിച്ചും, ഉണ്ണിഈശോയുടെമേൽ നിനക്കു

ണ്ടായിരുന്ന സ്നേഹത്തെപ്രതിയും അങ്ങെ തിരുരക്തത്താൽ ഞങ്ങൾക്കു് താൻ നേടിയ അവകാശത്തിൻെറ സമ്പാദ്യത്തിനു് നീ ഞങ്ങളെ സഹായിപ്പാനും, ഞങ്ങളുടെ ആവശ്യത്തിൽ നിൻെറ വല്ലഭത്താലും ആദരവാലും ഞങ്ങൾക്കു് തുണയായിരിപ്പാനും, നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

തിരുക്കുടുംബത്തിൻെറ എത്രയും വിവേകമുള്ള രക്ഷിതാവായ നീ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ആദരിക്കണമേ. ഏററം പ്രിയമുള്ള പിതാവേ! അബദ്ധത്തിൻേറയും വഷളത്വത്തിൻേറയും കറകളൊക്കെയിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ എത്രയും വല്ലഭമുള്ള രക്ഷിതാവായ നീ അന്ധകാരങ്ങളുടെ ശക്തികളോടു ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ പരമണ്ഡലത്തിലെ ഉയരങ്ങളിൽനിന്നു് ഞങ്ങളെ ദയയോടെ സഹായിക്കണമെ. നീ ഒരിക്കൽ ഉണ്ണിയീശോയെ മരണാപകടത്തിൽനിന്നു് രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിൻെറ തിരുസഭയെ ശത്രുവിൻെറ കണികളിൽനിന്നും അനർത്ഥങ്ങളൊക്കെയിൽനിന്നും കാത്തുകൊള്ളണമേ. ഞങ്ങൾ നിൻെറ ദൃഷ്ടാന്തത്താലും തുണയാലും സഹായിക്കപ്പെട്ടു് പുണ്യമായി ജീവിപ്പാനും, ദൈവഭക്തിയിൽ മരിപ്പാനും, മോക്ഷത്തിലെ നിത്യാനന്ദഭാഗ്യത്തിൽ വന്നുചേരുവാനും വശമാകുവാൻ തക്കവണ്ണം നിൻെറ എന്നുമുള്ള ആദരവിനെ ഞങ്ങൾക്കു് നീ തന്നരുളണമേ. ആമ്മേൻ.

(മാസം മുഴുവനും മുടങ്ങാതെ ജപിച്ചാൽ സാധാരണ നിബന്ധനകളനുസരിച്ചു് ഒരു പൂർണ്ണദണ്ഡവിമോചനം.)

അവസാന അപേക്ഷ.

അറുതിയില്ലാത്ത കൃപാസമ്പൂർണ്ണനായ നിത്യസർവ്വേശ്വരാ, നിൻെറ എത്രയും പ്രിയപ്പെട്ട തിരുക്കുമാരൻ അനുഭവിച്ച

മനോവാക്കിലടങ്ങാത്ത കഠിനവേദനകൾക്കും, അയാളുടെ വേദനകണ്ടു് തന്റെ പ്രിയപ്പെട്ട മാതാവനുഭവിച്ച പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലത്തിനും ഞങ്ങളുടെ പാപം കാരണമായിരിക്കയാൽ ഞങ്ങളുടെ പാപത്തിന്റെ ഘോരതകണ്ടു് ഭയന്നു് ഞെട്ടുങ്ങി, ഇനി ഒരിക്കലും പാപം ചെയ്യാതിരിപ്പാൻ ഉറപ്പോടുകൂടെ പ്രതിജ്ഞ ചെയ്തു് പാപത്തിനു് പ്രായശ്ചിത്തമെടുപ്പാനും ഞങ്ങളുടെമേൽ നിനക്കുള്ള അളവററ സ്നേഹത്തെക്കണ്ടു്, ഞങ്ങളാൽ കഴിയുംവണ്ണം ഈ ലോകത്തിൽ നിന്നെ കുറവുകൂടാതെ സ്നേഹിച്ചതിന്റെരശേഷം എന്നന്നേക്കും ഇടവിടാതെ പരലോകത്തിൽ സ്നേഹിച്ചവരുവാനും, നിന്റെ സ്നേഹം സകലമനുഷ്യരുടേയും ഹൃദയങ്ങളിൽ കത്തിയെരിയുവാനും, ശ്രു: മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് അപേക്ഷിക്കുന്ന ധമ്മകാര്യങ്ങൾ സാധിപ്പാനും, അജ്ഞാനം കുറഞ്ഞു് സത്യവേദം പരക്കുവാനും, സത്യരാജാക്കൾ തമ്മിൽ സമാധാനമായിരിപ്പാനും, ഇടത്തൂട്ടുകാരുടെ ദുമ്മതങ്ങൾ നശിപ്പാനും, തിരുസഭയെ വിട്ടുപിരിഞ്ഞവർ വീണ്ടും അതിൽ പ്രവേശിപ്പാനും, പഞ്ഞം, പട, വസന്ത മുതലായവ നീങ്ങുവാനും, ശുദ്ധീകരസ്ഥലത്തിൽ വേദനപ്പെടുന്ന ആത്മാക്കളുടെ അവധി കുറയുവാനും, പിന്നെയും ഞങ്ങൾ ആരെയെല്ലാംപ്രതി അപേക്ഷിക്കണമെന്നു് നീ തിരുമനസ്സായിരിക്കുന്നോ, അവരൊക്കയും നിന്റെ വിശേഷനന്മകൾ കൈക്കൊൾവാനും, നിന്റെ പ്രിയപുത്രൻ ഞങ്ങൾക്കുവേണ്ടി ചിന്തിയ വിലമതിയാത്ത തിരുരക്തത്തേയും, അയാളുടെ പ്രിയമുള്ള മാതാവനുഭവിച്ച പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലത്തേയും, സ്ലീവായുടെ ഫലം അനുഭവിച്ച വിശുദ്ധന്മാരുടെ അപേക്ഷകളേയുംകുറിച്ചു് ഞങ്ങളുടെ യാചനകളിന്മേൽ അലിവുതോന്നി കൃപചെയ്യണമെന്നു് നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ നി ന്റെ പക്കൽ ഞങ്ങൾ ആശ്രയിക്കുന്നു; ഞങ്ങളുടെ യാചന കൾ നീ നിഷേധിക്കല്ലേ. ഭാഗ്യവതിയും ആശീർവ്വദിക്കപ്പെ ട്ടവളുമായ അമ്മകന്യകേ, സകല ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമെ.

നിത്യസ്തുതിക്കു യോഗ്യമായ ശ്രു: കുർബ്ബാനയ്ക്കു എന്നേ രവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

ഉത്ഭവദോഷം കൂടാതെ ജനിച്ചവളും എപ്പോഴും കന്യക യും ഞങ്ങളുടെ നാഥയുമായ പരിശുദ്ധ ദേവമാതാവിന്റെ അമലോത്ഭവത്തിനും സ്തുതിയുണ്ടായിരിക്കട്ടെ.

ദൈവപ്രസാദത്തിന്റെ മാതാവേ, അനുഗ്രഹത്തിന്റെ അമ്മേ, ശ്രു: മറിയമേ, ഞങ്ങളുടെ ശത്രുവിന്റെ പരീക്ഷയി ലും, ഞങ്ങളുടെ മരണനേരത്തിലും നിന്റെ തിരുക്കുമാരനോ ടപേക്ഷിച്ച് ഞങ്ങളെ കാത്തുപരിപാലിച്ച് കൈക്കൊണ്ടു നടത്തിയരുളണമെന്നു നിന്റെ തൃപ്പാദങ്ങൾ മുത്തിക്കൊണ്ടു നിന്നോടു ഞങ്ങളപേക്ഷിക്കുന്നു. ആമ്മേൻ.

## വിഭാഗം 3

# ആത്മശാന്തി

**സൂചന: ഒരു രോഗിയുടെ ശരീരത്തിൽനിന്നു് ആത്മാവു് വേർപിരിയുമ്പോൾ അയാൾ മരണമടയുന്നു. ഒരാളുടെ ജീവിതത്തിലെ അതിപ്രധാനവും അമൂല്യവുമായ നിമിഷമാണു് മരണസമയം. തന്നിമിത്തം അപ്പോൾ രോഗിയുടെ മുറിയിലുള്ള എല്ലാവരും നിശബ്ദരായും പ്രാർത്ഥനാനിരതരായും വർത്തിക്കണം. അല്ലാതെ തിക്കുംതിരക്കും കൂട്ടി, കരച്ചിലും പിഴിച്ചിലുമായി ആ അന്തരീക്ഷം മലിനമാക്കരുതു്. എന്തുകൊണ്ടെന്നാൽ മനുഷ്യാത്മാവിന്റെ ഭാവിജീവിതത്തിൽ വിശ്വസിക്കുന്നവരാണു് നാം. മരണമാകട്ടെ, അനിത്യമായ ഒരു ജീവിതത്തിൽനിന്നു് നിത്യമായ ജീവിതത്തിലേയ്ക്കും, പരിവർത്തനമുള്ള ഒരു ജീവിതത്തിൽനിന്നു് പരിവർത്തനമില്ലാത്ത ജീവിതത്തിലേയ്ക്കും, നശ്വരമായ ഈ ലോകത്തുനിന്നു് അനശ്വരമായ സൗഭാഗ്യത്തിലേയ്ക്കുമുള്ള പ്രവേശനമാണു്. അതുകൊണ്ടാണു് പുണ്യാത്മാക്കളിൽ ചിലർ മരണത്തിനു് സന്തോഷപൂർവ്വം സ്വാഗതമരുളിയതു്.**

**ഒരു രോഗി മരിച്ചാലുടനെ അയാളുടെ കൺപോളകൾ അടയ്ക്കുകയും വായ് കൂട്ടുകയും കൈകാലുകൾ ശരിയായി നിവർത്തി യഥാസ്ഥാനം വെയ്ക്കുകയും ചെയ്യണം. താമസിച്ചുപോയാൽ പിന്നീടതു് സാധിക്കാതെ വരും. വായ് തുറന്നാണു് കിടക്കുന്നതെങ്കിൽ, തലയും താടിയുംകൂടെ ഒരു തുണിക്കഷണംകൊണ്ടു് കെട്ടുന്നതു് നന്നായിരിക്കും. അനന്തരം മൃതദേഹം സ്പിരിറ്റുകൊണ്ടോ, വെള്ളംകൊണ്ടോ, തുടച്ചു് വൃത്തിയാക്കണം. പിന്നീടു് വൃത്തിയുള്ള വസ്ത്രങ്ങൾ ധരിപ്പിച്ചു്, മഞ്ചതയ്യാറാകുന്നതുവരെ കട്ടിലിൽത്തന്നെ കിടത്തുന്നു. മഞ്ച തയ്യാ**

റാക്കി കൊണ്ടുവന്നാൽ, മൃതദേഹം എടുത്തു് മഞ്ചയിൽവച്ചു് വീടിൻെറ പ്രധാന മുറിയിലോ, സന്ദർശകൎക്കു് കാണുവാൻ സൗകര്യമുള്ള സ്ഥലത്തോ, യഥോചിതം സ്ഥാപിക്കുന്നു. അപ്പോൾ, മരിച്ച ആളുടെ തലയ്ക്കൽ കുരിശുരൂപവും ഇരുവശങ്ങളിലും കത്തിച്ച ഓരോ മെഴുകുതിരിയും വെയ്ക്കുക പതിവാണു്. ഇതു കഴിഞ്ഞു്, കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും കട്ടിലിനു ചുററുമിരുന്നു് പരേതൻെറ ആത്മശാന്തിക്കു വേണ്ടിയുള്ള പ്രാൎത്ഥനകൾ ചൊല്ലുന്നു. ഈ പ്രാൎത്ഥനകൾ സംസ്കാരകൎമ്മം ആരംഭിക്കുന്നതുവരെ ദീർഘിപ്പിക്കേണ്ടതാണു്. സംസ്കാരകൎമ്മത്തിനു് വൈദികൻ വീട്ടിൽ വരുമ്പോൾ അന്തരീക്ഷത്തിൻെറ ശാന്തതയ്ക്കു് ഭംഗംവരുത്താതെ ഓരോരുത്തൻേറയും ഉള്ളിലുണ്ടാകുന്ന ശോകവികാരങ്ങളെ പരിപൂൎണ്ണമായി നിയന്ത്രിച്ചു് പ്രാൎത്ഥനയിൽ വ്യാപൃതരായിരിക്കുക. പിന്നീടു് പരേതൻെറ ആത്മശാന്തിക്കുവേണ്ടി കുർബ്ബാന, നോമ്പു്, പ്രാൎത്ഥന, ദാനധൎമ്മം എന്നിങ്ങനെയുള്ള സൽപ്രവൃത്തികൾ സമർപ്പിക്കുക.

# മരിച്ചവൎക്കുവേണ്ടിയുള്ള

# ചെറിയ ഒപ്പീസു്

## (കുഴിയോത്തു്)

### (പുതിയക്രമം)

പുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞു് ഹൈക്കാലയിൽ കറുപ്പ വിരിച്ചിരിക്കുന്നതിൻെറ തലയ്ക്കൽ ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ടു് ആരംഭിക്കുന്നു.

മ"ശം: മരിച്ചവരെ ഉയർപ്പിക്കുന്നവനേ, നിൻെറ തിരുനാമത്തിനു സ്തുതി.

നമുക്കു പ്രാൎത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ.

പുരോ: കരുണയുള്ള കൎത്താവേ, കരയുന്നവർ നിന്നെ വിളിക്കയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കയും ചെയ്യുന്നു. നിൻെറ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിൻെറ ദാസരെ ആശ്വസിപ്പിക്കണമേ. ജീവൻേറയും മരണത്തിൻേറയും നാഥനും, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സൎവ്വേശ്വരാ.

സ: ആമ്മേൻ.

## ഓനീസാ.

(മൽക്കാമിശിഹാ........)

1. "എൻെറ കൎത്താവേ, നിന്നെ ഞാൻ പ്രകീൎത്തിക്കും"
മഹിമയൊടന്തിമവിധിനാളിൽ
കൎത്താവേ, നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു, വലംഭാഗേ.

2. "കൎത്താവേ, നിന്നെ ഞാനാശ്രയിച്ചു"
കൎത്താവേ, നിൻകുരിശിനെ ഞാ–
നാരാധിച്ചു വണങ്ങുന്നു.
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും, നല്ലുന്നു.

3. “ആകാശവും ഭൂമിയും നിൻേറതാകുന്നു”
ആകാശവുമീ ഭൂതലവും
താവകമല്ലോ കത്താവേ,
ജീവിക്കുന്നവനഭയം നീ
നല്കണമേ; മൃതനായുസ്സും.

4. “അവരാനന്ദകീത്തനങ്ങൾപാടും”
മൃതരാം നരരുടെ പാപങ്ങൾ
മാശ്ക്കണമേനിൻ കൃപയാലേ
മാമ്മോദീസാ വഴിയങ്ങേ
സുതരാണവരെന്നോക്കണമേ.

5. “അവൻെറ സന്തോഷത്തിൽ അവരാനന്ദിക്കും”
കത്താവേ, നിൻശോണിതവും
ദിവ്യശരീരവുമറിവോടെ,
ഉൾക്കൊണ്ടവരാം നിൻസുതരേ
നിത്യവിരുന്നിൽച്ചേക്കണമേ.

6. “അവരിലാരും അവശേഷിച്ചില്ല”
മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾപൊട്ടി മുളയ്ക്കുന്നു,
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

7. “പിതാവിനും പുത്രനുംപരിശുദ്ധാത്മാവിനും സ്തുതി”
ബാവാ പുത്രൻ പുത്രൻ റൂഹായേ,
മൃതനാമെന്നിൽ കനിയേണം
ജീവൻനൽകി മഹോന്നതമാം
പ്രഭയുടെ നാട്ടിൽ, ച്ചേക്കണം.

8. “ആദിമുതൽ എന്നേക്കും ആമ്മേൻ”
തെളിവായെന്നുടെ നാഥാ, നിൻ

തിരുമിഴി,യെല്ലാം കാണുന്നു
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വീധിക്കല്ലേ.

മ്ശം: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ.

പുരോ: കർത്താവേ, നിൻെറ കരുണ ഞങ്ങളെ അനുഗമിക്കുകയും നിൻെറ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിൻെറ ത്രിത്വത്തിൻെറ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവൻേറയും മരണത്തിൻേറയും നാഥനും, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സ: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## ഹൂസാ.

പുരോ: കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവൻെറ കാരണവും ആത്മാവിൻെറ പ്രത്യാശയും നീയാകുന്നു. ജീവൻേറയും മരണത്തിൻേറയും നാഥനും, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സ: ആമ്മേൻ.

## മദ്രാശാ.

(കുർബ്ബാന കഴിഞ്ഞ ഉടനെയാണെങ്കിൽ)

(കാമ്പെൽമാറൻ...)

പുരോ: കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമൊടേ ദാസൻചെയ്യും
ബലിയെൻനാഥാ, തിരുസ്സന്നിധിയിൽ

സ: കൈക്കൊള്ളണമേ.....

പുരോ: പൂർവ്വന്മാരാം നോഹ് അബ്രാഹാം
ഇസഹാക്കു് യാക്കോബ്, മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

സ: കൈക്കൊള്ളണമേ .....

പുരോ: പുരുവത്സലരാം ശ്ലീഹന്മാരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തോരുനവമാം ബലിപോൽനാഥാ,

സ: കൈക്കൊള്ളണമേ ....

(മററവസരങ്ങളിൽ)

(ലാതെക്‌റേലാക്...)

പുരോ: ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വനദനമൊട്ടണരാൻ വരമരുളേണം.

സ: ഉന്നതനൃപനാം.........

പുരോ: വിധിയുടെനാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

സ: ഉന്നതനൃപനാം......

പുരോ: അന്ത്യമെഴാത്തോരാവികലമോദം നുകരാൻമൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ.

സ: ഉന്നതനൃപനാം... ..

ശൂറായ

(സങ്കീ. 129)

മ്ശം: കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വി
ളിക്കുന്നു.

(കാനോന) മരിച്ചവരെ ഉയൎപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടുഗണമായി തുടരുന്നു.

കൎത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
കൎത്താവേ, എന്റെ ശബ്ദം കേൾക്കണമേ.
എന്റെ പ്രാൎത്ഥന ചെവിക്കൊള്ളണമേ.
കൎത്താവേ, നീ പാപങ്ങളെല്ലാം ഓൎത്തിരിക്കുമെങ്കിൽ ആൎക്കു രക്ഷയുണ്ടാകും?
എന്തുകൊണ്ടെന്നാൽ പാപമോചനം നിന്റെപക്കൽ നിന്നാകുന്നുവല്ലോ.
കൎത്താവിൽ ഞാൻ ശരണപ്പെടുന്നു.
എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.
പുലരിയാകുവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപോലെ കൎത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.
പുലരിയാകുവാൻ കാത്തിയിരിക്കുന്ന കാവല്ക്കാരേപ്പോലെ ഇസ്രായേല്യം കൎത്താവിനെ കാത്തിരിക്കുന്നു.
എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു.
പൂൎണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.
ഇസ്രായേലിനെ അവന്റെ പാപങ്ങളിൽനിന്നെല്ലാം അവൻ രക്ഷിക്കും.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശു്ശം: കൎത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.

(കാനോനാ) മരിച്ചവരെ ഉയൎപ്പിക്കുന്നവനെ, നിന്റെ തിരുനാമത്തിനു് സ്തുതി.

## സ്ലോസാ

പുരോ: സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയപ്പിച്ച കത്താവേ, ആ ശബ്ദം മഹനീയമായ നീതിവിവിധിയുടെ ദിവസത്തിൽ നിൻെറ ദാസനെ (ദാസിയെ) വിളിക്കുകയും, നിൻെറ വലത്തു ഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധികത്താവേ, ജീവൻേറയും മരണത്തിൻേറയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സവ്വേശ്വരാ.

മ്ശം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമെ.

## ഹാസാ.

പുരോ: കത്താവേ, മരിച്ചവരെ നീ കരുണാപൂവ്വം ജീവിപ്പിക്കണമേ. ജീവിക്കുവരെ ദയാപൂവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച മരണമഞ്ഞവരേ നീ മഹിമയോടു കൂടെ ഉയപ്പിക്കണമേ. ജീവൻേറയും മരണത്തിൻേറയും നാഥനും, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സവ്വേശ്വരാ.

മ്ശം: ആമ്മേൻ. കത്താവേ, അനുഗ്രഹിക്കണമേ.

## ഹൂത്താമ്മാ

പുരോ: സകലത്തിൻേറയും നാഥനും ദൈവവുമായ മിശിഹായേ, നിൻെറ കുരിശിൻെറ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും, സ്വർഗ്ഗരാജ്യത്തിൻെറ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽനിന്നുയക്കുകയും, ദുഷ്ടജനങ്ങൾ നീതിമാന്മാരിൽനിന്നു് വേർതിരിക്കപ്പെട്ട

കയും ചെയ്യുന്ന ഭയാനകമായ വിധിദിവസത്തിൽ, നിൻെറ തെരഞ്ഞെടുക്കപ്പെട്ടവക്കായി ലോകാരംഭത്തിൽത്തന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വഗ്ഗരാജ്യത്തിലേക്കു ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിൻെറ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും ✝ എപ്പോഴും എന്നേക്കും.

സ: ആമ്മേൻ.

# അന്നീദാ.

## ശ്ലുറായാ.

മരിച്ചവരെ ഉയർപ്പിക്കുന്നവനേ, നിൻെറ തിരുനാമ ത്തിനു സ്തുതി.

നമുക്കു പ്രാത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ.

കത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പി ക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയ ർപ്പിക്കണമേ. ജീവൻെറയും മരണത്തിൻെറയും നാഥനും, നി ത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ആമ്മേൻ.

## ഓനീസാ.

ദൈവമേ, നിൻെറ കൃപയ്ക്കൊത്തവണ്ണം എന്നോടു ക രുണ തോന്നണമേ.

നിൻെറ തിരുമുമ്പിൽ ഞാൻ ചെയ്തുപോയ പാപങ്ങൾ നീ ഓക്കരുതേ. എന്തുകൊണ്ടെന്നാൽ, നിൻെറ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം എനിക്കുവേണ്ടി പ്രാ ത്ഥിക്കുന്നു.

നിൻെറ കാരുണ്യാതിരേകത്തിനനുസൃതമായി എൻെറ പാപങ്ങൾ ഉന്മൂലനം ചെയ്യണമേ.

ഞങ്ങളുടെ കത്താവേ, മാമ്മോദീസാവഴി നിൻെറ മൗ തികശരീരത്തിലെ അംഗങ്ങളായ നിൻെറ ദാസരെ അനുഗ്രഹ

ജലത്താൽ കഴുകി വിശുദ്ധീകരിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

നിൻെറ ദിവ്യശരീരം ഭക്ഷിക്കുകയും, തിരുരക്തം പാനം ചെയ്യുകയും ചെയ്തവരെ നീതിമാന്മാരുടെ രാജ്യത്തിലേയ്ക്ക് പ്രവേശിപ്പിക്കണമേ.

നമുക്ക് പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

## ഹൂത്താമ്മാ.

സർവ്വശക്തനായ ദൈവമേ, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും, അറിഞ്ഞും അറിയാതെയും നിൻെറ ദാസൻ (ദാസി, ദാസർ) ചെയ്തിട്ടുള്ള എല്ലാ പാപങ്ങളിൽനിന്നും മോചനം നല്കി നീതിമാന്മാർ വസിക്കുന്ന സ്വർഗ്ഗീയ ഓറശ്ലേത്തേക്ക് അയാളെ (അവരെ) പ്രവേശിപ്പിക്കണമേ. ഇപ്പോഴും + എപ്പോഴും എന്നേക്കും.


ആമ്മേൻ.

വിശുദ്ധ പനിനീർ തളിക്കുന്നു.



ACHARYA PA... L JEEVASS KENDRAM LIBRARY 12054

# ഫാ. വിക്ടർ C. M. I.




## അവർകളുടെ കൃതികൾ

കനോസ്സായിലെ മഗ്ദലേന.
കനോസ്സായിലെ ലില്ലിപ്പുഷ്പം.
കുരിശും കിരീടവും.
ആത്മദീപിക
ആശ്വാസദൂതൻ.
ശുദ്ധീകരണാത്മാക്കളുടെ വണക്കം.
സേവാസദനം.
മൻറേസ.
മേരിചരിതം.
രോഗിസഹായം.
My Companion. (ഇംഗ്ലീഷിലുള്ള പ്രാർത്ഥന പുസ്തകം).

ST. JOSEPH'S I. S. PRESS, TRICHUR-1.
1971.

# രോഗിസഹായം



ഫാദർ വിക്ടർ സി.എം.ഐ.

Indic Digital Archive Foundation
gpura.org